# കോയിപ്രം എഴുമാലി
# കുടുംബ ചരിത്രം

Published by

**The Executive Committee of**
**Koiprum Ehzumali Kudumbayogam**

# EZHUMALI KUDUMBA YOGAM


| | |
|---|---|
| Editors: | Editorial Board |
| Convener: | C. C. Mammen |
| Published | 1987 |
| Copies | 500 |
| Printed at | V. G. C., Tiruvalla |
| Right reserved | |
| Available at | The Kudumbayogam Trustee. |


## ഉള്ളടക്കം


മുഖവുര 1–4

പ്രസ്താവന 5–12

എഴുമാലി കുടുംബയോഗഭരണഘടന 13–20

അദ്ധ്യായം

1. ആദിമചരിത്രം 21–25
2. കാളിയാങ്കൽ കുടുംബവും കുറവിലങ്ങാട്ടുദേശവും 26
3. കാളിയാങ്കൽ കുടുംബവും മാർത്തമറിയം പള്ളിയും 27
4. പുത്തൻകൂർ–പഴയകൂർ സമുദായങ്ങൾ 29–30
5. മലങ്കര നസ്രാണികളുടെ പുരാതന ചരിത്രത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം 31–35
6. കോയിപ്രം എഴുമാലികുടുംബം പ്രാരംഭം 36–42
7. എഴുമാലിൽ ചാണ്ടിമാപ്പിള 43–45
8. എഴുമാലികുടുംബവും ആത്മീക ചൈതന്യവും 46-49
9. പെരുമാൾ പുളിക്കക്കുഴി കടപ്ര. 50-55
10. മരങ്ങാട്ടു ശാഖ 56–69
11. കുററിയിൽ ശാഖ 70–80
12. പടിഞ്ഞാറെ പൊയ്കയിൽ ശാഖ 81–86
13. പടിഞ്ഞാറെ മുറി 87–91
14. പുളിക്കക്കുഴി 92–94
15. നീറൻപ്ലാക്കൽ ശാഖ 95–128
16. കിഴക്കെ പൊയ്ക ശാഖ 129–138

17. പുളിക്കക്കുഴി ശാഖ 139-176
18. കാളങ്ങാടത്തു ശാഖ 177–179
19. പെരുമാപ്പോടത്തു് 180–199
20. കാളങ്ങാടത്തു് 200–206
21. നക്കരേത്തു് 207–212
22. നക്കരേത്തു് ചിറമ്പത്തു് 213–221
23. പുലിപ്രേത്തു് 222–229
24. പാടിപ്പുറത്തു് 230–251

# A LETTER



Dear Family Members,

I take this occasion to congratulate the responsible members of the Family Council for researching, writing and printing the Ezhumali Family History. The Committee members deserve our deep appreci–ation and gratitude for their untiring effort and

perseverance. Most of the facts in this book are new to me. However, I have confidence in the competence and integrity of this Council and like every other member of our family I will cherish this First Edition of our History.

In my childhood I had no opportunity to attend any such family reunion for we had none. Consequently, I never realized until today that our family tree was so large and so widely spread with so many branches. No wonder some of our close relations seemingly were strangers! Today our family members live all over the world and many, like me, are citizens of other countries. Their children and grandchildren may or may not get to know enough about their ancestral root in Kerala to maintain substantial family interaction. I am fully confident that our history book will serve them as a proud source of reference.

I had the opportunity of attending only two of our family reunions. During the first meeting the Council initiated, organized and registered our present Ezhumali Family Charity Trust. However, I regret to mention that it has not grown out of its infancy. It needs a lot of nourishment from everyone of us. Therefore, let us include The Family Trust Fund in our yearly donations. Let us make it a kind of enlightened self interest. This will be very rewarding in individual joy and happiness. Let us generously contribute even as the Biblical widow did! Just as little drops of water make the mighty ocean, we can make our Trust Fund a mighty ocean of financial power for the sake of our future generations. We are members of the large Ezhumali family and remember "Charity begins at home". I wish to close this letter with the fervent hope that "Love" will be our Ezhumali family motto.

Yours affectionately,
(Podikunj)
Dr. Mattackal Thomas Varughese.



# ഒരു കത്തു്

പ്രിയ കുടുംബാംഗങ്ങളെ,

എഴുമാലി കുടുംബ ചരിത്രത്തെ കുറിച്ചു് ഒരു ഗവേഷണം നടത്തി എഴുതി പ്രസിദ്ധീകരിക്കുന്നതിൽ ഉത്തരവാദിത്തം വഹിച്ച കുടുംബ കമ്മറ്റിയെ ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുന്നു. കമ്മറ്റി അംഗങ്ങളുടെ അക്ഷീണ പ്രയത്നത്തിനും സൂക്ഷിപ്പിനും ഞങ്ങളുടെ എല്ലാ പുകഴ്ചയും നന്ദിയും അർഹിക്കുന്നു. ഈ ബുക്കിലെ പല യാഥാർത്ഥ്യങ്ങളും എനിക്കു പുതിയതായി തോന്നുന്നു. എന്നാൽ കുടുംബ കമ്മറ്റിയുടെ യോഗ്യതയിലും സ്വഭാവഗുണത്തിലും എനിക്കു് വിശ്വാസമുണ്ടു്. കുടുംബത്തിലെ ഓരോ അംഗം ചെയ്യുന്നതുപോലെ നമ്മുടെ ചരിത്രത്തെക്കുറിച്ചുള്ള ഈ ആദ്യ പ്രസിദ്ധീകരണം മനസ്സിലാക്കി ഞാൻ എന്റെ മനസ്സിൽ എക്കാലവും കാത്തുസൂക്ഷിക്കും.

എന്റെ ബാല്യകാലങ്ങളിൽ കുടുംബ യോഗങ്ങളിൽ പങ്കുകൊള്ളാനുള്ള സന്ദർഭം എനിക്കു് ലഭിച്ചിട്ടില്ല; അക്കാലങ്ങളിൽ അങ്ങനെയുള്ള കൂട്ടായ്മകൾ ഇല്ലായിരുന്നു. അക്കാരണത്താൽ നമ്മുടെ കുടുംബം വളരെയധിക, ശാഖകളോടുകൂടി വളർന്നു പന്തലിച്ച ഒരു വലിയ വൃക്ഷമാണെന്നു് മനസ്സിലാക്കാൻ ഇന്നുവരെ എനിക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ടു് നമ്മുടെ അടുത്ത പല ബന്ധുക്കൾ ഇന്നും അപരിചിതരായി തോന്നുന്നതിൽ അതിശയിക്കാൻ ഒന്നുമില്ല. ഇന്നു് നമ്മുടെ കുടുംബത്തിൽപെട്ടവർ ലോകത്തിന്റെ നാനാഭാഗങ്ങളിലും വസിക്കുന്നുണ്ടു്. അതിൽ പലരും എന്നെപോലെ അന്യരാജ്യത്തിലെ പൗരന്മാരായിതീർന്നിരിക്കുന്നു. കേരളത്തിലുള്ള മുൻതലമുറയെ കുറിച്ചു് അറിഞ്ഞു് കുടുംബ ബന്ധം നിലനിർത്താൻ ആവശ്യമായ വിവരങ്ങൾ അവരുടെ മക്കൾക്കും, കൊച്ചുമക്കൾക്കും, ഒരുപക്ഷേ ലഭിച്ചിരിക്കും ലഭിച്ചില്ലെന്നിരിക്കും; എന്നാൽ നമ്മുടെ ചരിത്ര പുസ്തകം എല്ലാവിവരങ്ങളും അറിയുവാൻ ഉപകരിക്കുന്ന ഒരു റഫറൻസ് ബുക്കു് ആയിരിക്കുമെന്നു് എനിക്കു വിശ്വാസമുണ്ടു്.

രണ്ടു കുടുംബ യോഗങ്ങളിൽ പങ്കുകൊള്ളാനുള്ള അവസരം ഇതിനുമുമ്പു് എനിക്കു ലഭിച്ചിട്ടുണ്ടു്. ആദ്യത്തെ കുടുംബയോഗത്തിൽ വെച്ചുതന്നെ ഇപ്പോഴുള്ള എഴുമാലി ഫാമിലി ചാരിറ്റിട്രസ്റ്റ് സംഘടിപ്പിച്ചു് രജിസ്റ്റർ ചെയ്യുവാൻ കമ്മറ്റി മുൻകൈ എടുത്തിരുന്നു. എന്നാൽ അതു് ശൈശവദശയിൽ നിന്നു് ഒട്ടും വളർന്നിട്ടില്ലെന്നു് ഖേദത്തോടുകൂടി പറയട്ടെ. നമ്മൾ ഓരോരുത്തരിൽ നിന്നും വളരെ അധികം ധനസഹായം ഇതിനു് ആവശ്യമാണു്. അതുകൊണ്ടു് ഫാമിലി ട്രസ്റ്റ് ഫണ്ടു് വാർഷിക സംഭാവനയിൽ നമുക്കു ഉൾപ്പെടുത്തണം. മറ്റുള്ളവർക്കു് വെളിച്ചം പകരുന്ന വിധത്തിൽ സ്വന്തതാല്പര്യത്തോടു് ഇതിനെ പ്രവർത്തിപ്പിക്കാം. ഇതു് വ്യക്തികളിൽ സ്നേഹവും സന്തോഷവും പ്രതിഫലിപ്പിക്കും. വിശുദ്ധ ബൈബിളിൽ ആ സാധുവിധവ അവരുടെ ഇല്ലായ്മയിൽ നിന്നും നൽകിയ രണ്ടു വെള്ളിക്കാശുപോലെ നമ്മുടെ കഴിവിനു് അനുസരിച്ചു് കൈഅയച്ചു് നമുക്കു് സംഭാവന ചെയ്യാം. പലതുള്ളിവെള്ളത്തെ ഒരു മഹാസമുദ്രമാക്കി മാറ്റാവുന്നതുപോലെ നമ്മുടെ ട്രസ്റ്റ്ഫണ്ടു് വരും തലമുറയ്ക്കുവേണ്ടി 'ധനം കൊണ്ടുള്ള മഹാസമുദ്രമാക്കി മാറ്റാൻ നമുക്കു് കഴിയണം'. പ്രശസ്തമായ എഴുമാലി കുടുംബത്തിലെ അംഗങ്ങളാണു് നമ്മൾ-ധർമ്മം ഭവനങ്ങളിലാണു് ആരംഭിക്കുന്നതു് എന്നു നാം ഓർക്കണം. നമ്മുടെ എഴുമാലി കുടുംബത്തിന്റെ ലക്ഷ്യം 'സ്നേഹം' ആയിരിക്കണമെന്നുള്ള പ്രതീക്ഷയോടെ ഈ കത്തു് ഞാൻ ചുരുക്കുന്നു.

സ്നേഹപൂർവ്വം നിങ്ങളുടെ
ഒപ്പു്
(പൊടികുഞ്ഞു്)
ഡോ. മട്ടയ്ക്കൽ തോമസു് വറുഗീസു്



# എഴുമാലി കുടുംബചരിത്രം



നമ്മുടെ കുടുംബചരിത്രം അപൂർണ്ണമായെങ്കിലും എഴുതി, അച്ചടിപ്പിച്ച് പുസ്തകരൂപേണയാക്കുവാനുള്ള തീരുമാനത്തെ മുക്തകണ്ഠം അഭിനന്ദിച്ചുകൊള്ളുന്നു. എഴുമാലി കുടുംബം പൌരാണീകമായി നിലകൊള്ളുന്ന ഒരു ക്രിസ്തീയ കുടുംബമാണു്. നമ്മുടെ പൂർവ്വപിതാവു് കുറവിലങ്ങാട്ടു നിന്നു് മദ്ധ്യതിരുവിതാംകൂറിൽ A. D. 300-ാം ആണ്ടിൽ കുടിയേറിപാർത്തിട്ടുള്ള ശ്രീമാൻ പെരുമാൾ ആണു്.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിൽ എത്തിയപ്പോഴേക്കും ശാഖോപശാഖകളായി വർദ്ധിച്ചു്, ഏകദേശം 500 റോളം വീടുകളുള്ള ഒരു വൻകുടുംബമായിവളർന്നു. കേരളത്തിൽ തന്നെയല്ല, കേരളത്തിനു വെളിയിലും താമസമാക്കിയിട്ടുണ്ടു്. എന്നാൽ വ്യത്യസ്ഥ ശാഖകളായി പിരിഞ്ഞ നമ്മുടെ കുടുംബാംഗങ്ങൾ തമ്മിൽ തിരിച്ചറിയാതെ

അപരിചിതരായി ജീവിച്ചുവന്നു. നല്ല ഒരു ഭാഗം ആളുകളും ഇടത്തരി കർഷകരാണു്. ഇങ്ങനെ ചിതറിപാർക്കുന്ന കുടുംബാഗങ്ങളെ തിരഞ്ഞു പിടിച്ചു് അന്യോന്യം പരിചയപ്പെടുത്തി, ഒരു കുടുംബത്തിന്റെ കുടക്കീഴിൽ ആക്കി തീർക്കുന്നതിനു്, നമ്മുടെ പ്രിയപ്പെട്ടവരിൽ ഒരു ചെറിയകൂട്ടം, വർഷങ്ങൾക്കുമുമ്പു് മുന്നോട്ടുവന്നു. അവരുടെ അശ്രാന്തമായ പരിശ്രമത്തിന്റെ ഫലമായി, ഇന്നേയോളം അറിയപ്പെടുന്ന പത്താം തലമുറക്കാർവരെ വളർന്നുവന്ന ഒരപ്പന്റെ മക്കളായ നമ്മളെ ഏവരേയും, കോർത്തുഇണക്കി കുടുംബബന്ധമാകുന്ന പൊട്ടാത്ത ചങ്ങലയാൽ ബന്ധിക്കപ്പെട്ട്, ഇന്നത്തെ നിലയിലാക്കി തീർക്കുന്നതിനു സാധിച്ചതു ഒരു വലിയ നേട്ടമായി കരുതപ്പെടുന്നു. മുൻകാലത്തു് തോമ്മാച്ചേട്ടനെന്നോ, മത്തായിച്ചനെന്നോ വഴിയിൽ വച്ചു കൂട്ടിമുട്ടുമ്പോൾ സംബോധന ചെയ്തിരുന്ന, അപരിചിതരായിരുന്ന ഒട്ടനവധി ആളുകൾ ഇന്നു് നമ്മുടെ കുടുംബത്തിലെ അടുത്ത അംഗമായി തീർന്നിരിക്കുന്നു.

1975 മുതൽ മാസത്തിൽ ഒരിക്കൽ വീതം കുടുംബയോഗങ്ങളായി കൂടുന്നതിനും, ആണ്ടിലൊരിക്കൽ, വാർഷികം സമ്മേളിക്കുന്നതിനും തീരുമാനിച്ചു. പ്രത്യേകിച്ചും വാർഷിക യോഗങ്ങളിൽ പങ്കുകൊള്ളുന്നതിനു്, സമീപസ്ഥരേയും ദൂരസ്ഥരേയും പ്രോൽസാഹിപ്പിച്ചും അന്യോന്യം പരിചയപ്പെടുത്തുന്നതിനും അത്യാവശ്യമെന്നു തോന്നുന്ന സ്ഥലത്തേക്കു് സഹായഹസ്തം നീട്ടുന്നതിനും ഈ കൂടിക്കാഴ്ചകൾ കളമൊരുക്കി. വിദ്യാസമ്പന്നന്മാരായ പിൻഗാമികളെ വാർത്തെടുക്കുന്നതിനും, കുടുംബത്തിന്റെ നിലവാരം വളർത്തിയെടുക്കുന്നതിനും. ചെറിയതോതിൽ എങ്കിലും, പ്രവർത്തിക്കുവാൻ സാധിച്ചുവെന്നുള്ളതു് ചാരിതാർത്ഥ്യജനകമാണു്.

നമ്മുടെ കുടുംബ ബന്ധത്തിന്റെ വളർച്ചയ്ക്കും കെട്ടുറപ്പിനും വേണ്ടി, മടികൂടാതെ പ്രയത്നിച്ച ചുരുക്കം ചിലരുടെ പേരുകൾ ഇതിൽ ചേർത്തുകൊള്ളുന്നു.

1. രക്ഷാധികാരിയും ആദികാല പ്രവർത്തനങ്ങളുടെ നായകനുമായിരുന്ന Late ശ്രീ. P. T. Thomas (പുളിക്കകുഴിയിൽ)



2. കുടുംബയോഗ പ്രാരംഭദിനം മുതൽ നാളിതു വരെ പ്രസിഡന്റായി സേവനം അനുഷ്ഠിച്ചുവരുന്ന, മൈലനിൽക്കുന്നതിൽ ശ്രീ. എം. ജി. ജോർജ്.
3. ദീർഘനാളുകൾ സെക്രട്ടറിയായും കുടുംബചരിത്ര രചനാ കൺവീനറായും പ്രവർത്തിക്കുന്ന ചരിവുകാലായിൽ ശ്രീ. സി. സി. മാമ്മൻ.
4. സെക്രട്ടറിയായും ട്രഷറാർ ആയും ദീർഘനാൾ പ്രവർത്തിച്ച തെങ്ങോണ് ശ്രീ. T. E. Samuel.
5. കുടുംബയോഗ സൌധത്തിന്റെ ചലിക്കാത്ത തൂണായിരുന്ന മട്ടയ്ക്കൽ Late ശ്രീ. M. C. George.
6. ദീർഘനാൾ രക്ഷാധികാരിയായി പ്രവർത്തിച്ച Late ശ്രീ. മത്തായി (വല്യങ്ങാലിൽ). നിസ്തുല്യമായ സേവനങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ഒട്ടനവധി ആളുകൾ നമ്മുടെ കൂട്ടത്തിൽ ഉണ്ട്. അവരുടെ അമൂല്യമായ സേവനങ്ങളെ ഇവിടെ രേഖപ്പെടുത്തിയാൽ വേറൊരു പുസ്തകം കൂടി എഴുതി ചേർക്കേണ്ടതായിവന്നേക്കുമെന്നു ഭയന്നു പോകുന്നു. ഇതിൽ പ്രവർത്തിച്ച ഏവരോടുമുള്ള അകമഴിഞ്ഞ സ്നേഹാദരങ്ങൾ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. വിദ്യാസമ്പന്നരും ത്യാഗശീലരുമായ നിരവധി, യുവതീ, യുവാക്കളെ പ്രദാനം ചെയ്ത സ്നേഹസ്വരൂപനായ സ്വർഗ്ഗീയ പിതാവിന്റെ അദൃശ്യമായ കരങ്ങൾ നമ്മുടെ കുടുംബത്തെ അനുഗ്രഹിച്ചു് നമ്മെ അഗ്നിമേഘസ്തംഭങ്ങളാൽ വഴിനടത്തട്ടെ.

M. G. Thomas
Mylanilkunnathil.

# സന്ദേശം



ആരാണു മഹാൻ ? മഹത് ആയ പ്രവർത്തികളുടെ ഉടമ മാത്രമെ മഹാൻ ആയിരിക്കയുള്ളു. ഏറ്റം ആകർഷകമായ ഒരു ശരീരത്തിൽ ഹീനമായ അന്തരാത്മാവുള്ളവനും, അനാകർഷകമായ ശരീരത്തിൽ നിർമ്മലമായ ആത്മാവുള്ളവനും തമ്മിൽ ആരാണു് ശ്രേഷ്ഠൻ. നമ്മുടെ ചുറ്റുപാടുമുള്ള മനുഷ്യസമൂഹം വിവിധ ജാതിസമുദായ ആചാര വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നവരാണു്. നിരീശ്വരനും ഈശ്വരവിശ്വാസിയും ഇതിൽപെടുന്നു. തങ്ങളുടെ ആചാര വിശ്വാസങ്ങൾ മാത്രം ശരി, മറ്റുള്ളതെല്ലാം അംഗീകരിക്കുവാൻ കൊള്ളാത്തതു് എന്നും വിശ്വസിക്കുന്നു.

അറിയപ്പെട്ട ചരിത്രത്തിൽ ഏറ്റവും പഴക്കമുള്ളതു് അബ്രഹാമിന്റെ കുടുംബചരിത്രം അഥവാ യഹൂദവംശത്തിന്റെ ചരിത്രമാണു്. യഹൂദചരിത്രത്തിലെ ആദിമപിതാ



വായ അബ്രഹാമിനു് തന്റെ പിൻതലമുറകളുടെ ഭാവിയെക്കുറിച്ചും, അവരിൽകൂടി ലോകചരിത്രത്തിനുണ്ടാകുന്ന വ്യതിയാനങ്ങളെക്കുറിച്ചും വ്യക്തമായ ദർശനമുണ്ടായിരുന്നു. അതു് പിൻതലമുറകളെ ഗ്രഹിപ്പിക്കുവാനുള്ള ആത്മജ്ഞാനവും ലഭിച്ചിരുന്നു.

അബ്രഹാമിന്റെ സന്താനപരമ്പരയിൽ ദാവീദും അദ്ദേഹത്തിന്റെ മകൻ ശലോമോനും, യഹൂദ ചരിത്രത്തിലെ ഏറ്റവും പ്രഗത്ഭന്മാരായ രാജാക്കന്മാർ ആയിരുന്നു. ഇവരിൽ ദാവീദിനു് ലൗകീക ജീവിതത്തിലെ സമാധാനത്തിനും സന്തോഷത്തിനും ദൈവകൃപ അനുപേക്ഷണിയം ആണെന്നും മരണാനന്തരം നിത്യജീവനിൽ പ്രവേശിച്ചു ദൈവത്തോടു കൂടി സ്വർഗ്ഗീയ സന്തോഷം അനുഭവിക്കാം എന്നു നിശ്ചയം ഉണ്ടായിരുന്നു. എന്നാൽ ജ്ഞാനികളിൽവച്ചു് മഹാജ്ഞാനി ആയിരുന്ന ശലോമോനു് മരണാനന്തരമുള്ള നിത്യജീവിതത്തെക്കുറിച്ചു് ദർശനമോ ലക്ഷ്യമോ ഇല്ലായിരുന്നു. സകലവും മരണത്തോടുകൂടി അവസാനിക്കുന്നു. പിന്നീടു് എന്തുണ്ട്—ആർക്കറിയാം—സകലവും മായ—ആരാണ് മഹാൻ. ശരീരസൗന്ദര്യത്തേക്കാൾ ഹൃദയസൗന്ദര്യമുള്ളവനും, ലൗകീകജ്ഞാനത്തേക്കാൾ ആത്മീക ദർശനമുള്ളവനും മഹാനായിരിക്കും എന്നു് വിശ്വസിച്ചു. ദാവീദു് വിശ്വാസവീരന്മാരുടെ പട്ടികയിൽ ചേർന്നപ്പോൾ ശലോമോനു് അവിടെ സ്ഥാനം ലഭിക്കാതെ പോയി.

പഞ്ചേന്ദ്രിയങ്ങൾക്കു് വിധേയമായ മനുഷ്യബുദ്ധിയിൽ സർവ്വശക്തനെ ഒതുക്കിനിറുത്തി, ദൈവാരാധന നടത്തുന്ന വിശ്വാസികളാണു് അധികപങ്കും. ചിലർ ദൈവത്തിന്റെ ഏജന്റന്മാരെന്നുള്ള അഹന്തയോടുകൂടി ജീവിക്കുന്നവർ പോലും ഉണ്ടു്. ഈ ലോകത്തിൽ നിന്നും ദൈവം കൂട്ടിചേർത്ത നിർജീവജഡത്തിൽ ദൈവാംശമായ ജീവൻ നിലനിൽക്കുന്നിടത്തോളം — മനുഷ്യനു് - പ്രവർത്തിക്കുവാൻ സാധിക്കും. ഒരേ മനുഷ്യനിലുള്ള ജഡവും—ജീവനും തമ്മിലുള്ള മത്സരം ജീവിതകാലം മുഴുവൻ നിണ്ടുനിൽക്കുന്നു. ഇതിൽ ഏതു് ഏതിനെ ജയിക്കുന്നുവോ അതിനുതക്ക ഫലവും ഓരോരുത്തർക്കും അനുഭവിക്കാം. ആദിമ മനുഷ്യനിൽ തുടങ്ങിയ ഈ മത്സരം ഇന്നും ഓരോരുത്തരിലും ഉൾക്കൊണ്ടിരിക്കുന്നു. ലോകത്തിന്റെ അന്ത്യം വരെ തുടരുകയും ചെയ്യും.

കഷ്ടതയാകുന്ന ചാണക്കല്ലിൽ സ്വയം ഉരഞ്ഞു് പാകപ്പെടുന്നവരുണ്ടു്. മറുവശത്തു് ജഡത്തെ ആസ്വദിക്കുന്ന

തിനു് വെമ്പൽകൂട്ടുന്നവർ. ഇങ്ങനെയുള്ളവർ തമ്മിലുള്ള മത്സരവും—നടന്നു കൊണ്ടിരിക്കും. മൃഗവാസന, യുക്തി, പ്രചോദനം, എന്നീ മൂന്നു ശക്തി വിശേഷങ്ങൾ മനുഷ്യനിൽ കുടികൊള്ളുന്നു. ഇതിൽ പ്രചോദനം മനുഷ്യനെ ദൈവവുമായി അടുപ്പിക്കുന്നു. മൃഗവാസനയും യുക്തിയും പലപ്പോഴും ദൈവത്തിൽ നിന്നും അകറ്റുകയും ചെയ്യുന്നു. ദൈവം ഒഴിച്ചു് മറ്റുള്ളതെല്ലാം മനുഷ്യനു് അത്യാവശ്യമായിരിക്കുന്നു. ജീവിതത്തിന്റെ എല്ലാനിമിഷങ്ങളിലും ദൈവത്തെ ആവശ്യമുള്ളവർ എത്ര പേരുണ്ടു്.

അക്ഷന്തവ്യമായ നിർവിചാരത്വം, നീതിയെ നിന്ദിക്കുകയും ഗുണദോഷം വെറുക്കുകയും, മതത്തെ ബാഹ്യ ആചാരമായി മാറ്റുകയും. മൃതപ്രായമായ ആരാധന നടത്തുകയും, ദൈവത്തെ ഭയപ്പെടാതിരിക്കുകയും ചെയ്യുന്ന വ്യക്തിയെയോ സമൂഹത്തെയൊ എവിടെയും കാണാൻ സാധിക്കും.. ഞാൻ ഇതിൽ പെടുന്നുണ്ടോ? എന്നാൽ ദൈവമക്കൾ എന്നപദവിയിൽ എത്തിയവർ അതിന്റേതായ ചുമതലകൾ നിർവഹിക്കുന്നുണ്ടോ. ഞാൻ പദവികൊണ്ടുമാത്രം തൃപ്തിപ്പെടുന്നവൻ ആണോ? ദൈവം അതു സ്വീകരിക്കുമോ? സ്വന്തം കയ്യിലെ പുണ്ണുകാണുവാൻ കണ്ണാടി ആവശ്യമുണ്ടോ?

അദ്ധ്വാനിച്ചു ജീവിക്കുന്ന മനുഷ്യൻ ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടെ സാധിക്കൂ. ഏതു തൊഴിലിലായാലും സ്വയം വളരുവാനായി മാത്രം ബദ്ധപ്പെടുന്നവരെ എല്ലാ സമൂഹത്തിലും എല്ലാ തുറയിലും കാണാം. ദൈവനാമമഹത്വത്തിനായി തൊഴിൽ ചെയ്യുന്നവർ കണ്ടേക്കാം. വളർച്ച നശിച്ചു് മുരടിച്ചു് മനുഷ്യത്വം കൊഴിഞ്ഞുവീണ ഒരു സമൂഹത്തിലാണു് ഞാനും എന്റെ കൺമുമ്പിൽ നിൽക്കുന്നവരും എത്തിയിരിക്കുന്നതു്. ഇവിടെ എന്തെങ്കിലും ചെയ്യുവാൻ ഇനിയും ശേഷിച്ചിട്ടുണ്ടോ? തുടർന്നുകൊണ്ടിരുന്ന തുടർച്ചയിലെ ചെറുകണ്ണിയായ എനിക്കു് വേറിട്ട പ്രവർത്തനശൈലി സ്വീകരിക്കാൻ സാധിക്കണ്ടേ. (സാധു സുന്ദരസിംഗ്—സാധുകൊച്ചുകുഞ്ഞുപദേശി) എന്നിവരെ പോലെ.



ഞാൻ എഴുമാലി കുടുംബ പാരമ്പര്യത്തിൽ ഉറച്ച മാർത്തോമ്മാക്കാരനായി ജനിച്ചു. അതിനു് അണുവിട വ്യതിയാനം വരുത്താതെ ജീവിക്കുന്ന എന്നെ പോലെ അനേകം മാർത്തോമ്മാക്കാരും —യാക്കോബയക്കാരും—കത്തോലിക്കരും ബ്രദറുകാരും—പെന്തിക്കോസ്തുകാരും —എല്ലാം ഉണ്ടു് എന്റെ കുടുംബത്തിൽ. എന്നാൽ യഥാർത്ഥ ക്രിസ്ത്യാനികളായി എത്ര പേരെക്കാണാം?

ഇന്നത്തെ നമ്മുടെ ചിന്തയിൽ കാലുകഴുകുന്നതോ? കാലുകഴുകിക്കുന്നതോ— മറ്റുള്ളവർ എന്നെ ശുശ്രൂഷിക്കുന്നതോ—ഞാൻ മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതോ—എതാണു് ശ്രേഷ്ഠം.

മാനവ സമൂഹം കുടുംബത്തിലധിഷ്ഠിതമായുള്ള ജീവിതചര്യ തുടങ്ങിയിട്ടു് അനേകആയിരം വർഷം കഴിഞ്ഞിരിക്കുന്നു. വിവിധ ഘടനയോടുകൂടിയ കുടുംബ സംവിധാനം ഉണ്ടായിട്ടുണ്ടെങ്കിലും മനുഷ്യർ കുടുംബ ജീവിതത്തിലേക്കു പ്രവേശിച്ചതിന്റെ ചരിത്രമാണു് ആദിമചരിത്രം. ഇന്നും കുടുംബങ്ങൾ നിലനിന്നു പോരുന്നു. മനുഷ്യൻ തന്റെ കുടുംബത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി ഓരോരുത്തരും തങ്ങളുടെ പ്രവർത്തന ശൈലി രൂപപ്പെടുത്തുന്നു. ഓരോരുത്തർക്കും വലുതാകണമെന്നുള്ള ആകാംക്ഷയും അതിനുവേണ്ടി രൂപപ്പെടുന്ന മണ്ഡലങ്ങളും പരിരക്ഷിക്കുന്നതിനുള്ള മല്പിടിലിനു് ജീവിതായോധനം- (യുദ്ധം) എന്നു് പറയുന്നു.

ഈ ജീവിതായോധനത്തിലേക്കു കാലുകുത്താതെ അകന്നു നിന്നു് നോക്കികാണുന്നവർ തുലോം ചുരുങ്ങും. എന്നാൽ ഈ മത്സരത്തിൽ അവനവൻ ആശിച്ചിടം വരെ എത്തുന്നവരും, തുലോം ചുരുങ്ങും., എല്ലാവർക്കും വലുതാകണം എന്റെ കുടുംബം. സമീപ കുടുംബങ്ങളേക്കാൾ എല്ലാ പ്രകാരത്തിലും ഉയരണം. ഇവിടെയാണു്— ഇന്നത്തെ ക്രിസ്ത്യാനി എവിടെ നിൽക്കുന്നു. എന്നു് സ്വയം ചോദിക്കേണ്ടതു്. കുടുംബം വലുതാകുന്നതിനും. അതിനുള്ളിൽ തന്റെ ജഡത്തിനുള്ള പ്രത്യേക സുഖങ്ങൾ ലഭിക്കുന്നതിനും. അക്രൈസ്തവർ സ്വീകരിക്കുന്ന അതേ ഊന്നു വടികളല്ലേ

ക്രിസ്ത്യാനീ (ഏതു വിശ്വാസത്തിലായാലും) നീയും ഊന്നി നടക്കുന്നതു്—നീയും നിന്റെ മക്കളും മറ്റുള്ളവരുടെ കാലുകഴുകുന്നതിനു് ഒരുങ്ങുന്നുവോ? അതോ മറ്റുള്ളവർ നിങ്ങളുടെ കാലുകഴുകത്തക്ക നിലയിൽ ഉയരുന്നതിനു് ഒരുങ്ങുന്നുവോ? പരിശുദ്ധാത്മാവു് നിന്റെ ആത്മാവിനോട് എന്തുപറയുന്നു. യേശു നിന്നെ പഠിപ്പിച്ചതു് എന്താണു്. ഒരു മനുഷ്യന്റെ ജഡശരീരത്തിന് ഉന്മേഷദായകമായ ആഹാരവും നാശകരമായ ആഹാരവും ഉള്ളതുപോലെ ആത്മശരീരത്തിനും—ഉന്മേഷദായകവും നാശകരവുമായ ആഹാരം ഉണ്ടു്. ഇതെല്ലാം തമ്മിൽ ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നു.

മത്താ. 5: 16. മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ടു് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു് നിങ്ങളുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ. മനുഷ്യാ നിന്റെ വിശ്വാസപ്രമാണം പരാജയപ്പെടുന്നിടത്തു്, ദയാപ്രമാണം കൊണ്ടും. അതും പ്രയോജനപ്പെടാത്തിടത്തു് പ്രത്യാശകൊണ്ടും, ത്യാഗപ്രമാണം കൊണ്ടും; ഇതൊന്നും ഫലിച്ചില്ലെങ്കിൽ സ്നേഹപ്രമാണവും അവസാനത്തിൽ ശുശ്രൂഷപ്രമാണവും പരീക്ഷിക്കുക. ഏതു മനുഷ്യനെയും നേടുവാൻ സാധിക്കും. ഇന്നത്തെ മനുഷ്യനെഗ്രസിച്ചിരിക്കുന്ന ഏറ്റവും വലിയ കരാളഹസ്തം ആകുലചിന്തയോടുകൂടിയ ഭയമാണു്. ലോകത്തിൽ ജീവിക്കുന്ന സുബോധമുള്ള ഒരുത്തർക്കും ഈ പിടിയിൽ നിന്നു വിമുക്തമാകുവാൻ പ്രയാസമാണു്.

ഒരു മനുഷ്യൻ ശാരീരികമായ ആകൃതിക്കും ഘടനയ്ക്കും അവന്റെ മാതാപിതാക്കളോടു കടപ്പെട്ടിരിക്കുന്നു. അതുപോലെതന്നെ ആത്മികമായ പ്രകൃതിക്കും ഘടനക്കും, അവന്റെ പൈതൃകമാണു് പ്രധാന ഘടകം. ഉന്നതകുലജാതൻ, നീചകുലജാതൻ, എന്നൊക്കെ നാം തരം തിരിക്കാറുണ്ടല്ലോ. ഇത് പുറത്തെ മനുഷ്യനെ ആശ്രയിച്ചല്ല പിന്നെയോ ഉള്ളിലെ മനുഷ്യനെ ആശ്രയിച്ചാണു്. അബ്രഹാം ശാലേം രാജാവിനെ വണങ്ങി കാഴ്ചസമർപ്പിച്ചു. എന്തുകൊണ്ടു്? ശാലേം രാജാവിന്റെ ആത്മിക മനുഷ്യൻ അത്യുത്തമമായിരുന്നു. ശാസ്ത്രവും, മതവും മനുഷ്യ ഉല്പത്തിയെക്കുറിച്ചു പറയു



മ്പോൾ ഒരു വ്യത്യാസവും ഇല്ല. ലോകത്തിൽ ആദ്യം ഉണ്ടായ ഒരു മാതാപിതാവിൽ നിന്നാണു് ഇന്നുവരെയുള്ള സകല മനുഷ്യരുടെയും ഉല്പത്തി. ഇതിനിടയിൽ വേറൊരു പുതിയ മനുഷ്യൻ ഇടക്കു കയറി മനുഷ്യജാതിക്കു് ജന്മം നൽകിയിട്ടില്ല. അങ്ങനെ എങ്കിൽ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നു വിളിച്ചു പ്രാർത്ഥിക്കുവാൻ ക്രിസ്തു നമ്മെ പഠിപ്പിച്ചല്ലോ. ഈ ഞങ്ങൾ എന്ന സർവ്വനാമത്തിൽ എന്റെ ഭവനത്തിൽ മാത്രം ഉള്ളവരോ, അതോ കുടുംബത്തെ മുഴുവനും ഉൾക്കൊള്ളിച്ചോ അതോ ഞാൻ ചേർന്നു നടക്കുന്ന സമുദായത്തെക്കൂട്ടിചേർത്തു കൊണ്ടോ അതിനപ്പുറം എന്റെ അയൽക്കാരായ അക്രൈസ്തവരെ കൂടിബന്ധിപ്പിച്ചോ ലോകത്താകമാനമുള്ള മനുഷ്യജാതിയേ ഒന്നിച്ചു് ഈ ഞങ്ങളിൽ ഉൾക്കൊള്ളിച്ചുകൊണ്ടാണോ നാം ഞങ്ങളുടെ പിതാവേ എന്നു സംബോധന ചെയ്യുന്നതു്. ഇതിലുള്ള ദൈവഉദ്ദേശം എന്താണു് എന്നു് മനസ്സിലാകുന്നുവോ.

നമ്മുടെ എഴുമാലി കുടുംബാംഗങ്ങളിൽ പലരും തങ്ങളുടെ ഈ ലോകജീവിതത്തെ നിത്യതയിലേക്കുള്ള ചവിട്ടുപടിയായി കണക്കാക്കി. പിന്നിലുള്ളതിനെ മറന്നു മുന്നിലുള്ള സന്തോഷത്തെ ഓർത്തുകൊണ്ടു് മാനസ്സാന്തരത്തിന്റെ ഫലങ്ങൾകൊണ്ടു് നിറഞ്ഞവരായി നല്ല ഓട്ടം ഓടിക്കൊണ്ടിരിക്കുന്നതിനാൽ ദൈവത്തെ സ്തുതിക്കുന്നു. എന്നാൽ ജീവിതം ഇവിടം കൊണ്ടവസാനിക്കുന്നതിനാൽ അപ്പഴപ്പോൾ ലഭിക്കുന്ന സുഖങ്ങൾ ഊറ്റിക്കുടിക്കുവാൻ വെമ്പൽ പൂണ്ടു് പരക്കംപായുന്നവരും നമ്മുടെ കുടുംബത്തിൽ തന്നെ ഉണ്ടു്. അവർക്കു നല്ല പ്രകാശം ലഭിക്കുവാൻ മുട്ടിപ്പായി പ്രാർത്ഥിക്കുന്നതിനു് നാം കടപ്പെട്ടവരാണു്.

സർവ്വലോകത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷത്തിനു കാരണഭൂതനായ മ്ശിഹായുടെ കൂടെ സഞ്ചരിച്ച് ക്രിസ്തുവിന്റെ ഉയിർപ്പിൻ സന്തോഷത്തിൽ പങ്കാളിയായ - വി: തോമസ്സ് ശ്ലീഹായാൽ സ്നാനം സ്വീകരിച്ച കാളിയാങ്കൽ കുടുംബശാഖയിൽപെട്ട എഴുമാലി കുടുംബത്തിലുള്ള നാം ഓരോരുത്തരും, ക്രിസ്തുവിന്റെ ഉയർപ്പിൻ സന്തോഷത്തിൽ പങ്കാളികളാകുകയും നിത്യതയിൽ അവനോടു കൂടിവസിക്കാം.

എന്നുള്ള ഉറപ്പും ഉള്ളവരായിരിക്കണം. അതിനു് നാം ഓരോരുത്തരും ഉണരുമ്പോൾ ക്രിസ്തുവിനോടുകൂടി ഉണരുകയും. പ്രവർത്തനങ്ങളിൽ എല്ലാം ക്രിസ്തുവിനു പങ്കുകൊടുക്കുകയും. ഉറങ്ങുമ്പോൾ ക്രിസ്തുവിനോടുകൂടി ഉറങ്ങുകയും ചെയ്യാം. ക്രിസ്തു ആരാധനാസ്ഥലത്തോ. നേതൃസ്ഥാനങ്ങളിലോ ഒതുങ്ങി നില്ക്കുന്നില്ല. പിന്നെ നമ്മുടെ നിമിഷം പ്രതിയുള്ള ജീവിതത്തിൽ ഭാഗമാക്കുവാൻ നമ്മോടു് അടുത്തുവന്നു കൊണ്ടിരിക്കുന്നു. അവന്റെ സാമീപ്യം മനസ്സിലാക്കുവാൻ ശ്രമിക്കുമോ. നിന്റെഭാരം അവന്റെ മേൽവച്ചു കൊള്ളുക. നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരു നാളും സമ്മതിക്കുകയില്ല.

ഈ പുസ്തകം വായിക്കുന്ന ഓരോരുത്തരുമേ, ഈ ക്രിസ്തുവിനെ നിന്റെ പങ്കാളിയാക്കുക. നിന്റെ പ്രശ്നം പരിഹരിക്കപ്പെടും. മനുഷ്യാ നീ ഇന്നു ശാസ്ത്രത്തിന്റെ ഉത്തുംഗസോപാനത്തിൽ എത്തിയിരിക്കുന്നുവല്ലോ. നിന്റെ അറിവിന്റെ ആഴം എന്തുണ്ടെന്നു് മറ്റുള്ളവർക്കു മനസ്സിലാക്കുവാൻ വയ്യാത്തവിധം മനുഷ്യൻ അറിവുള്ളവനായിതീർന്നു. അറിവിന്റെ ഉന്നതങ്ങളിൽ വസിക്കുന്നവനെ എനിക്കു അറിവില്ലാത്ത രണ്ടു മൂന്നു കാര്യം ചോദിച്ചുകൊള്ളട്ടെ. നിന്റെ പാദത്തിന്റെ അടിയിൽ ഭൂമിയുടെ ഉൾഭാഗത്തു് എന്തൊക്കെ സംഭവിച്ചുകൊണ്ടിരിക്കുന്നു–അറിയുമോ – നിനക്കു കണ്ടു മനസ്സിലാക്കാനുള്ള കഴിവില്ലാത്തതുകൊണ്ടു് മറ്റൊന്നു് ചോദിച്ചു പോകുന്നു. നീകണ്ണുകളേ മുകളിലേക്കു് ഉയർത്തി നോക്കുക. ഈ അഖിലാണ്ഡങ്ങളുടെ ആഴത്തിൽ എന്തു ദൈർഘ്യമുണ്ടെന്നു പറയാമോ? ഇല്ല എങ്കിൽ ഏറ്റവും ചെറിയ ഒരു കാര്യംകൂടിചോദിച്ചു കൊള്ളുന്നു. നിന്റെ ശരീരത്തിനുള്ളിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന വ്യതിയാനങ്ങൾ എന്തൊക്കെ? അത് നിന്റെ മരണത്തെ എങ്ങിനെ ബാധിക്കാം. അല്ലയോ സർവ്വശാസ്ത്രങ്ങളുടെയും ഉടമയായ മനുഷ്യാ നീ എപ്പോൾ മരിക്കും–നിനക്കു് അറിയാമോ?

ആരെങ്കിലും അറിവുള്ളവനെന്നു് അഭിമാനിക്കുന്നു എങ്കിൽ അവൻ ഭോഷനാണ്. നിന്റെ ശരീരത്തെ നശിപ്പിക്കുന്ന അണുക്കളെ അകറ്റിനിറുത്തുവാൻ ആഗ്രഹിക്കുന്ന



മനുഷ്യാ നിന്റെ ആത്മിക മനുഷ്യനെ നശിപ്പിക്കുന്ന അണുക്കളെക്കുറിച്ചും ബോധവാനാക്കുവാൻ ശ്രമിക്കുക.

വിദ്യാഭ്യാസം – പരിഷ്കാരം – നമസ്കാരം––ജ്ഞാനം എന്നീ നാലുഘടകങ്ങൾ മനുഷ്യാത്മാവിനു് പ്രചോദനം നൽകുന്നു. ഇതിൽ ആദ്യത്തെ മൂന്നും മനുഷ്യനു് സ്വപ്രയത്നത്താൽ സമ്പാദിക്കാം. എന്നാൽ ജ്ഞാനം ദൈവത്തിൽനിന്നു് ലഭിക്കുന്ന ദാനമാണ്. ഇങ്ങനെ ദൈവദാനമായ ജ്ഞാനം ദാവീദിനെപ്പോലെയുള്ളവർക്കു ''ഞാൻ ദൈവത്തെ എല്ലാക്കാലത്തും വാഴ്ത്തും എന്നും.'' ശലോമോനെപ്പോലെയുള്ളവർക്കു് ''ഹാ! മായ, മായ സർവ്വവും മായ'' എന്നും ഉള്ള അനന്തത്തിലേക്ക് എത്തിക്കുന്നു. ദുരഭിമാനി ആകാതെ ജ്ഞാനത്തിന്റെ ഉറവിടമായ ദൈവസന്നിധിയിലേക്കു് അടുത്തു ചെല്ലാം. അപ്പോൾ എന്റെ നാളുകളെ എണ്ണുവാനുള്ള ബുദ്ധി അവിടുന്നു നൽകും.

ഇപ്രകാരം ഒരു പുസ്തകം രൂപപ്പെടുത്തുന്നതിനു് പലരും വളരെ ത്യാഗങ്ങൾ സഹിച്ചു. അക്കൂട്ടത്തിൽ ഞാനും എന്റെ ഭാഗം നിർവ്വഹിച്ചു. മുൻപു് രേഖപ്പെടുത്തിയയാതൊന്നും പരിശോധിച്ചു. തെളിവെടുക്കുവാൻ സൌകര്യം ലഭിച്ചിട്ടില്ല. പിന്നെ ചെറുപ്രായത്തിൽ അന്ന് ജിവിച്ചിരുന്ന പ്രായംചെന്ന ആളുകളെ സമീപിച്ചു് അവർ പറഞ്ഞു കേട്ട കാര്യങ്ങളുടെ ചുരുക്കം കുറിച്ചുവച്ചിരുന്നു. അങ്ങനെ രേഖപ്പെടുത്തിവച്ചിരുന്ന കുറിപ്പുകൾ താരതമ്യപഠനം നടത്തി പൊതുവിൽ എല്ലാവരും മനസ്സിലാക്കിയിരുന്ന കാര്യങ്ങൾക്കു് പ്രാധാന്യം കൊടുത്തു് ഈ ചരിത്രം പൂർത്തിയാക്കുവാൻ സാധിച്ചു. ഇതിനു് ആത്മാർത്ഥമായി സഹകരിക്കുകയും സഹായിക്കുകയും ചെയ്തിട്ടുള്ള എല്ലാവർക്കും എന്റെ വ്യക്തിപരമായ നന്ദി രേഖപ്പെടുത്തികൊള്ളുന്നു. ആർക്കെങ്കിലും മനോനൊമ്പരമുണ്ടാകുന്ന വാക്കുകളോ ഭാഗങ്ങളോ ഉണ്ടെങ്കിൽ ക്ഷമിക്കുക.

ഞാൻ എഴുമാലി കുടുംബത്തിൽ ഒൻപതാം തലമുറക്കാരനാണു്. ഈ ദേശവും അതിലുള്ളതും തങ്ങളുടേതു് എന്നു് അവകാശപ്പെട്ട പിതാമഹന്മാർ ഓരോരുത്തരായി

കടന്നു പോയി. ഇപ്പോഴത്തെ അവകാശിയായ ഞാനും അടുത്ത ആളേ ഏല്പ്പിച്ചിട്ടു കടന്നുപോകാൻ ഒരുങ്ങുകയാണ്. എന്റെ മക്കളും കൊച്ചുമക്കളും, ഇങ്ങനെ അവകാശമാക്കുകയും കടന്നുപോകയും ചെയ്യുന്നു. എന്നാൽ ഒരു സത്യം പറയട്ടെ. ഈ മണ്ണ് ആരുടെയും സ്ഥിര അവകാശമാകുന്നില്ല. പിന്നെയോ, ജനിച്ച മനുഷ്യനെല്ലാം ഈ മണ്ണിൽ അലിഞ്ഞു ചേർന്നു് ആറടി മണ്ണിനു് അവകാശിയായിത്തീരുന്നു.

എന്നാൽ ദൈവത്തിൽ നിന്നു് ലഭിച്ച ജീവനും. ആത്മാവും ഈ മണ്ണിൽ ലയിക്കുന്നില്ല. ഈ മണ്ണിനോടു് ചേർന്ന് നശിച്ചുപോകുന്ന ശരീരത്തിനു് പ്രാധാന്യം കൊടുക്കാതെ നിത്യതയിൽ എത്തുന്ന ജീവനും ആത്മാവിനും പ്രാധാന്യം നൽകി നമുക്കു ജീവിക്കാം. നമ്മുടെ എല്ലാ ഭവനങ്ങളിലും ആത്മിക ഉണർവ്വ് ഉണ്ടാകുവാനും, എല്ലാ വ്യക്തികളും മാനസാന്തരപ്പെട്ടു് ഫലം കായ്ക്കുന്നവരാകുവാനും നമുക്ക പ്രയത്നിക്കാം; പ്രാർത്ഥിക്കാം.

C. C. Mammen
Charivukalayil
Kumbanad P. O.



നമ്മുടെ പൂർവ്വ കുടുംബാംഗം കുറവലങ്ങാട്ടു്
വടക്കേക്കര
ഷെവലിയർ പി. സി. ജോർജ്ജ് B. A; L. T.



രക്ഷാധികാരി,
പുളിക്കക്കുഴിയിൽ പരേതനായ പി. ജി. തോമസ്സ്
(തോമസ്സാർ)



രക്ഷാധികാരി
പരേതനായ നക്കരേത്തു വല്ല്യത്തടത്തിൽ സി. എം. മത്തായിയും, ഭാര്യ കുഞ്ഞമ്മ മത്തായിയും



രക്ഷാധികാരി
നീറൻപ്പാക്കൽ ശ്രീ. വറുഗീസ് മത്തായി



പ്രാരംഭം മുതൽ പ്രസിഡണ്ടായിരിക്കുന്ന
മൈലനിൽക്കുന്നതിൽ ശ്രീ. എം. ജി. ജോർജ്ജ്



എഴുമാലി കുടുംബചരിത്ര രചനകമ്മറ്റി അംഗങ്ങൾ: L.to.R. ശ്രീ. പി.റ്റി. മാമ്മൻ, നെടുന്തുണ്ടിയിൽ
ശ്രീ. എം. റ്റി. തോമസ്സ്, മണ്ണാട്ട്. ശ്രീ. സി. സി. മാമ്മൻ, ചരിവുകാലായിൽ,

കുടുംബയോഗ കമ്മറ്റിയുടെ ഒരു ദൃശ്യം





ദിവ്യ കാരുണ്യ സ്വീകരണം

# മുഖവുര

ചരിത്രം എന്നതു് മനുഷ്യവർഗ്ഗത്തിന്റെ ഉല്പത്തി, വർദ്ധന, നിലനില്പു് എന്നിവകളെക്കുറിച്ചുള്ള രേഖ ആണല്ലോ. ദൈവം മനുഷ്യനെ സൃഷ്ടിപ്പിൽ തന്നെ കുടുംബമായിരിക്കുന്നതിനു് ക്രമീകരിക്കയും മനുഷ്യൻ ആ വിധത്തിൽ പുരോഗമിക്കയും ചെയ്തു. തലമുറകൾ കഴിയുന്തോറും കുടുംബ ബന്ധങ്ങളെക്കുറിച്ചുള്ള അറിവും പരസ്പര സ്നേഹവും കുറഞ്ഞുകൊണ്ടിരിക്കും എന്നുള്ളതു് ഒരു സത്യമാണു്. ആയതിനാൽ ഭാവിതലമുറയ്ക്കു് തങ്ങളുടെ കുടുംബബന്ധം മനസ്സിലാക്കുന്നതിനു് കുടുംബ ചരിത്രം ഉപകരിക്കും.

ഒരു വർഗ്ഗത്തിന്റെയോ, സമുദായത്തിന്റെയോ, പരമ്പരാഗതമായ സംസ്കാരമാണു് അവരുടെ വിശിഷ്ടസമ്പത്തു്. ആദ്ധ്യാത്മിക ദർശനത്താലും, വിജ്ഞാനപൂർണ്ണതയാലും, പരിപക്വമായ ഗുണഗണങ്ങളും, ഉത്തമ ആചാര വിശേഷങ്ങളും ജീവിതരീതികളുമാണു് സംസ്കാര ഫലങ്ങളായി പറയപ്പെടുന്നതു്. ഈ സംസ്കാരം വ്യക്തികളിൽ നിന്നു് കുടുംബത്തിലും, കുടുംബങ്ങളിലൂടെ വളർന്നു് സമുദായത്തിലും, രാഷ്ട്രത്തിലും, വികസിച്ചു് പ്രശോഭിക്കുന്നു.

യഹൂദരും, മുഹമ്മദീയരും, ക്രിസ്ത്യാനികളും അബ്രഹാം പിതാവിന്റെ കുടുംബ പാരമ്പര്യത്തിൽ അഭിമാനിക്കുന്നു. വിശുദ്ധ പൗലോസു് അപ്പോസ്തോലൻ പോലും തന്റെ കുടുംബ പാരമ്പര്യത്തിൽ പ്രശംസിച്ചിരുന്നു. നമുക്കു് (എഴുമാലി കുടുംബത്തിനു്) പ്രശംസിക്കാനുള്ളതു് ദൈവപുത്രനായ യേശുക്രിസ്തുവിന്റെ രക്ഷണ്യപിൻതുടർച്ച അവകാശം മാത്രമാകുന്നു. വിശുദ്ധ തോമസ് അപ്പോസ്തോലനിൽ കൂടി നമ്മുടെ കുടുംബത്തിനും ആ അവകാശം ലഭിച്ചിട്ടുണ്ടെന്നുള്ളതിനാൽ നമുക്കും അഭിമാനിക്കാൻ വകയുണ്ടു്.

എഴുമാലി കുടുംബചരിത്രം രേഖപ്പെടുത്തുമ്പോൾ, ഇതു് ഒരു പൂർണ്ണ ചരിത്ര രേഖയാണെന്ന് അവകാശപ്പെടുന്നില്ല. കുറവുകളും, അപാകതകളും, ഉണ്ടെന്നുള്ളതു് സമ്മതിച്ചുകൊള്ളുന്നു. മുൻകാല ചരിത്രം കാലാനുസൃതമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കഴിവതു പരിശ്രമിച്ചിട്ടും ചുരുക്കം ചിലരുടെ ചരിത്രം യഥാസമയം ലഭിക്കാതിരുന്നതിനാൽ ഈ പതിപ്പിൽ ചേർക്കാൻ സാധിച്ചിട്ടില്ല എന്നുള്ളതു ഖേദപൂർവ്വം രേഖപ്പെടുത്തിക്കൊള്ളുന്നു.

നമ്മുടെ കുടുംബചരിത്രം രേഖപ്പെടുത്തുവാൻ പൂർവ്വികന്മാർ ആഗ്രഹിച്ചു. എന്നാൽ പലകാരണങ്ങളാൽ ചരിത്രമായി രേഖപ്പെടുത്തുവാൻ ഇപ്പോൾ മാത്രമാണു് അവസരം ലഭിച്ചതു്. പിതാമഹന്മാരിൽ നിന്നും പരമ്പരാഗതമായി വാങ്മൂലം ലഭിച്ചിട്ടുള്ളതും, നാം വിശ്വസിച്ചു പോരുന്നതുമായ ഐതീഹ്യങ്ങളും, ചില ചരിത്രരേഖകളും ആധാരമാക്കിയാണു് ഈ ചരിത്രം രചിച്ചിട്ടുള്ളതു്.

എഴുമാലി കുടുംബം മദ്ധ്യതിരുവിതാംകൂറിലെ അതിപുരാതന ക്രൈസ്തവ കുടുംബങ്ങളിൽ ഒന്നാണു്. തോമസ് അപ്പോസ്തോലന്റെ മലങ്കര സഭാ സ്ഥാപനം മുതലുള്ള പൗരാണികത്വവും, ചരിത്ര പാരമ്പര്യവും, നമുക്കുണ്ടു്. അതിൽ അഭിമാനിക്കയും,. ദൈവത്തെ സ്തുതിക്കയും ചെയ്യുന്നു. പൂർണ്ണമായിട്ടല്ലെങ്കിലും നമ്മുടെ കുടുംബചരിത്രം നാനം മൂനം ലിപികളിൽ രേഖപ്പെടുത്തിയ താളിയോലഗ്രന്ഥങ്ങൾ, ഇന്നു ജീവിച്ചിരിക്കുന്ന പലരും വായിച്ചു കേട്ടിട്ടുള്ളതാണു്. എന്നാൽ വസ്തുനിഷ്ഠവും ഇടമുറിയാത്തതുമായ ചരിത്രം രേഖപ്പെടുത്തിവച്ചിട്ടില്ലെന്നുള്ള വസ്തുതയും പ്രസ്താവ്യമത്രെ.

നാനൂറിൽപരം കുടുംബങ്ങളും, രണ്ടായിരത്തി അഞ്ഞൂറോളം അംഗങ്ങളും ഉൾപ്പെട്ട എഴുമാലി കുടുംബം കേരളത്തിലും, വെളിയിലുമായി ചിതറിപാർക്കുന്നു. ഈ കുടുംബം ശാഖോപശാഖകളായി വ്യത്യസ്തങ്ങളായ ആചാരാനുഷ്ഠാനങ്ങളും പാരമ്പര്യങ്ങളും പുലർത്തി പോരുന്ന വിവിധ സഭാവിഭാഗങ്ങളിൽ ഉൾപ്പെട്ടുനിൽക്കുന്നു. ഇപ്രകാരമുള്ള ഒരു സമൂഹത്തിന്റെ ദേശകാല ഭേദങ്ങൾ എല്ലാം പരി



ഗണിച്ചു് ഒരു സമ്പൂർണ്ണ ചരിത്രം ആക്കി തീർക്കുവാനുള്ള സൗകര്യം ലഭിച്ചിട്ടില്ല.

**1984**-ാമാണ്ടു് ഡിസംബർ മാസം വരെ ശേഖരിച്ചിട്ടുള്ളതും. പിന്നീട് ലഭിച്ചിരുന്നതുമായ രേഖകൾ വച്ചാണ് ഈ പുസ്തകം പൂർത്തിയാക്കിയിട്ടുള്ളതു്. ലഭിച്ചിരുന്ന രേഖകളിൽ പിശകുവന്നിട്ടുണ്ടെങ്കിൽ അതും, കൂടുതലായി ചേർക്കണ്ടതുണ്ടെങ്കിൽ അതും തന്നു സഹായിക്കുന്നതിലേക്കു് ഈ പുസ്തകം പരിശോധിക്കണമെന്നു് എല്ലാവരെയും അറിയിച്ചിരുന്നതുമാണല്ലോ.

ഈ പുസ്തകത്തിൽ തലമുറകളുടെ പട്ടിക റോമൻ ലിപിയിലും ഓരോ ശാഖയിലെയും അതാതു തലമുറയിലുള്ള കുടുംബങ്ങളുടെ എണ്ണം ഇംഗ്ലീഷ് ലിപിയിലും രേഖപ്പെടുത്തിയിരിക്കുന്നു. വിവാഹിതരായിട്ടുള്ളവരെ മാത്രമെ കുടുംബ പട്ടികയിൽ ചേർത്തു നമ്പർ കൊടുത്തിട്ടുള്ളു. ഇതര അംഗങ്ങളുടെ കാര്യം പൂർവ്വ കുടുംബ വിവരണത്തിൽ ചേർത്തിട്ടുണ്ടു്.

ഓരോ കുടുംബശാഖയുടെയും തലമുറ നമ്പരും കുടുംബ നമ്പരും ചേർത്തു് ഒരു ലിസ്റ്റ് അതതുശാഖയുടെ വിവരണത്തിനു മുൻപായി ചേർത്തിട്ടുണ്ടു്. ഓരോ കുടുംബത്തിന്റെയും വിവരണത്തിനു് കൊടുത്തിരിക്കുന്ന നമ്പർ ലിസ്റ്റിലെ നമ്പർ തന്നെ ആയതിനാൽ ലിസ്റ്റു് ഇൻഡക്സായി കണക്കാക്കാവുന്നതാണു്.

ഉദാ: പുളിക്കക്കുഴി-മരങ്ങാട്ടു് ശാഖ.

VIII (2) തോമസ്-തോമസ്-മലേമരങ്ങാട്ട്-കുമ്പനാട്-ലിസ്റ്റിലും വിവരണത്തിലും ഒരേ നമ്പർ തന്നെ.

ഈ പുസ്തകം കാളിയാങ്കൽ എഴുമാലി (കോയിപ്രം) കുടുംബ ചരിത്രമാണു്. ഈ പുസ്തകത്തിന്റെ അച്ചടി ഭംഗിയായി നിർവ്വഹിച്ചുതന്ന വൊക്കേഷനൽ ഗൈഡൻസ് സെന്റർ (തിരുവല്ല) സൂപ്രണ്ടിനും, സഹപ്രവർത്തകർക്കും, ബ്ലോക്കു തയ്യാറാക്കി തന്ന ജോൺ മാത്യു & ബ്രദേഴ്സിനും (കോട്ടയം) പ്രത്യേകം പ്രത്യേകം നന്ദി രേഖപ്പെടുത്തി

ക്കൊള്ളുന്നു. കൂടാതെ സാമ്പത്തികസഹായം നൽകി പ്രോത്സാഹിപ്പിച്ച കുടുംബാംഗങ്ങളേയും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ പൂർത്തീകരണത്തിനു വേണ്ടി പ്രയത്നിച്ചിട്ടുള്ള എല്ലാവർക്കും നന്ദി രേഖപ്പെടുത്തികൊള്ളുന്നു. നമ്മുടെ കുടുംബത്തിലെ എല്ലാ ശാഖകളിൽപ്പെട്ട അംഗങ്ങളും പരസ്പരം അറിയുന്നതിനും, സ്നേഹവും, ഐകമത്യവും, സഹകരണവും സൗഹാർദ്ദവും, ഉത്തരോത്തരം വർദ്ധിപ്പിക്കുന്നതിനും, ഈ ഗ്രന്ഥം ഉപകരിക്കട്ടെയെന്നു് ആശംസിച്ചുകൊള്ളുന്നു.

എന്നു് പ്രസിദ്ധീകരണ കമ്മറ്റിക്കുവേണ്ടി,

കൺവീനർ, സി. സി. മാമ്മൻ.

---

# പ്രസ്താവന

പുരാതനമായ എഴുമാലി കുടുംബത്തിന്റെ ആദിമഘട്ടങ്ങളിലെ ചരിത്രം നന്നായി ഗ്രഹിച്ചിരുന്നവരും, അവയെ പിൻഗാമികളിൽ പ്രതിഷ്ഠിക്കുന്നതിനു് ഉത്സുകരായിരുന്നവരുമായ പൂർവ്വപിതാക്കന്മാർ പ്രപഞ്ചയവനികയ്ക്കുള്ളിൽ മറഞ്ഞിട്ടു് വളരെക്കാലം കഴിഞ്ഞിരിക്കുന്നു. പിൻഗാമികളിൽ പലരും ഈ ദൃശകാര്യങ്ങളിൽ അശ്രദ്ധരായിരുന്നു. തന്മൂലം ഇന്നത്തെ തലമുറയ്ക്കു് കുടുംബചരിത്രം അജ്ഞാതമായിരിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. തലമുറകൾ കഴിയുന്തോറും ആദിമ ചരിത്രത്തിന്റേയും വംശപാരമ്പര്യത്തിന്റേയും കണ്ണികൾ തേഞ്ഞും മാഞ്ഞും ക്രമേണ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അതിനാൽ ഇപ്പോൾ ലഭിച്ചിട്ടുള്ള അറിവുകൾ വച്ചുകൊണ്ടു് നമ്മുടെ കുടുംബ ചരിത്രം രേഖപ്പെടുത്തി വെയ്ക്കേണ്ടതു് അത്യാവശ്യമാകുന്നു.

കോയിപ്രത്തു് എഴുമാലിൽ നിന്നും ആരംഭിച്ചെങ്കിലും, പിൽക്കാലത്തു് കടപ്ര പുളിക്കക്കുഴി കുടുംബം എന്നും, കോയിപ്രത്തു് എഴുമാലി കുടുംബമെന്നും രണ്ടു വ്യത്യസ്ത നാമധേയത്തിൽ നമ്മുടെ കുടുംബം അറിയപ്പെട്ടിരുന്നു. അമ്പതു വർഷം മുമ്പുവരെ പുളിക്കക്കുഴി കുടുംബയോഗം നടന്നുവന്നിരുന്നു. ഉദ്ദേശം 90 വർഷത്തോളം ഈ കുടുംബയോഗം കൂടികൊണ്ടിരുന്നു. അതുപോലെ ഈ കാലയളവിൽ കോയിപ്രത്തു് എഴുമാലി കുടുംബയോഗവും നടന്നിരുന്നു. വിവിധ കാരണങ്ങളാൽ ഇവ രണ്ടും കാലാന്തരത്തിൽ നിന്നുപോയി. തന്മൂലം സഹോദരങ്ങൾ തമ്മിൽ അറിയാത്ത വിധത്തിൽ ആയിതീർന്നു. ചിതറിപ്പാർത്ത കുടുംബാംഗങ്ങൾ തമ്മിൽ വേണ്ട വിധത്തിലുള്ള സഹകരണങ്ങളോ, ബന്ധങ്ങളോ പിൽക്കാലത്തു് പുലർത്തിയിരുന്നില്ല. ആയതിനാൽ അനേകരുടേയും പ്രായോഗിക ജീവിതത്തിൽ വിവിധങ്ങളായ വൈഷമ്യങ്ങൾ ഉണ്ടായിട്ടുണ്ടു്. എല്ലാറ്റിനുമുപരിയായി

നമ്മുടെ കുടുംബത്തിന്റെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ടെന്നുള്ളതു് ഖേദപൂർവ്വം സമ്മതിച്ചുകൊള്ളട്ടെ. അതോടൊപ്പം പൂർവ്വപിതാക്കന്മാർ പുലർത്തിപ്പോന്നിരുന്ന ധാർമ്മികവും, സാമൂഹ്യവുമായ നിലവാരത്തിനു കോട്ടം തട്ടിയിട്ടുണ്ടോ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു.

മേൽപറഞ്ഞ സാഹചര്യത്തിനു് പരിഹാരം ഉണ്ടായാൽകൊള്ളാമെന്നു് കുടുംബത്തിലെ ചുരുക്കം ചിലർ ആഗ്രഹിച്ചു. തൽഫലമായി M/s പടിഞ്ഞാറെ മുറിയിൽ പി. റ്റി. മത്തായി, പടിഞ്ഞാറോത്തിൽ ഇടിക്കുള ഏബ്രഹാം, മണക്കുളങ്ങര എം. എം. ജോർജ്ജ്, വരിക്കപ്പാമൂട്ടിൽ വി. വി. മാമ്മൻ, എന്നിവർ ചരിവുകാലായിൽ സി സി മാമ്മന്റെ ഭവനത്തിൽ കൂടി. നമ്മുടെ കുടുംബത്തിന്റെ താല്ക്കാലിക അവസ്ഥക്കു് പരിഹാരം കാണുന്നതിനു് എന്തു ചെയ്യാൻ സാധിക്കും എന്നു ചിന്തിച്ചു. കുടുംബത്തിലെ മുതിർന്നവരോടു കൂടി ആലോചിച്ചു് തക്ക പരിഹാരം കാലവിളംബം കൂടാതെ കാണേണ്ടതാണെന്നു തീരുമാനിച്ചു. അതിൻപ്രകാരം ചിറയിൽ ശ്രീ. സി. വി. വറുഗീസിന്റെ ഭവനത്തിൽ കൂടി കുടുംബയോഗം വിളിച്ചുകൂട്ടുന്നതിന്റെ ക്രമീകരണങ്ങളെക്കുറിച്ചു് ആലോചിച്ചു. പുളിക്കക്കുഴിയിൽ ശ്രീ. പി. ജി. തോമസിന്റെ ഭവനത്തിൽവച്ചു് കൂടണമെന്നും, കോയിപ്രത്തുള്ള കുടുംബാംഗങ്ങളെക്കൂടി ക്ഷണിക്കണമെന്നും തീരുമാനിച്ചു. മേൽപറഞ്ഞ തീരുമാനപ്രകാരം 29–4–1973 ഞായറാഴ്ച പകൽ 3 മണിക്കു് പുളിക്കക്കുഴിയിൽ ശ്രീ. പി. ജി. തോമസിന്റെ ഭവനത്തിൽ കുടുംബാംഗങ്ങളിൽ ചുരുക്കം ചിലർ പ്രാർത്ഥന യോഗമായി കൂടി. ശ്രീ. പി. ജി. തോമസ് അദ്ധ്യക്ഷത വഹിച്ചു. പാട്ടു്, വേദപുസ്തക വായന, പ്രാർത്ഥന ഇവയ്ക്കുശേഷം M/s. പുളിക്കക്കുഴി പി. എം. ഈപ്പൻ, മണക്കുളങ്ങര പി. എം ഏബ്രഹാം എന്നിവർ വചന ശുശ്രൂഷ നടത്തി. അദ്ധ്യക്ഷന്റെ ഉപസംഹാര പ്രസംഗത്തിൽ നമ്മുടെ കുടുംബത്തിന്റെ ആധാരം വിശുദ്ധ വേദപുസ്തകം ആയിരിക്കണമെന്നും, കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹവും,



ഐക്യതയും, വർദ്ധിപ്പിക്കുന്നതിനു് എല്ലാവരും ശ്രമിക്കണമെന്നും ഉൽബോധിപ്പിച്ചു. ഈ കുടുംബ പ്രാർത്ഥന മുടങ്ങാതെ നടത്തണമെന്നു് തീരുമാനിച്ചു. അടുത്ത മാസത്തെ യോഗം 27-5-1973-ൽ നെല്ലിമല മൈലനില്ക്കുന്നതിൽ ശ്രീ. എം. ജി. ജോർജ്ജിന്റെ ഭവനത്തിൽ കൂടണമെന്നു തീരുമാനിച്ചു. പ്രാർത്ഥന കഴിഞ്ഞു പിരിഞ്ഞു.

മുൻതീരുമാനപ്രകാരം 2–ാമത്തെ പ്രാർത്ഥനയോഗം 27-5-1973-ൽ ഞായറാഴ്ച പകൽ 3 മണിക്കു് മൈലനില്ക്കുന്നതിൽ ശ്രീ. എം. ജി. ജോർജ്ജിന്റെ ഭവനത്തിൽ കൂടി. ശ്രീ. എം. ജി ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പാട്ടു്, വേദപുസ്തക വായന, പ്രാർത്ഥന, വചന ശുശ്രൂഷ എന്നിവയെ തുടർന്നു കാര്യാലോചനയിൽ പ്രവേശിച്ചു.

**താഴെ പറയുന്ന കാര്യങ്ങൾ തീരുമാനിച്ചു:**

1. ഈ പ്രാർത്ഥന യോഗത്തിന്റെ പേരു് കാളിയാങ്കൽ എഴുമാലി കുടുംബയോഗം എന്നായിരിക്കണം.

2. എല്ലാ മാസത്തിലും അവസാനത്തെ ഞായറാഴ്ച പകൽ 3 മണിക്കു് നമ്മുടെ കുടുംബത്തിൽപ്പെട്ട ഏതെങ്കിലും ഭവനത്തിൽ പ്രാർത്ഥന യോഗമായി കൂടേണ്ടതാണ്.

3. പാട്ടു്, വേദപുസ്തകവായന, പ്രാർത്ഥന, വേദപുസ്തകധ്യാനം, എന്നിവ ഒഴിച്ചുകൂടാൻ പാടില്ലാത്തതാകുന്നു.

4. ഇപ്രകാരമുള്ള കൂടിവരവിനു് നോട്ടീസു് ആവശ്യമില്ല.

5. കുടുംബയോഗത്തിന്റെ ഭാവി കാര്യങ്ങളെക്കുറിച്ചു ആലോചിച്ചു് അപ്പഴപ്പോൾ തീരുമാനങ്ങൾ എടുത്തു് പൊതുമീറ്റിംഗിന്റെ ആലോചനയിൽ കൊണ്ടുവരുന്നതിനു് ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തു.

6. കമ്മറ്റി അംഗങ്ങൾ

M/s. പി. ജി. തോമസ്, പുളിക്കക്കുഴി (രക്ഷാധികാരി)
എം. ജി. ജോർജ്ജ്, മൈലനിൽക്കുന്നതിൽ (പ്രസിഡന്റ്)
സി. സി. മാമ്മൻ, ചരിവുകാലായിൽ (സെക്രട്ടറി)

സി. എം. മത്തായി, വല്യങ്ങേലിൽ (കമ്മറ്റിമെമ്പർ)
എം. സി. ശമുവേൽ, മട്ടയ്ക്കൽ ,,
എൻ. എം. ജോർജ്ജ് നീറുംപ്പാക്കൽ ,,
സി. വി. മത്തായി, ചിറയിൽ ,,
ഇടിക്കുള എബ്രഹാം, തടത്തുകാലായിൽ ,,
പി. എം. എബ്രഹാം, മണക്കുളങ്ങര ,,
എം. റ്റി. തോമസ്, മരങ്ങാട്ടു് ,,
പി. റ്റി. മത്തായി, പടിഞ്ഞാറെമുറി ,,
കെ. റ്റി. മത്തായി, കുറ്റിയിൽ ,,
പി. എം. ഈപ്പൻ പുളിക്കക്കുഴി ,,
ചാക്കോ ജോർജ്ജ്, മരങ്ങാട്ടു് ,,
റ്റി. ഇ. മാമ്മൻ, തെങ്ങോൺ ,,
വർക്കി വറുഗീസ് പുലിപ്രേത്തു് ,,

7 നമ്മുടെ കുടുംബയോഗത്തിനു് ഒരു ഭരണഘടന ആവശ്യമാകയാൽ എത്രയും വേഗം അതു ക്രമപ്പെടുത്തി കൊണ്ടുവരുന്നതിനു് ഒരു സബ്കമ്മറ്റിയെ ചുമതലപ്പെടുത്തി.

*സബ്കമ്മററി:*

1 എം. ജി. ജോർജ്ജ്
2 എം. ജി. തോമസ്
3 എം. സി. ജോർജ്ജ്
4 എം. സി. മത്തായി
5 പി. എം. വറുഗീസ്
6 പി. റ്റി. മത്തായി
7 സി. സി. മാമ്മൻ

ദൈവകൃപയാൽ മുൻതീരുമാനപ്രകാരം നമ്മുടെ കുടുംബപ്രാർത്ഥന മുടങ്ങാതെ ഇന്നെയോളം നടന്നു പോരുന്നു. സബ്കമ്മറ്റി രൂപപ്പെടുത്തിക്കൊണ്ടുവന്ന ഭരണഘടന പ്രാർത്ഥന യോഗത്തിൽ ചർച്ച ചെയ്തു് വേണ്ട ഭേദഗതികൾ വരുത്തി. ആയതു് അടുത്ത വാർഷിക യോഗത്തിൽ അവതരിപ്പിച്ചു് അംഗീകാരം വാങ്ങിക്കണമെന്നു തീരുമാനിച്ചു. വാർഷികയോഗം കൂടുന്നതിനെക്കുറിച്ചു് പ്രാർത്ഥന യോഗത്തിൽ ചിന്തിക്കയും ഡിസംബർ. 28-ാം തീയതി ചരിവുകാലായിൽ ശ്രീ. സി സി. മാമ്മന്റെ ഭവനത്തിൽ കൂടണമെന്നു് തീരുമാനിക്കയും ചെയ്തു.



**വാർഷികം**

പുനരുദ്ധരിച്ച കുടുംബയോഗത്തിന്റെ പ്രഥമ വാർഷിക സമ്മേളനം ദൈവകൃപയാൽ 28–12–1973 വെള്ളിയാഴ്ച കൂടി. ഒരു ഏകദിന സമ്മേളനമായി ചരിവുകാലായിൽ ശ്രീ. സി. സി. മാമ്മന്റെ ഭവനത്തിൽ കൂടിയ മീറ്റിംഗിൽ രക്ഷാധികാരി പുളിക്കക്കുഴിയിൽ ശ്രീ. പി. ജി. തോമസു് അദ്ധ്യക്ഷനായിരുന്നു.

പാട്ടു്, പാഠംവായന, പ്രാർത്ഥന, സ്വാഗത പ്രസംഗം, ഇവയ്ക്കു ശേഷം സെക്രട്ടറി തൻവർഷത്തെ പ്രവർത്തന റിപ്പോർട്ടും എഴുമാലി കുടുംബത്തിന്റെ സംക്ഷിപ്തചരിത്രവും വായിച്ചു. തുടർന്നു നടന്ന പ്രസംഗങ്ങൾ, കലാപരിപാടികൾ എന്നിവയ്ക്കുശേഷം ഉച്ചഭക്ഷണത്തിനു പിരിഞ്ഞു. വിശ്രമാനന്തരം കൂടിയ യോഗത്തിൽ ദേശത്തിന്റെ നാനാഭാഗങ്ങളിൽ ചിതറിപ്പാർത്തിരുന്ന 550 ഓളം കുടുംബാംഗങ്ങൾ തമ്മിൽ തമ്മിൽ പരിചയപ്പെടുകയും, സ്നേഹബന്ധം പുതുക്കയും ചെയ്തു. തദനന്തരം നടന്ന കാര്യാലോചനയിൽ നമ്മുടെ കുടുംബയോഗത്തിന്റെ ഭരണഘടന വായിച്ചു് ചർച്ചയ്ക്കുശേഷം ഏകാഭിപ്രായമായി അംഗീകരിച്ചു. അടുത്ത വർഷത്തേക്കുള്ള ഭരണസമിതിയെ തെരഞ്ഞെടുത്തു. എല്ലാ വർഷവും വാർഷിക സമ്മേളനം ഡിസംബർ അവസാനത്തെ ആഴ്ചയിൽ നമ്മുടെ ഏതെങ്കിലും ഭവനത്തിൽ വച്ചു് നടത്തണമെന്നു് തീരുമാനിച്ചു. വാർഷിക സമ്മേളന വിവരം രേഖാമൂലം എല്ലാ കുടുംബാംഗങ്ങളേയും മുൻകൂട്ടി അറിയിച്ചിരിക്കണമെന്നു തീരുമാനിച്ചു. വാർഷിക സമ്മേളനം മുടങ്ങാതെ ദൈവകൃപയാൽ കൂടികൊണ്ടിരിക്കുന്നു.

**പ്രവർത്തനങ്ങൾ**

നമ്മുടെ ഭരണഘടനയ്ക്കു വിധേയമായി അതാതു കാലത്തെ ഭരണസമിതിയുടെ ശുപാർശപ്രകാരം, പൊതുയോഗം ഏകാഭിപ്രായമായി അംഗീകരിച്ച താഴെപറയുന്ന കാര്യങ്ങൾ പ്രവർത്തിപ്പാൻ ദൈവം ഇടയാക്കി. കുടുംബാംഗങ്ങളിൽ അർഹരായ ചിലർക്കു് സാമ്പത്തികസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി വാങ്ങികൊടുക്കുകയും

ഭവനം ഇല്ലാത്തവർക്കു ഭവനം ഉണ്ടാക്കി കൊടുക്കുകയും പാർപ്പിടയോഗ്യമല്ലാത്തഭവനങ്ങൾ പുതുക്കി പണിതും വിദ്യാഭ്യാസം, ചികിത്സ, വിവാഹം ആദിയായവയ്ക്കു് സഹായം ആവശ്യമുള്ളിടത്തു് തക്കസമയത്തു് എത്തിച്ചുകൊടുക്കുകയും ചെയ്തു. ഇക്കാര്യങ്ങൾക്കു ആവശ്യമായ പണം സ്വദേശത്തും വിദേശത്തുമുള്ള കുടുംബാംഗങ്ങളുടെ നിർലോഭമായ സംഭാവനകൾകൊണ്ടു് നിർവ്വഹിച്ചിട്ടുള്ളതാണു്.

നമ്മുടെ കുടുംബാംഗങ്ങൾ ചിതറിപ്പാർക്കുന്ന മിക്കവാറും എല്ലാ സ്ഥലങ്ങളിലും ഉള്ള ഭവനങ്ങൾ ചുമതലക്കാർ സന്ദർശിക്കയും, വംശാവലി തയ്യാറാക്കുന്നതിനു് ആവശ്യമായ രേഖകൾ ശേഖരിക്കയും കുടുംബബന്ധങ്ങൾ പുതുക്കകയും ചെയ്തിട്ടുണ്ടു്. നമ്മുടെ കുടുംബങ്ങളിൽ ഉള്ള രോഗികൾ, ക്ഷീണിതർ, വാർദ്ധക്യത്തിലിരിക്കുന്നവർ ആദിയായവരെ സന്ദർശിച്ചു്, പ്രാർത്ഥിച്ചുപോരുന്നു. വിദ്യാഭ്യാസ പ്രോത്സാഹനാർത്ഥം S. S. L. C. പരീക്ഷയിൽ ഒന്നാം പ്രാവശ്യം 400 മാർക്കിനു മുകളിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന കുട്ടിക്കോ, കുട്ടികൾക്കോ പാരിതോഷികം കൊടുത്തുകൊണ്ടിരിക്കുന്നു.

## ചാരിററി ട്രസ്ററ്

നമ്മുടെ കുടുംബയോഗത്തിനു് ഒരു ചാരിറ്റി ട്രസ്റ്റ് ആവശ്യമാണെന്നു് ബോദ്ധ്യപ്പെട്ടു. അതിനാൽ എഴുമാലി കുടുംബചാരിറ്റി ട്രസ്റ്റ് എന്ന പേരിൽ ഒരു ട്രസ്റ്റ് ഉണ്ടാക്കുന്നതിലേക്കു് വേണ്ട ഭരണഘടന ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾക്കായി താഴെ പേരു പറയുന്ന ആളുകളെ ഒരു സബ്കമ്മറ്റിയായി ചുമതലപ്പെടുത്തി.

## സബ്കമ്മററി

1. എം. ജി. തോമസ്, മൈലനിൽക്കുന്നതിൽ (കൺവീനർ)
2. സി. സി. മാമ്മൻ, ചരിവുകാലായിൽ
3. എം. സി. ജോർജ്ജ്, മട്ടയ്ക്കൽ
4. സി. എം. ജോർജ്ജ്, നക്കരേത്ത്
5. പി. വി. വർഗ്ഗീസ്, പെരുമ്പലത്തു്.



ടി സബ്കമ്മറ്റി തയ്യാറാക്കി അവതരിപ്പിച്ച ഭരണഘടനയുടെ നക്കൽ 1974 ഡിസംബർ 25-ാം തീയതി കോയിപ്രത്തു് വല്യങ്ങേലിൽ ശ്രീ. സി. എം. മത്തായിയുടെ ഭവനത്തിൽ കൂടിയ വാർഷിക മീറ്റിംഗിൽ അവതരിപ്പിക്കയും ഏകാഭിപ്രായമായി അംഗീകരിക്കയും ചെയ്തു.

ട്രസ്റ്റ് രജിസ്ട്രേഷന്റെ ചുമതല വഹിക്കുന്നതിനായി താഴെ പേരു പറയുന്നവരെ സബ് കമ്മറ്റിയായി തെരഞ്ഞെടുത്തു.

1. എം. ജി. തോമസ് മൈലനില്ക്കുന്നതിൽ (കൺവീനർ)
2. പി. റ്റി. മാമ്മൻ, നെടുംതുണ്ടിയിൽ
3. പി. വി. വർഗ്ഗീസ്, പെരുമ്പലത്ത്
4. സി. എം. ജോർജ്ജ്, നക്കരേത്തു്
5. പി. എം. വർഗ്ഗീസ്, പുളിക്കക്കുഴി
6. റ്റി. ഇ. ശമുവേൽ, തെങ്ങോൺ
7. എം. സി. ജോർജ്ജ്, മട്ടയ്ക്കൽ

1955-ലെ 12-ാം നമ്പർ ചാരിറ്റബിൾ ആക്ടിൻ പ്രകാരം എഴുമാലി കുടുംബചാരിറ്റി ട്രസ്റ്റു് 1975-ൽ A/28-ാം നമ്പരായി ആലപ്പുഴ ഡിസ്ട്രിക്ട് രജിസ്ട്രാഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടു്. ചാരിറ്റി ട്രസ്റ്റു് ഭരണഘടന അന്യത്രം (Page No. 16)

## ഉപസംഹാരം

കുടുംബയോഗ ഭാരവാഹികളുടെ നിർദ്ദേശാനുസരണ. ഏതാനും ആളുകൾ അനേക മാസക്കാലം അത്യദ്ധ്വാനം ചെയ്തതിന്റെ ഫലമായിട്ടാണു് ഇപ്രകാരം ഒരു ഗ്രന്ഥം രൂപപ്പെടുത്തുവാൻ സാധിച്ചിട്ടുള്ളതു്. വംശാവലിയും മറ്റു രേഖകളും ശേഖരിച്ചു് യഥാസമയം എത്തിച്ചുതന്നിട്ടുള്ള എല്ലാവർക്കും ഞങ്ങൾക്കുള്ള നന്ദി രേഖപ്പെടുത്തികൊള്ളുന്നു. ഇതിൽ ചേർത്തിട്ടുള്ള വംശാവലി പൂർണ്ണമാണെന്നുള്ള വിശ്വാസം ഞങ്ങൾക്കില്ല. കഴിവതു പരിശ്രമിച്ചിട്ടും കുടുംബാംഗങ്ങളിൽ ചിലരുടെ ചരിത്രം യഥാസമയം ലഭിക്കാതിരുന്നതിനാൽ ഈ പതിപ്പിൽ ചേർക്കാൻ സാധിച്ചി

ട്ടില്ലെന്നുള്ള പരമാർത്ഥം ഞങ്ങൾ ഖേദപൂർവ്വം സ്മരിക്കുന്നു. ഈ പതിപ്പിൽ വന്നുപോയിട്ടുള്ള കുറവുകൾ അടുത്ത പതിപ്പിൽ പരിഹരിക്കാമെന്നു ആശിക്കുന്നു.

കുടുംബയോഗത്തിൻെറ പുരോഗതിക്കുവേണ്ടി തീഷ്ണതയോടുകൂടി പ്രവർത്തിച്ച പലരും കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയി. അനേകരും അനാരോഗ്യവും തന്മൂലമുള്ള ക്ഷീണത്തിലും കഴിയുന്നു. അവരുടെ എല്ലാവിധമുള്ള സേവനങ്ങളേയും സ്മരിക്കുന്നു. കൂടാതെ യുണൈറ്റഡ് ആരബ് എമിറയിട്സിൽ താമസിച്ച് ജോലി ചെയ്തുകൊണ്ടിരിക്കുന്ന നമ്മുടെ കുടുംബാംഗങ്ങൾ അവിടെ കുടുംബയോഗങ്ങൾ കൂടുകയും തമ്മിൽ തമ്മിൽ ബന്ധം പുലർത്തിക്കൊണ്ടിരിക്കയും ചെയ്യുന്നു എന്നുള്ള വസ്തുത സസന്തോഷം രേഖപ്പെടുത്തികൊള്ളുന്നു. നമ്മുടെ കുടുംബയോഗത്തിന്റെ പുരോഗതിക്കുവേണ്ടിയും കുടുംബചരിത്രപ്രകാശനത്തിനു വേണ്ടിയും തക്കസമയത്ത് വേണ്ട സഹായസഹകരണങ്ങൾ ചെയ്ത തന്നിട്ടുള്ള എല്ലാവരോടും ഞങ്ങൾക്കുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു. എഴുമാലി കുടുംബാംഗങ്ങളും പ്രസ്തുത കുടുംബത്തിന്റെ അഭ്യുദയകാംക്ഷികളുമായ എല്ലാ മഹതീമഹാന്മാരുടേയും കരതലങ്ങളിൽ ഈ ഗ്രന്ഥം സാദരം സമർപ്പിച്ചുകൊള്ളുന്നു.

കൂമ്പനാട്, പ്രസിദ്ധീകരണ കമ്മറ്റിക്കുവേണ്ടി,
17–8–1987. കൺവീനർ, സി. സി. മാമ്മൻ.



# എഴുമാലി കുടുംബയോഗ ഭരണഘടന

1. *പേര്*: കാളിയാങ്കൽ എഴുമാലി കുടുംബയോഗം.
2. *അംഗങ്ങൾ*: പുളിക്കക്കുഴി, കാളഞ്ഞാടത്ത്, പുലിപ്രേത്ത്, പാടിപ്രത്ത് എന്നീ നാല് ശാഖകളിൽപ്പെട്ട ഏവരും ജന്മനാതന്നെ എഴുമാലി കുടുംബാംഗങ്ങളാകുന്നു. എന്നാൽ പ്രായപൂർത്തി ആയവർക്കു മാത്രമേ വോട്ടവകാശമുള്ളു.
3. *ഉദ്ദേശം*: (1) അന്യോന്യം സ്നേഹബന്ധം പുലർത്തുക. (2) ആത്മീയവും, മാനസികവുമായ വളർച്ചക്കു പ്രോത്സാഹനം നൽകുക. (3) പരസ്പര സഹായ സഹകരണങ്ങൾ ചെയ്യുക.
4. *ഭരണസമിതി*: ഒരു പ്രസിഡന്റ്, ഒരു വൈസ് പ്രസിഡന്റ്, ഒരു സെക്രട്ടറി, ഒരു ജോയിന്റ് സെക്രട്ടറി കമ്മറ്റി മെമ്പേഴ്സ്, ജനറൽ ബോഡി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതും, ഒരു വർഷത്തെ കാലാവധി ഉള്ളതുമായ ഈ കമ്മറ്റി കുടുംബയോഗത്തിൻെറ ഭാരവാഹികളായിരിക്കും.

## ഭരണസമിതിയുടെ ചുമതലകൾ

(i) *പ്രസിഡൻറ്*:–

എല്ലാ യോഗങ്ങളുടേയും, കമ്മറ്റികളുടേയും അദ്ധ്യക്ഷൻ പ്രസിഡന്റായിരിക്കും. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ കമ്മറ്റിയുടെ തീരുമാനപ്രകാരം വെളിയിൽ നിന്നും അദ്ധ്യക്ഷനെ ക്ഷണിക്കാവുന്നതാണ്.

(ii) *വൈസ് പ്രസിഡൻറ്*:-

പ്രസിഡൻറിനെ സഹായിക്കുക. പ്രസിഡൻറിന്റെ അഭാവത്തിൽ യോഗങ്ങൾക്കു അദ്ധ്യക്ഷ്യം വഹിക്കുക.

(iii) *സെക്രട്ടറി*:

കമ്മറ്റിയുടെ തീരുമാനങ്ങളെ നടപ്പിലാക്കുക. എല്ലാ മീറ്റിംഗുകളുടേയും റിപ്പോർട്ട് എഴുതി സൂക്ഷിക്കുക

ആവശ്യാനുസരണം കമ്മറ്റി മീറ്റിംഗുകൾ വിളിച്ചുകൂട്ടുക. റിക്കാർഡുകൾ സൂക്ഷിക്കുക. കത്തിടപാടുകൾ നടത്തുക.

(iv) *ജോയിൻറ് സെക്രട്ടറി:-*

സെക്രട്ടറിയെ ആവശ്യാനുസരണം സഹായിക്കുക. സെക്രട്ടറിയുടെ അഭാവത്തിൽ സെക്രട്ടറിയുടെ ചുമതലകൾ നിർവഹിക്കുക.

(v) *കമ്മററി മെമ്പേഴ്സ്:-*

നിർദ്ദേശാനുസരണം ചുമതലപ്പെട്ട ഭാഗങ്ങളിലെ (മെമ്പേഴ്സുമായി) അംഗങ്ങളുമായി ബന്ധം പുലർത്തുകയും അവരുടെ സ്ഥിതിഗതികൾ അപ്പഴപ്പോൾ കമ്മറ്റിയെ അറിയിക്കയും ചെയ്യുക.

5. *കമ്മററി മീററിംഗ്:-*

ഒരു വർഷത്തിൽ ആറു് കമ്മറ്റിമീറ്റിംഗു് എങ്കിലും സംഘടിപ്പിക്കേണ്ടതാണു്.

6. *വാർഷികം:-*

ആണ്ടിൽ ഒരു പ്രാവശ്യം ഏതെങ്കിലും ഒരു അംഗത്തിന്റെ ഭവനത്തിൽ വിളിച്ചുകൂട്ടേണ്ടതാണു്. എഴുമാലി കുടുംബത്തിലെ എല്ലാ ഭവനക്കാർക്കും മുൻകൂട്ടി നോട്ടീസു് അയച്ചിരിക്കേണ്ടതാണു്.

*മാസയോഗം:-*

എല്ലാ മാസത്തിലും ഏതെങ്കിലും ഒരു അംഗത്തിന്റെ ഭവനത്തിൽ പ്രാർത്ഥനയോഗം കൂടേണ്ടതാണു്.

7. *പണം:* എഴുമാലി കുടുംബയോഗം ഉണ്ടാക്കുന്ന ഉപനിബന്ധനകൾക്കു വിധേയമായി രജിസ്റ്റർ ചെയ്ത ഒരു ട്രസ്റ്റ് നമ്മുടെ കുടുംബയോഗത്തിനു് ഉണ്ടായിരിക്കണം. അപ്പഴപ്പോൾ ഉണ്ടാകുന്ന പണാവശ്യങ്ങളെ നേരിടാൻ മാസയോഗത്തിന്റെ നിർദ്ദേശപ്രകാരം അംഗങ്ങളിൽ നിന്നും പണം സ്വീകരിക്കാവുന്നതാണു്. അങ്ങനെ സ്വീകരിക്കുന്ന തുകയുടെ വരവു ചെലവ് കണക്കു് ചുമതലക്കാർ പ്രാർത്ഥനയോഗത്തിൽ അവതരിപ്പിച്ചു് അംഗീകാരം വാങ്ങേണ്ടതാണു്.



8. അസാധാരണ പരിതസ്ഥിതികളിൽ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനു് പ്രാർത്ഥനായോഗത്തിനു് അധികാരമുണ്ടായിരിക്കും. അങ്ങനെ തീരുമാനം എടുക്കുന്നതു് അന്നുകൂടിയ ആളുകളിൽ എഴുപത്തഞ്ചു ശതമാനത്തിന്റെ ഭൂരിപക്ഷത്തോടുകൂടിയായിരിക്കണം.

9. *ഭരണഘടന മാററങ്ങൾ:-*

ഭരണഘടനയിൽ വരുത്താൻ ആഗ്രഹിക്കുന്ന മാറ്റങ്ങൾ വാർഷികത്തിനു മൂന്നു് ആഴ്ച മുമ്പു് കാര്യദർശിയെ അറിയിച്ചിരിക്കേണ്ടതാണു്. വാർഷിക മീറ്റിംഗിൽ സന്നിഹിതരാകുന്ന 75% അംഗങ്ങളുടെ പിൻതുണയോടുകൂടെ മാത്രമെ ഭരണഘടനയിൽ മാറ്റങ്ങൾ വരുത്താൻ പാടുള്ളു.

10. പൊതു ആവശ്യങ്ങളുടെ നടത്തിപ്പിനുവേണ്ടി സബ് കമ്മറ്റിയെ തെരഞ്ഞെടുക്കുന്നതിനു് കമ്മറ്റിക്കു അധികാരമുണ്ടു്. ഏതാവശ്യത്തിനു സബ്കമ്മറ്റിയെ തെരഞ്ഞെടുത്തോ ആ ആവശ്യാനന്തരം സബ്കമ്മറ്റി അസ്ഥിരപ്പെടുന്നതുമാണു്.

11. *രക്ഷാധികാരി*

അതതു കാലത്തു് വാർഷികയോഗത്തിൽ തെരഞ്ഞെടുക്കുന്ന ആൾ രക്ഷാധികാരിയായിരിക്കുന്നതാണു്.

## കോയിപ്രം എഴുമാലി കുടുംബ ചാരിററി ട്രസ്റ്റ് ഭരണഘടന

1. *പേരു്:–* ഈ ട്രസ്റ്റിന്റെ പേരു് കോയിപ്രം എഴുമാലി കുടുംബചാരിറ്റി ട്രസ്റ്റ് എന്നായിരിക്കണം.

2. *മേൽവിലാസം:–* മൈലനിൽക്കുന്നതിൽ ബിൽഡിംഗ് കുമ്പനാടു് P. O., തിരുവല്ല എന്നായിരിക്കും.

3. a) *പ്രവർത്തനപരിധി:–* കേരളം, ബാഹ്യകേരളം, ഈ കുടുംബത്തിലെ അംഗങ്ങൾ പാർക്കുന്ന ഇതരസ്ഥലങ്ങൾ എന്നിവ ഈ കുടുംബയോഗത്തിന്റെ പ്രവർത്തനപരിധിയായിരിക്കും.

   b) പ്രവർത്തന സ്ഥലം കുമ്പനാടായിരിക്കും.

4. *ഉദ്ദേശങ്ങൾ:-*

   a) ആദ്ധ്യാത്മിക പരിപോഷണത്തിനു് അതാതു സഭാവിഭാഗങ്ങളുടെ വിശ്വാസാചാരങ്ങൾക്കു യോജിച്ച വിധത്തിലുള്ള പ്രോത്സാഹനം നൽകുക.

   b) വിദ്യാഭ്യാസപരമായും, കലാപരമായും, കുടുംബാംഗങ്ങളായ യുവജനങ്ങൾക്കുവേണ്ട പ്രോത്സാഹനം നൽകുക.

   c) കുടുംബാംഗങ്ങളുടെ ഇടയിൽ കാർഷികവും, വ്യവസായികവുമായ അഭിവൃദ്ധിക്കു പ്രേരിപ്പിക്കുക.

   d) നിർദ്ധനർക്കു യഥായോഗ്യം കഴിവുള്ള സഹായം നൽകുക.

   e) ഈ കുടുംബത്തിൽപ്പെട്ട അർഹരായവർക്കു ആവശ്യവും, കഴിവും അനുസരിച്ചു് ധനസഹായം നൽകുക.

   f) ഈ കുടുംബയോഗം വകയായി കാർഷികവും വ്യവസായികവുമായ പ്രവർത്തനങ്ങൾ നടത്തുക. സ്വത്തു സമ്പാദിക്കുക, ഈ കുടുംബയോഗത്തിന്റെ ഉദ്ദേശങ്ങൾക്കു അനുയോജ്യമായ ചെലവുകൾ ചെയ്യുക.



   g) ഈ കുടുംബയോഗത്തിന്റെ ഉദ്ദേശ സാഫല്യത്തിന് അനുയോജ്യമായ വിധത്തിലുള്ള മറ്റു പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

5. *അംഗത്വം:-* എഴുമാലി കുടുംബത്തിൽപെട്ട പ്രായപൂർത്തി (21 വയസു്)യായ എല്ലാം മെയിൽ മെമ്പേഴ്സിനും ഈ ട്രസ്റ്റിന്റെ അംഗങ്ങളായിരിക്കാവുന്നതാകുന്നു.

6. *ഭരണസമിതി:–* ഒരു ഏഴംഗ ഭരണസമിതി (എക്സിക്യൂട്ടീവ് കമ്മറ്റി) ട്രസ്റ്റിന്റെ ചുമതല വഹിക്കുന്നതാണു്. ഈ എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ഒന്നും രണ്ടും അംഗങ്ങൾ എഴുമാലി കുടുംബയോഗത്തിന്റെ അതാതു വർഷത്തെ പ്രസിഡൻറും, സെക്രട്ടറിയും, മൂന്നാമത്തെ അംഗം ജനറൽ ബോഡി തെരഞ്ഞെടുക്കുന്ന ട്രഷററും ആയിരിക്കും. മറ്റംഗങ്ങൾ ജനറൽ കമ്മറ്റിയിൽ നിന്നും അതാതുവർഷം തെരഞ്ഞെടുക്കുന്ന മെമ്പേഴ്സും ആയിരിക്കും.

7. എക്സിക്യൂട്ടീവു് കമ്മററിയുടെ തെരഞ്ഞെടുപ്പും ഓഫീസു് കാലാവധിയും:–

   a) എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളുടെ ഓഫീസു് കാലാവധി ഒരു വർഷത്തേക്കുള്ളതാണു്. വാർഷിക പൊതുയോഗത്തിന്റെ അംഗീകാരം ഉള്ള പക്ഷം അതേ ഭരണസമിതി തന്നെ വീണ്ടും തുടരാവുന്നതാണു്. പുതിയ കമ്മറ്റിയെ എഴുമാലി കുടുംബ വാർഷികയോഗത്തിൽ വച്ചു് തെരഞ്ഞെടുക്കേണ്ടതാണു്. ആണ്ടിലൊരിക്കൽ വാർഷികയോഗം കൂടേണ്ടതും വേണ്ടിവന്നാൽ ഒന്നിൽ കൂടുതൽ പ്രാവശ്യം കൂടാവുന്നതുമാണു്.

   b) ട്രസ്റ്റിന്റെ കണക്കുകളും, പാസുബുക്കു്, ചെക്കുബുക്കു് മുതലായ റിക്കാർഡുകൾ സൂക്ഷിക്കുന്നതു് ട്രഷററുടെ ചുമതലയിൽ ആയിരിക്കും.

   c) എക്സിക്യൂട്ടീവ് കമ്മറ്റിയുടെ വീഴ്ചമൂലം ട്രസ്റ്റ് ഫണ്ടിനു് എന്തെങ്കിലും വീഴ്ച സംഭവിച്ചാൽ എക്സിക്യൂട്ടീവ് കമ്മറ്റി അതിനു പൂർണ്ണ ചുമതലക്കാരായി

രിക്കുന്നതും നഷ്ടപരിഹാരം പലിശസഹിതം എക്സിക്യൂട്ടീവ് കമ്മറ്റിയിൽനിന്നോ, ഉണ്ടായ ന്യൂനതയ്ക്കു ചുമതലപ്പെട്ട എക്സിക്യൂട്ടീവ് കമ്മറ്റിമെമ്പറിൽ നിന്നോ മുഴുവനായി ഉദ്ധരിക്കേണ്ടതാണു്. അതിനും പുറമേ ജനറൽബോഡിയുടെ തീരുമാനപ്രകാരമുള്ള നടപടികൾ എടുക്കേണ്ടതുമാണു്.

d) ട്രസ്റ്റുഫണ്ടിൽ 100 രൂപയിൽ കൂടിയ തുക യാതൊരു കാരണവശാലും ട്രഷററുടെ കൈവശം സൂക്ഷിക്കാൻ പാടുള്ളതല്ല. അപ്പഴപ്പോൾ ബാങ്കിൽ നിക്ഷേപിക്കേണ്ടതാണു്.

e) *എമെർജൻസി എക്സപൻസസു്:-* പെട്ടെന്നുള്ള അത്യാവശ്യത്തിനു് 100 രൂപയിൽ (നൂറു്) കവിയാത്ത തുക ചെലവു ചെയ്യുന്നതിനു് ട്രസ്റ്റ്കമ്മറ്റിക്കു അധികാരമുണ്ടായിരിക്കും. എന്നാൽ കുടുംബയോഗത്തിന്റെ അംഗീകാരം പിന്നാലെ വാങ്ങേണ്ടതാണു് അംഗീകാരം കൂടാതെ ഒന്നിൽകൂടുതൽ പ്രാവശ്യം ചെലവു ചെയ്യാൻ ട്രസ്റ്റ്കമ്മറ്റിക്കു അനുവാദം ഉണ്ടായിരിക്കുന്നതല്ല.

8. *ട്രസ്റ്റുഫണ്ടു നിക്ഷേപം:-*

എഴുമാലി കുടുംബ ചാരിറ്റി ട്രസ്റ്റ് അക്കൗണ്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ കുമ്പനാടു് ശാഖയിലോ, ജനറൽ ബോഡിയുടെ തീരുമാനപ്രകാരമുള്ള വേറെ ഏതെങ്കിലും സ്ഥാപനങ്ങളിലോ നിക്ഷേപിക്കേണ്ടതും. പ്രസിഡന്റ്, സെക്രട്ടറി, ട്രഷറാർ എന്നിവർ ജോയിന്റായി ഓപ്പറേറ്റു ചെയ്യേണ്ടതുമാകുന്നു.

9. a) (1) *ട്രസ്റ്റ് ഫണ്ട്:-*

എഴുമാലി കുടുംബത്തിൽപ്പെട്ട ഏവർക്കും, അവരുടെ സ്നേഹിതർക്കും, അഭ്യുദയകാംക്ഷികൾക്കും, ഈ ഫണ്ടിലേക്കു സംഭാവന ചെയ്യാവുന്നതാണു്. ഫണ്ടിലേക്കു സൗജന്യദാനം ചെയ്തിരിക്കുന്ന പണത്തിന്മേൽ ദാനം ചെയ്ത ആളിനു് യാതൊരവകാശവും ഉണ്ടായിരിക്കുന്നതല്ല. അതു ട്രസ്റ്റിന്റെ ജനറൽഫണ്ടായിരിക്കും.



2) സാമ്പത്തിക വർഷം ജനുവരി 1 മുതൽ ഡിസംബർ 31 വരെ ആയിരിക്കും.

b) ട്രസ്റ്റിന്റെ ജനറൽ ഫണ്ട് ഓപ്പറേറ്റു ചെയ്യാൻ ട്രസ്റ്റീസ്സിനു് അധികാരമുണ്ടായിരിക്കും.

ജനറൽ കമ്മറ്റി അതാതു വർഷം നിശ്ചയിക്കുന്ന തുക മൂലധന നിക്ഷേപമായി ജനറൽ ഫണ്ടിൽ നിന്നും മാറ്റാവുന്നതും. അങ്ങനെ നിക്ഷേപിക്കുന്ന മൂലധനത്തിന്റെ പലിശ ട്രസ്റ്റീസ്സിനു വാങ്ങാവുന്നതാണു്. മൂലധനം സ്ഥിരനിക്ഷേപമായിരിക്കും. ജനറൽ ഫണ്ടിൽ നിന്നും അഞ്ഞൂറു രൂപ വരെയുള്ള തുകകൾ പിൻവലിക്കുന്നതിനു് ട്രസ്റ്റീസ്സിനു് അധികാരമുണ്ടായിരിക്കും. അഞ്ഞൂറുരൂപയിൽ കൂടിയ തുകകൾ പിൻവലിക്കുവാൻ ജനറൽ കമ്മറ്റിയുടെ അനുവാദം ട്രസ്റ്റികൾ വാങ്ങിയിരിക്കേണ്ടതാണു്; എന്നാൽ പ്രത്യേക നോട്ടീസു് മുഖേന വിളിച്ചു കൂട്ടുന്ന എഴുമാലി കുടുംബയോഗത്തിന്റെ 75% ൽ കുറയാത്ത അംഗങ്ങളുടെ അനുമതിയോടുകൂടി പാസാക്കിയിട്ടുള്ള തീരുമാനം അനുസരിച്ചു് മൂലധനം മുഴുവനായോ ഭാഗികമായോ പിൻവലിക്കുവാൻ ട്രസ്റ്റീസ്സിനു അധികാരമുണ്ടായിരിക്കും.

10. *ഭരണഘടന ഭേദഗതി:-*

ഈ ട്രസ്റ്റിന്റെ ഭരണഘടനക്കു് എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ (Alteration, Addition, deletion) കുടുംബ വാർഷിക പൊതുയോഗത്തിനു് 15 ദിവസം നേരത്തെ സെക്രട്ടറിയെ എഴുതി അറിയിക്കേണ്ടതാണു്.

11. *കണക്കു പരിശോധന:-*

എഴുമാലി കുടുംബയോഗം തെരഞ്ഞെടുക്കുന്ന രണ്ടു കണക്കു പരിശോധകന്മാർ ഓരോ വർഷവും ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കണക്കുകൾ ആഡിറ്റു ചെയ്യേണ്ടതാണു്. ഇപ്രകാരം ഓഡിറ്റു ചെയ്ത കണക്കു് കുടുംബത്തിന്റെ വാർഷിക പൊതുയോഗത്തിൽ സമർപ്പിച്ചു് പാസാക്കേണ്ടതാണു്.

*12. കുടുംബയോഗം നിർത്തലാക്കപ്പെടൽ (wind up)*

ഈ കുടുംബയോഗം നിർത്തലാക്കപ്പെടുവാൻ ഇടവരുന്നതായാൽ ഇതിന്റെ മുതലുകൾ നിയമാനുസരണമുള്ള പൊതുയോഗത്തിന്റെ 3/5 (അഞ്ചിൽ മൂന്നു] ഭാഗത്തിൽ കുറയാതുള്ള അംഗങ്ങളുടെ വോട്ടോടുകൂടി ഈ കുടുംബയോഗത്തിന്റെ ഉദ്ദേശം സഫലീകരിക്കത്തക്കവണ്ണം അപ്പോൾ നിലവിലുള്ള ഒരു ധാർമ്മീക സംഘടനയ്ക്കോ, അല്ലാത്തപക്ഷം ഗവൺമെന്റിലോ ലയിപ്പിക്കേണ്ടതാണു്.

---

അദ്ധ്യായം 1

# ആദിമചരിത്രം.

## A. നാല് ഇല്ലക്കാർ:-

ആദിമ കേരള ക്രിസ്ത്യാനികളെ നസ്രാണികൾ, സുറിയാനിക്കാർ, മാപ്പിളമാർ, ക്രിസ്ത്യാനികൾ എന്നീ പേരുകളിലെല്ലാം അറിയപ്പെടുന്ന ഒരു സമ്മിശ്രജനവർഗ്ഗം തന്നെയാകുന്നു. അക്കാലത്തു് കേരളത്തിലെ ഉയർന്ന വർഗ്ഗക്കാരായി കരുതിയിരുന്ന ബ്രാഹ്മണർ (നമ്പൂതിരിമാർ) ഉത്കൃഷ്ടമാനസരും സംസ്കാര സമ്പന്നരുമായിരുന്നു. കേരളത്തിൽ പരശുരാമൻ ബ്രാഹ്മണർക്കു് 64 ഗ്രാമങ്ങൾ വേർതിരിച്ചുകൊടുത്തിരുന്നു. ഇവയിൽ വടക്കുള്ള 32 ഗ്രാമങ്ങളിൽ ഒന്നായിരുന്നു പാലിയൂർ.

യേശുക്രിസ്തുവിന്റെ 12 ശിഷ്യന്മാരിൽവച്ചു് എന്റെ ദൈവവും എന്റെ കർത്താവുമായുള്ളോവേ! എന്നു് ക്രിസ്തുവിനെ സാക്ഷിച്ച ഏക ശിഷ്യനായ വിശുദ്ധ തോമാശ്ലീഹ A. D. 52 നോടു് അടുത്തു് കേരളക്കരയിലെ അന്നത്തെ പ്രധാന തുറമുഖമായിരുന്ന കൊടുങ്ങല്ലൂരിൽ കപ്പലിൽ വന്നിറങ്ങി അവിടെ സുവിശേഷം അറിയിച്ചതിനുശേഷം അന്നത്തെ പ്രധാന പട്ടണമായ പാലിയൂരിൽ എത്തി. ആ പട്ടണം വിദ്വാന്മാരായ ബ്രാഹ്മണരുടെ ഉല്ലാസകേന്ദ്രം കൂടിയായിരുന്നു. പാലിയൂർ ബ്രാഹ്മണരുടെ അന്നത്തെ സ്ഥിതി തോമ്മ പർവ്വത്തിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു.

''അവനിസുരവരനികരമനവധി നിറ—
ഞ്ഞുള്ളോരാഭിമുഖ്യ സ്ഥലമാണാസ്ഥലം തുലോ
അവരുടയ ഗൃഹനിരയുമതിനിടയില മബലമബോ
മഹാകേമ മാണതിനന്തികേ..........................''

പാലിയൂരിലെത്തിയ വിശുദ്ധ തോമശ്ലീഹ ഒരു് പ്രഭാതത്തിൽ ഒരു കുളക്കരയിൽ വിശ്രമിക്കയായിരുന്നു. പ്രസ്തുത കുളത്തിൽ പ്രഭാതസ്നാനാനന്തരം ജലതർപ്പണം ചെയ്തുകൊണ്ടിരുന്ന നമ്പൂതിരിമാരെ കാണുന്നതിനു് ഇടയായി. മതതീക്ഷ്ണുക്കളായിരുന്ന നമ്പൂതിരിമാരുമായി സന്ദർഭോചിതമായി അദ്ദേഹം ഇടപെട്ടു. അങ്ങനെ തർപ്പണ ജലത്തെ വായുവിൽ നിർത്തി കാണിക്കുക, രോഗികളെ സൗഖ്യമാക്കുക, ആദിയായി പല അദ്ഭുതപ്രവർത്തനങ്ങളിൽകൂടി അവിടെ കൂടിയവരെ തന്നിലേക്കു ആകർഷിച്ചു. അവരോട് യേശുക്രിസ്തുവിൽ കൂടിയുള്ള പാപക്ഷമ, വീണ്ടെടുപ്പു്, നിത്യജീവൻ, എന്നിത്യാദികാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കികൊടുത്തു. തൽഫലമായി അവിടെ കൂടിയവർ ക്രിസ്തുവിൽ വിശ്വസിക്കയും, ക്രിസ്ത്യാനികളായിതീരുകയും ചെയ്തു. അപ്രകാരം മതപരിവർത്തനം ചെയ്തവരിൽ കാളിയാങ്കൽ (കാളികാവു്) കള്ളി, ശങ്കരപുരി, പകലോമറ്റം, കടപ്പൂരു്, കോയിക്കര, മാപ്പൂരു്, വൈപ്പള്ളി, കോട്ടക്കര, കോഴിക്കര, കാട്ടുപുരം ആദിയായി 32 സവർണ്ണ ഹിന്ദു കുടുംബങ്ങൾ ഉൾപ്പെടുന്നു. മലങ്കര നസ്രാണികൾക്കു പൗരോഹിത്യശുശ്രൂഷ നിർവഹിക്കുന്നതിനു് കാളികാവു്, കള്ളി, പകലോമറ്റം, ശങ്കരപുരി എന്നീ നാലു കുടുംബങ്ങളെ വിശുദ്ധ ശ്ലീഹാ തന്നെ വേർതിരിച്ചു ചുമതലപ്പെടുത്തി.

പാലിയൂരിൽ മാർത്തോമ്മാ പ്രവർത്തിച്ച അത്ഭുതങ്ങളെ സംബന്ധിച്ചു്

''വിസ്മയ ക്രിയഇതു് വിപ്രജനങ്ങൾ കണ്ടു—
വിസ്മയപ്പെട്ടു ചിത്തെസത്യ ബോധവുംവന്നു.
തൽക്ഷണം രക്ഷക്കുള്ളമാമോദീസായും മുങ്ങി
ശിക്ഷയിലീശോ ദാസരായി മനംതിരിഞ്ഞു.''

''മാർത്തോമ്മാ ചരിതം കല്യാണപ്പാട്ടു് പുറം 16'' മാർത്തോമ്മാ ശ്ലീഹായിൽ നിന്നു സ്നാനം സ്വീകരിച്ചു് ക്രിസ്ത്യാനികളായ ബ്രാഹ്മണ—ഇല്ലക്കാരിൽ മുമ്പന്മാർ കുറവിലങ്ങാട്ടെ നാല് ഇല്ലക്കാരുടെ പൂർവ്വികരായിരുന്നു എന്നു് പ്രസ്തുത കല്യാണപ്പാട്ടു് വിശദീകരിക്കുന്നുണ്ടു്.





''കള്ളി, കാളികാവു്, ശങ്കരപുരി, പിന്നെ പകലോമറ്റം എന്ന ഇല്ലക്കാരഖിലവും സമ്പന്നന്മാരും, പിന്നെ സാധുക്കളായവരും, അമ്പലവാസികളും, വമ്പേറും ജനങ്ങളും, ഉത്തമനായ ശ്ലീഹാതന്നുടെ ക്രിയകളാൽ ചിത്തേ വിസ്മയം പൂണ്ടു് സത്യബോധവും വന്നു. തങ്കമായുള്ള വേദവും സ്വീകരിച്ച നരരിൽ ശങ്കരപുരിയെന്നും, പകലോമറ്റം എന്നും, കള്ളി, കാളികാവു് എന്നീ കീർത്തി പെരുകിയ നാലു വീട്ടുകാർക്കാണു് ശ്ലീഹാ, കർത്താവിൻ തിരുനാമത്തിൽ തിരുപ്പട്ടവും കൊടുത്തു.

കള്ളി, കാളികാവു്, ശങ്കരപുരി, പകലോമറ്റം എന്നീ ഇല്ലങ്ങളുടെ മൂലസ്ഥാനം പാലിയൂർ പള്ളി ഇരിക്കുന്ന പറമ്പിൽ നിന്നും വളരെ ദൂരെയല്ലാതെ ഇന്നും കാണാവുന്നതാണു്. കള്ളി ഇല്ലം ഇരുന്ന സ്ഥലത്തിനു് സർക്കാർ റിക്കാർഡുകളിൽ 'കള്ളിയിങ്കൽ' എന്നു് ആദ്യവും 'കല്ലിങ്ങൽ' എന്നു് പിന്നീടും പേർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്പോഴത്തെ സർക്കാർ രേഖയിൽ പ്രസ്തുത പുരയിടത്തെ കുറിക്കുന്നതു് ''പാലിയൂർ ദേശം സർവ്വേ 156-ാം നമ്പരിൽ സബ്ഡിവിഷൻ 27-ാം നമ്പർ പള്ളിക്കൽ പറമ്പു്'' എന്നാകുന്നു. പകലോമറ്റം പറമ്പിന്റെ വിവരണം പാലിയൂർ ദേശം 61-ാം നമ്പരിൽ സബ്ഡിവിഷൻ 7-ാം നമ്പർ പകലോമറ്റം പറമ്പു് എന്നാകുന്നു.

കാളികാവുപറമ്പു് ഇപ്പോൾ പല ഖണ്ഡങ്ങളായി കിടക്കുന്നു. അതിന്റെ കിഴക്കെ ഖണ്ഡം ഒരു മുഹമ്മദീയന്റെ കൈവശമുള്ളതിൽ നിർമ്മിതമായിരിക്കുന്ന ഭവനത്തിൽ അവിടെ പുരാതനമായി കിടന്നിരുന്ന വെട്ടുകല്ലുകൾ തറകെട്ടുന്നതിനു് ഉപയോഗിച്ചിട്ടുണ്ട്. കല്ലിന്റെ ദീർഘവിസ്താരം ഒരു കോലിൽ കൂടുതലാണു്. അതിന്റെ സമ്പ്രദായം കണ്ടാൽ അതു് അതിപുരാതനമാണെന്നു് ആർക്കും ബോദ്ധ്യമാകുന്നതാണ്. (ഫാദർ പീടിയേക്കൽ മാർത്തോമ്മാ ശ്ലീഹാ ചരിതം പേജ് 198)

പാലിയൂരിലെ ആദിമ ക്രിസ്ത്യാനികൾ പല കാരണങ്ങളാൽ മതപീഡനം സഹിക്കേണ്ടിവന്നിട്ടുണ്ട്. തന്നിമിത്തം

ചിലർ മതത്യാഗം ചെയ്തിട്ടുണ്ടു്. അധികം ആളുകളും അന്യസ്ഥലങ്ങളിലേക്ക മാറിത്താമസിക്കയാണു് ചെയ്തിട്ടുള്ളതു്. കുറവിലങ്ങാട്ടു് എത്തിയ നാലു് ഇല്ലക്കാർ മത പീഡനം നിമിത്തമോ, മറ്റു കാരണങ്ങളാലോ, എന്തുകൊണ്ടായിരുന്നു ദേശാന്തരത്തിനു തുനിഞ്ഞതെന്നു നിശ്ചയമില്ല. നാലു് ഇല്ലങ്ങളിലേയും ഏതാനും ആളുകൾ തെക്കോട്ടു തിരിച്ചു് അങ്കമാലിയിൽ എത്തി. തുടർന്നു യാത്ര ചെയ്തു് ഏറ്റുമാനൂരിൽ വന്നു ചേർന്നു.

അക്കാലത്തു് രാജാക്കന്മാർ കഴിഞ്ഞാൽ ക്ഷേത്രകാര്യക്കാർക്കായിരുന്നു ഭൂമിമേലുള്ള അധികാരവും, അവകാശവും.. അതിനാൽ ഏറ്റുമാനൂർ ക്ഷേത്ര സങ്കേതത്തിൽ ചെന്നു ചേർന്ന നസ്രാണികൾ ക്ഷേത്രാധികാരികളെ കണ്ടു് അവരുടെ അധികാരപരിധിക്കുള്ളിൽ താമസിക്കുന്നതിനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. തങ്ങളോടു താമസ സൗകര്യം ആവശ്യപ്പെട്ടവർ മതഭ്രഷ്ടരായ ക്രിസ്ത്യാനികളാണെന്നു് മനസ്സിലാക്കി. അധികാരികൾ അവരെ വിജനമായ കാട്ടുപ്രദേശത്തേക്കു് പറഞ്ഞയച്ചു. പിറ്റേദിവസം വന്നു കണ്ടു് മേലിൽ താമസിക്കാനുള്ള സൗകര്യത്തെക്കുറിച്ചു് സംസാരിക്കാമെന്നു നിർദ്ദേശിച്ചു. വിജനസ്ഥലത്തു പോയി രാപാർത്ത നാലു് ക്രിസ്ത്യാനി കുടുംബക്കാരും പ്രാർത്ഥനയിലും, സ്തോത്രത്തിലും സമയം ചെലവുകഴിച്ചു.

പിറ്റേദിവസം നിശ്ചിത സമയത്തു് അധികാരികളെ ചെന്നു കണ്ടപ്പോൾ അവർക്കു വലിയ അത്ഭുതമുണ്ടായി. കാരണം തിരക്കിയപ്പോൾ മതം മാറ്റം നിമിത്തം അശുദ്ധരായവരെ ചീന്തികുടിക്കുന്നതിനു് അവിടുത്തെ ഉഗ്രമൂർത്തി ഭദ്രകാളിയുടെ ആസ്ഥാനമായ കാളികാവിലാണു് രാപാർപ്പിച്ചതു് എന്നു മനസ്സിലായി. വ്രതാനുഷ്ഠാനങ്ങളോടല്ലാതെ പകൽ പോലും അതുവഴി കടന്നു പോകുന്നവരെ ഭദ്രകാളി ചീന്തിക്കുടിക്ക പതിവാണെന്നും അധികാരികളിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചു. ആപത്തുകൂടാതെ തിരികെ വന്നതിൽ സന്തുഷ്ടരായ അധികാരികൾ ഈ നാലു് കുടുംബക്കാർക്കും കുറവിലങ്ങാട്ടു കരയിൽ താമസിക്കാനുള്ള അവകാശം കൊടുത്തു. ഇവരാണു് കുറവിലങ്ങാട്ടെ ആദിമ ക്രിസ്ത്യാനികൾ.



നാലു് കുടുംബക്കാരും പാലിയൂരിലെ ഇല്ല പേരുകൾ തന്നെ കുറവിലങ്ങാട്ടും ഉപയോഗിച്ചു. ഈ വസ്തുത തെളിയിക്കുന്ന സർക്കാർ റിക്കാർഡുകളും മറ്റു രേഖകളും ഉണ്ടു്. കാളികാവു ക്ഷേത്രത്തിനു നേരെ വടക്കു കിഴക്കായി 183–ം, 184–ം ലക്കം സർവ്വേ 468/15, 468/16–ം നമ്പരുകളിലായി കാവുങ്കൽ പുരയിടവും. 175–ം ലക്കം സർവ്വേ 469/5, 469/6. നമ്പരുകളിലായി കള്ളിക്കൽ പുരയിടവും, 179–ാം ലക്കം സർവ്വേ 519/8-ാം നമ്പരിൽ പാലമറ്റം പുരയിടവും. പാലിയൂരിൽ നിന്നു വന്നവരിൽ മൂന്നു ഇല്ലക്കാരുടെ ആദിമ അധിവാസ സ്ഥാനങ്ങളായിരുന്നു. നാലാമത്തെ ഇല്ലക്കാരുടെ പാർപ്പിടമായ ശങ്കരപുരി പുരയിടവും ഇവയ്ക്കു് അടുത്തു് സ്ഥിതിചെയ്തിരുന്നു. പാലിയൂരിൽ നിന്നും നാല് ഇല്ലക്കാർ കാളികാവിൽ വന്നതു് ക്രൈസ്തവം 2-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടിയോ, മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ആയിരുന്നു എന്നും, കുറവിലങ്ങാട്ടു പള്ളിയുടെ സ്ഥാപനം നാലാം നൂറ്റാണ്ടിലും ആയിരുന്നു എന്നാണല്ലോ ചരിത്രം. ''കുറവിലങ്ങാട്ടു മർത്തമറിയം പള്ളിയും കേരള നസ്രാണികളും പേജ് No. 11''

### അദ്ധ്യായം 2

## B. കാളിയാങ്കൽ കുടുംബവും കുറവിലങ്ങാട്ടു ദേശവും

മാർത്തോമ്മാ ശ്ലീഹായിൽ നിന്നു ജ്ഞാനസ്നാനം സ്വീകരിച്ച നാല് ഇല്ലക്കാരുടെ സന്തതികൾ കാളികാവിൽ താമസിച്ചതിനെ തുടർന്നു, കുറവിലങ്ങാട്ടുള്ള ചില അക്രൈസ്ത കുടുംബങ്ങൾ കൂടി ക്രിസ്തുമതം സ്വീകരിച്ചു. അവരെ കടപ്പൂരു് അഞ്ചുവീടരു് എന്നു് അറിയപ്പെടുന്നു. നാലാം നൂറ്റാണ്ടിൽ കുറവിലങ്ങാട്ടു് വല്യപള്ളി സ്ഥാപിച്ചപ്പോൾ നാലു ഇല്ലക്കാരുടെയും അഞ്ചു വീടരുടേയും സന്തതികൾ ഇലയ്ക്കാട്ടു കരയിലും ചുറ്റുപാടും കാളികാവിലും കടപ്പൂരിലും കുറവിലങ്ങാട്ടുമായി ചിതറിപാർത്തു. അവർ A. D. 337–ാമാണ്ടോടു കൂടി കുറവിലങ്ങാട്ടു് ഒരു ഉറവയ്ക്കു സമീപം പടിഞ്ഞാറായി ദൈവമാതാവിന്റെ നാമത്തിൽ ഒരു ദേവാലയം സ്ഥാപിച്ചു. A. D. 345–ൽ ക്നായി തോമ്മായോടുകൂടി കൊടുങ്ങല്ലൂരിൽ വന്ന എഡേസ്സാ മെത്രാൻ മാർ ജോസഫ് ഈ പള്ളിയുടെ പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചു.

മാർത്തമറിയം പള്ളി എന്നറിയപ്പെടുന്ന പ്രസ്തുത ദേവാലയം ഇന്നും അതി പ്രശസ്തമായി നില കൊള്ളുന്നു. കുറവിലങ്ങാട്ടു ദേശത്തിനുണ്ടായിട്ടുള്ള പ്രശസ്തിയും ഉയർച്ചയും കുറവിലങ്ങാട്ടു മാർത്തമറിയം പള്ളിയുമായിട്ടുള്ള ബന്ധത്തിൽ കൂടിയാണു്. കുറവിലങ്ങാട്ടു് എന്ന സ്ഥലനാമത്തിന്റെ ഉല്പത്തിയെക്കുറിച്ചും അഭിപ്രായ വ്യതാസം ഉണ്ടു്. ''കുറവേലന്മാരുടെ'' നാടു് കുറവിലങ്ങാടായി എന്നും, ''കുറവിലക്കാടു്''' കുറവിലങ്ങാടായി എന്നും, ''കുറവില്ലാനാടു്''' കുറവിലങ്ങാടായി എന്നും അഭിപ്രായമുണ്ടു്. നസ്രാണികളുടെ വാസകേന്ദ്രമായിരുന്നതിനാൽ ഇതര ദേശങ്ങളെ അപേക്ഷിച്ചു് അവിടെ സന്തോഷവും, സമാധാനവും, സമൃദ്ധിയും ഉണ്ടായിരുന്നു. തൻനിമിത്തം അയൽ ദേശക്കാർ ''കുറവില്ലാനാടു്''' എന്നു് സംബോധന ചെയ്യുകയും പിൽക്കാലത്തു് ലോപിച്ചു് കുറവിലങ്ങാടാകയും ചെയ്ത എന്നു് അനുമാനിക്കാം.



### അദ്ധ്യായം 3

## C. കാളിയാങ്കൽ കുടുംബവും മാർത്തമറിയം പള്ളിയും

''മാർത്തോമ്മാ മുത്തപ്പന്റെ ദുക്റാനാ–
കാളിയാങ്കൽ വല്യച്ചന്റെ കുർബാന–
കാളിയാങ്കൽക്കാരുടെ വെച്ചൂട്ടു്
ചെറിയ പള്ളി കിഴക്കേതിലെ തേക്കില''

മേൽ ചേർത്ത പുരാതന പാട്ടിൽ നിന്നും കാളിയാങ്കൽ വല്യച്ചനാണു് കുർബ്ബാന നടത്തിയിരുന്നതെന്നും, കാളിയാങ്കൽ കുടുംബക്കാരാണു് വെച്ചൂട്ടു് നടത്തിയിരുന്നതെന്നും വ്യക്തമാകുന്നു. ഏതാനും സംവത്സരങ്ങൾക്കു മുമ്പുവരെ കുറവിലങ്ങാട്ടു പള്ളിവക പണം, പൊന്നിൻ കുരിശു്, വെള്ളിക്കുരിശു്, അരുളിക്ക, മുതലായ വിലയേറിയ സാധനങ്ങൾ തെക്കെ സങ്കീർത്തിയിലെ ബലിപീഠത്തിനുമുകളിൽ രണ്ടാം നിലയിലുള്ള നിക്ഷേപഅറയിലാണു് സൂക്ഷിച്ചിരുന്നതു്. ഈ അറയുടെ പൂട്ടിനു് മേപ്പൂട്ടു് എന്നു പറയുമായിരുന്നു. പ്രസ്തുത പൂട്ടിനു് പല താക്കോലുകൾ ഉണ്ടായിരുന്നതിൽ ചില താക്കോലുകൾ പള്ളി കൈക്കാര്യന്മാരും, ഒരു താക്കോൽ കാളിയാങ്കൽ കുടുംബ മൂപ്പനും അവകാശമുറയ്ക്കു് കൈവശം വച്ചിരുന്നു. മേപ്പൂട്ടു തുറക്കുന്നതിനു് താക്കോൽ സൂക്ഷിക്കുന്ന എല്ലാവരുടെയും സഹകരണം ആവശ്യമായിരുന്നു.

വ്യക്തികൾക്കുള്ള താക്കോൽ ഉടമ അവകാശം അവസാനിച്ചിട്ടു് നൂറു് വർഷത്തോളം ആയിട്ടുണ്ടു്. ഈ സംഭവം അഭിവന്ദ്യ ലിവിംഗ് മെത്രാൻ കോട്ടയം രൂപത ഭരിച്ചിരുന്ന കാലത്താണു്. പാലിയൂരിൽ നിന്നും കുറവിലങ്ങാട്ടു വന്ന കാളികാവു് ഇല്ലക്കാരുടെ സന്തതികൾ നായക്കൻമാടം, ഏടാട്ടു്, തോട്ടപ്ര, പൊതിയിട്ടിൽ കിഴക്ക്, പുളിക്കൽ,, പനമറ്റം ഇത്യാദി പല ശാഖകളായി താമസിച്ചിരുന്നു. മാർത്തമറിയം പള്ളിക്കു സമീപം കാളികാവു്

ഇല്ലം വകയുണ്ടായിരുന്ന വീടു്, പടിഞ്ഞാറുനിന്നും പള്ളി മുറ്റത്തേക്കു പ്രവേശനം നൽകിയിരുന്ന പടിപ്പുരമാളികയ്ക്കു് വളരെയടുത്തു തെക്കുവശത്തായിരുന്നു. അവിടുത്തെ അവസാന കുടുംബനാഥൻ സന്തതിരഹിതനായി ഐഹിക ജീവിതം വെടിഞ്ഞു. അതിനാൽ ആ വീടും സ്വത്തുക്കളും പൂർവ്വീകാവകാശം അനുസരിച്ചു് കാളിയാങ്കൽ കുടുംബ ശാഖയായ പാറ്റാനി കുടുംബ ശാഖക്കു ലഭിച്ചു. പ്രസ്തുത കുടുംബക്കാർ ഇപ്പോഴും ആ സ്ഥലം കൈവശം വച്ചു് അനുഭവിച്ചുകൊണ്ടിരിക്കുന്നു.



**അദ്ധ്യായം 4**

# പുത്തൻകൂർ - പഴയകൂർ സമുദായങ്ങൾ

ക്നായിതൊമ്മൻ നാനൂറോളം ക്രിസ്ത്യാനികളോടുകൂടി A. D. 345-ൽ എഡേസായിൽ നിന്നും കപ്പൽമാർഗ്ഗം കൊടുങ്ങല്ലൂരിൽ വന്നിറങ്ങി. കേരള ചക്രവർത്തിയായിരുന്ന ചേരമാൻ പെരുമാളിനെ പ്രീതിപ്പെടുത്തി എഴുപത്തിരണ്ടു പദവികളും സ്ഥാനമാനങ്ങളും, കച്ചവട സൗകര്യങ്ങളും, തുല്യം ചാർത്തിവാങ്ങിയ സംഭവം ക്രിസ്ത്യാനികൾ അഭിമാനപൂർവ്വം സ്മരിക്കുന്നുണ്ടു്. അനന്തരം A. D. 822-ൽ ശബറീശ്ശോ എന്ന ഒരു പേർഷ്യാക്കാരൻ ഒരു സംഘം ക്രിസ്ത്യാനികളുമായി കൊല്ലത്തുവന്നിറങ്ങി പള്ളി സ്ഥാപിച്ചു. പതിനഞ്ചാം നൂറ്റാണ്ടിൽ കച്ചവടത്തിനു ഇൻഡ്യയിൽ വന്ന പോർട്ടുഗീസുകാർ കച്ചവടത്തോടൊപ്പം രാഷ്ട്രീയവും സഭാപരവുമായ കാര്യങ്ങളിൽ സജീവമായി ഇടപെട്ടു.

പോർട്ടുഗീസുകാരുടെ മേധാവിയായി ഇൻഡ്യയിൽ വന്ന മെനേസ്സീസു് മെത്രാൻ അന്നത്തെ കേരള ക്രിസ്ത്യാനികളെ റോമാസഭയിൽ ചേർക്കുന്നതിനു് പരമാവധി ശ്രമിച്ചു. അതെതുടർന്നു് 1599-ൽ മെനേസ്സീസു് മെത്രാന്റെയും മലങ്കര നസ്രാണികളുടെ അന്നത്തെ നേതാവായിരുന്ന കുറവിലങ്ങാട്ടെ പകലോമറ്റം തറവാട്ടിലെ തോമ്മാ അർക്കിയാദോക്യന്റെയും നേതൃത്വത്തിൽ നടന്ന ഉദയംപേരൂർ സുന്നഹദോസും, തുടർന്നു 1653-ൽ മട്ടാഞ്ചേരിയിൽ വച്ചുനടന്ന കൂടിയാലോചനകളും അതിന്റെ പരാജയത്തെ തുടർന്നു നടന്ന കൂനൻ കുരിശുസത്യവും, അക്കാലത്തെ മലങ്കര നസ്രാണികളുടെ മദ്ധ്യത്തിൽ വളരെ കോളിളക്കം സൃഷ്ടിച്ചു.

മെനേസ്സീസു് മെത്രാനെ അനുകൂലിച്ചവരെ പഴയകൂറുകാർ എന്നും, തോമ്മാ അർക്കിയാദോക്യനെ അനുകൂലിച്ചവരെ പുത്തൻകൂറുകാർ എന്നും അറിയപ്പെട്ടു. ഈ രണ്ടു

വിഭാഗങ്ങൾ തമ്മിൽ വൈരം മൂർഛിച്ചു. പഴയക്കൂറ്റുകാർക്കു വടക്കുംകൂർ രാജാവിന്റെ സഹായവും പിൻബലവും ലഭിച്ചു. തൻനിമിത്തം പുത്തൻക്കൂറ്റുകാരെ തങ്ങളുടെ മദ്ധ്യേ നിന്നു നിഷ്കാസനം ചെയ്യാൻ കഴിഞ്ഞു. പഴയക്കൂറ്റുകാർക്കു പ്രാബല്യം ഇല്ലാതിരുന്ന തെക്കൻകൂർ രാജ്യത്തേക്കു പുത്തൻ കൂറ്റുകാരിൽ പെട്ട ധാരാളം നസ്രാണികൾ അക്കാലത്തു കുടിയേറിപാർത്തു. കുറവിലങ്ങാട്ടു നിന്നും വന്നു താമസമാക്കിയവരുടെ പിൻ തലമുറക്കാരാണു് മണിമല, പമ്പ, എന്നീ നദീതടങ്ങളിൽ ഇന്നു താമസിക്കുന്ന സുറിയാനി ക്രിസ്ത്യാനികളിൽ അധികപങ്കും.



അദ്ധ്യായം 5

# മലങ്കര നസ്രാണികളുടെ പുരാതന ചരിത്രത്തിലേക്കു ഒരു തിരിഞ്ഞു നോട്ടം

മാർത്തോമ്മാ ശ്ലീഹ മലങ്കരയിൽ സ്ഥാപിച്ച സഭ അദ്ദേഹത്തിന്റെ സ്വർഗ്ഗപ്രാപ്തിക്കുശേഷം അഭിവൃദ്ധി പ്രാപിച്ചില്ല. മതപീഡനം നിമിത്തം ആദിമ ക്രൈസ്തവ സഭ ക്ഷയോന്മുഖമായികൊണ്ടിരുന്നു. അദ്ദേഹത്തിന്റെ കാലശേഷം തുടർന്നു സഭാഭരണം നടത്തുവാൻ സഭാദ്ധ്യക്ഷനായി കേഫാമെത്രാനെ നിയമിച്ചിരുന്നു. കേഫാ മെത്രാനു പിൻതുടർച്ച ഇല്ലാതെ നിര്യാതനായി. പിൽക്കാലത്തു് മൂപ്പന്മാർ ക്രിസ്തീയ കൂദാശകൾ നടത്തിപ്പോന്നു.

A. D. 325-ൽ ഉണ്ടായ നിഖ്യാസുന്നഹദോസിൽ മലങ്കര നസ്രാണികളുടെ കാര്യവും വിഷയീഭവിച്ചു. അതിൻ പ്രകാരം മലങ്കര നസ്രാണികളുടെ കാര്യങ്ങൾ നടത്തുവാൻ അന്ത്യോക്യാപാത്രിയർക്കീസിൽ നിന്നും അധികാരം സെലൂക്യ മേല്പട്ടക്കാരെ ഏല്പിച്ചു സുന്നഹദോസിന്റെ തീരുമാന പ്രകാരം സെലൂക്യമേല്പട്ടക്കാർ പാത്രിയർക്കീസു് എന്നും, മപ്രിയാനാ എന്നും, കാതോലിക്യ എന്നും നാമങ്ങളിൽ ബാഗ്ദാദു് എന്ന സിംഹാസനത്തിലിരുന്നു് മലങ്കര സഭയെ ഭരിച്ചിരുന്നു. സെലൂക്യ പാത്രിയർക്കീസു് ഭാരത സഭയുടെ മേൽ ഭരണം ഏറ്റെടുത്തപ്പോൾ ഭാരതത്തിൽ വേറെ മെത്രാന്മാർ ഇല്ലായിരുന്നു. വലിയ ഇൻഡ്യയുടെ മെത്രാൻ എന്നു് സ്ഥാനം എഴുതി നിഖ്യാ സുന്നഹദോസിൽ ഒപ്പുവെച്ച പേർഷ്യാക്കാരനായ മാർ യൂഹാനോനും, ഗുജറാത്തിൽ ജനിച്ച തിയോഫിലോസു് എന്ന ഉപദേഷ്ടാവും, നിഖ്യാസുന്നഹദോസിൽ സംബന്ധിച്ചിരുന്നു എന്നു് പുരാതന രേഖകളിൽ കാണുന്നു.

സെലൂക്യാ പാത്രീയർക്കീസു് ഭാരത ക്രൈസ്തവരുടെ സ്ഥിതി മനസ്സിലാക്കി അവർക്കും ഒരു മെത്രാനെ അയ

ഷ്ഠയും ചെയ്തു. അതു സംബന്ധിച്ച പ്രാചീന രേഖകളിൽ ഇപ്രകാരം കാണുന്നു. ''മൂന്നൂറ്റി നാല്പത്തഞ്ചാം കാലത്തിൽ ഉറഹായുടെ മേൽപ്പട്ടക്കാരനായിരുന്ന യൗസേഫ് ബാബായേയും, മല്പാന്മാരേയും പട്ടക്കാരേയും, ശെമ്മാശന്മാരേയും, ഏഴില്ലങ്ങളിലെ എഴുപത്തിരണ്ടു വീട്ടുകാരായ നാനൂറു സ്ത്രീപുരുഷന്മാരായ ജനങ്ങളേയും, തോമ്മാ പിതാവിന്റെ നേതൃത്വത്തിൽ ഇങ്ങോട്ടയച്ചു. തോമ്മാ പിതാവ് ക്നായി തോമ്മായെ ഉദ്ദേശിച്ചിട്ടുള്ളതാണു്. കുറവിലങ്ങാട്ടു് മാർത്തമറിയം പള്ളിയും കേരള നസ്രാണികളും''
'P. 241–243'

ക്നായിതോമ്മാ കേരള ചക്രവർത്തിയായിരുന്ന ചേരമാൻ പെരുമാളിനു് നവരത്നങ്ങൾ കാഴ്ചവെച്ചു. തൽഫലമായി എഴുപത്തിരണ്ടു പദവികൾ തുല്യം ചാർത്തി കൊടുത്തു. ഈ പദവികളെക്കുറിച്ചു് മലങ്കര നസ്രാണികൾ എക്കാലത്തും അഭിമാനം കൊള്ളുന്നു. പ്രസ്തുത പദവികൾ ഉൾക്കൊള്ളുന്ന ചെപ്പേടിനെ സംബന്ധിച്ചുള്ള ഒരു രേഖയിൽ നിന്നു് ചില കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കുന്നതു് ഉചിതമെന്നു തോന്നുന്നു.

''മലയാളത്തുള്ള പട്ടക്കാരുടെ ചുരുക്കവും നസ്രാണി മാർഗ്ഗത്തിന്റെ കുഴപ്പവും കണ്ട്, ഏതാനും ഗ്രാമങ്ങളിൽ നിന്നും കുറെ നസ്രാണികളെ പറഞ്ഞ് ഉറപ്പിച്ചു്, ഉടൻ കപ്പൽ കയറി. വീണ്ടും ചെന്നു് ഓർശലേം പുക്ക അവസ്ഥകളെ ശുദ്ധ കാസോലിക്കയോടു് ഉണർത്തിച്ച ശേഷം, ശുദ്ധ കാസോലിക്ക കല്പിച്ച തുയാർത്തി എന്ന ദിക്കിന്റെ മെത്രാനെയും മറ്റു പട്ടക്കാരേയും, ശെമ്മാശന്മാരേയും, മറ്റു നസ്രാണികളേയും, അവരുടെ സ്ത്രീകളേയും, പൈതങ്ങളേയും, യാത്രയാക്കി അയച്ചതിന്റെ ശേഷം വാഴുവാൻ നസ്രാണി ക്നായി തോമ്മാ കപ്പൽ കയറി ശേഷിച്ചവരോടുക്കൂടെ തമ്പുരാന്റെ മനോഗുണത്താലെയും, മാർത്തോമ്മാ ശ്ലീഹായുടെ തുണയാലും, മലയാളത്തിനു് കരയിറങ്ങിയതിന്റെ ശേഷം, മലയാളത്തിനുടെ രാജാവായ ചേരകോൻ തിരുമുൻപിൽ ചെന്നു് തിരുമുൽ കാഴ്ചയും വെച്ചു്, അവസ്ഥകളൊക്കെയും ഉണർത്തിച്ചാറെ, തിരുമനസ്സു



തെളിഞ്ഞു് നമ്മാൽ കഴിവതൊക്കെയും ഉതകുന്നതിനു്, ഒരിക്കലും ഈഷ്യലില്ലന്നു് അരുളിച്ചെയ്ത പടി, ആദിത്യചന്ദ്രനുള്ള കാലങ്ങളിലും, അലസി കൂടാതെവണ്ണം—ആദിത്യനും ചന്ദ്രനും സാക്ഷിയാകെ—തണ്ടും—പല്ലക്കും, പരവതാനിയും, പഞ്ചവട്ടം, വെൺചാമരം, ആലവട്ടം, തഴയും കുടയും, കകാടിയും, നടയും, നടത്തും, നാഗവായ്കുരവയും, തകിലും, മുരിശും, വീരമദ്ദളം, പഞ്ചവാദ്യം, അഞ്ചുവർണ്ണ കൊടിയും, പകൽ വിളക്കും, പാവാട, മണക്കോലം, പണ്ഡം, പണ്ഡമേൽ വെള്ള, മേൽക്കട്ടി, ഉച്ചീപ്പൂവു്, നെറ്റിപ്പട്ടം, കച്ചപ്പുറം, മുൻകൈ പതക്കം, തോൾവള, വീരശൃംഖല, വീരതണ്ട്, കാൽ ചിലമ്പു്, പൂണൂലു്, ശങ്കുചക്രം, ഇടുപടി നഗരതോരണം, നന്തിയാർ വിളക്കു്, കടകം, കനകമുടി, മുടികീഴ് ആഭരണങ്ങൾ ഇങ്ങനെ നാലു് ആനമേൽ മണ്ണുനീർ മുതലായ എഴുപത്തിരണ്ടു പദവികളും, അതിലടങ്ങുന്ന സാധനങ്ങളും അഞ്ചു മൂലംചെല്ലം, ചെങ്കൊമ്പും, അതുപോക വഴിയും, ആറ്റുവെപ്പും, ആറ്റുമരവും, തേക്കം, ആറ്റുസാധനവും, കുമ്പിളും, ആനയും, വെരുകും, പുള്ളിപ്പുലിയും, കിണറ്റിൽ പന്നിയും, നായും, മലയും, മറ്റും, മറ്റും, എപ്പേർ പെട്ടതിനും കൂടി ചെപ്പേടെഴുതിച്ചു കൊടുത്താൽ കൊടുങ്ങല്ലൂർ ദേശം തറവളഞ്ഞതിനകം ആനകോലാൽ ഇരുനൂറ്റിനാല്പതു കോൽ ഭൂമി അളന്നു് അരശാണ്ടിരിക്കും. നരപതി ചെറകോൽ പെരുമാൾ തിരുക്കരത്താൽ പൂവും, നീരോടുകൂടി, നീരോട്ടിച്ചു കൊണ്ടോൻ, പരദേശിയായ നസ്രാണി ക്നായി തൊമ്മായ്ക്കു്. ഇപ്പരിശുപ്പള്ളിക്കും, പട്ടണത്തിനും തറനാട്ടിയതു് അതായതു് കർത്താവീശോമശിഹായുടെ കാലം മുന്നൂറ്റിനാല്പത്തഞ്ചു് കുംഭമാസം ഇരുപത്തെട്ടാം തീയതി ശനിയാഴ്ച പക്കം സപ്തമി അടുത്തനാൾ ആയില്യവും, രാശി കർക്കിടകവും''.

ക്നായി തോമ്മാ മലങ്കര നസ്രാണികളുടെ ജീവിതചര്യയെ നല്ലവണ്ണം പഠിക്കയും ആത്മീയവും, സാമൂഹ്യവുമായ ഉയർച്ചക്കായി പ്രേരണ ചെലുത്തുകയും ചെയ്തു. മഹാദേവർ പട്ടണത്തിൽ ഒരു പള്ളി സ്ഥാപിച്ചു. നാനൂറ്റി എഴുപതു വീടുകളും വെച്ചു. പിൽക്കാലത്തു് ഈ മഹാ

ദേവർ പട്ടണം മഹമ്മദീയർ ആക്രമിച്ചു നശിപ്പിച്ചുകളഞ്ഞു.
തന്മൂലം ആ ദേശത്തെ ആളുകൾ ചിതറി കടുത്തുരുത്തി,
കുറവിലങ്ങാടു്, അരുവിത്തുറ, ആദിയായ സ്ഥലങ്ങളിൽ
കുടിയേറിപ്പാർത്തു. പാലിയൂരിൽ നിന്നും കുറവിലങ്ങാ
ട്ടു് ആളുകൾ കുടിയേറി പാർത്തിട്ടുണ്ടു്. തോമസു് അ
പ്പോസ്തോലനിൽ നിന്നും പൗരോഹിത്യ പദവി ലഭിച്ചിരുന്ന
കാളിയങ്കാവു്, കള്ളി, ശങ്കരപുരി, പകലോമറ്റം എന്നീ പ്ര
സിദ്ധ കുടുംബങ്ങളിലെ ആളുകളും ദേശാന്തരഗാമികളായ
വരിൽ ഉൾപ്പെടുന്നു. അവർ തങ്ങളുടെ പൂർവ്വകുടുംബ
പേരിൽ തന്നെ വസ്തുവകകൾ സമ്പാദിച്ചു് അതതു ദേശ
ത്തു താമസിച്ചുകൊണ്ടിരിക്കുന്നു.

ഒരു കുടുംബം എന്നതു് പിതാവു്, മാതാവു്, സ
ന്താനങ്ങൾ, സഹോദരീ സഹോദരങ്ങൾ എന്നിവരുമായി
ഉള്ള സ്നേഹബന്ധത്തിൽ അടിയുറച്ചതാണു്. കുടുംബങ്ങ
ളിൽ പലപ്പോഴും പ്രശ്നങ്ങളും പ്രതിബന്ധങ്ങളും ഉണ്ടാ
യിക്കൊണ്ടിരിക്കും.. വീടിന്റെ വലിപ്പചെറുപ്പമോ, ധനത്തി
ന്റെ ഏറ്റക്കുറച്ചിലിനെയോ, ആശ്രയിച്ചല്ല, പിന്നെയോ
കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധവും, സഹകരണവുമാ
ണു് കുടുംബത്തിന്റെ നിലനില്പു്. സ്വർഗ്ഗസ്ഥനായ
ഞങ്ങളുടെ പിതാവേ എന്നു വിളിക്കുവാൻ തന്റെ ഏകജാ
തനായ പുത്രൻ ക്രിസ്തു നമ്മെ പഠിപ്പിച്ചിട്ടുണ്ടു്. ഈ
''ഞങ്ങൾ''എന്നതിന്റെ വ്യാപ്തി ഒരു കുടുംബത്തിലോ,
ദേശത്തിലോ, രാജ്യത്തിലോ ഒതുങ്ങുന്നില്ല. സകലമാനവ
രാശിയെയും ഉൾക്കൊള്ളിച്ചുകൊണ്ടാണു് ക്രിസ്തു 'ഞങ്ങൾ'
എന്നു വിവക്ഷിക്കുന്നതു്.

നമ്മുടെ ഇവിടെയുള്ള വീടുകൾ താല്കാലികങ്ങളാ
ണു്. സാക്ഷാൽ ഉള്ളതു് സ്വർഗ്ഗത്തിലും.. പാഴും ശൂന്യ
വുമായിരുന്ന ഭൂമിയെ വാസയോഗ്യമാക്കിതീർത്തു് ആദ്യ
കുടുംബത്തെ ഭൂമിയിൽ താമസിപ്പിച്ചു. ആദ്യ കുടുംബ
ത്തിൽ പിതാവായ ദൈവവും, മക്കളായ ആദാമും ഹൗവ്വയും
ചേർന്നു മൂന്നു പേർ ഉണ്ടായിരുന്നു. ദൈവഹിതപ്രകാരമു
ള്ള പ്രസ്തുത കുടുംബത്തെ മനുഷ്യൻ തന്റെ ഹിതപ്രകാരം
രൂപാന്തരപ്പെടുത്തി. അതിനാൽ മനുഷ്യരാശിക്കും, ലോകം



മുഴുവനുമായി വന്ന ശാപവും, തുടർന്നുണ്ടായ കുടുംബ
കലഹങ്ങളും മനുഷ്യവർഗ്ഗത്തെ മുഴുവനും നാശത്തി
ലേക്കു ആനയിച്ചു. എന്നാൽ വീണ്ടും ദൈവം നോഹയേ
യും കുടുംബത്തെയും തെരഞ്ഞെടുത്തു. ആ കുടുംബ
ത്തോടു കൂടെ പെട്ടകത്തിനു് അകത്തും, പുറത്തുമായി അ
വരെ പരിപാലിച്ചു. എങ്കിലും ആ കുടുംബവും ദൈവ
ഹിതത്തിനു വിപരീതമായി സ്വന്ത നിലയിൽ ഗോപുരം
പണിയാൻ ഒരുമ്പെടുകയും, ദൈവത്തോടു മറുതലിക്കയും
ചെയ്കയാൽ ആ കുടുംബത്തേയും ദൈവം ചിതറിച്ചുകള
ഞ്ഞു. വീണ്ടും, ദൈവം അബ്രഹാമിനെ വിളിക്കയും, അ
വനിൽ കൂടി സകല ജാതികളും അനുഗ്രഹിക്കപ്പെടുന്നതി
നു് ഒരു പുത്രനെ നൽകാമെന്നു് വാഗ്ദത്തം ചെയ്യുക
യും ചെയ്തു. അങ്ങനെ വാഗ്ദത്ത സന്തതിയായ മശിഹാ
ലോകത്തിൽ വരികയും തന്റെ ക്രൂശുമരണത്തിൽ വിശ്വസി
ക്കുന്ന ഏവനും നിത്യ ജീവൻ നൽകയും, തന്മൂലം സ്വർഗ്ഗീയ
കുടുംബത്തിന്റെ അംഗങ്ങളാകുവാൻ അവകാശം ലഭിക്കയും
ചെയ്തു. അങ്ങനെ ക്രിസ്തുവിനാൽ സ്ഥാപിച്ച കുടുംബത്തി
ന്റെ പിൻതുടർച്ചയിൽ കാളിയാങ്കൽ കുടുംബവും ഉൾപ്പെ
ടുന്നു. നമ്മുടെ കുടുംബത്തിൽ ക്രിസ്തു അറിയാത്ത യാതൊ
ന്നും (മനസ്സാ – വാചാ – കർമ്മണാ ) സൂക്ഷിച്ചു വെയ്ക്കുവാൻ
ഇടയാകാതെ വണ്ണം നാം ഓരോരുത്തരും ശ്രദ്ധിക്കണം.
എന്റെയും എന്നോടിടപെടുന്നവരുടെയും മദ്ധ്യത്തിൽ ക്രിസ്തു
വിനെ സാക്ഷിയാക്കി ജീവിതം തുടരാം.

അദ്ധ്യായം 6

# കോയിപ്രം എഴുമാലി കുടുംബം പ്രാരംഭം

## ഒന്നാം തലമുറ

**പെരുമാൾമാപ്പിള എഴുമാലിൽ കോയിപ്രം**

## രണ്ടാം തലമുറ

**ചാണ്ടിമാപ്പിള എഴുമാലിൽ കോയിപ്രം**

## മൂന്നാം തലമുറ

1. **പെരുമാൾമാപ്പിള പുളിക്കക്കുഴി കടപ്ര**
2. **മാത്തുള്ളമാപ്പിള കാളങ്ങാടത്തു് കോയിപ്രം**
3. **ചാണ്ടിമാപ്പിള പുലിപ്രേത്ത് കോയിപ്രം**
4. **മാമ്മൻ മാപ്പിള പാടിപ്രത്തു് കോയിപ്രം**



# എഴുമാലി കുടുംബം

നമ്മുടെ ഗോത്രപിതാവ് ഭാര്യയും, ഏകമകനും മറ്റു മൂന്നു കുടുംബങ്ങളോടുകൂടി സ്വദേശവും സ്വഭവനവും ഉപേക്ഷിച്ചു് യാത്രതിരിക്കാനുള്ള സാഹചര്യം മുൻ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. അബ്രഹാമിനെപ്പോലെ വിശ്വാസത്താൽ തന്നെ കാണിപ്പാനിരിക്കുന്ന ദേശത്തെക്കുറിച്ചു് എവിടേക്കു് എന്നറിയാതെ യാത്ര തിരിച്ചു. പല സ്ഥലങ്ങളിൽ വിശ്രമാർത്ഥം താവളമടിച്ചു് അവസാനം പമ്പാനദിയുടെ തീരപ്രദേശത്തു എത്തിച്ചേർന്നു. ചെങ്ങന്നൂർദേശം അക്കാലത്തു് സാമ്പത്തികമായും, സംസ്കാരപരമായും, ഉയർന്ന നിലവാരം പുലർത്തിയിരുന്നു. തൻനിമിത്തം നമ്മുടെ പിതാവും കൂട്ടുകുടുംബങ്ങളും ചെങ്ങന്നൂർ ദേശം തന്നെ കുടിപാർപ്പിനു തെരഞ്ഞെടുത്തു.

ചെങ്ങന്നൂർദേശം വഞ്ഞിപ്പുഴ മഠം തമ്പുരാക്കന്മാരുടെ അധീനതയിൽപെട്ടിരുന്നു. നമ്മുടെ പിതാവും കൂട്ടുകുടുംബനായകന്മാരും കൂടി വഞ്ഞിപ്പുഴ മഠം തമ്പുരാനെ സമീപിച്ചു് തങ്ങൾക്കു താമസസൗകര്യം ലഭിക്കുന്നതിനു് അപേക്ഷിച്ചു. തന്നോടു് താമസസൗകര്യം അഭ്യർത്ഥിച്ചവർ വിദ്യാസമ്പന്നരും കായികാഭ്യാസികളും, ആണെന്നു മനസ്സിലാക്കിയ തമ്പുരാൻ തങ്ങൾക്കു താമസിക്കുവാൻ ചെങ്ങന്നൂരിൽ തന്നെ സ്ഥലം അനുവദിച്ചുകൊടുത്തു.

അക്കാലത്തു് ചെങ്ങന്നൂർ ദേശം സവർണ്ണ ഹിന്ദുക്കളുടേയും, നിരണം, കൊല്ലം ആദിയായ സ്ഥലങ്ങളിൽ നിന്നും കുടിയേറി പാർത്ത ക്രിസ്ത്യാനികളുടേയും അധിവാസകേന്ദ്രം ആയിരുന്നു. കൂടാതെ പമ്പാനദിയുടെ തീരത്തു് ഏറ്റവും പ്രശസ്തമായ വ്യാപാരകേന്ദ്രവും കൂടി ആയിരുന്നു. വഞ്ഞിപ്പുഴ മഠത്തിലെ തമ്പുരാന്റെ അനുവാദത്തോടുകൂടി കൃഷിയും, വ്യാപാരവും ആരംഭിച്ചു. അതോടൊപ്പം തമ്പുരാന്റെ അനുഗ്രഹാശിസുകളോടുകൂടി ഒരു കളരിയും ആരംഭിച്ചു. ചെങ്ങന്നൂർ പഴയ സുറിയാനിപ്പള്ളിയിൽ ചേർന്നു ആരാധന നടത്തിപ്പോന്നു.

ചെങ്ങന്നൂരിൽ വന്നു താമസമാക്കിയ നമ്മുടെ പൂർവ്വ പിതാവ് പെരുമാൾ ചുരുങ്ങിയ കാലയളവിനുള്ളിൽ സമീപ ദേശവാസികളുടെ ഇടയിൽ പ്രശസ്തനായിതീർന്നു. സ്വഭാവശ്രേഷ്ഠതയും, വ്യാപാര നൈപുണ്യവും, ആയോധന പാടവവും, മറ്റുള്ളവരെ തന്നിലേക്കു ആകർഷിച്ചു. ഈ കാലയളവിൽ കോയിപ്രത്തു നിന്നു് പെരുമേത്തു തറവാട്ടിലെ കാർണവർ വഞ്ചിപ്പുഴ മഠം തമ്പുരാനെ മുഖം കാണിക്കാൻ ചെങ്ങന്നൂരിൽ ചെന്നു. കുശലപ്രശ്നമദ്ധ്യേ വടക്കു നിന്നും വന്ന നസ്രാണികളെക്കുറിച്ചു് പരാമർശിച്ചു. സംസ്കാര സമ്പന്നരും, ആയോധന വിദഗ്ധരും, വ്യവസായികളുമായ നസ്രാണികളെക്കുറിച്ചു് കൂടുതൽ വിവരങ്ങൾ ചോദിച്ചറിഞ്ഞ പെരുമേത്തു് ആശാൻ, തന്റെ തറവാടിനു സമീപത്തും കുറച്ചുനസ്രാണികളെ താമസിപ്പിക്കത്തക്കവണ്ണം തമ്പുരാന്റെ സമ്മതം വാങ്ങി, പെരുമേത്തു് ആശാന്റെ ആഗ്രഹപ്രകാരം പെരുമാൾ പിതാവിനെ തിരുമേനി മഠത്തിൽ വരുത്തുകയും ആശാന്റെ ആഗ്രഹം അറിയിക്കയും ചെയ്തു.

തുടർന്നുള്ള ആലോചനയുടെ ഫലമായി നാലു് കുടുംബനായകന്മാരും ആശാനോടുകൂടി കോയിപ്രത്തു വരികയും സ്ഥലത്തിന്റെ മാഹാത്മ്യം കണ്ടു മനസ്സിലാക്കയും ചെയ്തു. പെരുമേത്തു തറവാടിനു സമീപം തന്നെ ഈ നാല് കുടുംബക്കാർക്കും താമസത്തിനുള്ള വസ്തുവകകളും കൃഷിക്കു ആവശ്യമുള്ളിടത്തോളം ഭൂമിയും പ്രതിഫലം കൂടാതെ കൊടുക്കാമെന്നു് ആശാൻ വാഗ്ദാനം ചെയ്തു. എന്നാൽ പ്രതിഫലം കൂടാതെ തങ്ങൾക്കു യാതൊന്നും ആവശ്യമില്ലെന്നും, തങ്ങൾക്കു തരുന്ന എല്ലാറ്റിനും തക്കപ്രതിഫലം വാങ്ങാമെങ്കിൽ കുടുംബാഗങ്ങളുമായി വന്നു താമസിച്ചുകൊള്ളാമെന്നും പിതാക്കന്മാരും ശഠിച്ചു. അതനുസരിച്ചു് അന്നത്തെ നാട്ടുനടപ്പനുസരിച്ചു് നാലു കുടുംബക്കാരും കുത്തെലപ്പണം കാഴ്ചവച്ചു് ഭൂമി അവകാശമാക്കി.

നാല് കുടുംബ നാഥന്മാരും തിരികെ ചെങ്ങന്നൂരിൽ ചെല്ലുകയും വഞ്ചിപ്പുഴമഠം തമ്പുരാനെ കണ്ട് കോയിപ്രത്തു ആശാനുമായി ഉണ്ടാക്കിയ വ്യവസ്ഥകൾ ധരിപ്പി



ക്കുകയും ചെയ്തു. അനന്തരം നാലു് പിതാക്കന്മാരും കുടുംബ സമേതം തമ്പുരാന്റെ ഒത്താശയോടുകൂടി കോയിപ്രത്തുവന്നു താമസമാക്കി. ചെങ്ങന്നൂരിൽ നിന്നും കോയിപ്രത്തുവന്നു താമസമാക്കിയതു കൊല്ലവർഷം 840–മാണ്ടു് ക്രിസ്തുവർഷം 1664.

കോയിപ്രത്തു വന്നു താമസമാക്കിയ നമ്മുടെ ഗോത്ര പിതാവിന്റെ പേരു എഴുമാലി മാപ്പിള എന്ന അപരനാമത്തിൽ അറിഞ്ഞിരുന്ന പെരുമാൾ എന്ന ആളായിരുന്നു. പെരുമാൾ പിതാവു്, ഭാര്യ, ഏക മകൻ എന്നീ മൂന്നു പേരു് ഉൾപ്പെട്ട കുടുംബമാണു് കോയിപ്രത്തു താമസമാക്കിയതു്. പെരുമാൾ പിതാവിന്റെ സന്താന പരമ്പരയെ പിൽക്കാലത്തു് എഴുമാലി മാപ്പിള എന്ന പേരിൽ അറിയപ്പെടുന്നു.

അക്കാലത്തു് ഏതെങ്കിലും സവർണ്ണ ഹിന്ദുക്കളുടെ വീടുകളിലേക്കു കൊണ്ടുവരുന്ന സാധനങ്ങൾ അവർണ്ണരിൽ നിന്നും തീണ്ടൽമൂലം അശുദ്ധമായാൽ നസ്രാണികളെ കൊണ്ടു് തൊടീച്ചു് അശുദ്ധം നീക്കുന്ന ഏർപ്പാടു് നടപ്പിലിരുന്നു. ഈ കൃത്യനിർവഹണത്തിനായി വിദൂര സ്ഥലങ്ങളിൽ നിന്നും നസ്രാണി ക്രിസ്ത്യാനികളെ ക്ഷണിച്ചുവരുത്തി ഹൈന്ദവ നേതാക്കൾ തങ്ങളുടെ ഭവനത്തിനു സമീപം താമസിപ്പിച്ച സംഭവങ്ങൾ വളരെയുണ്ട്. പ്രസ്തുത ശുദ്ധീകരണ സമ്പ്രദായത്തെപ്പറ്റി ഹിന്ദുക്കളുടെ ഇടയിലുണ്ടായിരുന്ന അഭിപ്രായ ഗതിയെ ഒരു രേഖയിൽ ഇപ്രകാരം സൂചിപ്പിച്ചിട്ടുണ്ടു്.

''കൈലാസ വസ്തുക്കൾ അശുദ്ധമായാൽ
പൗലോസിനെ കൊണ്ടു് തൊടീക്കവേണം''

ആയതിനാൽ ഹൈന്ദവ നേതാക്കൾ തങ്ങളുടെ ഭവനത്തിനു സമീപേ ക്രിസ്ത്യാനികളെ താമസിപ്പിക്കുന്നതു് അഭിമാനമായി കരുതിപ്പോന്നു. കൂടാതെ ക്രിസ്ത്യാനികൾ നാട്ടിൻ പുറങ്ങളിൽ നിന്നും കുരുമുളകു്, ചുക്കു്, ഏലം, ഗ്രാമ്പു ആദിയായ സുഗന്ധദ്രവ്യങ്ങൾ ശേഖരിച്ചു് വിദേശികൾക്കു വിൽക്കയും, വിദേശികൾ ഇറക്കുമതി

ചെയ്ത സാധനങ്ങൾ വാങ്ങി നാട്ടിൻപുറങ്ങളിൽ വിൽപ്പന
നടത്തിപ്പോരികയും ചെയ്തിരുന്നു.

കോയിപ്രത്ത് ആദ്യമായി താമസത്തിനു വന്ന നാല്
ക്രിസ്തീയ കുടുംബങ്ങളും, ആഢ്യബ്രാഹ്മണരായ നമ്പൂ
തിരിമാരിൽ നിന്നും മതപരിവർത്തനം ചെയ്തിരുന്നതു
കൊണ്ടും, സാമൂഹ്യമായും സാമ്പത്തികമായും, ഉന്നത
നിലവാരം പുലർത്തിയിരുന്നതുകൊണ്ടും, പെരുമേത്തു
കാരണവർക്കു ഈ നാലു് കുടുംബക്കാരോടും സ്നേഹ
ബഹുമാനങ്ങൾ ഉണ്ടായിരുന്നു. ഈ കാരണങ്ങളാൽ ആ
ണു് ആശാൻ ഇവരെ കോയിപ്രത്തു ക്ഷണിച്ചുകൊണ്ടു
വന്നു സ്വവസതിക്കു സമീപം വസ്തുവകകൾ കൊടുത്തു
താമസിപ്പിച്ചതു്.

ചെങ്ങന്നൂരിൽ നിന്നും കോയിപ്രത്തു താമസിക്കു
വാൻ വന്നതു് നാലു് നസ്രാണി കുടുംബങ്ങൾ ഒന്നിച്ചാ
ണെന്നു് മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. അവർ എഴുമാലി
മാപ്പിള, മുല്ലശ്ശേരി മാപ്പിള, മട്ടയ്ക്കൽ മാപ്പിള, കവല
യിൽ മാപ്പിള എന്നിവരാണു്. എഴുമാലി മാപ്പിളക്കു്
ആശാൻ പെരുമേത്ത് കിഴക്കെ തലമണ്ണിൽ പുരയിടം
വേർതിരിച്ചുകൊടുത്തു. കൂട്ടു കുടുംബങ്ങൾക്കു് ആശാൻ
സ്ഥലം വേർതിരിച്ചു കൊടുത്തു. ഫലഭൂയിഷ്ഠമായ കിഴ
ക്കെ തലമണ്ണിൽ പുരയിടത്തിൽ പെരുമാൾ പിതാവ്
അന്നത്തെ നിലയ്ക്കുള്ള ഒരു ഭവനം ചമയ്ക്കയും, കൃഷിയും,
കച്ചവടവും നടത്തിപ്പോരികയും ചെയ്തു. കൂടെ ക്കൂടെ ഉണ്ടാ
കുന്ന വെള്ളപ്പൊക്കം നിമിത്തം തലമണ്ണിൽ പുരയിടം
വാസയോഗ്യമല്ലെന്നു ബോദ്ധ്യപ്പെട്ടു. അതിനാൽ പെരു
മേത്തു കാരണവരുടെ ആലോചനപ്രകാരം തലമണ്ണിൽ
പുരയിടത്തിനു പകരം നെല്ലിക്കൽ പാറയ്ക്കു അല്പം
തെക്കുമാറി ആറ്റുവെള്ളത്തിന്റെ ശല്യം കുറച്ചുള്ള ഒരു
പുരയിടത്തിലേക്കു മാറി താമസിക്കുന്നതിനു തീരുമാനി
ച്ചു. എഴുമാലിമാപ്പിള വന്നു താമസിച്ച ടി പുരയിടം
പിൽക്കാലത്തു് എഴുമാലി പുരയിടം എന്നറിയപ്പെടുന്നു.



എഴുമാലി പുരയിടത്തിൽ താമസമാക്കിയത് കൊല്ല
വർഷം 844 മകരം (A. D. 1668) ആണു്. പെരുമാൾ എന്ന
പിതാവും, ഭാര്യയും 9 വയസുള്ള മകൻ ചാണ്ടിയും എഴു
മാലി പുരയിടത്തിൽ താമസമാക്കി. കുറവിലങ്ങാട്ടു നി
ന്നും വന്ന നാലു് കുടുംബങ്ങളും മിക്കവാറും എല്ലാ ദിവ
സങ്ങളിലും ഒന്നിച്ചു കൂടുകയും പ്രാർത്ഥന നടത്തിപ്പോ
രികയും ചെയ്തിരുന്നു. കാടുപിടിച്ചു കിടന്നിരുന്ന എഴു
മാലി പുരയിടം താമസത്തിനും കൃഷിക്കും ഉപയോ
ഗ യോഗ്യമാക്കിതീർത്തു. പെരുമേത്തു് ആശാന്റെ ആലോ
ചന പ്രകാരം ആയുധവിദ്യ അഭ്യസിപ്പിക്കുന്നതിനു് കളരി
സ്ഥാപിച്ചു. ചുറ്റുപാടുമുള്ള സവർണ്ണകുടുംബങ്ങളിലെ
യുവാക്കളെ ഈ കളരിയിൽ അഭ്യസിപ്പിച്ചും കൃഷി, കച്ച
വടം, കായിക പരിശീലനം എന്നീ നിലകളിൽ ദേശത്തെ പ്ര
മുഖരുമായി ബന്ധപ്പെട്ടു. അങ്ങനെ സ്ഥലത്തെ പ്രമാണി
മാരുടെ ആലോചന സംഘത്തിൽ പെരുമാൾ പിതാവിനെ
കൂടി ഉൾപ്പെടുത്തി.

കോയിപ്രത്തു് താമസമാക്കിയ നസ്രാണി കുടുംബ
ങ്ങൾ ആരാധനയ്ക്കായി ചെങ്ങന്നൂർ പഴയ സുറിയാനി പള്ളി
യിൽ കൂടി നടന്നിരുന്നു. ചെങ്ങന്നൂരിലുള്ള ക്രിസ്തീയ കുടും
ബങ്ങളുമായി ഉറ്റബന്ധം പുലർത്തിപ്പോന്നു. പള്ളിയുടെ
നടത്തിപ്പിലും എല്ലാവിധ സഹകരണവും നൽകിയിരുന്നു.
പിൽക്കാലത്തു് പുത്തൻകാവ് പള്ളിയുമായി ബന്ധപ്പെ
ടുകയും ആരാധനയിലും മറ്റു പള്ളി നടത്തിപ്പിലും സജീ
വമായി പങ്കെടുക്കയും ചെയ്തിരുന്നു. കൂടാതെ ആറാട്ടുപു
ഴയുള്ള ക്രിസ്തീയ കുടുംബങ്ങളുമായി സഹകരിച്ചു് പ്രാർ
ത്ഥനാക്കൂട്ടങ്ങൾ നടത്തിപ്പോന്നു.

പെരുമാൾ പിതാവ് എഴുമാലി പുരയിടത്തിൽ താമ
സമാക്കി ഏതാണ്ടു് 3 വർഷം കഴിഞ്ഞപ്പോൾ പാമ്പു
കടി ഏറ്റു് അകാലചരമം പ്രാപിച്ചു. ചെങ്ങന്നൂർ പഴയ
പള്ളിയിൽ തന്നെ അടക്കം ചെയ്തു. പിതാവിന്റെ മരണ
ത്തോടുകൂടി മാതാവും മകൻ ചാണ്ടിയും നിരാലംബരാ
യിത്തീർന്നു. മാതാവിന്റെ ചുമതലയിൽ കുടുംബ കാ
ര്യങ്ങൾ ഭംഗിയായി നടത്തിപ്പോന്നു. മകൻ ചാണ്ടിക്കു

വിവാഹ പ്രായമായപ്പോൾ പ്രശസ്ത കുടുംബമായ ചേകോട്ടാശാന്റെ മകൾ ചേച്ചയെ കൊണ്ടു് വിവാഹം കഴിപ്പിച്ചു. പിതാവിൽ നിന്നും ആയുധവിദ്യയും ശാസ്ത്രജ്ഞാനവും സമ്പാദിച്ചിരുന്ന ചാണ്ടി കൃഷിയോടൊപ്പം പിതാവു നടത്തിയിരുന്ന കളരിയുടെ ചുമതലയും ഏറ്റെടുത്തു. അതിനു ചേകോട്ടാശാന്റെ അനുഗ്രഹാശിസുകളും ഉണ്ടായിരുന്നു.

ടി ചാണ്ടിക്കു് പെരുമാൾ, മാത്തുള്ള, ചാണ്ടി, മാമ്മൻ എന്ന നാലു് പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. മകൾ മറിയയെ ആറാട്ടുപുഴയുള്ള പ്രശസ്ത കുടുംബമായ കുന്നത്തറയിൽ വിവാഹം കഴിപ്പിച്ചു. മൂത്ത മകൻ പെരുമാൾ ഇടനാട്ടിൽ കുന്നിൽ നിന്നും അന്നയെ വിവാഹം കഴിച്ചു് കടപ്ര പുളിക്കക്കെഴിയിലും, രണ്ടാമത്തെ മകൻ മാത്തുള്ള ആറാട്ടുപുഴ വല്യാനേത്തു നിന്നും റാഹേലിനെ വിവാഹം കഴിച്ചു് കോയിപ്രത്തു് എഴുമാലിലും, മൂന്നാമത്തെ മകൻ ചാണ്ടി മാലക്കര പാണംപടിക്കലിൽ നിന്നും, കുഞ്ഞാണ്ടയെ വിവാഹം കഴിച്ചു് കോയിപ്രത്തു പുൽപ്രത്തും, നാലാമത്തെ മകൻ മാമ്മൻ മായാലിൽനിന്നും അക്കയെ വിവാഹം കഴിച്ചു് പാടിപ്രത്തും താമസമാക്കി.

പെരുമാൾ പിതാവിന്റെ അകാലനിര്യാണശേഷം മകൻ ചാണ്ടി കുടുംബഭാരം ഏറ്റെടുത്തു. മാതാവിനെ ശുശ്രൂഷിക്കുന്നതിൽ വളരെ ശ്രുഷ്കാന്തി പ്രദർശിപ്പിച്ചിരുന്നു. ഈശ്വരഭക്തയും ആരോഗ്യവതിയുമായിരുന്ന മാതാവു് വാർദ്ധക്യത്തിലും തന്നെ സന്ദർശിക്കുന്നവരെ പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ചു് പറഞ്ഞു മനസിലാക്കിയിരുന്നു. പെട്ടെന്നു് ക്ഷീണ ബാധിതയായി കിടപ്പിലാകയും അധിക ദിവസങ്ങൾക്കകം നിര്യാതയാകയും ചെയ്തു. മാതാവിനേയും ചെങ്ങന്നൂർ പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.



### അദ്ധ്യായം 7

# എഴുമാലിൽ ചാണ്ടിമാപ്പിള

കുറവിലങ്ങാട്ടുനിന്നും കുടിയേറിപാർത്ത പെരുമാളിന്റെ അകാലനിര്യാണത്തോടെ മകൻ ചാണ്ടി കുടുംബകാര്യങ്ങളും, കച്ചവടത്തിന്റേയും കളരിയുടെയും ചുമതലയും ഏറ്റെടുത്തു എന്നു് മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. സ്വന്തനിലയിലും, ചേകോട്ടാശാന്റെ മരുമകൻ എന്ന പദവിയിലും, ജ്ഞാനിയും, വിവേകിയുമായിരുന്ന ചാണ്ടി മാപ്പിള ജാതിമതഭേദമെന്യേ എല്ലാവരുടെയും ബഹുമാനത്തിനു പാത്രീഭൂതനായി. യൗവനത്തിൽ തന്നെ ചെങ്ങന്നൂർ പഴയപ്പള്ളിയിലെ ആലോചന യോഗത്തിൽ അംഗമായി. അതുപോലെ തന്നെ വഞ്ചീപ്പുഴകൊട്ടാരത്തിലെ ആലോചന യോഗങ്ങളിലും പലപ്പോഴും എഴുമാലി ചാണ്ടി മാപ്പിളയെ ക്ഷണിക്കയും പ്രധാനപ്പെട്ട പല കാര്യങ്ങളുടെ നടത്തിപ്പിനു് ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

അക്കാലത്തു് കാളിയാങ്കൽ കുടുംബത്തിലുള്ളവരെപ്പോലെ തന്നെ മറ്റു മൂന്നു ഇല്ലത്തിൽപ്പെട്ട ആളുകളും ചെങ്ങന്നൂരിലും പ്രാന്തപ്രദേശങ്ങളിലും കുടിയേറിപാർത്തിരുന്നു. അവരുടെ മദ്ധ്യേ എഴുമാലിമാപ്പിള എന്നു വിളിച്ചിരുന്ന ചാണ്ടി അതിപ്രശസ്തനും, പ്രഗൽഭനും ആയിരുന്നു. എഴുമാലി കളരി ആണു് സവർണ്ണരുടെ മദ്ധ്യേ മാന്യതയുടെ ഒരു ചിഹ്നമായി മാറിയിരുന്നതു്. അതിനാൽ എഴുമാലി കളരിയിൽ അഭ്യസനം നടത്തുന്നവർക്കു ഒരു പ്രത്യേക പ്രാധാന്യം ഉണ്ടെന്നുള്ള സങ്കൽപ്പവും കടന്നുകൂടി. എഴുമാലി കളരിയിൽ ആയുധാഭ്യാസത്തോടൊപ്പം തന്നെ വിവിധ ശാസ്ത്രങ്ങളിലുള്ള അഭ്യസനവും നടത്തിയിരുന്നു.

കുറവിലങ്ങാട്ടു വിശു. മാർത്തമറിയം പള്ളിയിൽ ആണ്ടുതോറും വിശു. മാതാവിന്റെ നാമത്തിൽ നടത്തിയിരുന്ന എട്ടുനോമ്പു പെരുനാളിനു് മക്കളും കൂട്ടുകുടുംബങ്ങളുമൊത്തു് പതിവായി പോയി സംബന്ധിച്ചിരുന്നു. കാളിയാങ്കൽ കുടുംബക്കാർ പ്രത്യേകമായി ആണ്ടുതോറും നടത്തി

കൊണ്ടിരിക്കുന്ന പിതൃബലിയർപ്പണത്തിൽ കോയിപ്രത്തുനിന്നും പോകുന്ന നമ്മുടെ കുടുംബാംഗങ്ങളും ഭാഗഭാക്കുകളാകുക പതിവായിരുന്നു. കുറവിലങ്ങാട്ടു ചെന്നു കഴിഞ്ഞാൽ പിതൃ കുടുംബങ്ങളിൽപ്പെട്ട ഭവനങ്ങൾ സന്ദർശിക്കയും, ബന്ധങ്ങൾ പുതുക്കയും ചെയ്തുകൊണ്ടിരുന്നു. അവിടെയുള്ള പിതൃ കുടുംബത്തോടും, ദേവാലയത്തോടുമുള്ള ബന്ധം അഭംഗുരമായി തുടരണമെന്നു് മക്കളോടു് നിഷ്കർഷിച്ചിരുന്നു.

ചാണ്ടി മാപ്പിളയുടെ ഭാര്യ ചേച്ച വളരെ സാമർത്ഥ്യമുള്ള സ്ത്രീരത്നം ആയിരുന്നു. സ്ത്രീകൾക്ക വിദ്യാഭ്യാസം നിഷിദ്ധമായിരുന്ന അക്കാലത്തും ചേകോട്ടാശാന്റെ മകൾ ചേച്ച വിദ്യാസമ്പന്നയും, ആരോഗ്യവതിയുമായിരുന്നു. അന്നത്തെക്കാലത്തു് സ്ത്രീകളുടെ മദ്ധ്യേ ഒരു ഉപദേഷ്ടാവു് എന്ന നിലയിൽ ആരാധ്യയായിരുന്നു. അങ്ങനെ പിതാവും, മാതാവും കോയിപ്രത്തും സമീപപ്രദേശത്തുമുള്ള എല്ലാവരുടേയും പ്രത്യേകാൽ സവർണ്ണരുടേയും, ബഹുമാനാദരവുകൾക്ക പാത്രീഭൂതരായിതീർന്നു. സമൂഹത്തിന്റെ ഉയർച്ചക്കും, വളർച്ചയ്ക്കുംവേണ്ടി അത്യദ്ധ്വാനം ഈ കുടുംബം ചെയ്തുകൊണ്ടിരുന്നു.

ചാണ്ടിമാപ്പിള കുടുംബസമേതം ആണ്ടുതോറും കുറവിലങ്ങാട്ടു പള്ളിയും, പൂർവ്വ കുടുംബാംഗങ്ങളെയും സന്ദർശിക്ക പതിവായിരുന്നു എന്നു് മുമ്പു് സൂചിപ്പിച്ചിട്ടുണ്ടല്ലോ. അക്കാലത്തു ദേവാലയങ്ങളിൽ മക്കളെ പ്രതിഷ്ഠിക്കുന്ന പതിവുണ്ടായിരുന്നു. അതിനു് അടിമവെയ്ക്ക എന്നു പറഞ്ഞിരുന്നു. അങ്ങനെ കുറവിലങ്ങാട്ടു പള്ളിയിൽ അടിമവെച്ചു് ദേവാലയത്തോടു ബന്ധപ്പെട്ടു് സന്ന്യാസ ജീവിതം നയിച്ചിരുന്ന ആളുകൾ അവിടെ ഉണ്ടായിരുന്നു. അവരുമായി ചാണ്ടി മാപ്പിള മക്കളെ പരിചയപ്പെടുത്തിയിരുന്നു. അപ്രകാരമുള്ള ബന്ധം പിൽക്കാലത്തു് എഴുമാലി കുടുംബത്തിന്റേയും സമീപ ദേശവാസികളുടേയും അഭ്യുന്നതിക്കു് വളരെ പ്രയോജനപ്പെട്ടിട്ടുണ്ടു്. കോയിപ്രത്തുള്ള നസ്രാണികൾ എല്ലാം തന്നെ അക്കാലത്തു് ചെങ്ങന്നൂർ പഴയ സുറിയാനിപ്പള്ളിയിൽ



കൂടി നടന്നിരുന്നു. കടുനാളുകളിൽ തലേദിവസമേ കുടുംബസമേതം വള്ളത്തേൽ ചെന്നു താമസിച്ചിട്ടു് പിറ്റേദിവസത്തെ ആരാധനകഴിഞ്ഞു മാത്രമാണു് എല്ലാവരും തിരികെ പോന്നിരുന്നതു്. എന്നാൽ ചാണ്ടിമാപ്പിള, ചെങ്ങന്നൂർ വരെ പോകാതെ സമീപദേശത്തു് ഒരു ദേവാലയം സ്ഥാപിക്കണമെന്നുള്ള ആഗ്രഹം പലപ്രകാരത്തിലും പ്രകടിപ്പിച്ചിരുന്നു. പിതാവു് ചാണ്ടിമാപ്പിളയുടെ വാർദ്ധക്യ ആരംഭത്തിൽ തന്നെ കുടുംബ ഭാരങ്ങളെല്ലാം മക്കളെ ചുമതലപ്പെടുത്തുകയും, തുടർന്നുള്ള കാലയളവു് ഭക്തിയിലും ധ്യാനത്തിലും സമയം ചെലവഴിക്കയും ചെയ്തിരുന്നു. ഇക്കാലത്തു് ഭാര്യക്ക ആകസ്മികമായ ആലസ്യം ഉണ്ടാകയും, തുടർന്നു നിര്യാതയാകയും ചെയ്തു. ഭാര്യ ചേച്ചയെ ചെങ്ങന്നൂർ പഴയ സുറിയാനിപ്പള്ളിയിൽ അടക്കം ചെയ്തു. ഭാര്യയുടെ പെട്ടെന്നുള്ള വേർപാടു് ഭർത്താവിനെ തളർത്തുകയും ക്ഷീണിപ്പിക്കയും ചെയ്തു. അധികനാൾ കഴിയുന്നതിനു മുമ്പേ ചാണ്ടിമാപ്പിളയും തന്റെ 69-ാംമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. കുറവിലങ്ങാട്ടു ജനിച്ചു്, ക്ലേശപൂർണ്ണമായ യാത്ര ചെയ്തു് കോയിപ്രത്തു വന്നു് ജാതിമതഭേദമെന്യേ സകലരുടേയും സ്നേഹ, ബഹുമാന, വാത്സല്യാദികൾക്ക പാത്രീഭൂതനായി. 69-ാം വയസ്സിൽ നിര്യാതനായ എഴുമാലി ചാണ്ടിമാപ്പിളയുടെ ശവശരീരം അന്നത്തെ നിലക്കും, രീതിക്കും, ആഘോഷപൂർവ്വം ചെങ്ങന്നൂർ പഴയ സുറിയാനിപ്പള്ളിയിൽ ഭാര്യയുടെ ശവകുടീരത്തിനു സമീപം അടക്കം ചെയ്തു. ഇവരുടെ വേർപാടു് സ്വകുടുംബത്തിനെന്നപോലെ തന്നെ സമീപദേശവാസികൾക്ക തീരാനഷ്ടം തന്നെയായിരുന്നു.

## അദ്ധ്യായം 8

# എഴുമാലി കുടുംബവും, ആത്മീയ ചൈതന്യവും

കള്ളി, കാളിയാങ്കൽ, ശങ്കരപുരി, പകലോമറ്റം എന്നീ നാലു് ഇല്ലക്കാരെ തോമശ്ലീഹ മറ്റുള്ളവരിൽ നിന്നും വേർതിരിച്ചു് ചില പ്രത്യേക പദവികളും സ്ഥാനങ്ങളും കൊടുത്തിരുന്നു എന്നു് പുരാതന ചരിത്രകാരന്മാർ മുഴുവനും രേഖപ്പെടുത്തിയിട്ടുണ്ടു്.

"മാർത്തോമ്മ മുത്തപ്പന്റെ ദുക്രാനാ
കാളിയാങ്കൽ വല്യച്ചന്റെ കുർബ്ബാന
കാളിയാങ്കൽകാരുടെ വെച്ചൂട്ടു്
ചെറിയപള്ളി കിഴക്കേതിലെ തേക്കില"

(കുറവിലങ്ങാടു് മർത്തമറിയം പള്ളി പേജ് 11)

കുറവിലങ്ങാട്ടു് മർത്തമറിയം പള്ളിയുടെ പ്രാരംഭത്തിൽ തന്നെ കാളിയാങ്കൽ വല്യച്ചൻ കുർബ്ബാന അണച്ചിരുന്നു എന്നു് രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. ആ പാരമ്പര്യം പിൻ തലമുറകളിലേക്കു വ്യാപരിച്ചിട്ടുണ്ടെന്നു നിസ്സംശയം പ്രസ്താവിക്കാം. നമുക്കു ലഭിച്ചിട്ടുള്ള രേഖകളും, പരമ്പരാഗതമായി ലഭിച്ചിട്ടുള്ള അറിവുകളും വച്ചുനോക്കിയാൽ കാളിയാങ്കൽ കുടുംബത്തിലുള്ളവർ ചിതറിപ്പാർത്തിടത്തെല്ലാം സഭാശുശ്രൂഷയിലും, സുവിശേഷ വേലയിലും തല്പരരായിരുന്നു. കൂടാതെ നമ്മുടെ ആളുകൾ ചെന്നിടത്തൊക്കെയും, ആരാധനാ സ്ഥലങ്ങൾ ഇല്ലാതിരുന്നിടത്തു് ആരാധനാ സ്ഥലങ്ങൾ സ്ഥാപിച്ചും. ആരാധനാസ്ഥലങ്ങൾ ഉള്ളിടത്തു് ശുശ്രൂഷ നടത്തുന്നതിലും തല്പരരായിരുന്നു.

എഴുമാലി കുടുംബത്തിലെ ആദ്യപിതാവു് പെരുമാൾ ചെങ്ങന്നൂരിൽ വന്നു് ചെങ്ങന്നൂർ പള്ളിയിൽ കൂടി ആരാധന നടത്തിപ്പോന്നു. പുത്തൻകാവു് പള്ളിയുടെ പ്രാരംഭകാലത്തു് പള്ളിപണിക്കും, അതിന്റെ നടത്തിപ്പിലും പള്ളി



ഭരണത്തിലും, എഴുമാലി കുടുംബക്കാർ മറ്റുള്ളവരെക്കാൾ ഒട്ടും പിന്നിലായിരുന്നില്ല. കാലാന്തരത്തിൽ കോയിപ്രത്തു വന്ന നാലു് കൂട്ടു കുടുംബങ്ങളും കൂടി കോയിപ്രത്തു് ഒരു ദേവാലയം സ്ഥാപിച്ചു. സമീപവാസികളായ ക്രൈസ്തവർ അവിടെ ആരാധന നടത്തിപ്പോന്നു. കൂട്ടു കുടുംബത്തിൽപ്പെട്ട ഒരാളിനെ തന്നെ ഈ ദേവാലയത്തിലെ പട്ടക്കാരനാക്കണമെന്നു് എല്ലാവരും ആഗ്രഹിക്കയും അതിൻപ്രകാരം പിൽക്കാലത്തു് മുല്ലശ്ശേരികുടുംബാംഗമായ ഒരാളിനെ പട്ടക്കാരനാക്കയും ചെയ്തു. കാളിയാങ്കൽ കുടുംബത്തിൽ ധാരാളം പട്ടക്കാർ ഉണ്ടു്. എന്നാൽ ചാണ്ടിമാപ്പിള തന്റെ മക്കളോടു്, മക്കളിൽ ആരും തന്നെ പട്ടത്വശുശ്രൂഷയിൽ പ്രവേശിക്കരുതെന്നു് നിഷ്കർഷിച്ചിരുന്നു. പലർക്കും പലവിധത്തിലുള്ള ബുദ്ധിമുട്ടുകളും കാലാന്തരത്തിൽ അനുഭവപ്പെടുകയാൽ ഓരോ സ്ഥലത്തേക്കു മാറി താമസിച്ചവർ അവിടവിടെ ആരാധനാ സ്ഥലങ്ങൾ ക്രമീകരിച്ചു.

എഴുമാലി കുടുംബക്കാർ തനിച്ചോ, മറ്റുള്ള കുടുംബങ്ങളുമായി സഹകരിച്ചോ താഴെ പറയുന്ന ആരാധന സ്ഥലങ്ങൾ സ്ഥാപിച്ചിട്ടുള്ളതാണു്. കുമ്പനാടു് വലിയ പള്ളി, കുമ്പനാടു് ശാലേംപള്ളി, കൂർത്തമലപള്ളി, നെല്ലിമലപള്ളി, കോയിപ്രത്തു കത്തോലിക്ക ദേവാലയം, കോയിപ്രത്തു ബ്രദറൻ സഭാമന്ദിരം, കുമ്പനാടു് ശാബത്മിഷ്യൻ പള്ളി, റാന്നി മന്ദമരുതി പള്ളി, എഴുമറ്റൂർ, മേത്താനം മാർത്തോമ്മാ പള്ളി, മേത്താനം ഐ. പി. സി. ഹാൾ, കനകപ്പലം മാർത്തോമ്മാ പള്ളി, കനകപ്പലം ബ്രദറൻ ഹാൾ മുണ്ടക്കയം സി. എസ്. ഐ. പള്ളി, ബോംബെ സാന്താക്രൂസു്, കല്യാൺ എന്നീ പള്ളികൾ ബോംബെ ബ്രദറൻ അസംബ്ളി -സയൺ അസംബ്ളി, മലബാറിൽ പുതുപ്പാടി എബനേസ്സർ മാർത്തോമ്മപള്ളി, നിലമ്പൂർ മാർത്തോമ്മാ പള്ളി, കുവയിറ്റ് മാർത്തോമ്മാ പള്ളി, മസ്കറ്റ് മാർത്തോമ്മാ പാരീഷ്ഹാൾ, മസ്കറ്റ് ബ്രദറൻ സഭ ആദിയായ ആരാധനാലയങ്ങളുടെ നിർമ്മാണത്തിൽ സുപ്രധാനമായ പങ്കു വഹിച്ചിട്ടുണ്ടു്. അതിൽ നമുക്കു് അഭിമാനത്തിനു് വകയുണ്ടു്.

മേൽ പ്രസ്താവിച്ച പ്രകാരം നമ്മുടെ കുടുംബക്കാർ ചിതറിപാർത്തിടത്തെല്ലാം ആരാധനാലയങ്ങളുടെ സ്ഥാപനത്തിനു് ഉത്സാഹിച്ചതിലുപരിയായി കർത്തൃശുശ്രൂഷയിലും, സുവിശേഷ വേലയിലും വ്യാപൃതരാകുന്നുണ്ടു്. യാതൊരു പ്രതിഫലേച്ഛയും കൂടാതെ പൂർണ്ണസമയം സുവിശേഷവേല ചെയ്യുന്നവരും ഉണ്ടു്. തങ്ങളുടെ തൊഴിലിനോടുകൂടി സുവിശേഷ വേലചെയ്യുന്നവരും ധാരാളം ഉണ്ടു്. ഇപ്രകാരം കുടുംബാംഗങ്ങൾ വിവിധ സ്ഥലങ്ങളിൽ പ്രവർത്തിച്ചിട്ടുള്ളവരും, പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരുമായവരുടെ പേരുകൾ രേഖപ്പെടുത്തുന്നതു് അസാദ്ധ്യമാകയാൽ അതിനു മുതിരുന്നില്ല.

ഈവിധ സാഹചര്യങ്ങളിൽ വളർന്നു വന്ന നമ്മുടെ കുടുംബാംഗങ്ങൾ ഒരു പ്രത്യേക ജീവിത ശൈലിയുടെ ഉടമകളാണു്. താഴ്മ, വിനയം, പരോപകാരതല്പരത, എന്നീ ഗുണങ്ങളോടു കൂടിയവരും, അന്യരെ ചൂഷണം ചെയ്തു് ഔന്നത്യങ്ങളിൽ എത്തുന്നതിൽ വിമുഖരുമാണു്. അധർമ്മത്തിനു കൂട്ടുനില്ക്കാത്തവരും, ന്യായത്തെ മാനിക്കുന്നവരും, അനീതിയോടു് എതിർക്കുന്നവരും, മറ്റുള്ളവരുടെ ഉന്നമനത്തിൽ സന്തോഷിക്കുന്നവരുമാണു്. അതോടൊപ്പം തന്നെ മുൻകോപികളും, ഉദാസീനരുമാണു്. ഈവിധ ജീവിത ശൈലിയോടു കൂടിയവരാണു് എഴുമാലി കുടുംബാംഗങ്ങൾ.

എഴുമാലി കുടുംബത്തിൽ കൊലപാതകർ, അക്രമികൾ, മോഷ്ടാക്കൾ, ആദിയായ കുറ്റക്കാർ ഇല്ലെന്നു അഭിമാനത്തോടെ പ്രസ്താവിക്കാം. ഇന്നത്തെ തലമുറയിൽ കാണുന്ന ലഹരി സാധനങ്ങളോടുള്ള പ്രതിപത്തി, ദുർനടപ്പു്, വഞ്ചന, ആദിയായ ദുശീലങ്ങൾ നമ്മുടെ കുടുംബത്തിൽ കടന്നുകൂടീട്ടില്ലാത്തതിൽ സന്തോഷിക്കുന്നു. നമ്മുടെ കുടുംബത്തിലെ യുവതലമുറ ആത്മീയ ചൈതന്യം ഉള്ളവരും, ഉത്സാഹികളും, ലളിത ജീവിതം ഇഷ്ടപ്പെടുന്നവരും, കുടുംബസ്നേഹികളും, ആർദ്രതയുള്ളവരും, മുഖപക്ഷം നോക്കാത്തവരുമായ തികഞ്ഞ ദൈവ വിശ്വാസികളുമാണു്.



ഏവംവിധ സ്വഭാവവിശേഷങ്ങൾ നമുക്കു ലഭിച്ചിട്ടുള്ളതു് ഏച്ചുകെട്ടില്ലാത്ത പാരമ്പര്യത്തിൽ കൂടിയാണു്. എഴുമാലികുടുംബത്തിന്റെ പാരമ്പര്യം ക്രിസ്തുവിൽ കൂടി വിശു. തോമാശ്ലീഹായിലേക്കും. അവിടെനിന്നും കാളിയാങ്കൽ പൂർവ്വപിതാവിലേക്കും, തുടർന്നു കുറവിലങ്ങാട്ടു് പനമറ്റം, വടക്കേക്കര ആദിയായ കുടുംബങ്ങളിൽകൂടി എഴുമാലിമാപ്പിളയ്ക്കും ലഭിച്ചു. അങ്ങനെ എഴുമാലി മാപ്പിളയും തെരഞ്ഞെടുക്കപ്പെട്ടവനും, വേർതിരിക്കപ്പെട്ടവനും തോമസു് അപ്പോസ്തോലനിൽ നിന്നും ക്രിസ്തീയദർശനം ലഭിച്ചവനുമാണു്. കാളിയാങ്കൽ കുടുംബക്കാർക്കു ലഭിച്ച പാരമ്പര്യം എക്കാലത്തും, എല്ലാ പ്രകാരത്തിലും അഭിമാനിക്കാൻ വകയുള്ളതാണ്. നമ്മുടെ കുടുംബത്തിന്റെ ആത്മീയ ചൈതന്യം വർദ്ധിച്ചുവരുന്നതിനു് വേണ്ട ദൈവകൃപ ലഭിപ്പാൻ നമുക്കു അഭയയാചന ചെയ്യാം.

അദ്ധ്യായം 9

## III 1. പെരുമാൾ പുളിക്കക്കുഴി-കടപ്ര

## IV
1. കുഞ്ഞുമ്മൻ പുളിക്കക്കുഴി
പടിഞ്ഞാറേമുറി-കടപ്ര
2. പെരുമാൾ-കുറിയന്നൂർ
3. മാത്തുള്ള പുളിക്കക്കുഴി-കടപ്ര

## V പുളിക്കക്കുഴി- പടിഞ്ഞാറേമുറി ശാഖ

1. ഇസഹാക്കു് മരങ്ങാട്ടു്-കടപ്ര
2. കുഞ്ഞുമ്മൻ പെരുമാൾ
കുററിയിൽ-കടപ്ര
3. കുഞ്ഞുമ്മൻ വറുഗീസു്
പടിഞ്ഞാറെ പൊയ്ക-കടപ്ര
4. കുഞ്ഞുമ്മൻ കുഞ്ഞുമ്മൻ
പടിഞ്ഞാറെമുറി-കടപ്ര

## V പുളിക്കക്കുഴി ശാഖ

1. മാത്തുള്ള വറുഗീസു് നീറൻപ്ലാക്കൽ-
കടപ്ര
2. മാത്തുള്ള കുഞ്ഞുമ്മൻ-
കിഴക്കേ പൊയ്ക-കടപ്ര
3. മാത്തുള്ള മാമ്മൻ-പുളിക്കക്കുഴി-കടപ്ര



## എഴുമാലിൽ ചാണ്ടിമാപ്പിളയുടെ കനിഷ്ഠ പുത്രൻ പുളിക്കക്കുഴിയിൽ പെരുമാൾ

കുറവിലങ്ങാട്ടു ദേശം വിട്ടു് കൂടാരം മാറ്റി അടിച്ചു് തെക്കോട്ടു യാത്ര ചെയ്തു കോയിപ്രത്തു വന്നു താമസിച്ച പെരുമാൾ പിതാവിന്റെ പൗത്രന്മാരിൽ മൂത്ത മകൻ പെരുമാൾ, വിദ്യാസമ്പന്നനും, ആയുധാഭ്യാസിയും, നല്ല കൃഷിക്കാരനും, എല്ലാറ്റിനും ഉപരി കുടുംബ ജീവിതത്തോടു കൂടി സന്യാസ വ്രതം അനുഷ്ഠിച്ച ഒരു മഹാത്മാവും ആയിരുന്നു. മൂന്നാം തലമുറക്കാരനായ അദ്ദേഹം അരോഗ ദൃഢഗാത്രനും, കുടുംബത്തിലെ ഏറ്റവും ധൈര്യശാലിയും ആയിരുന്നു. അക്കാലത്തു് കോയിപ്രം ദേശം മിക്കവാറും ജന്മിമാർ കൈവശപ്പെടുത്തി കൃഷിഭൂമിയാക്കി. അന്നു് കടപ്രദേശത്തു് കാലായിൽ എന്ന പേരിൽ ഒരു ഈഴവ കുടുംബവും, കുറെ വേടന്മാരുമാണു് താമസക്കാരായിട്ടുണ്ടായിരുന്നതു്. വൻകാടായി ഹിംസ്രജന്തുക്കളുടെ വിഹാര നാടായ കടപ്രദേശം വെട്ടിതെളിച്ചെടുത്താൽ നല്ല കൃഷിഭൂമിയാക്കാമെന്നു് യുവാവായ പെരുമാൾ മനസ്സിലാക്കി. കടപ്ര വന്നു താമസിക്കുന്നതിനുള്ള ആഗ്രഹം കുടുംബത്തിൽ അറിയിച്ചു. കുടുംബത്തിലെ ആലോചനയുടെ ഫലമായി കടപ്ര തന്നെ വന്നു താമസിക്കുവാൻ തീരുമാനിച്ചു.

അതിൻപ്രകാരം കൊല്ലവർഷം 879 മേടമാസം (A. D. 1703) പെരുമാൾ പിതാവു്, ഭാര്യയും (ഇടനാട്ടിൽ കുന്നിൽ അന്ന) രണ്ടു മക്കളോടുംകൂടി താമസിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു. അന്നത്തെ നിലക്കു് കുടുംബക്കാർ എല്ലാവരും കൂടി സഹകരിച്ചു് ഒരു വീടു് തീർത്തു. മുൻ തീരുമാനപ്രകാരം കോയിപ്രത്തുള്ള മാതൃ കുടുംബ നാഥന്മാരെല്ലാം കൂടി പെരുമാൾ കുടുംബത്തെ കടപ്ര പുളിക്കക്കുഴിയിൽ കൊണ്ടുവന്നു താമസിപ്പിച്ചു. പുളിക്കക്കുഴി പുരയിടം തിരുവല്ലാ താലൂക്കിൽ കോയിപ്രം വില്ലേജിൽ കടപ്ര മുറിയിൽ സർവ്വേ നമ്പർ....ആകുന്നു. മേപ്പടി പുര

യിടത്തിന്റെ തെക്കുപടിഞ്ഞാറെ അറ്റത്തു് ഒരിക്കലും വറ്റാത്തതും ആഴമുള്ളതുമായ ഒരു നീരൊഴുക്കു് ഉണ്ടായിരുന്നു. ആ നീരൊഴുക്കു് ഇപ്പോഴും അവിടെയുണ്ടു്.

പുളിക്കക്കുഴിയിൽ താമസിച്ച പെരുമാൾ കുറച്ചു കൂട്ടുകുടുംബങ്ങളെക്കൂടി കടപ്രദേശത്തു കൊണ്ടുവരുവാൻ ശ്രമിച്ചു. വേടന്മാരുടെ സഹായത്തോടുകൂടി കാടുതെളിച്ചു കൃഷി ആരംഭിച്ചു. നല്ല കൃഷിക്കാരനും, നായാട്ടുകാരനും, ആയുധാഭ്യാസിയും, ഈശ്വരവിശ്വാസിയുമായ പിതാവു് സമീപവാസികളുമായി സമ്പർക്കം പുലർത്തുകയും അവരുടെ സ്നേഹാദരവുകൾ പിടിച്ചുപറ്റുകയും ചെയ്തു. ആരാധനയ്ക്കായി ചെങ്ങന്നൂർ പള്ളിയിൽ തന്നെ പൊയ്ക്കൊണ്ടിരുന്നു. കടപ്ര നിന്നും കോയിപ്രത്തേക്കുള്ള വഴി വളരെ ദുർഘടമായിരുന്നു. ഹിസ്രജന്തുക്കളുടെ വിഹാരരംഗവുമായിരുന്നു. അതിനാൽ യാത്രയിൽ എപ്പോഴും വേടന്മാരെ കൂട്ടിക്കൊണ്ടുപോക പതിവായിരുന്നു.

കടപ്ര വന്നതിനു ശേഷം പെരുമാളിനു് ഒരു മകൻ കൂടി ജനിച്ചു. ആ മകനെ കോയിപ്രത്തുള്ള കുടുംബാംഗങ്ങളുടെ സഹകരണത്തോടുകൂടി ചെങ്ങന്നൂർ പള്ളിയിൽ സ്നാനം കഴിപ്പിച്ചു. അങ്ങനെ ഈ കുടുംബത്തിൽ നാലാം തലമുറക്കാരായി കുഞ്ഞുമ്മൻ, പെരുമാൾ, മാത്തുള്ള എന്നു് മൂന്നു് ആൺമക്കൾ മാത്രം ഉണ്ടായിരുന്നു. മക്കളെ ദൈവവിശ്വാസത്തിലും, ഭക്തിയിലും വളർത്തിക്കൊണ്ടുവരുവാൻ മാതാപിതാക്കൾ അതീവശ്രദ്ധാലുക്കളായിരുന്നു. മക്കളുടെ വിദ്യാഭ്യാസവും, ആയുധാഭ്യാസവും പിതാവിന്റെ മേൽനോട്ടത്തിൽ തന്നെ നൽകി.

മൂത്തമകൻ കുഞ്ഞുമ്മൻ ചെറുപ്പത്തിൽ തന്നെ പുത്തൻകാവിൽ അയിരുക്കുഴിയിൽ ചേച്ചയെ വിവാഹം കഴിച്ചു. രണ്ടാമത്തെ മകൻ പെരുമാൾ കുറിയന്നൂർ ഏറാട്ടുനിന്നും വിവാഹം ചെയ്തു് കുറിയന്നൂരിൽ താമസമാക്കി. ഇളയമകൻ മാത്തുള്ള ആറന്മുള തെങ്ങുംചേരിൽ നിന്നും ഏലിയെ വിവാഹം ചെയ്തു. ഈ കാലയളവിൽ കുടുംബക്കാർ എല്ലാവരും കൂടി ആലോചിച്ചു് മൂത്തമകൻ കുഞ്ഞുമ്മനെ തറവാടിനു തൊട്ടുപടിഞ്ഞാറുവശത്തു വീടുണ്ടാക്കി



അവിടെ താമസിപ്പിച്ചു. അങ്ങനെ കുടുംബത്തിന്റെ പടിഞ്ഞാറുഭാഗത്തു വീടുവെച്ചതിനാൽ പടിഞ്ഞാറെമുറി എന്ന വീട്ടുപേരും വന്നു ചേർന്നു. ഇളയ മകൻ മാത്തുള്ളയും ഭാര്യ ഏലിയും പുളിക്കക്കുഴി തറവാട്ടിൽ മാതാപിതാക്കളോടൊപ്പം താമസിച്ചു. പടിഞ്ഞാറെ മുറിയിൽ താമസമാക്കിയ കുഞ്ഞുമ്മനു് ഒരു മകൻ ഉണ്ടായി. ആ പൈതലിനെ ചെങ്ങന്നൂർ പള്ളിയിൽ സ്നാനം കഴിപ്പിച്ചു.

കുടുംബകാര്യങ്ങൾ ക്രമമായും, ഭംഗിയായും നടന്നുവരവെ മാതാവു് അന്ന പെട്ടെന്നുണ്ടായ ഏതോ സുഖക്കേടുമൂലം 41–ാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. മൃതദേഹം വള്ളത്തേൽ ചെങ്ങന്നൂരിൽ കൊണ്ടുചെന്നു് ചെങ്ങന്നൂർ പള്ളിയിൽ അടക്കം ചെയ്തു. ഭാര്യയുടെ അകാല നിര്യാണത്തോടുകൂടി കുടുംബത്തിന്റെ ചുമതലകൾ എല്ലാം പിതാവു് മക്കളെ ഇരുവരേയും ഏല്പിച്ചു് പ്രാർത്ഥനയിലും ധ്യാനത്തിലും ഉപവാസത്തിലും സമയം ചെലവാക്കിയിരുന്നു. കുറവിലങ്ങാട്ടു് ദേവാലയത്തിലെ പെരുനാളിനു് മക്കളോടുകൂടി പതിവായി പോയി സംബന്ധിച്ചിരുന്നു. അക്കാലത്തു് അവിടെയുള്ള പൂർവ്വകുടുംബങ്ങളെ സന്ദർശിക്ക പതിവായിരുന്നു.

പിൽക്കാലത്തു് എല്ലാ ദിവസവും സായാഹ്നവേളയിൽ ധ്യാനനിമഗ്നനായി മണിക്കൂറുകൾ ചെലവുകഴിക്കുന്ന ഒരു പെരുമാൾ പിതാവിനെക്കുറിച്ചു് നാട്ടുകാരുടെ ഇടയിൽ സംസാരവിഷയമായി. ദിവസത്തിന്റെ അധികസമയവും ഏകാഗ്രതയോടുകൂടി ഈശ്വരധ്യാനത്തിൽ ഇരിക്കുന്ന പിതാവിന്റെ അടുത്തു് ധാരാളം ആളുകൾ വന്നുകൂടികൊണ്ടിരുന്നു. താൻ കണ്ണുതുറക്കുമ്പോൾ ഓരോരുത്തർ തങ്ങളുടെ ആവശ്യങ്ങൾ അറിയിക്കയും, അതിനുള്ള പ്രതിവിധി ഉടൻ ഉടൻ പറഞ്ഞുകൊടുക്കയും ചെയ്യുമായിരുന്നു. അങ്ങനെ തീരാരോഗികൾ, മാനസിക രോഗികൾ തുടങ്ങി കുടുംബ പ്രശ്നങ്ങൾ വരെയുള്ള ആളുകൾ പെരുമാൾ പിതാവിന്റെ ഉപദേശങ്ങൾ തേടുന്നതിനും അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനും, വളരെ അകലെയുള്ള

സ്ഥലങ്ങളിൽ നിന്നും വന്നു കൂടികൊണ്ടിരുന്നു. പുളിക്കക്കുഴി എന്ന വീടു് സമീപദേശത്തെ ഒരു ആശാകേന്ദ്രമായി മാറി.

വയോധികനായ പെരുമാൾ പിതാവു് മക്കളുടെയും കൊച്ചുമക്കളുടെയും സ്വഭാവരൂപീകരണത്തിൽ അതീവ ശ്രദ്ധാലുവായിരുന്നു. ജീവിത വിശുദ്ധിയിലും, ഈശ്വര വിശ്വാസത്തിലും ജീവിക്കുന്നതിനു് തന്നെ വന്നു കാണുന്നവരെ ഗുണദോഷിച്ചിരുന്നു. ഒരു സന്യാസിയുടെ ജീവിതചര്യ സ്വായത്തമാക്കിയ പിതാവിനു് തന്റെ 67–ാമത്തെ വയസ്സിൽ പെട്ടെന്നു് തളർച്ച അനുഭവപ്പെട്ടു. ദിവസങ്ങൾ കഴിയുന്തോറും ക്ഷീണം വർദ്ധിച്ചുവരികയും തന്റെ മരണ സമയം അടുത്തിരിക്കുന്നു എന്നു തനിക്കു ബോദ്ധ്യപ്പെടുകയും ചെയ്തു. അതിനാൽ തന്റെ ആഗ്രഹപ്രകാരം മക്കളെയും കൊച്ചുമക്കളെയും അരികിൽ കൂട്ടി വരുത്തി എല്ലാവരേയും ദൈവനാമത്തിൽ അനുഗ്രഹിച്ചു. പിതാവിന്റെ രോഗവിവരം അറിഞ്ഞു് ധാരാളം ആളുകൾ സന്ദർശിച്ചുകൊണ്ടിരുന്നു. കിടപ്പിലായതിന്റെ ഒൻപതാം ദിവസം താൻ ഇഹലോകവാസം വെടിഞ്ഞു.

മരണവിവരം അറിഞ്ഞു് സമീപ ദേശവാസികളും കോയിപ്രത്തുള്ള കുടുംബാംഗങ്ങളും, കൂട്ടുകുടുംബാംഗങ്ങളും പുളിക്കക്കുഴിയിൽ വന്നു കൂടി. അവരുടെ താല്പര്യപ്രകാരം മൃതദേഹം കോയിപ്രത്തു എഴുമാലി തറവാട്ടിൽ കൊണ്ടു ചെല്ലുകയും, അവിടെ നിന്നും വള്ളത്തേൽ ചെങ്ങന്നൂരേക്കു കൊണ്ടുപോകയും ചെയ്തു. ആറാട്ടുപുഴയിൽ നിന്നും ചെങ്ങന്നൂരേക്കുള്ള യാത്രയിൽ ആറന്മുള മുതൽ താഴോട്ടു് പമ്പാതീരത്തുള്ള അനേകമാളുകൾ ജാതിമത വ്യത്യാസം കൂടാതെ തങ്ങളുടെ വള്ളത്തേൽ വിലാപയാത്രയിൽ പങ്കുചേർന്നു. അങ്ങനെ പെരുമാൾ പിതാവിനേയും ചെങ്ങന്നൂർ പഴയ പള്ളിയിൽ അടക്കം ചെയ്തു.

കോയിപ്രത്തുനിന്നും പുളിക്കക്കുഴിയിൽ വന്നു താമസമാക്കിയ മൂന്നാം തലമുറ പെരുമാളിനു് മൂന്നു ആൺമക്കൾ മാത്രം നാലാം തലമുറക്കാരായി ഉണ്ടായിരുന്നു എന്നു് 



മുൻപു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിൽ മൂത്തമകൻ കുഞ്ഞുമ്മൻ പുളിക്കക്കുഴി പടിഞ്ഞാറെ മുറിയിൽ താമസമാക്കി. രണ്ടാമത്തെ മകൻ പെരുമാൾ കുറിയന്നൂരിൽ ഭാര്യാഗൃഹത്തിനടുത്തു് താമസമാക്കി. ആ കുടുംബവും, കടപ്രയുള്ള കുടുംബാംഗങ്ങളും തമ്മിൽ യാതൊരു ബന്ധവും പിൽക്കാലത്തു് പുലർത്താഞ്ഞതിനാൽ തമ്മിൽ തമ്മിൽ അറിയാനുള്ള സാഹചര്യം ഇല്ലാതെ പോയി. ആയതിനാൽ കുറിയന്നൂരിൽ താമസമാക്കിയ കുടുംബത്തെക്കുറിച്ച് യാതൊരറിവും കടപ്രയുള്ള പിൻതലമുറക്കാർക്കു ലഭിച്ചിട്ടില്ല. ഇളയ മകൻ മാത്തുള്ള പുളിക്കക്കുഴിയിൽ തന്നെ താമസിച്ചിരുന്നു. അങ്ങനെ പുളിക്കക്കുഴി പടിഞ്ഞാറെ മുറി ശാഖയെന്നും, പുളിക്കക്കുഴി ശാഖയെന്നും, രണ്ടു ശാഖകളായി തീർന്നു.

## അദ്ധ്യായം 10

# മരങ്ങാട്ടു ശാഖ

V. 1. **ഇസഹാക്കു മരങ്ങാട്ടു്-കടപ്ര**

VI. 1. **പെരുമാൾ മരങ്ങാട്ടു്-കടപ്ര**
2. വറുഗീസു് മലേമരങ്ങാട്ടു്-കുമ്പനാടു്
3. ചാക്കോ മരങ്ങാട്ടു് താഴത്തേതിൽ-കടപ്ര
4. മാമ്മൻ മരങ്ങാട്ടു്-കടപ്ര

VII. 1. **വറുഗീസു് മലേമരങ്ങാട്ടു്-കുമ്പനാടു്**
2. തോമസ് ,, ,,
3. ചാക്കോ മരങ്ങാട്ടു്-കടപ്ര
4. കുഞ്ഞച്ചൻ മരങ്ങാട്ടു് - പാലക്കാടു്
5. മത്തായി (പാപ്പി) പുളിക്കക്കുഴി-കടമ്മനിട്ട
6. തോമസ് (കുട്ടിഭാഗവതർ) പുളിക്കക്കുഴി പുത്തൻവീടു്, കടമ്മനിട്ട
7. മത്തായി മരങ്ങാട്ടു്-പാലക്കാടു്
8. കൊച്ചൂഞ്ഞു് മരങ്ങാട്ടു്-കടപ്ര
9. മാമ്മൻ ചാക്കോ മരങ്ങാട്ടു്-കടപ്ര
10. മാമ്മൻ യോഹന്നാൻ മരങ്ങാട്ടു്-കടപ്ര

VIII. 1. **തോമസ് വറുഗീസ് മലേമരങ്ങാട്ടു്-കുമ്പനാടു്**
2. തോമസ് തോമസ് ,, ,,
3. ചാക്കോ ചാക്കോ (കുട്ടി) മരങ്ങാട്ടു്-ചാച്ചിപ്പുന്ന പത്തനാപുരം
4. ചാക്കോ തോമസ് (കുഞ്ഞോമ്മ) ,, ,,
5. ഉണ്ണൂണ്ണി മരങ്ങാട്ടു്-പുന്നല, പത്തനാപുരം
6. ചാക്കോ ജോർജ്ജ് മരങ്ങാട്ടു്- പൂവൻകുളഞ്ഞി, പത്തനാപുരം
7. വറുഗീസ് ചാക്കോ മരങ്ങാട്ടു്-കരിമ്പ P. O. പാലക്കാടു്



8. വറുഗീസ് ജോൺ മരങ്ങാട്ടു്-പാലക്കാടു്
9. വറുഗീസ് തോമസ് മരങ്ങാട്ടു് ,,
10. മത്തായിചാക്കോ (കുഞ്ഞൂട്ടി) പുളിക്കക്കുഴി-കടമ്മനിട്ട
11. മത്തായി ജോർജ്ജ് ,,
12. തോമസ് ചാക്കോ പുളിക്കക്കുഴി പുത്തൻവീടു്-കടമ്മനിട്ട
13. തോമസ് ജോർജ്ജ് പുളിക്കക്കുഴി പുത്തൻവീടു്-കടമ്മനിട്ട
14. തോമസ് തോമ്മസ് ,, ,,
15. തോമസ് ഐസക്ക് ,, ,,
16. കൊച്ചുകുഞ്ഞുമാമ്മൻ മരങ്ങാട്ടു്-കടപ്ര
17. ചാക്കോ മാമ്മൻ (കുഞ്ഞൂഞ്ഞു്) ,, ,,
18. ചാക്കോ ഏബ്രഹാം (കുട്ടപ്പൻ) ,, ,,
19. ചാക്കോ ജോർജ്ജ് ,, ,,

IX. 1. **തോമസ് എം. ജോർജ് മരങ്ങാട്ടു്-കുമ്പനാടു്**
2. തോമസ് മാത്യു (ബേബിക്കുട്ടി) ,, ,,
3. ചാക്കോ ഇസഹാക്ക് (ബേബി) മരങ്ങാട്ടു്-ഇടക്കുളം, മലബാർ
4. തോമസ് ഇസഹാക്ക് (കുഞ്ഞൂട്ടി) മരങ്ങാട്ടു്-ചാച്ചിപ്പുന്ന
5. ചാക്കോ (കുഞ്ഞുമോൻ) മരങ്ങാട്ട്-പത്തനാപുരം
6. ജോർജ്ജ് വറുഗീസ് (രാജു) മരങ്ങാട്ടു് ,,
7. ചാക്കോ വറുഗീസ് മരങ്ങാട്ടു് -കരിമ്പ പാലക്കാടു്
8. മാമ്മൻ അലക്സാണ്ടർ മരങ്ങാട്ടു്-കടപ്ര

# ശാഖതിരിച്ചുള്ള വംശാവലി ചരിത്രം

## പുളിക്കക്കുഴിയിൽ പടിഞ്ഞാറെ മുറിയിൽ ശാഖ

പുളിക്കക്കുഴിയിൽ താമസമാക്കിയ പെരുമാളിന്റെയും ആച്ചിയുടെയും മൂത്തമകൻ കുഞ്ഞുമ്മൻ ഭാര്യ ചേച്ചയോടുകൂടി പടിഞ്ഞാറെ മുറിയിൽ മാറിതാമസിച്ചു എന്നു് മുൻപ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇവർക്കു് ഇസ്സഹാക്ക്, പെരുമാൾ, വറുഗീസ്, കുഞ്ഞുമ്മൻ എന്നു് നാലു് ആൺമക്കളും, ഒരു മകളും, അഞ്ചാം തലമുറക്കാരായി ഉണ്ടായിരുന്നു. ഈശ്വരഭക്തനും, അദ്ധ്വാനശീലനുമായിരുന്ന കുഞ്ഞുമ്മൻ മക്കളുടെ സ്വഭാവരൂപീകരണത്തിൽ അതീവ തല്പരനായിരുന്നു. ആരാധനയ്ക്കായി ചെങ്ങന്നൂർ പഴയ സുറിയാനിപ്പള്ളിയിൽ പൊയ്ക്കൊണ്ടിരുന്നു. വളരെ അകലെ പോയി ആരാധനയിൽ സംബന്ധിക്കുന്നതിന്റെ വൈഷമ്യം നമ്മുടെ കുടുംബത്തെപ്പോലെ മറ്റനേക കുടുംബക്കാരും അനുഭവിച്ചിരുന്നു. ആയതിനാൽ സമീപദേശത്തു് ഒരു പള്ളി സ്ഥാപിക്കണമെന്നുള്ള ആഗ്രഹം എല്ലാവരും പ്രകടിപ്പിക്കയും അതിനുള്ള ആലോചനയോഗത്തിൽ കുഞ്ഞുമ്മൻ പിതാവുകൂടി ഉൾപ്പെട്ടിരുന്നു. മകൾ ആച്ചിയെ ചെങ്ങന്നൂർ തോപ്പിൽ വിവാഹം കഴിപ്പിച്ചു. മൂത്തമകൻ ഇസഹാക്ക് പൂവത്തൂർ കക്കാട്ടു് വീട്ടിൽ അന്നമ്മയെ വിവാഹം ചെയ്തു് കടപ്ര മരങ്ങാട്ടു താമസമാക്കി. രണ്ടാമത്തെ മകൻ പെരുമാൾ കുറിയന്നൂരിൽ നിന്നും സാറായെ വിവാഹം കഴിച്ചു് കടപ്ര കുറ്റിയിൽ താമസമാക്കി. മൂന്നാമത്തെ മകൻ വറുഗീസ് കല്ലൂപ്പാറ കരിമ്പിൽ കൊച്ചുപെണ്ണിനെ വിവാഹം കഴിച്ചു് കടപ്ര പടിഞ്ഞാറെ പൊയ്കയിൽ താമസമാക്കി. ഇളയ മകൻ കുഞ്ഞുമ്മൻ കല്ലൂപ്പാറനിന്നും ഏലിയെ വിവാഹം ചെയ്തു് പടിഞ്ഞാറെ മുറി തറവാട്ടിൽ താമസിച്ചു.

കാര്യപ്രാപ്തനും, കുടുംബ സ്നേഹിയുമായിരുന്ന കുഞ്ഞുമ്മൻ 68-ാമത്തെ വയസ്സിലും ഭാര്യ ചേച്ച 63-ാമത്തെ വയസ്സിലും നിര്യാതരായി. ചെങ്ങന്നൂർ പഴയ പള്ളിയിൽ തന്നെ അടക്കം ചെയ്തു.



## പുളിക്കക്കുഴി പടിഞ്ഞാറെ മുറിയിൽ ശാഖയിൽ മരങ്ങാട്ടു കുടുംബം

### V. 1. ഇസഹാക്കു് മരങ്ങാട്ടു് – കടപ്ര

പുളിക്കക്കുഴി പടിഞ്ഞാറെ മുറിയിൽ പെരുമാളിന്റെ സീമന്തപുത്രൻ ഇസ്സഹാക്കു് പൂവത്തൂർ കക്കാട്ടു് വീട്ടിൽ അന്നയെ വിവാഹം ചെയ്തു കടപ്ര മരങ്ങാട്ടു് താമസമാക്കി. ഇവർക്കു് പെരുമാൾ, വറുഗീസ്, ചാക്കോ, മാമ്മൻ, എന്നു് നാലു് ആൺമക്കളും, മറിയ, റാഹേൽ, ശോശ, അന്ന, എന്നു് നാലു് പെൺമക്കളും ഉണ്ടായിരുന്നു. മകൾ മറിയയെ കുറിയന്നൂർ കൊന്നനില്ക്കുന്നതിലും, റാഹേലിനെ കല്ലൂപ്പാറ കരിമ്പിലും, ശോശയെ തുരുത്തിക്കാട്ടിൽ കിഴക്കേതിലും, അന്നയെ ഇടയാറന്മുള കാവുമ്പാട്ടും വിവാഹം കഴിപ്പിച്ചു. 5-ാം തലമുറ ഇസ്സഹാക്കു് 71-ാം വയസ്സിലും, ഭാര്യ 58-ാം വയസ്സിലും ഇഹലോകവാസം വെടിഞ്ഞു. ഇരുവരേയും പുത്തൻകാവു് യാക്കോബായ പള്ളിയിൽ അടക്കം ചെയ്തു.

### VI. 1. പെരുമാൾ മരങ്ങാട്ടു്–കടപ്ര

കടപ്ര മരങ്ങാട്ടു് ഇസ്സഹാക്കു മകൻ പെരുമാൾ പൂവത്തൂർ ആറങ്ങാട്ടു നിന്നും ഏലിയെ വിവാഹം ചെയ്തു് കടപ്ര മരങ്ങാട്ടു തന്നെ താമസിച്ചു. ഇവർക്ക് മറിയ, അന്ന, കൊച്ചേലി, കൊച്ചുമറിയ, സാറ, ആച്ചി എന്നു് ആറു പെൺമക്കൾ മാത്രം. മറിയയെ വീയപുരത്തു് ഇലഞ്ഞപറമ്പിൽ കിഴക്കേതിലും, അന്നയെ തലവടിയിലും, കൊച്ചേലിയെ കടപ്ര കോരേത്തും, കൊച്ചുമറിയാമ്മയെ ആറന്മുള മ്പാമൂട്ടിലും, സാറാമ്മയെ കിടങ്ങന്നൂർ ചാങ്ങച്ചേത്തും, ആച്ചിയെ മുളക്കുഴ ഇരട്ടകുളങ്ങരയും, വിവാഹം കഴിപ്പിച്ചു. പിൽക്കാലത്തു് മറിയയും കുടുംബവും കടപ്ര കുഴിയടത്തിൽ പുരയിടം വാങ്ങി താമസമാക്കി. പെരുമാൾ 63-ാം വയസ്സിലും ഭാര്യ ഏലി 57-ാം വയസ്സിലും നിര്യാതരായി. ഇരുവരേയും പുത്തൻകാവു് പള്ളിയിൽ അടക്കം ചെയ്തു.

### VI. 2. വറുഗീസ് - പുളിക്കക്കുഴി മലേമരങ്ങാട്ടു്

കടപ്ര മരങ്ങാട്ടു് ഇസ്സഹാക്കു് മകൻ വറുഗീസ് മാരാമണ്ണ് ആന്താര്യേത്തു നിന്നും സാറാമ്മയെ വിവാഹം കഴിച്ചു. ഈ കുടുംബം കടപ്ര നിന്നും, ചേന്ദമല മലേമരങ്ങാട്ടു് മാറിതാമസിച്ചു. ഇവർക്കു വറുഗീസ്, തോമസ്, ആച്ചി, അന്ന, മറിയ, എന്നു് അഞ്ചു സന്താനങ്ങൾ ജനിച്ചു. ആച്ചിയെ തുകലശ്ശേരി വടക്കേടത്തും, അന്നയെ ആനപ്രാമ്പാൽ പരുത്തിമൂട്ടിൽ മുണ്ടകത്തിലും, മറിയയെ കുറ്റൂർ കിണറ്റുകാലായിലും, വിവാഹം കഴിപ്പിച്ചു. വറുഗീസ് 58-ാം വയസ്സിലും, ഭാര്യ സാറ 64-ാം വയസ്സിലും നിര്യാതരായി. ഇരുവരെയും കുമ്പനാടു് പള്ളിയിൽ അടക്കംചെയ്തു.

### VII. 1. വറുഗീസ് - മലേമരങ്ങാട്ടു്, ചേന്ദമല

മലേമരങ്ങാട്ടു് വറുഗീസിന്റെ മൂത്തമകൻ വറുഗീസ് കുമ്പനാടു് കണ്ടത്തിൽ ഏലിയാമ്മയെ വിവാഹം കഴിച്ചു മലേമരങ്ങാട്ടു മാറിതാമസിച്ചു. ഇവർക്കു പൊടിപെണ്ണ്, തങ്കമ്മ, കൊച്ചു്, എന്നു് മൂന്നു പെൺമക്കൾ മാത്രം. പൊടിപെണ്ണിനെ ഓതറ പരുത്തിമൂട്ടിലും, തങ്കമ്മ, കൊച്ചു് എന്നീ പുത്രിമാരെ കടപ്ര നാലുപറയിൽ ഉണ്ണിമക്കൾ കുട്ടി, പാപ്പി എന്നിവരും വിവാഹം കഴിച്ചു. ഇവർ മൂവരും കുടുംബ സമേതം തൃശൂരിൽ താമസിക്കുന്നു. വറുഗീസ് 77-ാം വയസ്സിലും ഏലിയാമ്മ 75-ാം വയസ്സിലും നിര്യാതരായി, തൃശ്ശൂർ ശാബത് മിഷ്യൻ സെമിത്തേരിൽ അടക്കം ചെയ്തു.

### VII. 2. വറുഗീസ് തോമസ്-മലേമരങ്ങാട്ടു്, ചേന്ദമല

മലേമരങ്ങാട്ടു് വറുഗീസിന്റെ ഇളയമകൻ തോമസു് പെണ്ണുക്കര വലിയ കാലായിൽ ഇടിക്കുള മകൾ മറിയാമ്മയെ വിവാഹം കഴിച്ചു മലേമരങ്ങാട്ടു താമസമാക്കി. ഇവർക്കു് വറുഗീസ്, തോമസ്, സാറാമ്മ, ഏലിയാമ്മ, മറിയാമ്മ എന്നു് അഞ്ചു മക്കൾ. സാറാമ്മയെ വള്ളംകുളത്തു് തയ്യിപ്പറമ്പിൽ ഗീവറുഗീസും, ഏലിയാമ്മയെ കുമ്പനാട്ടു് ഓവനാലിൽ വറുഗീസും, മറിയാമ്മയെ പാമ്പാടിയിൽ പുളിമൂട്ടിൽ ജോസഫും വിവാഹം കഴിച്ചു. അരോഗ ദൃഢഗാത്രനും, അദ്ധ്വാന ശീലനും ആയിരുന്ന തോമസ് വാർദ്ധക്യസഹജമായ സുഖക്കേടിനാൽ 1970-ൽ തന്റെ 84-ാം വയ



സ്സിലും, അതിഥി സൽക്കാരപ്രിയയും താഴ്മയുള്ളതുമായ ഭാര്യ മറിയാമ്മ 1980-ൽ 93-ാം വയസ്സിലും നിര്യാതരായി. ഇവരുടെ ശവസംസ്കാരം പൂവത്തൂർ ഐ. പി. സി. സെമിത്തേരിൽ നടത്തി.

### VIII. 1. തോമസു് വറുഗീസു് - മലേമരങ്ങാട്ടു് ചേന്ദമല.

മലേമരങ്ങാട്ടു് തോമസു് മകൻ വറുഗീസു് പൂവത്തൂർ തുണ്ടിയിൽ ഏബ്രഹാം മകൾ കുഞ്ഞമ്മയെ വിവാഹം കഴിച്ചു 1935 ൽ 23-ാം വയസ്സിൽ സന്താനരഹിതനായി നിര്യാതനായി. കുമ്പനാടു് ശാലേം മാർത്തോമ്മാ പള്ളിയിൽ സംസ്കരിച്ചു.

### VIII. 2. മലേമരങ്ങാട്ടു് തോമസിൻെറ മകൻ തോമസു്.

പുല്ലാട്ടു് കടമ്മേത്തു പറമ്പിൽ തോമസിന്റെ മകൾ സാറാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് എം. ജോർജു് (സണ്ണി) ജോണി, മാത്യു തോമസു് (ബേബികുട്ടി) ശാമുതോമസു് (മോനി) മേരിക്കുട്ടി, ബീന(സാലി) എന്നു് ആറു മക്കൾ. ജോണി ചെറുപ്പത്തിൽ തന്നെ നിര്യാതനായി. മേരിക്കുട്ടിയെ റാന്നിയിൽ മുള്ളൻകാട്ടിൽ പൊടിയച്ചൻ മകൻ കുഞ്ഞുമോൻ വിവാഹം കഴിച്ചു. സാലി കോളേജു് വിദ്യാർത്ഥിനിയാണു്. മോനി അവിവാഹിതനായി പിതാവിനോടൊപ്പം താമസിക്കുന്നു.

മരങ്ങാട്ടു് എം. റ്റി. തോമസു് (കുഞ്ഞൂട്ടി) എഴുമാലി കുടുംബയോഗത്തിന്റെ പ്രാരംഭകാലം മുതൽ കമ്മറ്റി മെമ്പർ, ജോയിന്റ് സെക്രട്ടറി എന്നീ നിലകളിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കുടുംബചരിത്ര രചനയ്ക്കു ഏറ്റവും കൂടുതൽ അദ്ധ്വാനിച്ചിട്ടുള്ള നാലു പേരുടെ കൂട്ടത്തിൽ എം. റ്റി. തോമസും ഉൾപ്പെടുന്നുണ്ടു് പൂവത്തൂർ ഐ. പി. സി സഭയുടെ സെക്രട്ടറിയുമായി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ടു്.

### IX. 1. മലേമരങ്ങാട്ട് എം. റ്റി. തോമസിൻെറമകൻ എം. ജോർജ് B. Sc. (സണ്ണി) ജനനം. 22-6-1944.

കുറിയന്നൂർ മഴഞ്ചേരിൽ പാസ്റ്റർ എം. സി. മാത്യുവിന്റെ മകൾ ലീലാമ്മ B. Com. നെ വിവാഹം കഴിച്ചു. ഇവർ ഇരുവരും ബുക്കാറോ കൺസ്ട്രക്ഷൻ ലിമിറ്റഡിൽ ഉദ്യോഗസ്ഥരാണു്. ശ്രീ. ജോർജ് ബുക്കാറോ I.P.C. സഭയുടെ സ്ഥാപക നേതാവും ഇപ്പോൾ ആ സഭയുടെ സെക്രട്ടറി

യുമായി പ്രവർത്തിക്കുന്നു. ഇവർക്കു് ഗ്ലോബിമോൻ, ഗ്ലൈനിമോൾ, ഗ്ലോസിമോൾ എന്നു് മൂന്നു മക്കൾ. ഇവർ വിദ്യാർത്ഥികളാണു്.

**IX. 2. മലേമരങ്ങാട്ടു് എം.റി.തോമസിൻെറ മകൻ മാത്യു (ബേബികുട്ടി) ജനനം 15–6–1952.**

വെൺമണി പുളിക്കൽ ശമുവേൽ മകൾ സൂസമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ഷിനോജ്മോൻ എന്നു് ഒരു മകൻ ഉണ്ടു്. ബേബിക്കുട്ടി ഉദ്യോഗാർത്ഥം സൗദി അറേബ്യയിൽ ആണു്.

**VI. 3. മരങ്ങാട്ടു താഴത്തേതിൽ ഇസഹാക്കു മകൻ ചാക്കോ, കട്പ്ര:** കോടുകുളഞ്ഞിയിൽ നിന്നും ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ചാക്കോ (കൊച്ചു കുഞ്ഞു്) കുഞ്ഞച്ചൻ, മത്തായി (പാപ്പി) വറുഗീസു് (കുട്ടി ഭാഗവതർ) കൊച്ചുപെണ്ണു്, അന്നമ്മ, ശോശാമ്മ, റാഹേലമ്മ എന്നു് എട്ടു മക്കൾ ഉണ്ടായിരുന്നു. കൊച്ചു പെണ്ണിനെ അയിരൂരും, അന്നമ്മയെ കാട്ടൂരും, ശോശാമ്മയെ മല്ലപ്പള്ളിയിലും, റാഹേലിനെ കുമ്പനാടു് ചെമ്പനാലിലും വിവാഹം കഴിപ്പിച്ചു. ഇസ്സഹാക്കു ചാക്കോ 63–ാം വയസിലും ഭാര്യ ഏലിയാമ്മ ചാക്കോ 81–ാം വയസിലും നിര്യാതരായി. ഇവരെ കുമ്പനാടു് ശാലേം മാർത്തോമ്മാ പള്ളിയിൽ അടക്കം ചെയ്തു.

**VII. 3. മരങ്ങാട്ടു ചാക്കോ മകൻ ചാക്കോ–കട്പ്ര.**

പെണ്ണുക്കര കല്ലുമാടിയിൽ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു ചാക്കോ, തോമസു്, ഉണ്ണൂണ്ണി, ജോർജ്ജ്, പെണ്ണമ്മ എന്നു അഞ്ചു് സന്താനങ്ങൾ. പെണ്ണമ്മയെ പട്ടാഴിയിൽ യോഹന്നാൻ വിവാഹം കഴിച്ചു. ചാക്കോ ചാക്കോയിക്കു കുടുംബവകയായി ചേന്ദമല പുരയിടം അവകാശം ലഭിച്ചു. എങ്കിലും ടി സ്ഥലം വിറ്റു് പത്തനാപുരത്തു് പുന്നല, ചാച്ചിപ്പുന്ന* എന്ന സ്ഥലത്തു വസ്തു സമ്പാദിച്ചു് കുടുംബമായി താമസിച്ചു. ചാക്കോ 73–ാം വയസിലും. ശോശാമ്മ 78–ാം വയസിലും നിര്യാതരായി. ഇവരെ ചാച്ചിപ്പുന്ന മാർത്തോമ്മാ സെമിത്തേരിയിൽ അടക്കം ചെയ്തു.



**VIII. 3. ചാക്കോ ചാക്കോ (കുട്ടി) മരങ്ങാട്ടു്–ചാച്ചിപ്പുന്ന, പത്തനാപുരം.**

പത്തനാപുരത്തു് മാക്കളത്തു മറിയാമ്മയെ വിവാഹം കഴിച്ചു. ഇസഹാക്ക് (ബേബി) തങ്കമ്മ, ചിന്നക്കുട്ടി, അമ്മിണി, പൊടിയമ്മ എന്നു് അഞ്ചു് മക്കൾ. തങ്കമ്മയെ പുന്നലയും, ചിന്നക്കുട്ടിയെ തിരുവല്ലായിലും, അമ്മിണിയെ കറവൂരും, പൊടിയമ്മയെ കറവൂരും വിവാഹം കഴിപ്പിച്ചു. ചാക്കോ കുടുംബസഹിതം മലബാറിൽ ഇടക്കുളത്തു മരങ്ങാട്ടു എന്ന പേരിൽ താമസിക്കുന്നു.

**XI. 3. ചാക്കോ ഇസ്ഹാക്കു് (ബേബി)മരങ്ങാട്ടു്–ഇടക്കുളം മലബാർ**

പുനലൂർ വിളക്കുവട്ടത്തു നിന്നും തങ്കമ്മയെ വിവാഹം കഴിച്ചു. ഇവർക്കു ഒരു പുത്രനും രണ്ടു പുത്രിമാരും സന്താനങ്ങളായിട്ടുണ്ടു്. അവർ വിദ്യാർത്ഥികളാണു്.

**VIII. 4. ചാക്കോതോമസ് (കുഞ്ഞോമ്മ)മരങ്ങാട്ട്–ചാച്ചിപുന്ന**

പത്തനാപുരത്തു നിന്നും അന്നമ്മയെ വിവാഹം ചെയ്തു. ഇസഹാക്ക് (കുഞ്ഞൂട്ടി) എന്നൊരു ഏകമകൻ മാത്രം.

**IX. 4. തോമസ് ഇസഹാക്കു് (കുഞ്ഞൂട്ടി) മരങ്ങാട്ടു്–ചാച്ചിപ്പുന്ന**

പത്തനാപുരം ഇടമണ്ണിൽ നിന്നും അമ്മിണിയെ വിവാഹം കഴിച്ചു. ഇവർക്കു റോസമ്മ, ജോയി, ജിജി, സജി സാംകുട്ടി, റോയി, കൊച്ചുമോൻ എന്നു് ഏഴ് സന്താനങ്ങൾ ഉണ്ടു്. റോസമ്മയെ പന്തളത്തു് വിവാഹം കഴിപ്പിച്ചു. ശേഷമുള്ളവർ വിദ്യാർത്ഥികളും അവിവാഹിതരുമായി മാതാപിതാക്കളോടൊപ്പം താമസിക്കുന്നു.

**VIII. 5. ഉണ്ണൂണ്ണി മരങ്ങാട്ടു്–പുന്നല, പത്തനാപുരം.**

പട്ടാഴിയിൽനിന്നും ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു അമ്മിണി, പൊന്നമ്മ, ജോയി, തങ്കച്ചൻ, ബാബു, രാജൂ എന്നു് ആറു് സന്താനങ്ങൾ ഉണ്ടു്. അമ്മിണിയെ

ഹരിപ്പാട്ടു ജോണും, പൊന്നമ്മയെ പുന്നലയും വിവാഹം കഴിപ്പിച്ചു. ബാക്കിയുള്ളവർ വിദ്യാർത്ഥികളും അവിവാഹിതരും ആയി കുടുംബത്തിൽ താമസിക്കുന്നു.

### VIII. 6. ചാക്കോ ജോർജ്ജ് മരങ്ങാട്ടു്– പൂവൻകുളഞ്ഞി, പത്തനാപുരം.

ഏഴംകുളത്തു നിന്നും റാഹേലമ്മയെ വിവാഹം ചെയ്തു. ഇവർക്കു് കുഞ്ഞുമോൾ ,സൂസി, കുഞ്ഞുമോൻ, രാജൂ, അച്ചൻകുഞ്ഞു് എന്നു് അഞ്ചു മക്കൾ. കുഞ്ഞുമോളെ ചാലിയേക്കരയും, സൂസിയെ പുന്നലയും വിവാഹം കഴിച്ചു. ശേഷിച്ചവർ കുടുംബത്തു താമസിക്കുന്നു.

### IX. 5. ചാക്കോ (കുഞ്ഞുമോൻ) മരങ്ങാട്ടു്– പത്തനാപുരം.

രാജഗിരിയിൽ നിന്നും ലീലാമ്മയെ വിവാഹം കഴിച്ചു ഇവർക്കു രണ്ടു സന്താനങ്ങൾ ജനിച്ചിട്ടുണ്ടു്. കുടുംബസഹിതം പത്തനാപുരത്തു താമസിക്കുന്നു.

### IX. 6. ജോർജ്ജ് വറുഗീസ് (രാജു) മരങ്ങാട്ടു്– പത്തനാപുരം.

കടമ്പനാട്ടു നിന്നും മറിയാമ്മയെ വിവാഹം കഴിച്ചു ഇവർ പത്തനാപുരത്തു താമസിക്കുന്നു.

### VII. 4. ചാക്കോ മകൻ കുഞ്ഞച്ചൻ മരങ്ങാട്ടു്– പാലക്കാടു്.

കോടുകുളഞ്ഞിയിൽ കാഞ്ഞിരത്തു വടക്കേൽ സാറാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു ചാക്കോ, ജോൺ, തോമസ്, അന്നമ്മ, തങ്കമ്മ, ശോശാമ്മ എന്നു് 6 മക്കൾ. അന്നമ്മയെ പേരൂർക്കാവിൽ വറുഗീസ് മകൻ മാത്തുക്കുട്ടിയും തങ്കമ്മയെ മല്ലപ്പള്ളി പരിയാരത്തു തുരുത്തിമേപ്രത്തു് തോമസു് മകൻ കുര്യനും ശോശാമ്മയെ പാലാംപറമ്പിൽ വറുഗീസും വിവാഹം കഴിച്ചു. വറുഗീസും ഭാര്യ സാറാമ്മയും വാർദ്ധക്യത്തിൽ നിര്യാതരായി. ഇരുവരേയും പാലക്കാടു് കരിമ്പ മാർത്തോമ്മാ പള്ളിയിൽ സംസ്കരിച്ചു.



### VIII. 7. A വറുഗീസ് മകൻ ചാക്കോ മരങ്ങാട്ടു്– കരിമ്പ P. O., പാലക്കാടു്.

തിരുവല്ലാ കിഴക്കൻമുത്തൂർ കുന്നുംപുറത്തു് ഏബ്രഹാം മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു വറുഗീസു്, ഏബ്രഹാം, തോമസു്, സാറാമ്മ, തങ്കമ്മ, ലീലമ്മ എന്നു് 6 മക്കൾ. സാറാമ്മയെ തരിശിൽ പാടിക്കൽ ഡൊമിനിക്കു് മകൻ കുട്ടപ്പാച്ചിയും, തങ്കമ്മയെ നടുതൊട്ടിയിൽ ഏലിയാസു് മകൻ തങ്കച്ചനും, ലീലമ്മയെ ഓടത്തിൽ ചോട്ടിൽ കുര്യാക്കോസു് മകൻ വർഗീസും വിവാഹം കഴിച്ചു. ഏബ്രഹാം, തോമസ് ഇവർ അവിവാഹിതരാണ്.

### IX. 7. A ചാക്കോ മകൻ വറുഗീസ് മരങ്ങാട്ടു്– കരിമ്പ P. O.

കാഞ്ഞിരപ്പുഴയിൽ മാടപ്പള്ളിൽ ശമുവേൽ മകൾ എൽസിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു ബാബു, ബിനി, എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ടു്.

### VIII. 8. A വറുഗീസ് മകൻ ജോൺ മരങ്ങാട്ടു്– പാലക്കാടു്.

കുന്നേൽ പാപ്പി മകൾ മേരിയെ വിവാഹം കഴിച്ചു. ഇവർക്കു ലീലാമ്മ, ലില്ലി എന്ന് രണ്ടു മക്കൾ. ലില്ലി വിദ്യാർത്ഥിനിയാണു്. ലീലാമ്മയെ പാലക്കയം കുപ്പക്കരെയിൽ ചാക്കോ മകൻ മാത്തുക്കുട്ടി വിവാഹം കഴിച്ചു. ജോൺ നിര്യാതനായി. കരിമ്പ മാർത്തോമ്മാപ്പള്ളിയിൽ സംസ്കരിച്ചു.

### VIII. 9. A. വറുഗീസ് മകൻ തോമസ് മരങ്ങാട്ടു്– പാലക്കാടു്.

ചിറക്കൽ പറമ്പിൽ കുര്യാക്കോസു മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു ജോണി, സാബു, കുഞ്ഞുമോൾ, വത്സമ്മ, സാലി എന്നു് അഞ്ചു മക്കളിൽ ജോണി ശൈശവത്തിൽ നിര്യാതനായി. കുഞ്ഞുമോളെ പാലക്കാടു പുത്തൻ പറമ്പിൽ ജോൺ മകൻ ജയിക്കബ് വിവാഹം കഴിച്ചു. ബാക്കിയുള്ളവർ വിദ്യാർത്ഥികളാണു്.

## VII. 5. ചാക്കോ മത്തായി (പാപ്പി) പുളിക്കക്കുഴി കടമ്മനിട്ട.

തട്ടയ്ക്കാട്ടു് കയ്യാലയ്ക്കകത്തു് സാറാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ഏലിയാമ്മ, ചാക്കോ (കുഞ്ഞൂട്ടി) ജോർജ്ജ് എന്നു് മൂന്നു മക്കൾ. ഏലിയാമ്മയെ കുറിയന്നൂർ കുരല്ലൂർ എബ്രഹാം മകൻ ജോർജിനെ കൊണ്ടു വിവാഹം കഴിപ്പിച്ചു. സാറാമ്മ മത്തായി 1981-ലും ചാക്കോ മത്തായി 1983 ലും നിര്യാതരായി. ഇവരെ കടമ്മനിട്ട മാർത്തോമ്മാ പള്ളിയിൽ സംസ്കരിച്ചു.

## VIII. 7. മത്തായി ചാക്കോ (കുഞ്ഞൂട്ടി) പുളിക്കക്കുഴി-കടമ്മനിട്ട.

നെല്ലിക്കാലായിൽ വലിയപറമ്പിൽ എബ്രഹാം മകൾ കുഞ്ഞമ്മയെ വിവാഹം ചെയ്തു. റോസമ്മ, സൂസമ്മ, ജെസ്സി, സിസ്സിലി, ജോയിയമ്മ, മാത്യു എന്നു് ആറു മക്കൾ. റോസമ്മയെ അയിരൂർ പത്തിയപറമ്പിൽ മത്തായി മകൻ മാത്യുവും, സൂസമ്മയെ വയലത്തല പാമ്പാക്കഴിയിൽ തോമസും ജെസ്സിയെ കടമ്മനിട്ട മാടപ്പള്ളിൽ ദാനിയേലിന്റെ മകനും വിവാഹം കഴിച്ചു. ശേഷിച്ചവർ വിദ്യാർത്ഥികളും മാതാപിതാക്കളോടൊപ്പം താമസിക്കുന്നു.

## VIII. 8 മത്തായി ജോർജ്ജ് പുളിക്കക്കുഴി-കടമ്മനിട്ട.

മാവേലിക്കര കാമ്പശ്ശേരിൽ വടക്കേതിൽ സൈമൺ മകൾ തങ്കമ്മയെ വിവാഹം ചെയ്തു. സാറാമ്മ, ഗ്രേസി, മേഴ്സി വത്സ, എന്നു് നാലു് പെൺമക്കൾ മാത്രം. സാറാമ്മയെ പൂവൻമല പുത്തേത്തു് അലക്സിനെ കൊണ്ടു് വിവാഹം കഴിപ്പിച്ചു. ബാക്കിയുള്ളവർ കുടുംബത്ത് താമസിക്കുന്നു.

## VII. 6. ചാക്കോ തോമസ് (കുട്ടിഭാഗവതർ) പുളിക്കക്കുഴി പുത്തൻ വീടു്-കടമ്മനിട്ട.

മുണ്ടിയപ്പള്ളിൽ കരിപ്പുകുഴിയിൽ റാഹേലമ്മയെ വിവാഹം ചെയ്തു. ഏലിയാമ്മ, അന്നമ്മ, മേരി, ചാക്കോ, ജോർജ്ജ്, തോമസു്, ഐസക്കു് എന്നു് ഏഴുമക്കൾ ഏലിയാമ്മയെ കടമ്മനിട്ട കക്കാട്ടുകര വറുഗീസും, അന്നമ്മയെ കൈപ്പട്ടൂർ തോണ്ടലിൽ മാമ്മനും, മേരിയെ കടമ്മനിട്ട കുരീച്ചിക്കയിൽ കുഞ്ഞൂഞ്ഞും വിവാഹം കഴിച്ചു.



ചാക്കോ തോമസ് നിര്യാതനായി. കടമ്മനിട്ട മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VIII. 9. തോമസ് ചാക്കോ പുളിക്കക്കുഴി പുത്തൻവീടു്-കടമ്മനിട്ട.

തുമ്പമൺ തെക്കിൽ ഇടിക്കുള മകൾ സാറാമ്മയെ വിവാഹം ചെയ്തു. ചാക്കോ, ജയിക്കബു്, തോമസ്, ഐസക്ക്, സൈമൺ, എന്നു് അഞ്ചു് മക്കൾ വിദ്യാർത്ഥികളായി മാതാപിതാക്കളോടൊപ്പം താമസിക്കുന്നു.

## VIII 10. തോമസ് ജോർജ് പുളിക്കക്കുഴി പുത്തൻവീടു-കടമ്മനിട്ട.

പ്രക്കാനത്തു് കാഞ്ഞിരംനിൽക്കുന്നതിൽ തോമസു് മകൾ കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ഷാജി, ഉഷ, ഷീജ, ഷൈനി, എന്നു് നാലു് മക്കളും വിദ്യാർത്ഥികളായി മാതാപിതാക്കളോടൊപ്പം താമസിക്കുന്നു.

## VIII. 11. തോമസ് തോമസ് പുളിക്കക്കുഴി പുത്തൻ വീടു്-കടമ്മനിട്ട.

തലച്ചിറ ഇല്ലത്തുപറമ്പിൽ എബ്രഹാം മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഷൈനാ, ഷീന, എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ടു്.

## VIII. 12 തോമസ് ഐസക്കു് പുളിക്കക്കുഴി പുത്തൻ വീടു്-കടമ്മനിട്ട.

അടൂർ വടക്കെ വീട്ടിൽ ഗീവറുഗീസു് മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്കു് സാലി എന്നൊരു മകൾ വിദ്യാർത്ഥിയായുണ്ടു്.

## VI. 4. ഇസഹാക്കു മാമ്മൻ മരങ്ങാട്ടു്-കടപ്ര.

പുന്നയ്ക്കാട്ടുനിന്നും വിവാഹം കഴിച്ചു. മത്തായി, കൊച്ചുകുഞ്ഞു്, ചാക്കോ, യോഹന്നാൻ എന്നു് നാലു് ആൺ മക്കളും 4 പെൺമക്കളും ഉണ്ടായിരുന്നു. ഇസഹാക്കും ഭാര്യയും മരിച്ചു. കുമ്പനാട്ടു് വല്യപള്ളിയിൽ അടക്കം ചെയ്തു.

**VII 7. മത്തായി മരങ്ങാട്ടു്-പാലക്കാടു്.**

പുന്നക്കാട്ടു നിന്നും വിവാഹം കഴിച്ചു് പത്തനാപുരത്തു താമസമാക്കി. അവിടെ നിന്നും പാലക്കാട്ടു വസ്തു സമ്പാദിച്ചു് അവിടെ സ്ഥിരതാമസമാക്കി. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

**VII 8. കൊച്ചുകുഞ്ഞു മരങ്ങാട്ടു്-കടപ്ര.**

തോട്ടപ്പുഴശ്ശേരിൽ മാത്തിൽ ഫിലിപ്പ് മകൾ ശോശാമ്മയെ വിവാഹം ചെയ്തു. മറിയാമ്മ, ഏലിയാമ്മ, തങ്കമ്മ, പൊടിയമ്മ, മേരി, മാമ്മൻ എന്നു് ആറുമക്കൾ. മറിയാമ്മയെ കവിയൂർ പൂതിക്കുളത്തും, ഏലിയാമ്മയെ കവിയൂർ തേവേലിക്കരയും, തങ്കമ്മയെ മീനടത്തു് ചക്കാലക്കുഴിയിലും, പൊടിയമ്മയെ തിരുവല്ലാ തുണ്ടിപറമ്പിലും, മേരിയെ കീഴ്‌വായ്പൂരു് പുത്തൻ വീട്ടിലും വിവാഹം കഴിപ്പിച്ചു. കൊച്ചുകുഞ്ഞു് 68–ാം വയസ്സിലും ഭാര്യ ശോശാമ്മ 65-ാം വയസ്സിലും നിര്യാതരായി. ഇരുവരേയും കുർത്തമല മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.

**VIII 18. കൊച്ചുകുഞ്ഞുമാമ്മൻ മരങ്ങാട്ടു്-കടപ്ര**

കല്ലൂപ്പാറ മേട്ടിൽമത്തായിയുടെ മകളെ വിവാഹം കഴിച്ചു. ഒരു മകൻ ജനിച്ചു. ഭാര്യ മരിച്ചു. കുർത്തമല പള്ളിയിൽ അടക്കം ചെയ്തു. മാമ്മൻ കോയിപ്രത്തു കണ്ണൂരാലിൽ കൊച്ചുകുഞ്ഞു മകൾ ഏലിയാമ്മയെ പുനർ വിവാഹം ചെയ്തു. ഇവർക്കു് ശോശാമ്മ, വറുഗീസ്, ഫിലിപ്പ്, ബേബിക്കുട്ടി എന്നു് 4 മക്കൾ. മകളെ വിവാഹം കഴിപ്പിച്ചു. മറ്റുള്ളവർ പിതാവിനോടു കൂടി താമസിക്കുന്നു.

**IX 7. മാമ്മൻ അലക്സാണ്ടർ മരങ്ങാട്ടു്-കടപ്ര.**

കല്ലുപ്പാറ നിന്നും വിവാഹം ചെയ്തു. ഉദ്യോഗാർത്ഥം ബോംബയിൽ താമസിക്കുന്നു.

**VII 9. മാമ്മൻ ചാക്കോ മരങ്ങാട്ടു്-കടപ്ര.**

പെരളശ്ശേരി തെക്കേതിൽ പെരുമാൾ മകൾ റാഹേലമ്മയെ വിവാഹം ചെയ്തു. മാമ്മൻ, ഏബ്രഹാം, ജോർജ്ജ് എന്നു് മൂന്നു് ആൺമക്കളും ഒരു മകളും ഉണ്ടു്. മകളെ വിവാഹം



കഴിപ്പിച്ചു. ചാക്കോയും റാഹേലമ്മയും നിര്യാതരായി. കുർത്തമല പള്ളിയിൽ സംസ്കരിച്ചു.

**VIII 14. ചാക്കോ മാമ്മൻ (കുഞ്ഞൂഞ്ഞ്) മരങ്ങാട്ടു്-കടപ്ര.**

കിടങ്ങന്നൂർ കാലായിൽ മത്തായി മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു 4 പെൺമക്കളും തങ്കച്ചൻ, പൊന്നച്ചൻ, മോനച്ചൻ എന്നു് 3 ആൺമക്കളും ഉണ്ടു്. അമ്മിണിയെ ആറാട്ടുപുഴ തെറ്റാലിൽ തങ്കച്ചനും, ഏലിയാമ്മയെ നാക്കാലിക്കലും, വിവാഹം കഴിപ്പിച്ചു. മൂത്തമകൻ തങ്കച്ചൻ ഉദ്യോഗാർത്ഥം പേർഷ്യയിലാണു്. ബാക്കിയുള്ളവർ കുടുംബത്തു താമസിക്കുന്നു,

**VIII. 15. ചാക്കോ ഏബ്രഹാം (കുട്ടപ്പൻ) മരങ്ങാട്ടു്-കടപ്ര.**

കിടങ്ങന്നൂർ കക്കാട്ടു് സ്കറിയ മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്കു് റോസമ്മ, മറിയാമ്മ, ജോയിയമ്മ, മാമ്മൻ, ചാക്കോ, സ്കറിയ എന്നു് 6 മക്കൾ. റോസമ്മയെ കുഴിക്കാലായിൽ വിവാഹം കഴിപ്പിച്ചു. മകൻ മാമ്മൻ വിവാഹിതനായി ഉദ്യോഗാർത്ഥം പേർഷ്യയിൽ താമസിക്കുന്നു. ശേഷിച്ചവർ കുടുംബത്തു് താമസിക്കുന്നു.

**VIII 16. ചാക്കോ ജോർജ് മരങ്ങാട്ടു്-കടപ്ര.**

അയിരൂർ ചെറുകര കോട്ടയ്ക്കൽ മത്തായി മകൾ തങ്കമ്മയെ വിവാഹം ചെയ്തു. ജയിക്കബു്, പൊന്നച്ചൻ, റെയിച്ചൽ എന്നു് 3 മക്കൾ. മകൻ ജയിക്കബു ഉദ്യോഗാർത്ഥം പേർഷ്യയിൽ കഴിയുന്നു. മറ്റുള്ളവർ കുടുംബത്തു മാതാപിതാക്കളോടൊപ്പം കഴിയുന്നു.

ശ്രീ. ജോർജ്ജ് എഴുമാലി കുടുംബയോഗത്തിൽ ദീർഘകാലം കമ്മറ്റി മെമ്പറായി സേവനം അനുഷ്ഠിച്ചിട്ടുണ്ടു്

**VII 10. മാമ്മൻ യോഹന്നാൻ മരങ്ങാട്ടു്-കടപ്ര.**

വിവാഹിതനായി, സന്താനരഹിതനായി, നിര്യാതനായി, കുർത്തമല പള്ളിയിൽ സംസ്കരിച്ചു.

അദ്ധ്യായം 11

# പുളിക്കക്കുഴി കുടുംബം

## കുററിയിൽ ശാഖ

V. 2. കുഞ്ഞുമ്മൻ പെരുമാൾ—കുറ്റിയിൽ, കടപ്ര.

VI. 1. പെരുമാൾ മത്തായി ,, ,,
2. പെരുമാൾ മാമ്മൻ ,, വെള്ളിക്കര
3. പെരുമാൾ വറുഗീസ് ,, കടപ്ര,

VII. 1. തോമസ് ഉപദേശി, കുറ്റിയിൽ, കടപ്ര.
2. മാമ്മൻ തോമസ്, കുറ്റിയിൽ, വെള്ളിക്കര, കുമ്പനാട്
3. മാമ്മൻ ബെന്നി—കുറ്റിയിൽ ,, ,,
4. ഗീവറുഗീസ് മത്തായി കുറ്റിയിൽ കൂടൽ-പത്തനാപുരം
5. ഗീവറുഗീസ് സ്കറിയ പുളിമൂട്ടിൽ, മാവേലിക്കര

VIII 1. തോമസ് മത്തായി (കുഞ്ഞച്ചൻ)കുറ്റിയിൽ,മേമല
2. തോമസ് തോമസ് (പൊടി) കുറ്റിയിൽ, കടപ്ര
3. തോമസ് ശമുവേൽ (പൊന്നച്ചൻ) ,, ,,
4. തോമസ് മാമ്മൻ-വലിയവീട്ടിൽ, കലഞ്ഞൂർ
5. തോമസ് മത്തായി—പരിവുകാലായിൽ കുറ്റിയിൽ കലഞ്ഞൂർ
6. തോമസ് ദാനി—കുറ്റിയിൽ, കലഞ്ഞൂർ
7. ബെന്നി ജോർജ്ജ്— ,, ,,
8. മത്തായി മത്തായി (രാജു) -തൈപ്പറമ്പിൽ കലഞ്ഞൂർ
9. മത്തായി തോമസ് ,, ,,
10. മത്തായി വറുഗീസ് ,, ,,
11. ജോൺ മാത്യു ,, ,,
12. കുര്യാക്കോസ് (കുഞ്ഞൂട്ടി) ,, ,,
13. അലക്സാണ്ടർ (ബേബി) ,, ,,



IX. 1. മത്തായി തോമസ് കുറ്റിയിൽ, മേമല
2. മത്തായി മാത്യു (ശാമു) ,, ,,
3. മത്തായി അലക്സ് ,, ,,
4. മത്തായി ജോസഫ് ,, ,,
5. മാത്യു കെ. തോമസ്(കുഞ്ഞുമോൻ)കുറ്റിയിൽ കുമ്പനാട്
6. മാമ്മൻ തോമസ് എഴുമാലി കുറ്റിയിൽ കല്ലുമാലിക്കൽ, കുമ്പനാട്
7. മത്തായി ബാബു ചരിവുകാല കുറ്റിയിൽ, കൂടൽ
8. ദാനി തോമസ് കുറ്റിയിൽ, കലഞ്ഞൂർ
9. ദാനി മത്തായി ,, ,,

## പുളിക്കക്കുഴി പടിഞ്ഞാറെ മുറിയിൽ ശാഖയിൽ കുററിയിൽ കുടുംബം:-

**V. 2. കുഞ്ഞുമ്മൻ പെരുമാൾ, കുററിയിൽ–കടപ്ര**

കുറിയന്നൂർ ഏറാട്ടു് കുടുംബത്തിൽ നിന്നും സാറാ യെ വിവാഹം കഴിച്ചു. ഇവർക്ക മത്തായി, മാമ്മൻ, ഗീവറു ഗീസു്, അന്നമ്മ, സാറാമ്മ എന്നു 5 മക്കൾ. അന്നമ്മയെ മാരാ മണ്ണു് പുല്ലേലത്തും, സാറാമ്മയെ ഇരവിപേരൂർ കണിച്ചു കാട്ടും വിവാഹം കഴിപ്പിച്ചു. പെരുമാൾ 59 – ാം വയസിലും സാറാ 52-ാം വയസിലും നിര്യാതരായി. ഇവരെ കുമ്പനാടു് മാർത്തോമ്മാ പള്ളിയിൽ അടക്കം ചെയ്തു.

**VI. 1. പെരുമാൾ മത്തായി കുററിയിൽ – കടപ്ര.**

മാരാമണ്ണു് കളീക്കൽ നിന്നും വിവാഹം കഴിച്ചു. കുട്ടി പ്പെണ്ണു്, തോമസു് എന്നു് രണ്ടു മക്കൾ. മകളെ വള്ളംകുള ത്തു് തുണ്ടിയിൽ അബ്രഹാമിനെ കൊണ്ടു വിവാഹം കഴി പ്പിച്ചു. മത്തായിയും ഭാര്യയും നിര്യാതരായി. കുമ്പനാടു് ശാലേം പള്ളിയിൽ അടക്കം ചെയ്തു.

**VII.1. തോമസ് ഉപദേശി കുററിയിൽ–കടപ്ര.**

ചെങ്ങന്നൂർ മഠത്തുങ്കൽ ഏലിയാമ്മയെ വിവാഹം കഴി ച്ചു. മത്തായി, തോമസ്, ശമുവേൽ, ചിന്നമ്മ, തങ്കമ്മ, പൊ ന്നമ്മ. എന്നു് ഏഴ് സന്താനങ്ങൾ. ചിന്നമ്മയെ വട്ടക്കോട്ടാൽ മേട്ടിൽ ഏബ്രഹാമും തങ്കമ്മയെ ചെങ്ങരൂർ ജോർജും, കുഞ്ഞ മ്മയെ ഹരിപ്പാട്ടും, പൊന്നമ്മയെ മുട്ടത്തു കൊച്ചുകുട്ടിയെ കൊണ്ടും വിവാഹം കഴിപ്പിച്ചു.

കേരള ക്രൈസ്തവരുടെ നവോത്ഥാന കാലഘട്ടത്തിൽ ജനി ച്ച് ജീവിച്ച തോമസ് ഉപദേശിക്ക് മദ്ധ്യതിരുവിതാംകൂറിലെ സുവിശേഷകരിൽ അപ്രധാനമല്ലാത്ത സ്ഥാനം ലഭിച്ചിരു ന്നു. അദ്ദേഹം ജീവിച്ചിരുന്ന കാലത്ത് കുറ്റിയിൽ തോമസ് ഉപദേശിയെക്കുറിച്ച് അറിയാത്ത സുറിയാനി ക്രിസ്ത്യാനികൾ മദ്ധ്യതിരുവിതാംകൂറിൽ തുലോം ചുരുക്കമായിരുന്നു. നല്ല വാഗ്മിയും, വേദപണ്ഡിതനുമായിരുന്ന ഉപദേശിയുടെ ശിഷ്യഗണങ്ങളിൽ പലരും ഇന്നും സുവിശേഷവേലയിൽ



വ്യാപൃതരായിരിക്കുന്നു. തോമസ് ഉപദേശി തന്റെ 82–ാം വയസിലും ഭാര്യ ഏലിയാമ്മ 79-ാം വയസിലും നിര്യാത രായി. ഇരുവരേയും കുമ്പനാടു് ശാലേം മാർത്തോമ്മാപ്പ ള്ളിയിൽ സംസ്കരിച്ചു.

**VII. 1. തോമസ് മത്തായി (കുഞ്ഞച്ചൻ) കുററിയിൽ–മേമല.**

വട്ടക്കോട്ടാൽ മുകളുകാലായിൽ ലാസർ മകൾ മറിയാമ്മ യെ വിവാഹം കഴിച്ചു. തോമസു്, മാത്യു, അലക്സ്, ജോസഫ്, പൊന്നമ്മ, അമ്മുക്കുട്ടി, എസ്ഥേറമ്മ, ശലോമി, അന്നമ്മ, എന്നു് 9 മക്കൾ. പൊന്നമ്മയെ കോഴഞ്ചേരി വടക്കേ പറമ്പിൽ ബേബിയും, അമ്മുക്കുട്ടിയെ പുന്നയ്ക്കാട്ടു കൊച്ചേ ത്തു കുഞ്ഞുമോനും, എസ്ഥേറമ്മയെ കൗങ്ങുംപ്രയാർ തെ ക്കേക്കുറ്റു തോമസും, ശലോമിയെ ഇലന്തൂർ മേലൂട്ടുവാതു ക്കൽ തങ്കച്ചനും, അന്നമ്മയെ ഇരവിപേരൂരും വിവാഹം കഴിപ്പിച്ചു. തോമസു് മത്തായി മേമല പാട്ടക്കാലായിൽ താമസിച്ചുവരവേ 1984-ൽ നിര്യാതനായി. വട്ടക്കോട്ടാൽ മാർത്തോമ്മാപ്പള്ളിയിൽ സംസ്കരിച്ചു.

**IX. 1. മത്തായി തോമസു് കുററിയിൽ - മേമല**

ഇലന്തൂർ മേലൂട്ടു വാതുക്കൽ ഏബ്രഹാം മകൾ ലീലമ്മ യെ. വിവാഹം ചെയ്തു. രണ്ടു പുത്രന്മാർ ജനിച്ചു. കുടും ബ സഹിതം ഇവർ ബോംബെയിൽ താമസിക്കുന്നു.

**IX. 2. മത്തായി മാത്യു (ശാമു) കുററിയിൽ–മേമല**

പുല്ലാടു് ആറങ്ങാട്ടു് അവറാച്ചൻ മകൾ കുഞ്ഞൂഞ്ഞ മ്മയെ വിവാഹം ചെയ്തു. ഇവർക്ക രണ്ടു പുത്രിമാരും ഒരു പുത്രനും ഉണ്ട്. ശാമു K.S.R.T.C. ൽ ഉദ്യോഗസ്ഥനാണ്.

**IX. 3. മത്തായി അലക്സ് കുററിയിൽ – മേമല.**

വെണ്ണിക്കുളത്തു നിന്നും വിവാഹം ചെയ്തു. ഒരു കുട്ടി യുണ്ടു്. കുടുംബത്തു് താമസിക്കുന്നു.

**IX. 4. മത്തായി ജോസഫ് കുററിയിൽ_മേമല**

വെണ്ണിക്കുളത്തു നിന്നും വിവാഹം കഴിച്ചു് കുടുംബ ത്തു താമസിക്കുന്നു.

### VIII. 2. തോമസ് തോമസ് (പൊടി) കുററിയിൽ–കടപ്ര.

ഇലന്തൂർ കുത്തുകല്ലുങ്കൽ സാറാമ്മയെ വിവാഹം കഴിച്ചു. മാത്യു, (കുഞ്ഞുമോൻ) കുഞ്ഞുമോൾ, ലില്ലി എന്നു മൂന്നു സന്താനങ്ങൾ. കുഞ്ഞുമോളെ കൗങ്ങുംപ്രയാർ മുളമൂട്ടിൽ തോമസും ലില്ലിയെ കൊച്ചിയിൽ നസ്രേത്തു് ആനാമ്പുഴ റോബർട്ടും വിവാഹം കഴിച്ചു. തോമസ് ദീർഘകാലം മിലറ്ററിയിൽ സേവനം ചെയ്തു റിട്ടയാർ ചെയ്തു. 57-ാം വയസിൽ നിര്യാതനായി. കുമ്പനാടു് ശാലേം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### IX. 5. മാത്യു കെ. തോമസ് (കുഞ്ഞുമോൻ) കുററിയിൽ–കടപ്ര

തട്ടയ്ക്കാടു് കുറ്റിയ്ക്കാടു് എബ്രഹാം മകൾ കുഞ്ഞുമോളെ വിവാഹം കഴിച്ചു. ബിനു, ബിജോ, ജിജോ എന്നു മൂന്നു സന്താനങ്ങൾ. ഇവർ വിദ്യാർത്ഥികളാണു്. കുഞ്ഞുമോൻ ഉദ്യോഗാർത്ഥം സൗദിഅറേബ്യയിൽ താമസിക്കുന്നു.

### VIII. 3 തോമസ് ശമുവേൽ (പൊന്നച്ചൻ) കുററിയിൽ–കടപ്ര

ഇരവിപേരൂർ തറവേലിമണ്ണിൽ മത്തായി മകൾ അന്നമ്മയെ വിവാഹം കഴിച്ചു. ലാലു, സാലി, സിസ്സിലി എന്നു മൂന്നു മക്കൾ. ഇവർ വിദ്യാർത്ഥികളാണു്. പൊന്നച്ചൻ ഉദ്യോഗാർത്ഥം ബഹറിനിൽ താമസിക്കുന്നു.

### VI. 2. പെരുമാൾ മാമ്മൻ കുററിയിൽ വെള്ളിക്കര–കുമ്പനാടു്

പുന്നയ്ക്കാട്ടു നിന്നും അന്നമ്മയെ വിവാഹം കഴിച്ചു. വെള്ളിക്കര കുറ്റിയിൽ താമസിച്ചു. തോമസ്, ബന്നി, ഏലിയാമ്മ, അന്നമ്മ, എന്നു് 4 മക്കൾ. ഏലിയാമ്മയെ കടപ്ര പുത്തൻപറമ്പിൽ താഴത്തേതിൽ മത്തായിയും, അന്നമ്മയെ ഓതറയും വിവാഹം കഴിപ്പിച്ചു. മാമ്മനും, അന്നമ്മയും നിര്യാതരായി.കുമ്പനാട്ടു പള്ളിയിൽ സംസ്കരിച്ചു.



### VII. 2 മാമ്മൻ തോമസ് കുററിയിൽ വെള്ളിക്കര–കുമ്പനാടു്

മല്ലപ്പള്ളിൽ ചവറുകാലായിൽ മത്തായി മകൾ അന്നമ്മയെ വിവാഹം ചെയ്തു. മാമ്മൻ, മത്തായി, ഓനി, അന്നമ്മ, ശോശാമ്മ, മേരി എന്നു് ആറു മക്കൾ. അന്നമ്മയെ ഇടനാട്ടിൽ അമ്പലത്തുപടിക്കൽ പാപ്പിയും, ശോശാമ്മയെ പുല്ലാട്ടു ചക്കാലമണ്ണിൽ വറുഗീസും, മേരിയെ അയിരൂർ തെങ്ങുംതോട്ടത്തിൽ വർഗീസും വിവാഹം കഴിച്ചു.തോമസ് കുടുംബസമേതം കുമ്പനാട്ടു നിന്നും പത്തനാപുരത്തു്, കലഞ്ഞൂർ വസ്തു സമ്പാദിച്ചു. തോമസ് 91-ാം വയസ്സിലും അന്നമ്മ 88–ാം വയസ്സിലും നിര്യാതരായി, ഇരുവരേയും കലഞ്ഞൂർ C. S. I. പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VIII. 4. തോമസ് മാമ്മൻ വലിയ വീട്ടിൽ–കലഞ്ഞൂർ

കൗങ്ങുംപ്രയാർ മുണ്ടുമണ്ണിൽ മാമ്മൻ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ഇവർക്കു അക്കാമ്മ, ആലീസ്, തോമസ്, ജോസഫ്, തമ്പാൻ, എന്നു് 5 മക്കൾ. അക്കാമ്മയെ കരിക്കാട്ടൂർ കൊച്ചയ്പശ്ശേരിൽ വറുഗീസ് മകൻ ചാണ്ടി വിവാഹം ചെയ്തു. ആലീസ്, ജോസഫ്, തമ്പാൻ ഇവർ മാതാപിതാക്കളോടൊപ്പം കുടുംബത്തു താമസിക്കുന്നു. മാമ്മച്ചൻ കലഞ്ഞൂർ സ്ഥിരതാമസമാക്കിയെങ്കിലും പച്ചമരുന്നു വ്യാപാരിയായി ഇപ്പോഴും കുമ്പനാട്ടു തന്നെ താമസിക്കുന്നു.

### IX. 6. മാമ്മൻ തോമസ് എം. എ. (കുഞ്ഞുമോൻ) എഴുമാലിൽ കുററിയിൽ–കല്ലുമാലിക്കൽ കുമ്പനാടു്

റാന്നി കരിയംപ്ലാക്കൽ ചാക്കോണത്തു മണ്ണിൽ എബ്രഹാം മകൾ ആനി B.Sc., B.Ed.നെ വിവാഹം ചെയ്തു. മറിയ, അന്ന എന്നു് രണ്ടു സന്താനങ്ങൾ. ഇവർ വിദ്യാർത്ഥികൾ. മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ ജോലി ആരംഭിച്ച തോമസ് പിൽക്കാലത്തു് ജോലി ഉപേക്ഷിച്ചിട്ടു് S.C.M.

കേരള സെക്രട്ടറിയായും, ഡൈനാമിക്ക് ആക്ഷൻ മാസികയുടെ സെക്രട്ടറിയായും സേവനം അനുഷ്ഠിക്കുന്നു. ഭാര്യ ആനി N. M. H. സ്കൂളിൽ അദ്ധ്യാപികയാണു്.

### VIII. 5. തോമസ് മത്തായി ചരിവുകാലാ കുററിയിൽ–കലഞ്ഞൂർ

പുറമറ്റം ഐരാറ്റ് തോമസ് മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. സൂസി, മോളി, ബാബു, ജോജി, ബേബിച്ചൻ എന്നു് 5 മക്കൾ. ബാബു ഒഴിച്ചു് ബാക്കിയുള്ളവർ കുടുംബത്തു താമസിക്കുന്നു. മത്തായി 54–ാം വയസ്സിൽ നിര്യാതനായി. കലഞ്ഞൂർ C. S. I. പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### IX. 7. മത്തായി ബാബു ചരുവുകാലാ കുററിയിൽ–കൂടൽ

കടമ്പനാട്ടു നിന്നും സാലിയെ വിവാഹം കഴിച്ചു. ബാബു ഉദ്യോഗാർത്ഥം പേർഷ്യയിൽ താമസിക്കുന്നു.

### VIII. 6. തോമസ് ദാനി കുററിയിൽ–കലഞ്ഞൂർ

കടമ്മനിട്ട ഒരിക്കമൊവുങ്കൽ മത്തായി മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്കു് അക്കാമ്മ, ഏലിയാമ്മ, ഗ്രേസി, മിനി, തോമസ്, മത്തായി, ജോൺ, വറുഗീസ്, സണ്ണി എന്നു് 9 മക്കൾ. തോമസും മത്തായിയും ഒഴിച്ചുള്ള മക്കൾ മാതാപിതാക്കളോടൊപ്പം താമസിക്കുന്നു. ദാനി ബിസിനസ്സു് സംബന്ധിച്ചു കുമ്പനാട്ടു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എഴുമാലി കുടുംബ് കമ്മറ്റിയിൽ ആദ്യകാലത്തു് പ്രവർത്തിച്ചിട്ടുണ്ട്.

### IX. 8. ദാനി തോമസ് കുററിയിൽ–കലഞ്ഞൂർ

ചിറയ്ക്കാട്ടു പാറ ജോർജ്ജ് മകൾ മറിയാമ്മയെ വിവാഹം കഴിച്ചു്. ഉദ്യോഗാർത്ഥം പേർഷ്യയിൽ താമസിക്കുന്നു.

### IX. 9. ദാനി മത്തായി കുററിയിൽ–കലഞ്ഞൂർ

കീഴ്‌വായ്പൂരു് തോട്ടത്തിമലയിൽ പാപ്പി മകൾ മോളിയെ വിവാഹം കഴിച്ചു. ഉദ്യോഗാർത്ഥം പേർഷ്യയിൽ താമസിക്കുന്നു.



### VII. 3. മാമ്മൻ ബെന്നി കുററിയിൽ–വെള്ളിക്കര കുമ്പനാടു്

വട്ടക്കോട്ടാൽ പുല്ലുകാലായിൽ ഇസ്സഹാക്കു മകൾ മറിയാമ്മയെ വിവാഹം കഴിച്ചു, പൊടിയമ്മ, തങ്കമ്മ, ജോയിയമ്മ, ജോർജ്ജ് എന്നു് നാലു് മക്കൾ. പൊടിയമ്മയെ കല്ലൂപ്പാറ വാഴുവേലിൽ വറുഗീസും തങ്കമ്മയെ നെല്ലിമല ആനപ്പാറയ്ക്കൽ തോമസ് മകൻ ബേബിയും, ജോയിയമ്മയെ നാരകത്താനി പുത്തൻപുരയ്ക്കൽ ജോണിയും വിവാഹം കഴിച്ചു. ബെന്നി 42–ാം വയസ്സിൽ നിര്യാതനായി കുമ്പനാടു് ബ്രദറൺ സെമിത്തേരിയിൽ അടക്കം ചെയ്തു.

### VIII. 7. ബെന്നി ജോർജ് കുററിയിൽ–കലഞ്ഞൂർ

ജോർജ്ജ് കുമ്പനാട്ടുള്ള വസ്തുവകകൾ വിറ്റു് മാതാവിനോടൊപ്പം കലഞ്ഞൂരിൽ സ്ഥിരതാമസമാക്കി. പുറമറ്റത്തു് കുന്നേൽ മത്തായി മകൾ ചിന്നമ്മയെ വിവാഹം ചെയ്തു. ലിസി, ആലീസ്, ജോയി, അച്ചൻകുഞ്ഞ് എന്നിവർ കുടുംബത്തു താമസിക്കുന്നു. ജോർജ്ജ് 49–ാം വയസ്സിൽ 1984–ൽ നിര്യാതനായി. മാതാവു് മറിയാമ്മ വാർദ്ധക്യ സഹജമായ അസുഖത്താൽ നിര്യാതയായി. ഇരുവരേയും കലഞ്ഞൂർ C. S. I. പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VI. 3. പെരുമാൾ ഗീവറുഗീസ് കുററിയിൽ–കടപ്ര

മാവേലിക്കര തൊണ്ടുപറമ്പിൽ കൊച്ചു ചെറുക്കൻ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. കുടുംബസമേതം മാവേലിക്കര സ്ഥിരതാമസമാക്കി. കുഞ്ഞന്നാമ്മ, അച്ചാമ്മ, മത്തായി, സ്കറിയ ഇങ്ങനെ നാലു് മക്കൾ. കുഞ്ഞന്നാമ്മയെ കാർത്തികപ്പള്ളിയിൽ എരിക്കാവുമുറിതറയിൽ ഈശോയും, അച്ചാമ്മയെ വന്മഴിയിൽ കോതേകാട്ടിൽ ഗീവറുഗീസും വിവാഹം ചെയ്തു. പ്രായാധിക്യത്തിൽ നിര്യാതരായി. ഗീവറുഗീസിനെ മാവേലിക്കര പുതിയകാവു് സെന്റ് മേരീസ് പള്ളിയിലും, മറിയാമ്മയെ കൂടൽ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലും സംസ്കരിച്ചു.

## VII. 4. പെരുമാൾ ഗീവറുഗീസ് മത്തായി, തൈപ്പറമ്പിൽ–കലഞ്ഞൂർ

തിരുവല്ലാ പാലിയേക്കര തോപ്പിൽ പീടികയിൽ തോമസ് മകൾ മറിയാമ്മയെ വിവാഹം ചെയ്തു. കാലം ചെയ്ത അഭിവന്ദ്യ തോമാ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ പ്രേരണയാൽ പത്തനാപുരത്തു വന്നു് കലഞ്ഞൂരിൽ സ്ഥിരതാമസമാക്കി. ഇവർക്കു് മത്തായി, തോമസ്, വറുഗീസ്, ജോൺ മാത്യു, കുര്യാക്കോസ്, അലക്സാണ്ടർ, മേരിക്കുട്ടി, ശോശാമ്മ, അന്നാമ്മ എന്നു് ഒൻപതു മക്കൾ. മേരിക്കുട്ടിയെ തുമ്പമൺ വട്ടവേലിൽ പടിഞ്ഞാറേതിൽ ജോണും, ശോശാമ്മയെ കീഴ്വള്ളൂർ അഞ്ചുമുറി വടക്കേൽ ജോർജ്ജും, അന്നമ്മയെ പിടവൂർ വല്യാനേത്തു് കരിക്കുന്നിൽ ജോസഫും വിവാഹം ചെയ്തു. പെൺമക്കൾ മൂവരും സർക്കാർ സർവീസിൽ ഉദ്യോഗസ്ഥരാണു്. ഗീവറുഗീസ് മത്തായിയും ഭാര്യ മറിയാമ്മയും അദ്ധ്യാപകരായി റിട്ടയാർ ചെയ്തു. നാടിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിച്ച ഇവർ നാട്ടുകാരുടെ മദ്ധ്യേ സമാദരണീയരായിരുന്നു. പ്രസിദ്ധമായികൊണ്ടിരിക്കുന്ന കൂടൽ കൺവൻഷന്റെ സ്ഥാപക നേതാക്കളിൽ പ്രധാനി ആയിരുന്നു ശ്രീ. ഗീവറുഗീസ് മത്തായി. വാർദ്ധക്യത്തിൽ നിര്യാതരായ ഇവരെ കൂടൽ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VIII. 8. മത്തായി മത്തായി (രാജു) തൈപ്പറമ്പിൽ കലഞ്ഞൂർ

കറ്റാനത്തു കൊച്ചുകിഴക്കേൽ പാപ്പി മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ബിജോയി, മേരി, അന്നമ്മ എന്നു് മൂന്നു മക്കൾ. കല്ലട ഇറിഗേഷനിൽ ജോലി ചെയ്യുന്ന ബിജോയി യുവലോക് ദൾ പത്തനംതിട്ട ജില്ലാ പ്രസിഡണ്ടു്–പീയർലസ്സു് ഡവലപ്പു്മെന്റ്, ഓഫീസർ, സമഗ്ര സേന ജില്ലാ ജോയിന്റ് സെക്രട്ടറി, ഓർത്തഡോക്സു് ബാലസമാജം ഗ്രൂപ്പു് ഓർഗനൈസർ, യുവജന പ്രസ്ഥാനം ഭദ്രാസന കമ്മറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തി



ച്ചുവരുന്നു. മറ്റു രണ്ടു മക്കളും വിദ്യാർത്ഥികളാണു്. ശ്രീ. മത്തായി പത്തനാപുരം പോസ്റ്റുമാസ്റ്ററാണു്.

## VIII. 9. മത്തായി തോമസു് തൈപ്പറമ്പിൽ– കലഞ്ഞൂർ

തുമ്പമൺ തേവത്തുമണ്ണിൽ ജോണിന്റെ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. മാത്യു, മേരി, ബിനോയി, എന്നു മൂന്നു മക്കൾ. മാത്യു കോൺപൂരിൽ M.Sc.ക്കും, മറ്റുള്ളവർ സ്കൂളിലും പഠിക്കുന്നു. തോമസ് K. S. R. T. C. ഇൻസ്പെക്ടറായും ഭാര്യ ഏലിയാമ്മ കോന്നി ഗവ: ആശുപത്രി നേഴ്സായും ജോലി ചെയ്യുന്നു.

## VIII. 10. മത്തായി വറുഗീസ്(അനിയൻകുഞ്ഞ്) തൈപ്പറമ്പിൽ –കലഞ്ഞൂർ

പത്തനാപുരത്തു് അകമറ്റത്തു് പുന്നമൂട്ടിൽ ഏബ്രഹാമിന്റെ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. മറിയാമ്മ, അന്നമ്മ എന്നു രണ്ടു മക്കൾ, കോളജു് വിദ്യാർത്ഥികളാണു്. ശ്രീ. വറുഗീസ് ഇൻഡ്യൻ എയർഫോഴ്സിൽ വാറണ്ടു് ഓഫീസറായി സേവനം അനുഷ്ഠിക്കുന്നു.

## VIII. 11. ജോൺ മാത്യു (കുഞ്ഞുമോൻ) തൈപ്പറമ്പിൽ–കലഞ്ഞൂർ

കുണ്ടറ നെടുമ്പായിക്കുളത്തു് പ്ലാവിളയിൽ വറുഗീസ് മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. മേരി, മാത്യൂസു്, അനീസ്സു് എന്നു മൂന്നു മക്കൾ, വിദ്യാർത്ഥികളാണു്. കുഞ്ഞുമോൻ കലഞ്ഞൂർ ഗവ: ഹൈസ്കൂൾ അദ്ധ്യാപകനും, ഭാര്യ സ്കൂൾ അദ്ധ്യാപികയുമാണു്. ശ്രീ. ജോൺ മാത്യു ഓർത്തഡോക്സു് യുവജനപ്രസ്ഥാനം, കൊല്ലം ഭദ്രാസന സെക്രട്ടറി, ഭദ്രാസന കൗൺസിലർ, ശാസ്താംകോട്ട മാർത്തോമ്മാ ദീവന്നാസ്യോസു് മെമ്മോറിയൽ ആശുപത്രി ഭരണസമിതി അംഗം., കെ. ജി. പി. റ്റി. യൂണിയൻ പത്തനംതിട്ട ജില്ലാ സെക്രട്ടറി, എംപ്ലോയീസ് കോൺകോഡു് ബ്ലോക്കു സെക്രട്ടറി, ഡിസ്ട്രിക്ട് സ്കൗട്ട്സു് ഓർഗനൈസർ, അഖില കേരള മദ്യനിരോധന സമിതി കൂടൽ യൂണിറ്റു് സെക്രട്ടറി, ഓർത്തഡോക്സ് യൂത്തു്, പുലരി – എന്നീ

മാസികകളുടെ എഡിറ്റോറിയൽ ബോർഡു് മെമ്പർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചുവരുന്നു.

### VIII. 12. കുര്യാക്കോസു് മാത്യു (കുഞ്ഞുകുട്ടി) തൈപ്പറമ്പിൽ,—കലഞ്ഞൂർ

ചിറ്റാർ വയ്യാറ്റുപുഴ വട്ടപ്പറമ്പിൽ എബ്രഹാമിന്റെ മകാം ശോശാമ്മയെ വിവാഹം ചെയ്തു. മാത്യൂസു്, മേരിക്കുട്ടി എന്നു് രണ്ടു മക്കാം വിദ്യാർത്ഥികളാണു്. ഇൻഡ്യൻ എയർഫോഴ്സിൽ നിന്നും റിട്ടയാർ ചെയ്തു് ഹൈദരബാദിൽ ബിസിനസ്സിൽ ഏർപ്പെട്ടു്. കുടുംബസഹിതം ഹൈദരബാദിൽ താമസിക്കുന്നു.

### VIII. 13. അലക്സാണ്ടർ മാത്യു B. A. (ബേബി) തൈപ്പറമ്പിൽ—കലഞ്ഞൂർ

കൊട്ടാരക്കര കിഴക്കേ തെരുവിൽ വിലുവിള വീട്ടിൽ മത്തായി മകാം പൊന്നമ്മ B. A. യെ വിവാഹം ചെയ്തു. മാത്യൂസു്, മേരിക്കുട്ടി എന്നു രണ്ടു മക്കാം വിദ്യാർത്ഥികളാണു്. ശ്രീ. അലക്സാണ്ടർ പത്തനംതിട്ട കലക്ടേറ്റിൽ ഉദ്യോഗസ്ഥനാണു്. ഭാര്യ അദ്ധ്യാപികയുമാണു്. എൻ. ജി. ഒ. അസോസിയേഷൻ, താലൂക്കു് പ്രസിഡന്റ്, എംപ്ലോയീസു് കോൺകോഡു് ജില്ലാ കമ്മറ്റി അംഗം, റവന്യൂ ഓഫീസേഴ്സു് അസോസിയേഷൻ ട്രഷറാർ എന്നീ നിലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

### VII. 5. ഗീവറുഗീസു് സ്കറിയ (ഉണ്ണൂണ്ണി) പുളിമൂട്ടിൽ—മാവേലിക്കര

മാവേലിക്കര പുളിമൂട്ടിൽ അന്നമ്മയെ വിവാഹം കഴിച്ചു. മുളമൂട്ടിൽ താമസമാക്കി. ഇവർക്കു് മൂന്നു പെൺമക്കാം മാത്രം. ഉണ്ണൂണ്ണിയും അന്നമ്മയും നിര്യാതരായി. മാവേലിക്കര യാക്കോബായ പള്ളിയിൽ അടക്കം ചെയ്തു.



ശ്രീ. എം. വി. ചാക്കോയുടെ കുടുംബം (കുഞ്ഞൂഞ്ഞ്)
P.O. പാലക്കാട്.



കലഞ്ഞൂർ തൈപ്പറമ്പിൽ ശ്രീ. ഗീവറുഗീസ് മത്തായിയും, മറിയാമ്മ മത്തായിയും മക്കളും കുടുംബാംഗങ്ങളും
റ്റി. എം. മത്തായിയും കുടുംബവും. റ്റി. എം. വറുഗീസും കുടുംബവും,
ജോൺ മാത്യുവും കുടുംബവും, അലക്സാണ്ടർ മാത്യുവും കുടുംബവും



ചിറയിൽ ശ്രീ. സി. വി. വറുഗീസ് (കുട്ടിസാർ) ഭാര്യ അന്നമ്മയും



ചിറയിൽ ഡോ. മത്തായിച്ചൻ ഭാര്യ ത്രേസ്യാക്കുട്ടി കുടുംബം



അദ്ധ്യായം 12

# പുളിക്കക്കുഴി പടിഞ്ഞാറെമുറി ശാഖയിൽ പടിഞ്ഞാറെ പൊയ്കയിൽ കുടുംബം

V. 3. കുഞ്ഞുമ്മൻ വറുഗീസു്,
പടിഞ്ഞാറെ പൊയ്ക, കട[പ.

VI. 1. ഗീവറുഗീസു്, ചിറയിൽ, കട[പ.
2. വറുഗീസു് മാമ്മൻ, കണമൂട്ടിൽ, കട[പ.
3. വറുഗീസു് ഈശോ, പടിഞ്ഞാറെ പൊയ്ക, കട[പ

VII. 1. വറുഗീസു് വറുഗീസു്, ചിറയിൽ, കട[പ
2. ഈശോ വറുഗീസു് (കൊച്ചു്),
പടിഞ്ഞാറെ പൊയ്ക, പുനലൂർ.

VIII. 1. വറുഗീസു് വറുഗീസു് (കുട്ടിസാർ),
ചിറയിൽ, കട[പ.
2. വറുഗീസു് തോമസു് (കുഞ്ഞോമ്മാച്ചൻ)
ചിറയിൽ, നിലമ്പൂർ.
3. വറുഗീസു് മത്തായി (മത്തായിച്ചൻ)
ചിറയിൽ, കട[പ.
4. വറുഗീസു് ഈശോ (പാപ്പിക്കുഞ്ഞു്)
ചിറയിൽ, തിരുവനന്തപുരം

IX. 1. ജോർജ്ജു് വറുഗീസു് (ബേബിക്കുട്ടി)
ചിറയിൽ, കട[പ.
2. ജോർജ്ജു് തോമസു്, ചിറയിൽ, നിലമ്പൂർ.
3. സാം തോമസു്, ചിറയിൽ, നിലമ്പൂർ.
4. മത്തായി വറുഗീസു് (കുഞ്ഞപ്പൻ)
ചിറയിൽ, കട[പ.
5. മത്തായി തോമസു് (തോമസുകുട്ടി)
ചിറയിൽ, കട[പ.

# പുളിക്കക്കുഴി പടിഞ്ഞാറെമുറി ശാഖയിൽ പടിഞ്ഞാറെ പൊയ്കയിൽ കുടുംബം

## V. 3. കുഞ്ഞുമ്മൻ വറുഗീസ് പടിഞ്ഞാറെ പൊയ്ക–കടപ്ര

കല്ലൂപ്പാറ കരിമ്പിൽ കൊച്ചുപെണ്ണിനെ വിവാഹം കഴിച്ചു. ഇവർക്ക് ഗീവറുഗീസ്, മാമ്മൻ, ഈശോ, റാഹേൽ കൊച്ചുപെണ്ണ്, മറിയ എന്നു് ആറു് മക്കൾ. റാഹേലിനെ കല്ലൂപ്പാറ കൊച്ചുപാറയ്ക്കലും. കൊച്ചുപെണ്ണിനെ കല്ലൂപ്പാറ വലിയ പരിപ്പിലും, മറിയയെ കല്ലൂപ്പാറ മേലേമേലത്തേതിലും വിവാഹം കഴിപ്പിച്ചു. വറുഗീസും ഭാര്യ കൊച്ചുപെണ്ണും വാർദ്ധക്യ സഹജമായ രോഗങ്ങളാൽ നിര്യാതരായി. ഇരുവരേയും പുത്തൻകാവ് യാക്കോബായ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VI. 1. ഗീവറുഗീസ് ചിറയിൽ–കടപ്ര

കുറ്റിക്കാട്ട് ചിറക്കാട്ടു മറിയയെ വിവാഹം കഴിച്ചു. വറുഗീസ്, കൊച്ചുപെണ്ണ്, മറിയ, അന്നമ്മ, സാറാമ്മ എന്നു് അഞ്ചുമക്കൾ. കൊച്ചുപെണ്ണിനെ പുന്നയ്ക്കാട്ടു പുത്തേത്തു മത്തായിയും, മറിയാമ്മയെ കവിയൂർ മാവേലിൽ ചാക്കോയും, അന്നമ്മയെ കുറിയന്നൂർ എണ്ണിക്കാട്ട് തോമസും, സാറാമ്മയെ ഇരവിപേരൂർ മറ്റത്തു ഈപ്പനും വിവാഹം കഴിച്ചു. ഗീവറുഗീസും മറിയയും നിര്യാതരായി. കുമ്പനാട്ടു പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VII. 1. വറുഗീസ് വറുഗീസ് ചിറയിൽ–കടപ്ര

കല്ലൂപ്പാറ കൊല്ലമല മാത്തൻ മകൾ അന്നമ്മയെ വിവാഹം കഴിച്ചു. വറുഗീസ്, തോമസ്, മത്തായി, ഈശോ, ഏലിയാമ്മ, മറിയാമ്മ എന്നു് ആറു് മക്കൾ. പുത്രി ഏലിയാമ്മയെ കവിയൂർ മാവേലിൽ വറുഗീസും, മറിയാമ്മയെ ചുങ്കത്തിൽ കൊച്ചപ്പശ്ശേരിൽ ചാണ്ടിയും വിവാഹം കഴിച്ചു.

ശ്രീ. വറുഗീസ് കുമ്പനാട് ശാലേം മാർത്തോമ്മാ ഇടവകയുടെ സ്ഥാപനത്തിനു് അത്യദ്ധ്വാനം ചെയ്ത ചുരുക്കം



ചിലരിൽ ഒരാളാണ്. കുമ്പനാട് ശാലേം മാർത്തോമ്മാ ഇടവകയുടെ അത്മായ ശുശ്രൂഷകനായും ഇടവക വൈസ് പ്രസിഡന്റായും, ദീർഘകാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആ തലമുറയിൽ ആത്മിക ദർശനമുള്ള ഒരു ഭക്തനായിരുന്നു ശ്രീ. വറുഗീസ്. വറുഗീസ് തന്റെ 76–ാം വയസ്സിൽ നിര്യാതനായി. സാധുക്കളോട് അനുകമ്പയും ആർദ്രതയും ഉണ്ടായിരുന്ന അന്നമ്മ തന്റെ 85–ാം വയസ്സിലും നിര്യാതയായി. ഇരുവരേയും കുമ്പനാട് ശാലേം പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.

## VIII 1. വറുഗീസ് വറുഗീസ് (കുട്ടിസാർ) ചിറയിൽ–കടപ്ര

പുത്തൻകാവിൽ തോപ്പിൽ കോശി മകൾ അന്നമ്മയെ വിവാഹം ചെയ്തു. അന്നമ്മ, ഏലിയാമ്മ, ജോർജ് വറുഗീസ് B.Com. (ബേബിക്കുട്ടി) എന്നു് മൂന്നു മക്കൾ. അന്നമ്മയെ റാന്നിയിൽ കുളത്തൂർ ജോസഫും, ഏലിയാമ്മയെ തെക്കേമല പള്ളിപറമ്പിൽ വറുഗീസും വിവാഹം കഴിച്ചു.

കുട്ടിസാർ കടപ്ര പ്രൈമറി സ്കൂളിന്റെ സ്ഥാപക പ്രവർത്തകരിൽ ഒരാളും, സ്കൂളിന്റെ പ്രാരംഭം മുതൽ പെൻഷൻ പറ്റുന്നതുവരേയും ടി സ്കൂളിലെ അദ്ധ്യാപകനും ആയിരുന്നു. കടപ്ര സെഹിയോൻ മാർത്തോമ്മാ സണ്ടേസ്കൂളിന്റെ സ്ഥാപകരിൽ ഒരാളും, മരണപര്യന്തം ടി സണ്ടേസ്കൂൾ അദ്ധ്യാപകനും ആയിരുന്നു. കുമ്പനാടു് ശാലേം മാർത്തോമ്മാ ഇടവക ഭരണസമിതി അംഗം, ട്രസ്റ്റി എന്നീ നിലകളിൽ ഇടവകയ്ക്കു വേണ്ടി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. കടപ്ര ദേശത്തിന്റെ ഉന്നമനത്തിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ചിരുന്നു. എഴുമാലി കുടുംബയോഗത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ നേതൃത്വം വഹിച്ചു് അതിന്റെ വളർച്ചക്കു വേണ്ടി തന്നാലാവതു പ്രവർത്തിച്ചിട്ടുണ്ട്. സൗമ്യനും, പ്രശാന്ത ഗംഭീരനുമായിരുന്ന കുട്ടിസാർ ജാതിമത ഭേദമെന്യേ കടപ്ര ദേശത്തുള്ള എല്ലാവരുടേയും ആദരവു പിടിച്ചു പറ്റിയ വ്യക്തിയായിരുന്നു. തന്റെ 80–ാം വയസ്സിൽ 1976–ൽ നിര്യാതനായി. കുമ്പനാടു് ശാലേം ഇടവക സെമിത്തേരിയിൽ സംസ്കരിച്ചു.

**IX. 1. ജോർജ് വറുഗീസ് B Com. (ബേബിക്കുട്ടി)
ചിറയിൽ-കടപ്ര**

നെല്ലിമല മോഹന വിലാസത്തു് ജോസഫ് മകൾ സുമം M.Sc. യെ വിവാഹം ചെയ്തു. ഇവർക്ക് ഒരു മകനും രണ്ടു പെൺമക്കളും വിദ്യാർത്ഥികളായുണ്ടു്. ജോർജ്ജു വറുഗീസ് കുവൈറ്റിൽ ജോലി ചെയ്യുന്നു. സുമം ചങ്ങനാശ്ശേരി അസംഷൻ കോളജ് ലക്ചററായി ജോലി ചെയ്തിരുന്നു.

**VIII. 2. വറുഗീസ് തോമസ് (കുഞ്ഞോമ്മ)
ചിറയിൽ-നിലമ്പൂർ**

ഇടയാറന്മുള വെള്ളിയാനിക്കഴിയിൽ വറുഗീസ് മകൾ കുഞ്ഞമ്മയെ വിവാഹം ചെയ്തു. ഇവർക്കു് റോസമ്മ, ജോർജ്ജ് തോമസ്, സാം തോമസ്, എന്നു് മൂന്നു മക്കൾ. മകൾ റോസമ്മയെ അടൂർ കണ്ണൻകോട്ടു് Rev. P. N. അലക്സാണ്ടർ വിവാഹം കഴിച്ചു. തോമസ്, ബോംബെ ഏഡൻ, ആദിയായ സ്ഥലങ്ങളിൽ ജോലി നോക്കിയതിനെ തുടർന്നു് ദീർഘകാലം കുവൈറ്റ് ഓയിൽ കമ്പനിയിൽ ഓഫീസറായി ജോലി ചെയ്തു. പെൻഷനായി നാട്ടിൽ വന്നു. നിലമ്പൂരിൽ തോട്ടം സമ്പാദിച്ചു് കുടുംബ സമേതം അവിടെ സ്ഥിരതാമസമാക്കി. 1982–ൽ നിര്യാതനായി. നിലമ്പൂർ മാർത്തോമ്മാ ഇടവക സെമിത്തേരിയിൽ സംസ്കരിച്ചു.

**IX. 2. ജോർജ് തോമസ് ചിറയിൽ–നിലമ്പൂർ**

ഓയൂരിൽ നിന്നും ബറ്റിയെ വിവാഹം കഴിച്ചു. ഇപ്പോൾ കുവൈറ്റിൽ ഉദ്യോഗാർത്ഥം താമസിക്കുന്നു.

**IX. 3. സാം തോമസ് M. Sc. ചിറയിൽ–നിലമ്പൂർ**

ചുങ്കത്തറ കോളജിൽ അദ്ധ്യാപകനായി ജോലി നോക്കുന്നു. വിവാഹം കഴിച്ചു് കുടുംബസമേതം കുടുംബത്തു താമസിക്കുന്നു.

**VIII. 3. വറുഗീസ് മത്തായി (മത്തായിച്ചൻ)
ചിറയിൽ–കടപ്ര**

പാണ്ടനാട്ടു തെക്കെതൈയ്യിൽ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു വറുഗീസ്, തോമസ്, അന്നമ്മ,



ഏലിയാമ്മ, മേരിക്കുട്ടി എന്നു് അഞ്ചു മക്കൾ. അന്നമ്മയെ മണ്ടമരുതി നെല്ലിക്കാലായിൽ തോമസും ഏലിയാമ്മയെ നിരണത്തു് ചേരിക്കൽ ചെറിയാനും, മേരിക്കുട്ടിയെ മാവേലിക്കര ആറ്റുപുറത്തു ജയിക്കബും വിവാഹം കഴിച്ചു. ശ്രീ. മത്തായിച്ചൻ 1985–ൽ നിര്യാതനായി. കുമ്പനാടു് ശാലേം മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു. ശ്രീ. മത്തായിച്ചൻ തികഞ്ഞ കുടുംബ സ്നേഹിയും, ഹൃദയ പരമാർത്ഥിയും, നല്ല കൃഷിക്കാരനും ആയിരുന്നു.

**IX. 4. മത്തായി വറുഗീസ് (കുഞ്ഞപ്പൻ)
ചിറയിൽ-കടപ്ര**

പുന്നയ്ക്കാട്ടു മലയിൽ കുളങ്ങര തോമസ് മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഇവർക്കു 3 പെൺമക്കൾ വിദ്യാർത്ഥികളായുണ്ട്, കുഞ്ഞപ്പനും ഭാര്യയും കുവൈറ്റിൽ ഉദ്യോഗസ്ഥരായി താമസിക്കുന്നു.

**IX. 5. മത്തായി തോമസു് (തോമസുകുട്ടി)
ചിറയിൽ – കടപ്ര.**

റാന്നി ചെത്തോംകര തടത്തേൽ ഫിലിപ്പു് മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഒരു മകനും ഒരു മകളും വിദ്യാർത്ഥികളായുണ്ടു്. ഇരുവരും കുവൈറ്റിൽ ഉദ്യോഗസ്ഥരായി താമസിക്കുന്നു.

**VIII. 4. വറുഗീസു് ഈശോ (പാപ്പിക്കുഞ്ഞു്)
ചിറയിൽ – തിരുവനന്തപുരം.**

ഇരവിപേരൂർ ശങ്കരമംഗലത്തു മാമ്മൻ മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ഇരുവരും കുവൈറ്റു് ഓയിൽ കമ്പനിയിൽ ജോലി ചെയ്തു. പെൻഷനായി തിരുവനന്തപുരത്തു താമസമാക്കി. ഇവർക്കു രണ്ടു പെൺമക്കൾ മാത്രം. മൂത്ത പുത്രിയെ വയലിറക്കത്തു് കവലയിലും രണ്ടാമത്തെ പുത്രിയെ ബോംബെയിലും വിവാഹം കഴിപ്പിച്ചു. പാപ്പിക്കുഞ്ഞു് പെട്ടെന്നുള്ള അസുഖത്താൽ 1983–ൽ നിര്യാതനായി. തിരുവനന്തപുരം മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

# പുളിക്കക്കുഴി പടിഞ്ഞാറെമുറി ശാഖയിൽ പടിഞ്ഞാറെ മുറി കുടുംബം

### V. 4. **കുഞ്ഞുമ്മൻ കുഞ്ഞുമ്മൻ പടിഞ്ഞാറെമുറി—കടപ്ര**

കല്ലൂപ്പാറ നിന്നും ഏലിയെ വിവാഹം കഴിച്ചു. ഇവർക്ക് മറിയ, റാഹേൽ, ഏലിയാമ്മ, മത്തായി, ഗീവറുഗീസ് എന്നു് അഞ്ചുമക്കാം. മറിയയെ മാരാമണ്ണ് മാളിയേയ്ക്കമണ്ണിൽ കൊച്ചുകുഞ്ഞും, റാഹേലിനെ മുണ്ടിയപ്പള്ളിലും വിവാഹം കഴിപ്പിച്ചു. ഏലി അവിവാഹിതയായി ചരമം പ്രാപിച്ചു. കുഞ്ഞുമ്മനും, ഏലിയാമ്മയും നിര്യാതരായി. കുമ്പനാട്ടു് പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.

### VI. 1. **കുഞ്ഞുമ്മൻ മത്തായി പടിഞ്ഞാറെമുറി—കുമ്പനാട്**

പാണ്ടനാട് മണലേൽ കൊച്ചുകുഞ്ഞു മകറം അന്നമ്മയെ വിവാഹം ചെയ്തു. മറിയാമ്മ, ശോശാമ്മ, തോമസ് വറുഗീസ് എന്നു് നാല് മക്കാം. മറിയാമ്മയെ മുണ്ടിയപ്പള്ളിൽ ഈട്ടിച്ചുവട്ടിൽ അവറാച്ചനും, ശോശാമ്മയെ പുല്ലാടു വടക്കേത്ര അവറാച്ചനും വിവാഹം കഴിച്ചു. മത്തായിയും, അന്നമ്മയും വാർദ്ധക്യത്തിൽ നിര്യാതരായി. കുമ്പനാട് ശാലേം മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VII. 1. **മത്തായി തോമസ് (കുട്ടി) പടിഞ്ഞാറെമുറി—കുമ്പനാട്**

ഇടശ്ശേരിമല കുരവയ്ക്കൽ അവറാച്ചൻ മകറം മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് തങ്കമ്മ, മത്തായി എന്നു് രണ്ടു മക്കാം. തങ്കമ്മയെ കവിയൂർ ഔങ്ങാട്ടിൽ വറുഗീസ് മകൻ ഈപ്പൻ വിവാഹം കഴിച്ചു. മറിയാമ്മ 42-ാം വയസ്സിൽ നിര്യാതയായി. ശാലേം മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. നല്ല ഒരു വ്യവസായിയും, കുടുംബ സ്നേഹിയും, പരോപകാര തല്പരനുമായിരുന്ന



കടപ്ര ചിറയിൽ ശ്രീ. സി. വി. വറുഗീസ് (കുട്ടിസാർ) ഉം കുടുംബവും.



കപ്ര ചിറയിൽ ശ്രീ. സി. വി. മത്തായിയും കുടുംബവും



പടിഞ്ഞാറെ മുറിയിൽ

1) ശ്രീ. ഒ. എം. വറുഗീസും (പാപ്പി) കുടുംബവും
2) മകൻ പി. വി. തോമസ്സും (പൊടിയച്ചൻ)കുടുംബവും



പടിഞ്ഞാറെ മുറിയിൽ ശ്രീ. പി. വി. വറുഗീസ്—വത്സമ്മ
മകൾ ബാറ്റ്സി.



പടിഞ്ഞാറെമുറിയിൽ
ശ്രീ. പി. വി. മത്തായി—ഭാര്യ മോളിക്കുട്ടി
മക്കൾ ബിജു, ബിജി.



പടിഞ്ഞാറെ മുറിയിൽ ശ്രീ. പി. റ്റി. മാത്യു, ഭാര്യ തങ്കമ്മ മാത്യു
മക്കൾ ഗ്രേസിയും കുടുംബവും, ജസിയും കുടുംബവും, ഡെയിസി, ബിൻസി



മൈലനിൽക്കുന്നതിൽ മി. എം. ജി. ജോർജ്ജ്, ഭാര്യ ഏലിയാമ്മ



മൈലനിൽക്കുന്നതിൽ ശ്രീ. എം.ഐ.ജോർജ്ജും കുടുംബവും



മൈലനിൽക്കുന്നതിൽ ശ്രീ. എം.ജി.വറുഗീസും കുടുംബവും



മൈലപ്രത്ത് ശ്രീ. എം. ജി. ജോർജ്ജും കുടുംബവും



തോമസ് (കുട്ടി) തന്റെ 60-ാം വയസ്സിൽ നിര്യാതനായി. ശാലേം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VIII. 1. തോമസ് മത്തായി (കുഞ്ഞൂഞ്ഞുട്ടി) പടിഞ്ഞാറെ മുറി–കുമ്പനാട്

എഴുമറ്റൂർ മേത്താനത്ത് താന്നിക്കൽ വറുഗീസ് മകൾ തങ്കമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മേഴ്സി, ജെസി ഡെയിസി, ബിൻസി എന്നു് 4 പെൺമക്കൾ മാത്രം. പുത്രി മേഴ്സിയെ പൂവത്തൂർ മോളുപറമ്പിൽ വറുഗീസ് മകൻ ചാക്കോയും, ജെസിയെ അട്ടചാക്കൽ വറുഗീസ് മകൻ ശമുവേലും വിവാഹം കഴിച്ചു. ഡെയിസി, ബിൻസി എന്നിവർ വിദ്യാർത്ഥികളായി കുടുംബത്തു താമസിക്കുന്നു.

ശ്രീ. മത്തായി കോളജു വിദ്യാഭ്യാസാനന്തരം ഗുജറാത്തിൽ എൻജീനിയറായി ജോലി നോക്കിയതിനുശേഷം നാട്ടിൽ വന്ന് കോൺട്രാക്ടറായി ജോലി നോക്കി. തുടർന്നു ഉദ്യോഗാർത്ഥം പേർഷ്യൻ ഗൾഫിൽ പോയി. എഴുമാലി കുടുംബ യോഗത്തിന്റെ പ്രാരംഭ പ്രവർത്തകരിൽ ഒരാളായ കുഞ്ഞൂഞ്ഞുട്ടി കുടുംബയോഗത്തിന്റെ വളർച്ചയ്ക്കും കുടുംബത്തിലെ താഴേക്കിടയിലുള്ളവരുടെ ഉന്നമനത്തിനുംവേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കുടുംബയോഗ കമ്മറ്റി അംഗം, കുടുംബ ചരിത്ര രചന ഫണ്ടു കമ്മറ്റി കൺവീനർ, എന്നിങ്ങനെ പല നിലകളിൽ കുടുംബത്തെ സേവിച്ചുകൊണ്ടിരിക്കുന്നു. വീണ്ടും ഗൾഫിൽ ആയിട്ടും അവിടെ നിന്നും കുടുംബത്തിനുവേണ്ടി ആവുംവിധം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കുമ്പനാട് ശാലേം സണ്ടേസ്കൂൾ അദ്ധ്യാപകൻ, ശാലേം ഇടവക കമ്മറ്റി അംഗം, ശാലേം ഇടവക കണക്കൻ, പള്ളി കമ്മറ്റി അംഗം എന്നീ വിവിധ നിലകളിൽ ഇടവകയെ സേവിച്ചിട്ടുണ്ട്. ആർഭാടരഹിതമായി ക്രിസ്തീയ സാക്ഷ്യം വഹിക്കുന്ന ഒരു വ്യക്തിയാണ് ശ്രീ. മത്തായി.

## VII. 2. മത്തായി വറുഗീസ് (പാപ്പി) പടിഞ്ഞാറെമുറി–കുമ്പനാട്

വെണ്ണിക്കുളത്ത് മാലിയിൽ തോമസ് മകൾ മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു മത്തായി, തോമസ്,

വറുഗീസ്, അന്നമ്മ എന്നു് നാല് മക്കരം. മകരം അന്നമ്മ യെ റാന്നിയിൽ മാന്താനത്ത് മത്തായി മകൻ ജോണിയെ കൊണ്ടു വിവാഹം കഴിപ്പിച്ചു. ശ്രീ. വറുഗീസ് എഴുമാലി കുടുംബയോഗ കമ്മറ്റി അംഗമായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

## VIII. 2. വറുഗീസ് മത്തായി (ബേബിക്കുട്ടി) പടിഞ്ഞാറെ മുറി—കുമ്പനാട്

കുറിയന്നൂർ പുളിയിലേത്തു വർഗീസ് മകരം മോളിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു് ബിജു, ബിജി എന്ന് രണ്ടു മക്കരം വിദ്യാർത്ഥികളായുണ്ട്. ഇവർ അഹമ്മദാബാദിൽ കുടുംബ സമേതം താമസിക്കുന്നു.

## VII. 3. വറുഗീസ് തോമസ് (പൊടിയച്ചൻ) പടിഞ്ഞാറെ മുറി— കുമ്പനാട്

മൂവാറ്റുപുഴ നിന്നും ഇസ്രായേലിന്റെ മകരം മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു് ഷീജ, ഷിനു, ഷെറിൻ എന്ന് മൂന്നു മക്കരം. ഇവർ വിദ്യാർത്ഥികളാണ്. ഭാര്യയും ഭർത്താവും അദ്ധ്യാപകരായി വയനാട്ടിൽ കുടുംബസമേതം താമസിക്കുന്നു.

## VIII. 4. വറുഗീസ് വറുഗീസ് B.A. (ബാബുക്കുട്ടി) പടിഞ്ഞാറെ മുറി—കുമ്പനാട്

കുലശേഖരത്തു നിന്നും മുളനിൽക്കുന്നതിൽ മാത്യു മകരം റോസമ്മയെ വിവാഹം കഴിച്ചു. ഇരുവരും ഉദ്യോഗസ്ഥരായി ബോംബയിൽ താമസിക്കുന്നു.

## VI. 2. കുഞ്ഞുമ്മൻ ഗീവറുഗീസ് പടിഞ്ഞാറെ മുറി—കടപ്ര

പുന്നയ്ക്കാട്ടു നിന്നും വിവാഹം കഴിച്ചു. റാഹേൽ, മറിയാമ്മ, ഉമ്മച്ചൻ എന്ന് മൂന്നു മക്കരം. റാഹേലിനെ വെള്ളിയറ കപ്പമാംമൂട്ടിൽഫീലിപ്പോസിനെ കൊണ്ടും, മറിയാമ്മയെ മാരാമണ്ണ് കുറുമൂട്ടിൽ ഏബ്രഹാമിനെ കൊണ്ടും വിവാഹം കഴിപ്പിച്ചു. ഗീവറുഗീസും ഭാര്യയും നിര്യാതരായി. ശാലേം ഇടവക സെമിത്തേരിയിൽ അടക്കം ചെയ്തു.



## VII. 3. ഗീവറുഗീസ് ഉമ്മച്ചൻ പടിഞ്ഞാറെ മുറി—കുമ്പനാട്

കറ്റോട്ടു നിന്നും ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് കൊച്ചുമ്മൻ, മോനിച്ചൻ, പൊടിയമ്മ, അമ്മിണി എന്ന് നാല് മക്കരം. പൊടിയമ്മയെ ഐരാക്കാവ് പാറേൽ ജോയിയും, അമ്മിണിയെ പുത്തൻകാവിൽ അനിയനും വിവാഹം കഴിച്ചു. ഇളയ മകൻ മോനിച്ചൻ അവിവാഹിതനായി മാതാപിതാക്കളോടൊപ്പം താമസിക്കുന്നു.

## VIII. 5. കൊച്ചുമ്മൻ പടിഞ്ഞാറെ മുറി— തട്ടയ്ക്കാട്

തട്ടയ്ക്കാട് പ്ലാവേലിപറമ്പിൽ മേരിയെ വിവാഹം കഴിച്ച് പ്ലാവേലിപറമ്പിൽ തന്നെ താമസിക്കുന്നു. ഒരു പുത്രനും, ഒരു പുത്രിയും ഉണ്ട്. കൊച്ചുമ്മൻ ഉദ്യോഗാർത്ഥം പേർഷ്യയിൽ താമസിക്കുന്നു.

അദ്ധ്യായം 14

# പുളിക്കക്കുഴി ശാഖയിൽ പുളിക്കക്കുഴി കുടുംബം

IV. 3. പെരുമാൾ പുളിക്കക്കുഴി, കടപ്ര

V. 1. മാത്തുള്ള വറുഗീസ്, നീറൻപ്പാക്കൽ, കടപ്ര

2. മാത്തുള്ള കുഞ്ഞുമ്മൻ, കിഴക്കേപ്പൊയ്ക, കടപ്ര

3. മാത്തുള്ള മാമ്മൻ, പുളിക്കക്കുഴി, കടപ്ര



## പുളിക്കക്കുഴിയിൽ ശാഖ

IV. 3. കോയിപ്രത്തു് എഴുമാലിൽനിന്നും കടപ്ര പുളിക്കക്കുഴിയിൽ വന്നു താമസമാക്കിയ പെരുമാൾ പിതാവിനു് മൂന്നു ആൺമക്കൾ മാത്രമെ ഉണ്ടായിരുന്നുള്ളു എന്നു് മുൻപു രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. അതിൽ ഇളയ മകൻ മാത്തുള്ള പുളിക്കക്കുഴി തറവാട്ടിൽ തന്നെ താമസമാക്കി. ആറന്മുള തെങ്ങുംചേരിൽ വീട്ടിൽ ഏലിയെ വിവാഹം കഴിച്ചു. ഇവർക്ക മൂന്നു ആൺമക്കൾ മാത്രം ഉണ്ടായിരുന്നു.

അരോഗ ദൃഢഗാത്രനും, ദീർഘകായകനുമായിരുന്ന മാത്തുള്ള മാപ്പിള നല്ല കൃഷിക്കാരനും അദ്ധ്വാനശീലനും ഈശ്വരഭക്തനുമായിരുന്നു. ആജ്ഞാനുവർത്തികളായ ധാരാളം ആളുകൾ കൂടെ എപ്പോഴും ഉണ്ടായിരുന്നു. കൂടാതെ വിലയ്ക്കുവാങ്ങിയ ദാസീദാസന്മാരും ഉണ്ടായിരുന്നു. അക്കാലത്തു് പ്രധാന കൃഷിയിനങ്ങൾ പഞ്ഞപ്പുല്ലു്, തെന, ചോളം, ചാമ, മുതിര, പയറു് ആദിയായവയായിരുന്നു. ചുറ്റുപാടും വനമായിരുന്നതിനാൽ ദുഷ്ടമൃഗങ്ങളുടെ ഉപദ്രവം കൂടെക്കൂടെ ഉണ്ടാകുമായിരുന്നു. കാട്ടുമൃഗങ്ങളുടെ മാംസം ധാരാളം ലഭിച്ചിരുന്നു. മാത്തുള്ള മാപ്പിളയുടെ പിതാവു് പെരുമാൾ വിഖ്യാതനായ ഒരു മഹാത്മാവു് ആയിരുന്നതിനാൽ ആ പാരമ്പര്യവും, പെരുമയും മകൻ കാത്തുസൂക്ഷിച്ചു. അങ്ങനെ പുളിക്കക്കുഴി എന്ന പേരു് അയൽദേശങ്ങളിൽ സുപരിചിതമായിതീർന്നു.

മാത്തുള്ള മാപ്പിളയുടെ ഭാര്യ അതിസമർത്ഥയായ ഒരു സ്ത്രീരത്നം ആയിരുന്നു. ദാനശീലയും ദൈവഭക്തയുമായ ആ മാതാവു് ദേശവാസികളുടെ എല്ലാം ഒരു 'അമ്മ' തന്നെ ആയിരുന്നു. ഇവർ പുത്തൻകാവു് പള്ളിയിൽ ആരാധന നടത്തിവരവേ, കോയിപ്രത്തു ഒരു പള്ളി പണിയിച്ചു. എങ്കിലും വിവിധ കാരണങ്ങളാൽ ഏറെനാൾ അവിടെ കൂടിനടക്കാൻ സാധിച്ചില്ല. അക്കാലത്തു് കുമ്പനാടു് ഒരുആരാധനാ സ്ഥലം സ്ഥാപിക്കുന്നതിനു ശ്രമിക്കയും മറ്റു

പലരുടെ സഹകരണത്തോടു കൂടി ഒരു ആരാധനാസ്ഥലം രൂപപ്പെടുത്തുകയും ചെയ്തു. ആദ്യകാലങ്ങളിൽ പ്രാർത്ഥനാലയം എന്ന പേരിൽ അറിയപ്പെട്ടിരുന്നു എങ്കിലും പിൽക്കാലത്തു ദേവാലയമായിതീർന്നു.

കാടുവെട്ടിത്തെളിച്ചു് കൂടുതൽ സ്ഥലം കൃഷിഭൂമിയായി മാറ്റി. കൃഷി സമ്പത്തിനോടൊപ്പം മൃഗ സമ്പത്തും വർദ്ധിച്ചു. ഒരു കോലാട്ടിൻ പറ്റത്തെ വളർത്തി. ദീർഘദൃഷ്ടിയുള്ളവനും, കൂർമ്മ ബുദ്ധിമാനുമായിരുന്ന മാത്തുള്ള മാപ്പിള പിതാവിൽ നിന്നും ലഭിച്ച പ്രശസ്തി വളരെ വർദ്ധിപ്പിച്ചു. സർവ്വരാലും ആദരണീയനായിതീർന്നു. തന്റെ പ്രവർത്തനത്തിന്റെ മദ്ധ്യത്തിൽ 51-ാം വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. മൃതദേഹം പുത്തൻകാവു് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. മാതാവു് പിന്നെയും ജീവിച്ചിരുന്നു. മാതാവിനോടു് ആലോചിക്കാതെ മക്കൾ യാതൊന്നും ചെയ്തിരുന്നില്ല. ഇവർക്ക വർഗീസു് നീറുംപ്ലാക്കൽ, കുഞ്ഞുമ്മൻ കിഴക്കെ പൊയ്ക, മാമ്മൻ പുളിക്കക്കുഴി എന്നു് മൂന്നു മക്കൾ ഉണ്ടായിരുന്നു. മാതാവു് തന്റെ 64-ാം വയസ്സിൽ നിര്യാതയായി. പുത്തൻകാവു് പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.

---



### അദ്ധ്യായം 15

# പുളിക്കക്കുഴി ശാഖയിൽ നീറൻ പ്ലാക്കൽ കുടുംബം

V. 1. മാത്തുള്ള വറുഗീസ്, നീറൻപ്ലാക്കൽ, കടപ്ര

VI. 1. വറുഗീസ് വറുഗീസ്, മൈലനില്ക്കുന്നതിൽ, കടപ്ര
2. വറുഗീസ് മാത്തൻ, നീറൻപ്ലാക്കൽ, നെല്ലിമല
3. വറുഗീസ് തോമസ് ,, കടപ്ര
4. ഫീലിപ്പോസ് ഫീലിപ്പോസ്, നീറൻപ്ലാക്കൽ, ചേത്തക്കൽ

VII 1. വറുഗീസ് വറുഗീസ്, മൈലനില്കുന്നതിൽ, നെല്ലിമല
2. വറുഗീസ് ചാക്കോ ,, കടപ്ര
3. വറുഗീസ് പീലി ,, ,,
4. മാത്തൻ വറുഗീസ്, നീറൻപ്ലാക്കൽ, നെല്ലിമല
5. മാത്തൻ കുഞ്ഞപ്പി ,, ,,
6. മാത്തൻ മത്തായി ,, ,,
7. മാത്തൻ ചാക്കോ ,, ,,
8. മാത്തൻ ഫീലിപ്പോസ് ,, ,,
9. മാത്തൻ തോമസ് ,, ,,
10. വറുഗീസ് (കുട്ടി) ,, കടപ്ര
11. വറുഗീസ് തോമസ് (പൊടിക്കുഞ്ഞു്) നീറൻപ്ലാക്കൽ-മുണ്ടക്കയം.
12. ഫീലിപ്പോസ് മത്തായി, നീറൻപ്ലാക്കൽ, മന്ദമരുതി
13. ഫീലിപ്പോസ് തോമസ് ,, ,,
14. ഫീലിപ്പോസ് കൊച്ചൂഞ്ഞു് ,, ,,
15. ഫീലിപ്പോസ് മാത്യു, ,, ചേത്തക്കൽ

20. മാത്തൻ തോമസ് (ബാബു) നീറൻപ്പാക്കൽ കനകപ്പലം
21. മാത്യു മാത്യു (കുഞ്ഞുമോൻ) ,, നെല്ലിമല
22. മാത്യു രാജു നീറൻപ്പാക്കൽ നെല്ലിമല
23. തോമസ് ജേക്കബ് ,, ,,
24. തോമസ് ഫിലിപ്പ് ,, ,,
25. തോമസ് വറുഗീസ് ,, ബോംബെ
26. തോമസ് ജോയി ,, ,,
27. തോമസ് തോമസുകുട്ടി ,, മുണ്ടക്കയം
28. തോമസ് കോശി ,, ,,
29. ജോർജ് മത്തായി (ജോയി) ,, മന്ദമരുതി
30. ജോർജ് തോമസ് ,, ,,
31. ജോർജ് ജോർജ് ,, ,,
32. ജോർജ് മാത്യു (തങ്കൻ) ,, ,,
33. മാത്യു മത്തായി(കുഞ്ഞൂട്ടി) ,, ,,
34. വറുഗീസ് മാത്യു ,, ,,
35. വറുഗീസ് തോമസ് ,, ,,
36. മാത്യു മോഹൻ ,, ,,
37. തോമസ് മാമ്മൻ ,, ,,
38. തോമസ് തോമസ് ,, ,,
39. Dr.തോമസ് ഫിലിപ്പ് ,, ,,
40. തോമസ് അലക്സ് ,, ,,

X 1. വറുഗീസ് വറുഗീസ്(തങ്കച്ചൻ) മൈലനില്ക്കുന്നതിൽ നെല്ലിമല
2. വറുഗീസ് കുര്യൻ ,, ,,
3. വറുഗീസ് തോമസ് (ജോയി) ,, ,,
4. വറുഗീസ് ചാക്കോ(കുഞ്ഞുമോൻ) ,, ,,
5. വറുഗീസ് ജോർജ് (ബാബു) ,, ,,
6. ജോർജ് വറുഗീസ്(കൊച്ചുണ്ണൂണ്ണി) ,, ,,
7. ജോർജ് ഇട്ടി (ജോയി) ,, ,,
8. ചാക്കോ അലക്സ് ,, ,,
9. ചാക്കോ ജേക്കബ് ,, ,,



# പുളിക്കക്കുഴി ശാഖയിൽ നീറുംപ്ലാക്കൽ കുടുംബം

**V. 1. മാത്തുള്ള വറുഗീസ് നീറുംപ്ലാക്കൽ–കടപ്ര**

തിരുവല്ല താഴയിൽ നിന്നും റാഹേലിനെ വിവാഹം കഴിച്ചു. ഇവർക്ക വറുഗീസ്, മാത്തൻ, ഫീലിപ്പോസ്, മറിയ, റാഹേൽ എന്നു് ആറു് മക്കൾ. മറിയയെ കല്ലൂപ്പാറ മാളിയേയ്ക്കലയിലും റാഹേലിനെ കോയിപ്രത്തു വടക്കേടത്തും വിവാഹം കഴിപ്പിച്ചു. മാതാപിതാക്കൾ ഇരുവരും വാർദ്ധക്യ സഹജമായ അസുഖത്താൽ നിര്യാതരായി. ഇരുവരേയും പുത്തൻകാവുപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VI. 1. വറുഗീസ് വറുഗീസ് മൈലനില്ക്കുന്നതിൽ–കടപ്ര**

മല്ലപ്പള്ളിൽ അമ്പാട്ടുനിന്നും ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക വറുഗീസ്, ചാക്കോ, ഫീലിപ്പോസ് മറിയാമ്മ, ഏലിയാമ്മ, അന്നമ്മ, കൊച്ചീത്ത, സാറാമ്മ, റാഹേലമ്മ എന്ന് ഒൻപതു മക്കൾ. മറിയാമ്മയെ കവിയൂർ ചെമ്പകശ്ശേരിലും, ഏലിയാമ്മയെ കവിയൂർ മാവേലിലും, അന്നമ്മയെ കുമ്പനാട് കിഴക്കേടത്തു കുറ്റിയിലും, കൊച്ചീത്തയെ മാരാമണ്ണ് എള്ളിലും, സാറാമ്മയെ ഇരവിപേരൂർ വല്യതാന്നിക്കലും, റാഹേലിനെ മല്ലപ്പള്ളിൽ കോയിപ്രത്തും വിവാഹം കഴിപ്പിച്ചു. വറുഗീസും ഏലിയാമ്മയും നിര്യാതരായി. കുമ്പനാട്ടു പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VII. 1. വറുഗീസ് വറുഗീസ് മൈലനില്ക്കുന്നതിൽ–നെല്ലിമല**

കാരയ്ക്കൽ ചിറയിൽ അന്നമ്മയെ വിവാഹം കഴിച്ചു. നെല്ലിമല വസ്തു സമ്പാദിച്ച് അവിടെ താമസമാക്കി. ഗീവറുഗീസ്, തോമസ്, കൊച്ചുപെണ്ണ്, റാഹേൽ, മറിയാമ്മ എന്ന് അഞ്ചു മക്കൾ. കൊച്ചുപെണ്ണിനെ കടപ്ര പുത്തൻപറമ്പിൽ മേമുറിയിൽ മത്തായിയും, റാഹേലിനെ

പുല്ലാട് ഇടയാട്ടിയിൽ കുഞ്ഞച്ചനും, മറിയാമ്മയെ അയിരൂർ തടത്തേൽ തോമസും വിവാഹം കഴിച്ചു. വറുഗീസും അന്നമ്മയും നിര്യാതരായി. കുമ്പനാട്ടു പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VIII. 1. വറുഗീസ് ഗീവറുഗീസ് മൈലനില്ക്കുന്നതിൽ-നെല്ലിമല

ഇടനാട്ടിൽ കടമ്മാട്ട് ചെറിയാൻ മകൾ സാറാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക വറുഗീസ്, ജോർജ്ജ്, ചാക്കോ, തോമസ്, അന്നമ്മ, തങ്കമ്മ എന്ന് ആറ് മക്കൾ. അന്നമ്മയെ വട്ടക്കോട്ടാൽ പുല്ലുകാലായിൽ മത്തായിയും, തങ്കമ്മയെ കവിയൂർ കിഴവറമണ്ണിൽ ഏബ്രഹാമും വിവാഹം കഴിച്ചു. കുമ്പനാട് മാർത്തോമ്മാപ്പള്ളിയിൽ ആരാധന നടത്തിയിരുന്ന ഇവർ നെല്ലിമല ഒരു പള്ളി സ്ഥാപിച്ചു ആരാധന നടത്തിപ്പോന്നു. ഗീവറുഗീസും ഭാര്യ സാറാമ്മയും നിര്യാതരായി. നെല്ലിമല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IX. 1. ഗീവറുഗീസ് വറുഗീസ് (ഉണ്ണി) മൈലനില്ക്കുന്നതിൽ-നെല്ലിമല

പൂവത്തൂർ തിക്കോയിപ്രത്ത് കൊച്ചൂഞ്ഞു മകൾ കുഞ്ഞാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് വറുഗീസ്, കുര്യൻ, തോമസ്, ജോർജ്ജ്, ചാക്കോ, അന്നമ്മ, ചിന്നമ്മ, അമ്മിണി, അക്കാമ്മ, ഓമന, ശാന്തമ്മ എന്ന് പതിനൊന്നു മക്കൾ. അന്നമ്മയെ പൂവത്തൂർ പെരിഞ്ഞേലിൽ മാത്യുവും, ചിന്നമ്മയെ കുമ്പഴ കളീക്കൽ ജോഷ്വായും, അമ്മിണിയെ പുല്ലാട്ടു പെരിഞ്ഞേലിൽ കുഞ്ഞൂഞ്ഞും, അക്കാമ്മയെ ചെങ്ങന്നൂർ കപ്പാശേരിൽ അവറാച്ചനും, ഓമനയെ കോട്ടയം മാങ്ങാനത്ത് ശങ്കരമംഗലത്തു ശൂരിയും, ശാന്തമ്മയെ കോട്ടയം മാങ്ങാനത്ത് ശങ്കരമംഗലത്തു കുഞ്ഞുമോനും വിവാഹം കഴിച്ചു. വറുഗീസ് (ഉണ്ണി) തന്റെ 52-ാം വയസ്സിൽ നിര്യാതനായി. നെല്ലിമല മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു. ഭാര്യ കുഞ്ഞാമ്മ മക്കളോടൊത്ത് കുടുംബത്ത് താമസിക്കുന്നു.



## X. 1. വറുഗീസ് വറുഗീസ് (തങ്കച്ചൻ) മൈലനില്ക്കുന്നതിൽ-നെല്ലിമല

നിരണത്തുനിന്നും കുഞ്ഞുമോളെ വിവാഹം കഴിച്ചു. ഉദ്യോഗാർത്ഥം കുടുംബസമേതം മദ്രാസിൽ താമസിക്കുന്നു. സജി, ജിജി, ലാലി എന്ന മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ട്.

## X. 2. വറുഗീസ് കുര്യൻ മൈലനില്ക്കുന്നതിൽ നെല്ലിമല

ഇടയാറന്മുള മാവേലിമണ്ണിൽ യോഹന്നാൻ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് 2 പുത്രന്മാരും ഒരു പുത്രിയും വിദ്യാർത്ഥികളായുണ്ട്. ഇവർ കുടുംബസമേതം കുവൈറ്റിൽ താമസിക്കുന്നു.

## X. 3. വറുഗീസ് തോമസ് (ജോയി) മൈലനില്ക്കുന്നതിൽ-നെല്ലിമല

വെൺമണിയിൽനിന്നും ലീലാമ്മ B.Sc; B.Ed. നെ വിവാഹം കഴിച്ചു. ഇരുവരും ഉദ്യോഗാർത്ഥം കുവൈറ്റിൽ താമസിക്കുന്നു. ഇവർക്കു രണ്ടു പുത്രന്മാർ വിദ്യാർത്ഥികളായുണ്ട്.

## X. 1. വറുഗീസ് ചാക്കോ (കുഞ്ഞുമോൻ) മൈലനില്ക്കുന്നതിൽ-നെല്ലിമല

മല്ലപ്പള്ളിൽ പരിയാരത്ത് ആനിയെ വിവാഹം കഴിച്ചു. ഇരുവരും ഉദ്യോഗസ്ഥരായി കുവൈറ്റിൽ താമസിക്കുന്നു. ഇവർക്കു ഒരു പുത്രനും ഒരു പുത്രിയും വിദ്യാർത്ഥികളായുണ്ട്.

## X. 5. വറുഗീസ് ജോർജ് (ബാബു) മൈലനില്ക്കുന്നതിൽ-നെല്ലിമല

കോട്ടയത്തുനിന്നും വിവാഹം കഴിച്ചു. ഇരുവരും കുവൈറ്റിൽ ജോലി ചെയ്യുന്നു.

## IX. 2. ഗീവറുഗീസ് ജോർജ് മൈലനില്ക്കുന്നതിൽ-നെല്ലിമല

പാണ്ടനാട്ടിൽ വേങ്ങശ്ശേരിൽ ഇട്ടി മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. വറുഗീസ് (കൊച്ചുണ്ണൂണ്ണി)

ജോയി, അമ്മിണി, കുഞ്ഞുമോൾ, കുഞ്ഞൂഞ്ഞമ്മ, തങ്കമ്മ, മോളി, ജോയിസ്, എന്ന് എട്ടു മക്കൾ. അമ്മിണിയെ തലവടി കണിയാംപറമ്പിൽ Rev. K. C. ശമുവേലും, കുഞ്ഞുമോളെ കുമ്പനാട്ട് കണ്ടത്തിൽ തോമസ് മകൻ മാമ്മനും, കുഞ്ഞൂഞ്ഞമ്മയെ കല്ലൂപ്പാറ മാമ്മൂട്ടിൽ കുഞ്ഞൂഞ്ഞച്ചനും, തങ്കമ്മയെ കവിയൂർ അമ്പാട്ടു ജിജിയും, മോളിയെ തൃശൂർ കൊടകര കണ്ണോക്കാട്ടു പോളും, ജോയിസിനെ തലവടിയിൽ കണിയാമ്പറമ്പിൽ ബിജോയിയും വിവാഹം ചെയ്തു.

മൈലനില്ക്കുന്നതിൽ ശ്രീ. എം. ജി. ജോർജ്ജ് കുമ്പനാട്ട് പ്രശസ്തമായ രീതിയിൽ വ്യാപാരം നടത്തികൊണ്ടിരിക്കുന്നു. അതോടൊപ്പം നല്ല കൃഷിക്കാരനും ആണ്. നെല്ലിമല പള്ളിയുടെ പുനർ നിർമ്മാണത്തിന് താല്പര്യപ്പെടുകയും എല്ലാവിധത്തിലും ബദ്ധപ്പെടുകയും ചെയ്തിട്ടുണ്ട്. സ്ഥലത്തെ പൊതു കാര്യങ്ങളിൽ മുൻ പന്തിയിൽ നിന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സാധുക്കളെ സഹായിക്കുന്നതിൽ തന്നാലാവുന്നതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നു. എഴുമാലി കുടുംബയോഗത്തിന്റെ പ്രാരംഭം മുതൽ പ്രസിഡന്റ് എന്ന നിലയിൽ പ്രവർത്തിച്ചു പോരുന്നു. കുടുംബ യോഗത്തിന്റെ വളർച്ചയ്ക്കും, നിലനില്പിനും കൈയ്യയച്ചു സഹായിക്കുന്നുണ്ട്.

## X. 6. ജോർജ് വറുഗീസ് (കൊച്ചുണ്ണൂണ്ണി)

### മൈലനില്ക്കുന്നതിൽ-നെല്ലിമല

തിരുവല്ല കാവുംഭാഗത്തു കാവിലെ വീട്ടിൽ മത്തായി മകൾ കുഞ്ഞുമോളെ വിവാഹം കഴിച്ചു. ഇവർക്കു ഒരു പുത്രനും 2 പുത്രിമാരും വിദ്യാർത്ഥികളായുണ്ട്. ഉദ്യോഗസ്ഥരായി കുവൈറ്റിൽ താമസിക്കുന്നു.

## X. 7. ജോർജ് മകൻ ജോയി (ഇട്ടി)

### മൈലനില്ക്കുന്നതിൽ-നെല്ലിമല

പറക്കോടു കക്കാട്ടു പറമ്പിൽ ജോർജ്ജ് മകൾ ജെസിയെ വിവാഹം കഴിച്ചു. ഇവർക്കു ഒരു പുത്രൻ ഉണ്ട്. ഇരുവരും ഉദ്യോഗസ്ഥരായി കുവൈറ്റിൽ താമസിക്കുന്നു.



## IX. 3. വറുഗീസ് ചാക്കോ (ബേബി)

### മൈലനില്ക്കുന്നതിൽ-നെല്ലിമല

കുമ്പനാട് ചുണ്ടമണ്ണിൽ ചാണ്ടി മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു കൊച്ചന്നാമ്മ, ഗ്രേസി, അലക്സാണ്ടർ (പാപ്പച്ചൻ) ജയിക്കബ് (തമ്പി) എന്നു് നാല് മക്കൾ. കൊച്ചന്നാമ്മയെ കല്ലൂപ്പാറ മൂത്തേടത്തു ബാബുക്കുട്ടിയും, ഗ്രേസിയെ വയലത്തല ജോയിക്കുട്ടിയും വിവാഹം കഴിച്ചു. ശ്രീ ബേബി ദീർഘ വർഷങ്ങൾ നെല്ലിമല മാർത്തോമ്മാ ഇടവക സണ്ടേസ്കൂൾ അദ്ധ്യാപകനായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹം 1986–ഡിസംബർ 21–ാം തീയതി നിര്യാതനായി. നെല്ലിമല മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## X. 8. ചാക്കോ അലക്സാണ്ടർ (പാപ്പച്ചൻ)

### മൈലനില്ക്കുന്നതിൽ-നെല്ലിമല

കായംകുളത്തുനിന്നും ജോളിയെ വിവാഹം കഴിച്ചു. ഒരു പുത്രിയുണ്ട്. ഇവർ ഉദ്യോഗസ്ഥരായി കുവൈറ്റിൽ താമസിക്കുന്നു.

## X. 9. ചാക്കോ ജയിക്കബ് (തമ്പി)

### മൈലനില്ക്കുന്നതിൽ-നെല്ലിമല

പുന്നയ്ക്കാട്ടു വലിയ കാലായിൽ സൂസമ്മയെ വിവാഹം കഴിച്ചു. ഒരു പുത്രനും ഒരു പുത്രിയും ഉണ്ട്. ഇരുവരും ഉദ്യോഗസ്ഥരായി കുവൈറ്റിൽ താമസിക്കുന്നു.

## IX. 4. ഗീവറുഗീസ് തോമസ് (പൊടി)

### മൈലനില്ക്കുന്നതിൽ നെല്ലിമല

നെല്ലിമല അഞ്ചനാട്ട് വറുഗീസ് മകൾ മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു് ആലീസ് B. Sc. ലിസമ്മ B. Sc. ജോർജ്ജ്, മോഹൻ B. Sc. എന്നു് നാല് മക്കൾ. ആലീസിനെ പ്രയാറ്റിൽ പുത്തേത്ത് ജോർജ്ജ് ഐപ്പ് മകൻ എൻജിനീയർ ചെറിയാൻ ജോർജ്ജ് B.Sc. യും, ലിസമ്മയെ പള്ളം പുല്ലുപറമ്പിൽ ഏബ്രഹാം മകൻ Dr. സാം M. B. B. S. ഉം വിവാഹം കഴിച്ചു. പുത്രന്മാർ ഇരുവരും വിദ്യാർത്ഥികളാണ്.

എം. ജി. തോമസും, ഭാര്യയും കുവൈറ്റ് ഓയിൽ കമ്പിനിയിൽ ദീർഘകാലം സേവനം അനുഷ്ഠിച്ചു. പെൻഷനായി ഇപ്പോഴും നെല്ലിമല താമസിക്കുന്നു. സൽസ്വഭാവിയും പൊതുകാര്യ പ്രസക്തനുമായ പൊടിക്കുഞ്ഞ് നെല്ലിമല ദേശത്തിന്റെ വളർച്ചയുടെ ആണിക്കല്ലാണ്. നെല്ലിമല L. P. സ്കൂളിന്റേയും, നെല്ലിമല മാർത്തോമ്മാ പള്ളിയുടേയും, പുതുക്കി പണിയുടെ പൂർണ്ണ ചുമതല ഏറ്റെടുത്ത് പൂർത്തിയാക്കി. S. B. T. യുടെ നെല്ലിമല ശാഖ സ്ഥാപിക്കുന്നതിന് കാരണ ഭൂതൻ ശ്രീ പൊടിക്കുഞ്ഞാണ്. കുമ്പനാട് ഫെലോഷിപ്പ് ആശുപത്രി കമ്മറ്റി അംഗം, എന്ന നിലയിൽ ആശുപത്രി കെട്ടിടങ്ങളുടെ പണി ചുമതല ഏറ്റെടുത്ത് നിസ്വാർത്ഥമായി ചെയ്തു തീർത്തിട്ടുണ്ട്. മാർത്തോമ്മാ സഭയിൽ മൈലനില്ക്കുന്നതിൽ എൻഡോവ്മെന്റ് എന്ന പേരിൽ ഒരു എൻഡോവ്മെൻറ് ഏർപ്പെടുത്തിയിട്ടുണ്ട്. എഴുമാലി കുടുംബയോഗത്തിന്റെ ആരംഭകാലം മുതൽ കമ്മറ്റി മെമ്പർ എന്ന നിലയിലും, കുടുംബ ചാരിറ്റിട്രസ്റ്റ് രജിസ്റ്റർ ചെയ്യുന്ന കൺവീനർ എന്ന നിലയിലും കുടുംബയോഗ ബൈലോ നിർമ്മാണ കമ്മറ്റിയിൽ കൺവീനറായും പ്രവർത്തിച്ചിട്ടുണ്ട്. ജറുശലേം സന്ദർശിക്കുന്നതിനുള്ള ഭാഗ്യവും ഈ ദമ്പതികൾക്കു ലഭിച്ചിട്ടുണ്ട്.

**VIII. 2. വറുഗീസ് തോമസ് (അച്ചൻ)**
**മൈലനില്ക്കുന്നതിൽ-നെല്ലിമല**

തോട്ടപ്പുഴശ്ശേരിൽ പെരിഞ്ഞേലിൽ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക തങ്കമ്മ എന്ന ഒരു മകൾ മാത്രം. തങ്കമ്മയെ പുത്തൻകാവിൽ പ്ലാംമൂട്ടിൽ തോമസിനെ കൊണ്ടു വിവാഹം കഴിപ്പിച്ചു് മൈലനില്ക്കുന്നതിൽ ദത്തു താമസിപ്പിച്ചു. തോമസും ഭാര്യ മറിയാമ്മയും നിര്യാതരായി. നെല്ലിമല മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VII. 2. വറുഗീസ് ചാക്കോ**
**മൈലനില്ക്കുന്നതിൽ-കടപ്ര**

പന്തളത്തു കിളന്നമണ്ണിൽ ഉമ്മൻ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് വറുഗീസ്, ബേബി, ചിന്നമ്മ



മൈലനിൽക്കുന്നതിൽ ശ്രീ. എം. ജി. ചാക്കോ



മൈലനിൽക്കുന്നതിൽ
ശ്രീ. എം. ജി. തോമസും, ഭാര്യയും



നീറൻപ്പാക്കൽ ശ്രീ. എൻ. സി. ചാക്കോ, ഭാര്യ സൂസമ്മ
മക്കൾ ജോളി, റെജി, റെനി, അമ്മ മറിയാമ്മ.



മണക്കളങ്ങര ശ്രീ. വി. എം. ഏബ്രഹാം
(ഇപ്പോഴത്തെ വൈസ്സ് പ്രസിഡണ്ട്)



ശ്രീ. വി. വി. ചാക്കോ, ഭാര്യ അന്നമ്മ
വടക്കേൽ-കീഴ്വായ്പൂർ



പൊടിക്കൊച്ച്, ശോശാമ്മ എന്ന് അഞ്ച് മക്കൾ. ചിന്നമ്മയെ കാരയ്ക്കാട്ട് കരത്താനത്ത് തോമസും, പൊടികൊച്ചിനേയും, ശോശാമ്മയേയും കീഴ്വായ്പൂരും വിവാഹം കഴിപ്പിച്ചു. ചാക്കോ 77-ം. വയസ്സിലും മറിയാമ്മ 61-ം. വയസ്സിലും നിര്യാതരായി. ഇരുവരേയും ക്നർത്തമല മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VIII. 3. ചാക്കോ വറുഗീസ് (കുഞ്ഞപ്പൻ) മൈലനില്ക്കുന്നതിൽ–നെല്ലിമല

തുമ്പമൺ തടത്തിൽ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ജയിക്കബ്, ജോർജ്ജ്, ഫിലിപ്പ്, മേരിക്കുട്ടി അന്നമ്മ, ആലീസ് എന്നു് 6 മക്കൾ. മേരിക്കുട്ടിയെ മാരാമണ്ണ് മാളുവേലിൽ വിവാഹം കഴിപ്പിച്ചു. ജോർജ്ജ്, ഫിലിപ്പ്, ആലീസ്, അന്നമ്മ എന്നിവർ കുടുംബത്തു താമസിക്കുന്നു. ശ്രീ കുഞ്ഞപ്പൻ ചാലിയേക്കര എസ്റ്റേറ്റിൽ ജോലി നോക്കി വരവേ തന്റെ 53–ം. വയസ്സിൽ നിര്യാതനായി. നെല്ലിമല മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### IX. 5. വറുഗീസ് ജയിക്കബ് മൈലനില്ക്കുന്നതിൽ–നെല്ലിമല

നെല്ലിക്കൽ പുത്തൻ വീട്ടിൽ നിന്നും വിവാഹം കഴിച്ചു. ഉദ്യോഗസ്ഥനായി കുവൈറ്റിൽ താമസിക്കുന്നു.

### VIII. 4. ചാക്കോ ഫിലിപ്പ് (ബേബി) മൈലനില്ക്കുന്നതിൽ–കുമ്പനാട്

കീഴ്വായ്പൂരു് താഴത്തേടത്ത് ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മേരിക്കുട്ടി, എലിസബേത്തു്, ആനിയമ്മ, സൂസമ്മ, റെയിച്ചൽ, ജാൻസി എന്നു് 6 പെൺമക്കൾ വിദ്യാർത്ഥികളായുണ്ട്. ശ്രീ. ഫിലിപ്പ് 49–ം. വയസ്സിൽ നിര്യാതനായി. കുമ്പനാട് I. P. C. സെമിത്തേരിയിൽ സംസ്കരിച്ചു.

### VII. 3. വറുഗീസ് പീലി മൈലനില്ക്കുന്നതിൽ-കടപ്ര

സാറാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് കുഞ്ഞമ്മ, പൊടിക്കൊച്ച്, സാറാമ്മ എന്നു് മൂന്നു പെൺമക്കൾ,

കുഞ്ഞമ്മയെ നെല്ലിമല കാരംവേലിൽ സ്കറിയായും, പൊടിക്കൊച്ചിനെ വൈരോൺ ദാനിയേലും, സാറാമ്മയെ കീഴ്വായ്പൂരും വിവാഹം കഴിപ്പിച്ചു. ശ്രീ. പീലിയും ഭാര്യയും നിര്യാതരായി. കൂർത്തമല മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VI. 2. വറുഗീസ് മാത്തൻ നീറുംപ്ളാക്കൽ–നെല്ലിമല

ചെന്നിത്തല പൂഴിക്കാട്ടു് അച്ചാമ്മയെ വിവാഹം കഴിച്ചു. വറുഗീസ്, കുഞ്ഞപ്പി, മത്തായി, ചാക്കോ, ഫീലിപ്പോസ്, തോമസ്, മറിയാമ്മ, എന്നു് 8 മക്കൾ. മറിയാമ്മയെ അയിരൂർ തയ്യിൽ മത്തായിയും, ഏലിയാമ്മയെ കുറിയന്നൂർ ചെമ്പോത്തനാൽ വറുഗീസും വിവാഹം കഴിച്ചു. മാത്തനും അച്ചാമ്മയും വാർദ്ധക്യസഹജമായ രോഗത്താൽ നിര്യാതരായി. ഇവരെ കുമ്പനാട്ടു പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VII. 4. മാത്തൻ വറുഗീസ് നീറുംപ്ളാക്കൽ–നെല്ലിമല

പാണ്ടനാടു് വേങ്ങച്ചേരിൽ കൊച്ചു കുഞ്ഞുമകൾ കുഞ്ഞാണ്ടയെ വിവാഹം കഴിച്ചു. ഇവർക്ക് മത്തായി, ചാക്കോ, ശോശാമ്മ, ഏലിയാമ്മ എന്നു് 4 മക്കൾ. ശോശാമ്മയെ നിരണത്തു കടവിൽ പാപ്പിയും, ഏലിയാമ്മയെ പുളിക്കീഴ് ചുട്ടശ്ശേരിൽ അറയിൽ പാപ്പച്ചനും വിവാഹം കഴിച്ചു. വറുഗീസും, ഭാര്യകുഞ്ഞാണ്ടയും, നിര്യാതരായി. ഇവരെ നെല്ലിമല മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VIII. 5. വറുഗീസ് മത്തായി നീറുംപ്ളാക്കൽ–നെല്ലിമല

വളഞ്ഞവട്ടത്തു് ഇടശ്ശാട്ടു് ബഹനാൻ മകൾ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക വറുഗീസ്, ചാക്കോ, തോമസ്, ഫിലിപ്പ്, ജോർജ്ജ് എന്നു് 5 മക്കൾ. മത്തായിയുടെ ഭാര്യ അന്നമ്മ നിര്യാതയായി. നെല്ലിമല മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ശ്രീ. വറുഗീസ് മത്തായി എഴുമാലി കുടുംബയോഗത്തിന്റെ പ്രാരംഭകാലം



മുതൽ കമ്മറ്റി അംഗം എന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കുടുംബത്തിന്റെ ബഹുമുഖമായ വികസന പ്രവർത്തനങ്ങളിൽ ആത്മാർത്ഥതയോടും ഉത്സാഹത്തോടും കൂടി പ്രയത്നിച്ചു കൊണ്ടിരിക്കുന്നു. ഒരു സുവിശേഷ പ്രവർത്തകൻ, പ്രാർത്ഥനാ മനുഷ്യൻ, എന്നീ നിലകളിലും നെല്ലിമല മാർത്തോമ്മാ ഇടവക കൈസ്ഥാന സമതിയംഗമായും നിസ്വാർത്ഥമായ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു.

## IX. 6. മത്തായി വറുഗീസ് നീറുംപ്ളാക്കൽ–നെല്ലിമല

വള്ളംകുളത്തു വാഴയിൽ യോഹന്നാൻ മകൾ റയിച്ചലിനെ വിവാഹം കഴിച്ചു. ഇവർക്ക മാത്യു, തോമസ്, ജോൺ, അന്നമ്മ, മറിയാമ്മ എന്നു് 5 മക്കൾ വിദ്യാർത്ഥികളായി മാതാപിതാക്കളോടൊപ്പം താമസിക്കുന്നു.

## IX. 7. മത്തായി ചാക്കോ (തങ്കച്ചൻ) നീറുംപ്ളാക്കൽ–നെല്ലിമല

പെരിങ്ങര ചെറുമുട്ടേടത്തു് മത്തായി മകൾ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് അന്നമ്മ, ഏലിയാമ്മ, മനോജ്, എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ടു്. തങ്കച്ചൻ ഉദ്യോഗാർത്ഥം പേർഷ്യയിൽ താമസിക്കുന്നു.

## IX. 8. മത്തായി തോമസ് നീറുംപ്ളാക്കൽ–നെല്ലിമല

റാന്നി മുള്ളൻ കാട്ടിൽ തോമസ് മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ഷേർളി, സാലി, സജിനി, സജി, എന്ന 4 മക്കൾ വിദ്യാർത്ഥികളായുണ്ട്. തോമസ് മിലറ്ററി സർവ്വീസിൽ സേവനം അനുഷ്ഠിക്കുന്നു.

## IX. 9. മത്തായി ഫിലിപ്പ് നീറുംപ്ളാക്കൽ–നെല്ലിമല

ഓതറ പൂപ്പള്ളിൽ ശമുവേൽ മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മത്തായി, ലിനു എന്നു് 2 മക്കൾ വിദ്യാർത്ഥികളായുണ്ട്. ഫിലിപ്പ് ഫാക്ടറിയിൽ ജോലി ചെയ്യുന്നു.

**IX. 15. മാത്തൻ ജോയി നീറുംപ്ലാക്കൽ-മലബാർ**

മലബാറിൽനിന്നും വിവാഹം കഴിച്ചു. ഒരു പുത്രൻ വിദ്യാർത്ഥിയായുണ്ട്.

**VIII. 8. മാത്തൻ തോമസ് (കുഞ്ഞച്ചൻ) നീറുംപ്ലാക്കൽ–മലബാർ**

കൗങ്ങുംപ്രയാർ ഉലശ്ശേരി മണ്ണിൽ കൊച്ചുകുഞ്ഞു മകൾ കുഞ്ഞമ്മയെ വിവാഹം കഴിച്ചു. നെല്ലിമല നിന്നും മലബാറിൽ പാതിരാപ്പാടത്തു് താമസമാക്കി. മാത്യു, ഈപ്പൻ, അന്നമ്മ എന്നു് മൂന്നു മക്കൾ. അന്നമ്മയെ തടിയൂർ മണലൂർ തോമസ് വിവാഹം കഴിച്ചു. കുഞ്ഞച്ചൻ യൗവ്വനത്തിൽതന്നെ നിര്യാതനായി. മലബാറിൽ അടക്കം ചെയ്തു. മാതാവും മക്കളും നെല്ലിമല തിരിച്ചുവന്നു് താമസിക്കുന്നു.

**IX. 16. തോമസ് മാത്യു (കുഞ്ഞുമോൻ) നീറുംപ്ലാക്കൽ–നെല്ലിമല**

കുണ്ടറ നെല്ലുവിളയിൽ റെയിച്ചലിനെ വിവാഹം കഴിച്ചു. ഇവർക്കു ഒരു മകൾ വിദ്യാർത്ഥിയായുണ്ട്. മാത്യു കമ്പിനി ജോലിയിലും, ഭാര്യ തോട്ടഭാഗം ആശുപത്രിയിലും ജോലിയാണ്. സഹോദരൻ ഈപ്പൻ ഉദ്യോഗാർത്ഥം ബാംഗ്ളൂരിൽ താമസിക്കുന്നു.

**VII. 7. മാത്തൻ ചാക്കോ നീറുംപ്ലാക്കൽ–നെല്ലിമല**

കുട്ടൻപേരൂർ മുണ്ടോലി വടക്കേതിൽ കൊച്ചിക്കാ മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാത്തൻ, കൊച്ചൂട്ടി, തോമസ്, കുഞ്ഞൂട്ടി, എലിസബേത്ത് എന്നു് അഞ്ചു് മക്കൾ. ചാക്കോയുടെ ഭാര്യ ശോശാമ്മ അകാല നിര്യാണം പ്രാപിച്ചു. നെല്ലിമല മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു. ഇരവിപേരൂർ മംഗലശ്ശേരിയിൽ നിന്നും പുനർവിവാഹം ചെയ്തു. മകൾ എലിസബേത്തിനെ കൗങ്ങുംപ്രയാർ ഊറ്റൻപാറ മാത്യു മകൻ ജോൺ വിവാഹം കഴിച്ചു. പിതാവു് ചാക്കോ നല്ല വാർദ്ധക്യത്തിൽ നിര്യാതനായി. നെല്ലിമല മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.



**VIII. 9. ചാക്കോ മാത്തൻ (കുഞ്ഞച്ചൻ) നീറുംപ്ലാക്കൽ–കനകപ്പലം**

കനകപ്പലത്ത് തേവേരി മണക്കു് ഗീവറുഗീസ് മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. നെല്ലിമല നിന്നും കനകപ്പലത്തു് താമസമാക്കി. ഇവർക്കു് കൊച്ചുണ്ണൂണ്ണി, ജോയി, ജോർജ്ജുകുട്ടി, ബാബു, മറിയാമ്മ എന്നു് അഞ്ച് മക്കൾ. മറിയാമ്മയെ മന്ദമരുതി വാകത്താനത്ത് എബ്രഹാമിനെ കൊണ്ടു വിവാഹം കഴിപ്പിച്ചു. ശ്രീ. മാത്തൻ C. S. I. സ്കൂളിൽ അദ്ധ്യാപകനായി പെൻഷൻപറ്റി. നല്ല ഒരു സുവിശേഷകൻ, പൊതുകാര്യ പ്രസക്തൻ എന്നീ നിലകളിൽ കനകപ്പലത്ത് പൊതുജന മദ്ധ്യേ ആദരണീയനാണ്. കനകപ്പലം മാർത്തോമ്മാ ഇടവക ആത്മായ ശുശ്രൂഷകൻ, ഇടവക ട്രസ്റ്റി എന്നീ നിലകളിൽ ഇടവകയെ സേവിച്ചുകൊണ്ടിരിക്കുന്നു.

**IX. 17. മാത്തൻ വറുഗീസ് (കൊച്ചുണ്ണൂണ്ണി) നീറുംപ്ലാക്കൽ-കനകപ്പലം**

മന്ദമരുതിയിൽ നിന്നും കുഞ്ഞൂഞ്ഞമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ജിജി, ജോജി എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ട്.

**IX. 18. മാത്തൻ പീലിപ്പോസ് (ജോയി) നീറുംപ്ലാക്കൽ–കനകപ്പലം**

കുലശേഖരത്തു് വസന്തഭവനത്ത് മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു് റ്റെസി, റ്റെനി, ബ്ലസൻ എന്നു് മൂന്നു് മക്കൾ വിദ്യാർത്ഥികളായുണ്ട്. ശ്രീ. പീലിപ്പോസിന് കനകപ്പലത്ത് സാമുദായിക രാഷ്ട്രീയ രംഗങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനം ഉണ്ടു്. കനകപ്പലം പഞ്ചായത്തു് മെമ്പറായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എഴുമാലി കുടുംബയോഗ കമ്മറ്റി അംഗമായും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

**IX 19. മാത്തൻ ജോർജുകുട്ടി നീറുംപ്ളാക്കൽ–കനകപ്പലം**

കുഴിക്കാലായിൽ നിന്നും ശാന്തമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് രാഗി എന്ന ഒരു പുത്രി വിദ്യാർത്ഥിയായുണ്ട്. ജോർജ്ജുകുട്ടി ഉദ്യോഗാർത്ഥം പേർഷ്യയിൽ ആണു്.

ശ്രീ. ഫീലിപ്പോസ് സാധാരണ ഒരു കൃഷിക്കാരനായിരുന്നു. എങ്കിലും അസാധാരണ ധൈര്യശാലിയും പരോപകാരിയും, പൊതുക്കാര്യ പ്രസക്തനും, കാര്യപ്രാപ്തിയുള്ള ഒരു വ്യക്തിയുമായിരുന്നു. നെല്ലിമല പള്ളിയുടെ പ്രാരംഭ പ്രവർത്തനത്തിനും പള്ളി പണിക്കും നിസ്വാർത്ഥ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കുടുംബചരിത്ര രചനയ്ക്ക് ഇദ്ദേഹത്തിന്റെ ഓർമ്മ കുറിപ്പുകൾ വളരെ പ്രയോജനപ്പെട്ടിട്ടുണ്ടെന്നുള്ളതു് നന്ദിയോടെ സ്മരിച്ചുകൊള്ളുന്നു.

**VIII. 13. ഫീലിപ്പോസു് തോമസു് (പൊടി) നീറുംപ്ലാക്കൽ – നെല്ലിമല**

വെണ്ണിക്കുളത്തു തെക്കേതിൽ വറുഗീസു് മകൾ ചിന്നമ്മയെ വിവാഹം കഴിച്ചു, ഇവർക്ക ഫിലിപ്പു്, മാത്തൻ, വറുഗീസു്, സജി, മറിയാമ്മ, ഏലിയാമ്മ, സുജ എന്നു് ഏഴു് മക്കൾ. മറിയാമ്മയെ ആഞ്ഞിലിത്താനത്തു് കൊച്ചുവീട്ടിൽ നൈനാൻ മകൻ വിവാഹം കഴിച്ചു. മാത്തൻ, വറുഗീസു്, സജി, ഏലിയാമ്മ, സുജ എന്നിവർ വിദ്യാർത്ഥികൾ ആണു്.

**IX. 24. തോമസു് ഫിലിപ്പു് നീറുംപ്ലാക്കൽ– നെല്ലിമല**

അടൂരിൽ നിന്നും വിവാഹം കഴിച്ചു. ഇവർ പേർഷ്യൻ ഗൾഫിൽ ഉദ്യോഗാർത്ഥം താമസിക്കുന്നു.

**VIII. 14. ഫീലിപ്പോസു് ചാക്കോ (കൊച്ചുണ്ണൂണ്ണി) നീറുംപ്ലാക്കൽ–നെല്ലിമല**

കടമ്മനിട്ട കാരംവേലിൽ തെക്കേതടത്തിൽ യോഹന്നാൻ മകൾ തങ്കമ്മയെ വിവാഹം കഴിച്ചു. ഫിലിപ്പു്, ജോൺ, മാത്യു, തോമസു്, മറിയാമ്മ എന്നു് അഞ്ചു് മക്കൾ. ആൺമക്കൾ മൂവരും ഉദ്യോഗാർത്ഥം ബോംബയിലും, മറ്റുള്ളവർ വിദ്യാർത്ഥികളും ആകുന്നു.

**VIII. 15. ഫീലിപ്പോസു് മത്തായി നീറുംപ്ലാക്കൽ നെല്ലിമല**

കീഴ്‌വായ്പൂരു് വെള്ളിക്കര മത്തായി മകൾ തങ്കമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മൂന്നു സന്താനങ്ങൾ



വിദ്യാർത്ഥികളായുണ്ടു്. ഇവർ റെയിൽവേ ജോലി പ്രമാണിച്ചു് ബോംബെയിൽ താമസിക്കുന്നു.

**VII. 9. മാത്തൻ തോമസു് നീറുംപ്ലാക്കൽ– നെല്ലിമല**

കുമ്പനാടു് വല്യപറമ്പിൽ സാറാമ്മയെ വിവാഹം കഴിച്ചു. ചിറ്റാർ ആങ്ങമൂഴിയിൽ താമസമാക്കി. ഇവർക്കു് മറിയാമ്മ, അന്നമ്മ, മോളി, പാപ്പച്ചൻ, തങ്കച്ചൻ, കുഞ്ഞൂട്ടി, ബേബി എന്നു് ഏഴു മക്കൾ. തോമസിന്റെ ഭാര്യ സാറാമ്മ നിര്യാതയായി. നെല്ലിമല മാർത്തോമ്മാപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ശ്രീ. തോമസു് ആങ്ങമൂഴിയിൽ നിര്യാതനായി. അവിടെ തന്നെ അടക്കം ചെയ്തു.

**VIII. 16. തോമസ് പാപ്പച്ചൻ നീറുംപ്ലാക്കൽ– ആങ്ങമൂഴി**

കുർത്തമല കയ്യാലയ്ക്കകത്തു് വർക്കി മകൾ അന്നമ്മയെ വിവാഹം കഴിച്ചു. മദ്രാസിൽ സ്ഥിരതാമസമാക്കി. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

**VIII. 17. തോമസു് തങ്കച്ചൻ നീറുംപ്ലാക്കൽ– ആങ്ങമൂഴി**

റാന്നി വെട്ടിമല മത്തായിമകൾ കുഞ്ഞമ്മയെ വിവാഹം കഴിച്ചു. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

VIII. 18, 19. കുഞ്ഞൂട്ടി, ബേബി എന്നിവർ ആങ്ങമൂഴിയിൽ താമസിക്കുന്നു. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

**VI. 3. വറുഗീസു് തോമസു് നീറുംപ്ലാക്കൽ– കടപ്ര**

കവിയൂർ മാവേലിൽ റാഹേലിനെ വിവാഹം കഴിച്ചു. ഇവർക്കു വറുഗീസു്, തോമസു്, മറിയാമ്മ, റാഹേൽ, ശോശാമ്മ, അന്നമ്മ എന്നു് ആറു മക്കൾ. മറിയാമ്മയെ അടപ്പിനാംകണ്ടത്തിൽ ചാക്കോയും, റാഹേലിനെ വെണ്ണിക്കുളത്തും, ശോശാമ്മയെ പൂവത്തൂരും, അന്നമ്മയെ കോയിപ്രത്തു വൈരോണും വിവാഹം കഴിപ്പിച്ചു. തോമസും ഭാര്യ റാഹേലും വാർദ്ധക്യത്തിൽ എത്തുന്നതിനു മുമ്പ് നിര്യാതരായി. കുമ്പനാടുപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VII. 10. വറുഗീസു് (കുട്ടി) നീറുംപ്ലാക്കൽ–കടപ്ര**

ശ്രീ. വറുഗീസിന്റെ ആദ്യവിവാഹത്തിൽ ഒരു കുട്ടി ജനിച്ചപ്പോൾ ഭാര്യ നിര്യാതയായി. കുർത്തമല മാർത്തോമ്മാ പള്ളിയിൽ സംസ്കരിച്ചു. പുനർവിവാഹത്തിൽ അഞ്ചു മക്കളും ജനിച്ചു. തോമസു്, സഖറിയ, വറുഗീസു്, മറിയാമ്മ, ശോശാമ്മ, അന്നമ്മ എന്നു് ആറു മക്കൾ.

മറിയാമ്മയെ കുർത്തമല താഴത്തേതിൽ മാമ്മൻ കൊച്ചുമാമ്മനും, ശോശാമ്മയെ മല്ലപ്പള്ളി കീച്ചേരി പൊടിയനും, അന്നമ്മയെ റാന്നി വട്ടക്കുന്നേൽ ജോർജും വിവാഹം കഴിച്ചു. രണ്ടാമത്തെ ഭാര്യയും നിര്യാതയായി. വറുഗീസു് തന്റെ 83–ാം വയസ്സിൽ നിര്യാതനായി. ഇരുവരേയും കുർത്തമല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VIII. 20. വറുഗീസു് തോമസു് നീറുംപ്ലാക്കൽ - കടപ്ര**

കുമ്പനാടു് പള്ളി കിഴക്കേൽ മത്തായി മകൾ കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ഉദ്യോഗാർത്ഥം ബോംബെയിൽ സ്ഥിരതാമസമാക്കി. ഇൻഡ്യൻ റ്റൊബാക്കോ കമ്പിനിയിൽ ജോലിനോക്കി പെൻഷനായി. തുടർന്നു ബോംബെയിൽ ബിസ്സിനസു് നടത്തികൊണ്ടിരുന്നു. ബോംബെയിലെ മാർത്തോമ്മാ ഇടവക രൂപീകരണത്തിനു് മുൻകൈ എടുത്തതു് ശ്രീ. തോമസു് ആണു്. സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ, ഇടവക കമ്മറ്റി അംഗം, വൈസു് പ്രസിഡന്റ് എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം ചെയ്തിട്ടുണ്ടു്. ബോംബെ മലയാളികളുടെ ഇടയിൽ, പ്രത്യേകാൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സമാദരണീയനായ വ്യക്തിയായിരുന്നു. തോമസിനു് രണ്ടു പുത്രന്മാരും രണ്ടുപുത്രികളും ഉണ്ടു്. 1985–ൽ തന്റെ 65–ാം വയസ്സിൽ നിര്യാതനായി. ബോംബെയിൽ അടക്കം ചെയ്തു.

**IX. 25. തോമസ് വറുഗീസ് (N.T. വറുഗീസ്) B Sc. നീറുംപ്ലാക്കൽ–ബോംബെ**

പ്രക്കാനത്തു നിന്നും വിവാഹം കഴിച്ചു. ഇവർ ഇരുവരും ഉദ്യോഗാർത്ഥം ബോംബെയിൽ താമസിക്കുന്നു. ഇവർക്കു് രണ്ടു കുട്ടികൾ വിദ്യാർത്ഥികളായുണ്ടു്.



**IX. 26. തോമസ് ജോയി നീറുംപ്ലാക്കൽ–ബോംബെ**

കോട്ടയത്തു നിന്നും വിവാഹം കഴിച്ചു. ഇവർക്കു ഒരു കുട്ടി വിദ്യാർത്ഥിയായുണ്ട്. ഇവർ ഉദ്യോഗാർത്ഥം ദോഹയിൽ (ഗൾഫിൽ) താമസിക്കുന്നു. N. V. തോമസിന്റെ മകൾ ആലീസിനെ ബോംബെയിൽ താമസമുള്ള പുന്നയ്ക്കാട്ടു മലയിൽ മാത്യു മകൻ നിബു വിവാഹം ചെയ്തു. ഇളയ പുത്രി കോളജു വിദ്യാർത്ഥിനിയാണു്.

**VIII. 21. വറുഗീസ് സഖറിയ നീറുംപ്ലാക്കൽ ബോംബെ**

മാവേലിക്കര നിന്നും തങ്കമ്മയെ വിവാഹം കഴിച്ചു. ഉദ്യോഗാർത്ഥം ബോംബെയിൽ താമസിക്കുന്നു. താജ്മഹൽ ഹോട്ടലിൽ റിസപ്ഷൻ മാനേജരായി ജോലി നോക്കിവരവേ അതു രാജിവച്ചിട്ടു് സ്വന്ത നിലയിൽ ബിസിനസ് നടത്തുന്നു. ഭാര്യ തങ്കമ്മ ബോംബെ റ്റാറ്റ ഹോസ്പിറ്റൽ മേട്രനായി ജോലി നോക്കുന്നു. അവർക്കു് ജെസി, ജോളി എന്നു് രണ്ടു പുത്രിമാർ വിദ്യാർത്ഥികളായുണ്ടു്. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

**VIII. 22. വറുഗീസ് വറുഗീസ് നീറുംപ്ലാക്കൽ–കടപ്ര**

വിവാഹിതനായ വറുഗീസ് ഭാര്യ സമേതം ഉദ്യോഗാർത്ഥം ഗൾഫിൽ താമസിക്കുന്നു. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

**VII. 11. വറുഗീസ് തോമസ് (പൊടിക്കുഞ്ഞ്) നീറുംപ്ലാക്കൽ–മുണ്ടക്കയം**

കവിയൂർ കരോട്ട് വറുഗീസ് മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു തോമസ്, വറുഗീസ്, അന്നമ്മ എന്നു് മൂന്നു മക്കൾ. ശ്രീ. തോമസ് ഉദ്യോഗാർത്ഥം മുണ്ടക്കയത്തു പോകയും, പിൽക്കാലത്ത് കുടുംബസമേതം അവിടെ സ്ഥിരതാമസമാക്കയും ചെയ്തു. മകൾ അന്നമ്മയെ കുമ്പളന്താനത്ത് മേപ്രത്തു് തോമസ് മകൻ വറുഗീസ് വിവാഹം കഴിച്ചു. ഇരുവരും അദ്ധ്യാപകരാണ്. ശ്രീ. തോമസിന്റെ പിതാവ് ചെറുപ്പത്തിലെ നിര്യാതനായി.

തുടർന്നു് ജ്യേഷ്ഠൻ വറുഗീസിന്റെ സംരക്ഷണയിൽ വളർന്നു. വിദ്യാഭ്യാസം കഴിഞ്ഞ് ആധാരമെഴുത്തു് ജോലിയിൽ പ്രവേശിച്ചു. തുടർന്നു C. M. S. സഭയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ അദ്ധ്യാപക ജോലിയോടൊപ്പം സഭാ ശുശ്രൂഷയും, സുവിശേഷവേലയും ചെയ്തുകൊണ്ടിരുന്നു. ഭാര്യയും C. M. S. സ്കൂളിൽ അദ്ധ്യാപികയായിരുന്നു. പ്രാർത്ഥനാ മനുഷ്യനും സൗമ്യനുമായ തോമാസാർ C. M. S. സഭയ്ക്കുവേണ്ടി വിവിധ സ്ഥലങ്ങളിൽ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനു് അത്യദ്ധ്വാനം ചെയ്തിട്ടുണ്ടു്. തികഞ്ഞ കുടുംബ സ്നേഹിയായിരുന്ന തോമാസാർ കുടുംബ വാർഷിക സമ്മേളന അദ്ധ്യക്ഷനായി ഇരുന്നിട്ടുണ്ടു്. ഈ ദമ്പതികൾ റിട്ടയാർ ചെയ്ത് കുടുംബത്തിൽ വിശ്രമിക്കവെ 1978-ൽ തന്റെ 76-ാം വയസ്സിൽ തോമസ് സാർ നിര്യാതനായി. ഭാര്യ ഏലിയാമ്മ 1982-ൽ 77-ാം വയസ്സിലും നിര്യാതയായി. ഇരുവരേയും മുണ്ടക്കയം C. S. I. പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

VIII. **24. തോമസ് തോമസ് (കുഞ്ഞച്ചൻ)**
**നീറുംപ്ലാക്കൽ–മുണ്ടക്കയം**

പൂവത്തൂർ ഉള്ളൂർ വലിയ കാലായിൽ കോശി മകൾ കുഞ്ഞൂഞ്ഞമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് തോമസ് കുട്ടി M. Sc. കോശി, ജയിക്കബ് എന്നു് മൂന്നു മക്കൾ. ജയിക്കബ് കോളജ് വിദ്യാർത്ഥിയാണു്. തോമസും ഭാര്യ കുഞ്ഞൂഞ്ഞമ്മയും C. S. I. സഭയുടെ കീഴിലുള്ള സ്കൂളിൽ അദ്ധ്യാപകരായി റിട്ടയാർ ചെയ്ത് സ്വഭവനത്തിൽ കഴിയുന്നു. സുവിശേഷവേലയിൽ തല്പരരായ ഇവർ ഔദ്യോഗിക ജീവിത കാലത്തും റിട്ടയാർ ചെയ്തിട്ടും സുവിശേഷയത്നത്തിൽ മുഴുകിയിരിക്കുന്നു.

IX. **27. തോമസ് തോമസുകുട്ടി** M. Sc.
**നീറുംപ്ലാക്കൽ–മുണ്ടക്കയം**

മുണ്ടിയപ്പള്ളിൽ എബനസ്സേർ വില്ലയിൽ മത്തായി മകൾ ആനി B.Sc., B.Ed. നെ വിവാഹം കഴിച്ചു. ഇവർക്ക് റ്റിജി, റ്റിനു, റ്റിന എന്നു് മൂന്നു കുട്ടികൾ. ഇരുവരും നൈജീരിയായിൽ ജോലി ചെയ്യുന്നു. മക്കൾ വിദ്യാർത്ഥികളാണു്.



IX. **28. തോമസ് കോശി (ജോർജുകുട്ടി)**
**നീറുംപ്ലാക്കൽ–മുണ്ടക്കയം**

കവിയൂർ അമ്പാട്ട് നൈനാൻ മകൾ ശാന്തി (റെയിച്ചൽ) വിവാഹം കഴിച്ചു. ഇവർക്ക് മറിയം എന്ന ഒരു കുട്ടിയുണ്ടു്. ഉദ്യോഗാർത്ഥം ദോഹയിൽ കുടുംബസഹിതം താമസിക്കുന്നു.

VIII. **25. തോമസ് വറുഗീസ്** B. Sc., B. Ed.
**(കുഞ്ഞൂഞ്ഞ്) നീറുംപ്ലാക്കൽ–മുണ്ടക്കയം**

കുമ്പനാട് പ്ലാന്തോട്ടത്തിൽ കോശി മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ഏലിയാമ്മ (ഡയിസി) B. Sc. അനുമ (കുഞ്ഞുമോൾ) B. Sc. B Ed, തോമസു്, (സാംകുട്ടി), കോശി (സന്തോഷ്) മാത്യു വറുഗീസു് (സാജൻ) എന്നു് അഞ്ചു് മക്കൾ. പുത്രന്മാർ മൂവരും വിദ്യാർത്ഥികളാണു്. പുത്രിമാർ ഇരുവരും അദ്ധ്യാപികമാരാണു്. ശ്രീ. വറുഗീസ് ഹൈസ്കൂൾ അദ്ധ്യാപകനും, ഭാര്യ അദ്ധ്യാപികയുമാണു്. തികഞ്ഞ സഭാ സ്നേഹിയും സുവിശേഷ പ്രവർത്തകനുമായ വറുഗീസ് C. S. I. സഭയിൽ സണ്ടേസ്കൂൾ ഡിസ്ട്രിക്ട് ഓർഗനൈസറായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു

VI. **4. വറുഗീസ് പീലിപ്പോസ്**
**നീറുംപ്ലാക്കൽ നെല്ലിമല-ചേത്തയ്ക്കൽ**

ഇലന്തൂർ കല്ലുംപുറത്തു് തോമസ് മകൾ സാറാമ്മയെ വിവാഹം കഴിച്ചു. നെല്ലിമല നിന്നും റാന്നി ചേത്തയ്ക്കൽ കുടിയേറി പാർത്തു. ഇവർക്ക് മത്തായി, തോമസ് കൊച്ചൂഞ്ഞ്, മാത്യു, ജോൺ, മാമ്മൻ, ചാക്കോ, സാറാമ്മ കുഞ്ഞമ്മ എന്നു് ഒമ്പതു് മക്കൾ. സാറാമ്മയെ ഇലന്തൂരും, കുഞ്ഞമ്മയെ ഇരവിപേരൂർ തറയശ്ശേരിൽ കുട്ടിയും വിവാഹം ചെയ്തു. ധീരനും, കൂർമ്മ ബുദ്ധിയും ആജാനുബാഹുവുമായിരുന്ന ശ്രീ. പീലിപ്പോസ് ചേത്തയ്ക്കൽ താമസമാക്കിയപ്പോൾ അവിടെ കാട്ടുജന്തുക്കളുടെ അധിവാസകേന്ദ്രമായിരുന്നു. സാഹചര്യങ്ങളെ അതിജീവിച്ചു് അവിടെ വിസ്തൃതമായ ഭൂവിഭാഗം കരസ്ഥമാക്കി. ചേത്ത

ളുലെ ഒരു പൊതുക്കാര്യപ്രസക്തനും, ജന്മിയുമായിരുന്ന പീലിപ്പോസ് മന്ദമരുതി മാർത്തോമ്മാ ഇടവകയിൽ കൂടി നടന്നിരുന്നു. പീലിപ്പോസും ഭാര്യ സാറാമ്മയും നല്ല വാർദ്ധകൃത്തിൽ നിര്യാതരായി. ഇരുവരേയും മന്ദമരുതി മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.

### VII. 12. ഫീലിപ്പോസ് മത്തായി
### നീറുംപ്ളാക്കൽ-മന്ദമരുതി

ചെങ്ങന്നൂർ കൊട്ടാരത്തിൽ യോഹന്നാൻ മകൾ ശോശാമ്മയെ വിവാഹം ചെയ്തു. ഇവർക്കു് തോമസ്, ജോർജ്ജ്, ഉണ്ണൂണ്ണി, മാത്യു, കുഞ്ഞമ്മ, മറിയാമ്മ, പെണ്ണമ്മ, തങ്കമ്മ എന്നു് എട്ടു മക്കൾ. കുഞ്ഞമ്മയെ ചേത്തയ്ക്കൽ കാഞ്ഞിരത്തുംമൂട്ടിൽ വല്യകുഞ്ഞു മകൻ വറുഗീസും, മറിയാമ്മയെ റാന്നി വലിയകാലായിൽ ഉണ്ണൂണ്ണിയും, പെണ്ണമ്മയെ പുനലൂർ നരിക്കല്ലിൽ പനംകുന്നിൽ ഉണ്ണൂണ്ണിയും, തങ്കമ്മയെ കനകപ്പലത്തു മേപ്രാൽ പാപ്പച്ചനും വിവാഹം കഴിച്ചു. മത്തായിയും ഭാര്യ ശോശാമ്മയും വാർദ്ധകൃത്തിൽ നിര്യാതരായി. മന്ദമരുതി മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഉണ്ണൂണ്ണി അവിവാഹിതനായി മരണം പ്രാപിച്ചു.

### VIII. 26. മത്തായി തോമസ് (പൊടിയൻ)
### നീറുംപ്ളാക്കൽ-മന്ദമരുതി

മാന്നാത്തു് പനയ്ക്കാമിറ്റത്തു് കുഞ്ഞച്ചൻ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് തങ്കമ്മ, അന്നമ്മ, ശോശാമ്മ എന്നു് മൂന്നു പെൺമക്കൾ മാത്രം. തങ്കമ്മയെ വണ്ടന്മേട്ടിൽ അത്തിമൂട്ടിൽ കുര്യൻ മകൻ ഏബ്രഹാമും, അന്നമ്മയെ റാന്നി തേക്കാട്ടിൽ ചാക്കോ മകൻ അബ്രഹാമും, ശോശാമ്മയെ റാന്നി മണക്കാലംപള്ളി ജോർജ്ജ് മകൻ തോമസും വിവാഹം കഴിച്ചു.

### VIII. 27. മത്തായി ജോർജ് നീറുംപ്ളാക്കൽ–മന്ദമരുതി

മാരാമൺ പാലയ്ക്കാട്ടേത്തു് യോഹന്നാൻ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മത്തായി, തോമസു് ജോർജ്ജ്, മാത്യു, ഏലിയാമ്മ, സാറാമ്മ, ഇങ്ങനെ ആറു മക്കൾ



ഏലിയാമ്മയെ കുറിയന്നൂർ ചക്കിട്ടയിൽ പൊടിയച്ചൻ മകൻ ഏബ്രഹാം വിവാഹം കഴിച്ചു. സാറാമ്മ വിദ്യാർത്ഥിയാണ്.

### IX. 29. ജോർജ് മത്തായി (ജോയി)
### നീറുംപ്ളാക്കൽ–മന്ദമരുതി

റാന്നി പുതുശ്ശേരിമല വിലങ്ങിൽ അബ്രഹാം മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മോളി, ജോളി, രാജൻ, സജി, എന്നു് നാലു മക്കൾ വിദ്യാർത്ഥികളായുണ്ട്.

### IX. 30. ജോർജ് തോമസ് നീറുംപ്ളാക്കൽ-മന്ദമരുതി

പത്തനാട്ടു് ചൂരക്കുഴിയിൽ യോഹന്നാൻ മകൾ വത്സമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ഒരു പുത്രി ജനിച്ചിട്ടുണ്ട്.

### IX. 31. ജോർജ് ജോർജ് നീറുംപ്ളാക്കൽ–മന്ദമരുതി

വിവരം ലഭിച്ചിട്ടില്ല.

### IX. 32. ജോർജ് മാത്യു (തങ്കച്ചൻ)
### നീറുംപ്ളാക്കൽ–മന്ദമരുതി

കൊച്ചറ അബ്രഹാം മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. സജി, ലിജി എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായി ഉണ്ടു്.

### VIII. 28. മത്തായി മാത്യു (പാപ്പച്ചൻ)
### നീറുംപ്ളാക്കൽ–മന്ദമരുതി

പുനലൂർ നരിക്കല്ലിൽ പനംകുന്നിൽ മാത്യു മകൾ കുട്ടിയമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ശോശാമ്മ, മേഴ്സി, കുഞ്ഞുമോൾ, തങ്കമ്മ, മത്തായി, രാജൻ, തോമസ് എന്നു് ഏഴു മക്കൾ. മക്കളിൽ മത്തായി ഒഴിച്ചു് ബാക്കിയുള്ളവർ വിദ്യാർത്ഥികളായി കുടുംബത്തു താമസിക്കുന്നു. പാപ്പച്ചൻ 1983-ൽ നിര്യാതനായി. മന്ദമരുതി മാർത്തോമ്മാ പള്ളിയിൽ സംസ്കരിച്ചു.

**IX. 33. മാത്യു മകൻ മത്തായി (കുഞ്ഞൂഞ്ഞുട്ടി)**
**നീറുംപ്ളാക്കൽ–മന്ദമരുതി**

കുറുമ്പനാടത്തു തോമസ് മകൾ കുട്ടിയമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് വിത്സൻ എന്നൊരു കുട്ടിയുണ്ട്.

**VII. 13. ഫീലിപ്പോസ് തോമസ്**
**നീറുംപ്ളാക്കൽ–മന്ദമരുതി**

മാരാമൺ കാരുവേലിൽ വറുഗീസ് മകൾ റാഹേലമ്മയെ വിവാഹം കഴിച്ചു. സാറാമ്മ, ഏലിയാമ്മ, മറിയാമ്മ, പൊടിയമ്മ എന്നു് നാലു പെൺമക്കൾ മാത്രം. സാറാമ്മയെ പന്തളത്തു കിളന്നമണ്ണിൽ ചാണ്ടി മകൻ അബ്രഹാമും, ഏലിയാമ്മയെ പുത്തൻകാവു് മാമ്മൂട്ടിൽ മലയിൽ നൈനാൻ മകൻ ജോർജും മറിയാമ്മയെ ഇലന്തൂർ ഇഞ്ചപൊയ്കയിൽ മത്തായിയും, പൊടിയമ്മയെ തിരുവല്ല താറനിശ്ശമൂലയിൽ മത്തായിയുംവിവാഹം കഴിച്ചു.മാതാപിതാക്കൾ നല്ല വാർദ്ധക്യത്തിൽ നിര്യാതരായി. മന്ദമരുതി മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VII. 14. ഫീലിപ്പോസ് കൊച്ചുകുഞ്ഞു്**
**നീറുംപ്ളാക്കൽ–ചേത്തയ്ക്കൽ**

പന്തളത്തു കിളന്നമണ്ണിൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. മേരിക്കുട്ടി, സാറാമ്മ എന്ന രണ്ടു പെൺമക്കൾ മാത്രം. മേരിക്കുട്ടിയെ മല്ലപ്പള്ളി വെള്ളിയമ്പള്ളി മാത്തനും സാറാമ്മയെ മാന്നാർ പനയ്ക്കശ്ശേരിലും വിവാഹം കഴിച്ചു. മാതാപിതാക്കൾ നിര്യാതരായി. മന്ദമരുതി മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VII. 15. ഫീലിപ്പോസു് മാത്യു**
**നീറുംപ്ളാക്കൽ–ചേത്തയ്ക്കൽ**

മാന്നാർ പനയ്ക്കശ്ശേരിൽ കയ്യാത്രമണലേൽ ഗീവറുഗീസു് മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ഫീലിപ്പോസു്, വറുഗീസു്, മാത്യു, സാറാമ്മ, മറിയാമ്മ എന്നു് അഞ്ചു മക്കൾ. സാറാമ്മയെ റാന്നിയിൽ ചെത്തോംകര കാരയ്ക്കാട്ടുതടത്തിൽ ഫീലിപ്പോസു് മകൻ ഫീലിപ്പോസും, മറിയാമ്മയെ റാന്നി ഇടക്കുളത്തു് ചൊവ്വൂർ വീട്ടിൽ വറുഗീസും വിവാഹം കഴിച്ചു. മാതാപിതാക്കൾ നിര്യാതരായി. മന്ദമരുതി മാർത്തോമ്മാപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



**VIII. 29. മാത്യു ഫീലിപ്പോസു്**
**നീറുംപ്ളാക്കൽ–മന്ദമരുതി**

ഓതറ തൈക്കൂട്ടത്തിൽ മാത്യു മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർ കുളത്തൂപ്പുഴ താമസമാക്കി. ഇവർക്കു് മാത്യു M.Sc. ,വറുഗീസു്, സാംകുട്ടി, ശോശാമ്മ സാറാമ്മ, ഏലിയാമ്മ എന്നു് ആറു മക്കൾ. ശോശാമ്മയെ ഇടനാട്ടിൽ അഞ്ചുകണ്ടം വയലിൽ കുഞ്ഞച്ചൻ മകൻ സോമനും, സാറാമ്മയെ കൊല്ലത്തു് അഞ്ചാലുംമൂട്ടിലും വിവാഹം കഴിപ്പിച്ചു. വറുഗീസു്, സാംകുട്ടി, ഏലിയാമ്മ അവിവാഹിതരും ഉദ്യോഗസ്ഥരുമായി കഴിയുന്നു. മാത്യു M.Sc. യെക്കുറിച്ചു് കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

**VIII. 30. മാത്യു വറുഗീസു് (കുട്ടപ്പൻ)**
**നീറുംപ്ളാക്കൽ–മന്ദമരുതി**

'കോഴഞ്ചേരി കീഴ്കര ആശാരിപറമ്പിൽ വർക്കി മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാത്യു, തോമസു്, ജേക്കബു്, ശോശാമ്മ, വത്സമ്മ, സുജ എന്നു് ആറു മക്കൾ. ശോശാമ്മയെ നാറാണംമൂഴി പുത്തൻപുരയ്ക്കൽ മാമ്മൻ മകൻ സതീശും, വത്സമ്മയെ വൃന്ദാവനത്തു് വെട്ടുനിരവിൽ വറുഗീസു് മകൻ വറുഗീസും വിവാഹം കഴിച്ചു. ജേക്കബും, സുജയും വിദ്യാർത്ഥികളാണു്.

നീറുംപ്ലാക്കൽ കുട്ടപ്പൻ അദ്ധ്യാപകനായി ജീവിതം ആരംഭിച്ചു. ഇപ്പോൾ റിട്ടയാർഡു് ആയി മന്ദമരുതി മാർത്തോമ്മാ ഇടവകയിൽ സജീവമായി സുവിശേഷവേല ചെയ്തുകൊണ്ടിരിക്കുന്നു. ഇടവക കൈസ്ഥാന സമിതി അംഗം, സെക്രട്ടറി, കണക്കൻ എന്നീ നിലകളിൽ സേവനം ചെയ്തിട്ടുണ്ടു്. മന്ദമരുതിപള്ളി പുതുക്കി പണിയുന്നതിനു് മുൻപന്തിയിൽ ആയിരുന്നു. പൊതുക്കാര്യങ്ങൾ എല്ലാറ്റിലും കുട്ടപ്പൻ സാറിനെ ഉൾപ്പെടുത്തിയിരിക്കുന്നു. അങ്ങനെ നാട്ടുകാരുടെ വാത്സല്യഭാജനമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

**IX. 34. വറുഗീസു് മാത്യു**
**നീറുംപ്ളാക്കൽ – മന്ദമരുതി**

കുമ്പനാട്ടു് കുറ്റിശ്ശാട്ടിൽ വറുഗീസിന്റെ മകളെ വിവാഹം കഴിച്ചു. ഇവർക്കു നിഷ എന്ന ഒരു കുട്ടിയുണ്ടു്. ഇദ്ദേഹം ഇപ്പോൾ യുണൈറ്റഡു് കൊമേർഷ്യൽ ബാങ്കിൽ ജോലിയാണു്.

**IX. 35. വറുഗീസ് തോമസ് നീറും പ്ളാക്കൽ– മന്ദമരുതി**

മാവേലിക്കര പുത്തൻപുരയിൽ ദാനിയേൽ മകൾ ലിസിയെ വിവാഹം കഴിച്ചു. ഇവർ ഉദ്യോഗസ്ഥരായി കഴിയുന്നു.

**VIII. 31. മാത്യു മാത്യു**
**നീറുംപ്ളാക്കൽ – മന്ദമരുതി**

കാർത്തികപ്പള്ളിൽ കല്ലോലിൽ മാത്യു മകൾ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മോഹൻ, സോമൻ, ഡുനു റോയി, റെജി, ഡയിസി, എന്നു് ആറു മക്കൾ. സോമൻ, ഡുനു റോയി, റജി, ഡയിസിഎന്നിവർ വിദ്യാർത്ഥികളും, ഉദ്യോഗസ്ഥരുമായി കഴിയുന്നു. ശ്രീ. മാത്യു ജംഷഡ്പൂരിൽ റ്റാറ്റാ കമ്പിനിയിൽ ജോലി ചെയ്യുന്നു.

**IX. 36. മാത്യു മോഹൻ നീറുംപ്ളാക്കൽ– മന്ദമരുതി**

മാരാമൺ മേച്ചേരിൽ തോമസു് മകൾ സൂസനെ വിവാഹം കഴിച്ചു. ജംഷഡ്പൂരിൽ റ്റാറ്റാ കമ്പനിയിൽ പിതാവിനോടൊപ്പം ജോലി ചെയ്യുന്നു.

**VII. 16. ഫീലിപ്പോസു് ജോൺ (ഉണ്ണൂണ്ണി)**
**നീറുംപ്ളാക്കൽ- ചേത്തയ്ക്കൽ**

ഇരവിപേരൂർ വല്യതാന്നിശ്ശൽ സ്കറിയാ മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ശ്രീ. ഉണ്ണൂണ്ണി സന്താനരഹിതനായി നിര്യാതനായി. മന്ദമരുതി മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



**VII. 17. ഫീലിപ്പോസു് മാമ്മൻ**
**നീറുംപ്ളാക്കൽ – മന്ദമരുതി**

തലവടിയിൽ കോയിക്കേരി ഉമ്മൻ മകൾ സാറാമ്മയെ വിവാഹം കഴിച്ചു. തോമസു്, ജോർജു്, ഫിലിപ്പു്, ജോൺ ജോസഫ്, തങ്കമ്മ, ഏലിക്കുട്ടി എന്നു് ഏഴു മക്കൾ. തങ്കമ്മയെ കുറിയന്നൂർ ചക്കിട്ടയിൽ മത്തായി മകൻ തോമസും, ഏലിക്കുട്ടിയെ കറിക്കാട്ടൂർ മോഡിയിൽ ഇടിക്കുളയും വിവാഹം കഴിച്ചു. നല്ല ബിസ്സിനസുകാരൻ, പ്ലാന്റർ എന്നീനിലകളിൽ ഉന്നതനിലവാരം പുലർത്തിയ ശ്രീ മാമ്മൻ മന്ദമരുതി മാർത്തോമ്മാഇടവക ട്രസ്റ്റിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. ശ്രീ. മാമ്മനും ഭാര്യയും നിര്യാതരായി. മന്ദമരുതി മാർത്തോമ്മാപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VIII. 32. മാമ്മൻ തോമസു് (B. A.)**
**നീറും പ്ളാക്കൽ– മന്ദമരുതി**

റാന്നി വലിയകാവിൽ കൂടത്തുംമണ്ണിൽ തോമസു് മകൾ ഏലിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു മാമ്മൻ, തോമസു്, ഫിലിപ്പു്, അലക്സു്, രമണി, സിസിലി, ഏലിയാമ്മ, സാലി, ഡെയിസി, ആനി, ഷീല എന്നു് പതിനൊന്നു് മക്കൾ. രമണിയെ റാന്നി നെല്ലിശ്ശമണ്ണിൽ പുല്ലംപള്ളിൽ വറുഗീസു് മകൻ തോമസും, സിസിലിയെ വാളക്കുഴി മുട്ടിലേത്തു നൈനാനും, ഏലിയാമ്മയെ നാരങ്ങാനത്തു് കൈപ്പാവിൽ ഷാജിയും, സാലിയെ കടമ്മനിട്ടയും വിവാഹം കഴിപ്പിച്ചു. ഡെയിസി, ആനി, ഷീല എന്നിവർ വിദ്യാർത്ഥികളാണു്. പിതാവു് ശ്രീ. തോമസു് ഹൈസ്കൂൾ അദ്ധ്യാപകനായി റിട്ടയാർഡു് ചെയ്തു. പൊതുക്കാര്യ പ്രസക്തൻ, കുടുംബസ്നേഹി എന്നീ നിലകളിൽ അനേകരുടെ സ്നേഹവാത്സല്യാദരങ്ങൾക്കു പാത്രീഭൂതനാണു് ഏഴുമാലി കുടുംബ കമ്മറ്റിമെമ്പർ എന്ന നിലയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്.

**IX. 37 തോമസ് മാമ്മൻ (ബാബു)**
**നീറുംപ്ളാക്കൽ–മന്ദമരുതി**

മാവേലിക്കര പ്ലാമൂട്ടിൽ പുഷ്പയെ വിവാഹം കഴിച്ചു. ഉദ്യോഗാർത്ഥം കുവൈറ്റിൽ താമസിക്കുന്നു.

**IX. 38. തോമസ് തോമസ്**
**നീറുംപ്ളാക്കൽ-മന്ദമരുതി**

കാഞ്ഞിരപ്പള്ളി കാളകെട്ടിൽ നിന്നും വിവാഹം കഴിച്ചു. ഉദ്യോഗാർത്ഥം കുവൈറ്റിൽ താമസിക്കുന്നു.

**IX. 39. തോമസ് ഫിലിപ്പ് (ബേബി) B.Sc; M.B.B.S.**
**നീറുംപ്ളാക്കൽ-മന്ദമരുതി**

തൊടുപുഴ നിന്നും വിവാഹം കഴിച്ചു. കേരള ഗവൺമെന്റിൽ ഡോക്ടറായി സേവനം അനുഷ്ഠിക്കുന്നു.

**IX. 40. തോമസ് അലക്സ് M. Sc.**
**നീറുംപ്ളാക്കൽ-മന്ദമരുതി**

വിവാഹിതനാണ്. ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജ് അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുന്നു.

**VIII. 33. മാമ്മൻ ജോർജ്**
**നീറുംപ്ളാക്കൽ-മന്ദമരുതി**

പെരുനാട് കൈതക്കുഴിയിൽ ജോർജ്ജ് മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാമ്മൻ, (അജി) ലിസി, എൽസി, ആൻസി എന്നു് നാല് മക്കൾ വിദ്യാർത്ഥികളായുണ്ടു്.

**VIII. 34. മാമ്മൻ ഫിലിപ്പ് (തങ്കച്ചൻ)**
**നീറുംപ്ളാക്കൽ-മന്ദമരുതി**

കല്ലേലിൽ വലിയ കാലായിൽ തോമസ് മകൾ കുഞ്ഞൂഞ്ഞമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ബീന, ബിജു, കൊച്ചുമോൾ എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ടു്.

**VIII. 35. മാമ്മൻ ജോൺ (കുഞ്ഞുമോൻ)**
**നീറുംപ്ളാക്കൽ-മന്ദമരുതി**

മല്ലപ്പള്ളി ആനിക്കാട്ടിൽ പേക്കുഴി മേപ്രത്തു് വറുഗീസ് മകൾ പൊന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് സാറാമ്മ, അന്നമ്മ, മറിയാമ്മ എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ടു്.



**VIII. 36. മാമ്മൻ ജോസഫ് (രാജൻ)**
**നീറുംപ്ളാക്കൽ-മന്ദമരുതി**

മന്ദമരുതി കണ്ണാടിക്കൽ തോമസു് മകൾ ജോയിസിനെ വിവാഹം കഴിച്ചു. ഇവർക്കു് സിബി, സാറാമ്മ, ഏലിയാമ്മ എന്നു് 3 മക്കൾ വിദ്യാർത്ഥികളായുണ്ടു്. ഉദ്യോഗാർത്ഥം ഷാർജയിൽ താമസിക്കുന്നു.

**VII. 18. ഫീലിപ്പോസ് ചാക്കോ**
**നീറുംപ്ളാക്കൽ-ചേത്തയ്ക്കൽ**

ഓതറ ചെങ്ങഴശ്ശേരിൽ വർക്കി മകൾ റാഹേലിനെ വിവാഹം കഴിച്ചു. ഇവർക്കു് യോഹന്നാൻ, മത്തായി, ഫിലിപ്പ്, ജോൺ, മാത്യു, കുഞ്ഞമ്മ, മറിയാമ്മ, അമ്മിണി, ലിസമ്മ, അന്നമ്മ എന്നു് പത്തു മക്കൾ. കുഞ്ഞമ്മയെ പ്രക്കാണത്തു് മുണ്ടഴിയത്തു് തോമസ് മകൻ ഉണ്ണിയും, മറിയാമ്മയെ റാന്നി പൂഴിക്കുന്നിൽ തച്ചനാലിൽ കുഞ്ഞച്ചൻ മകൻ ബാബുവും വിവാഹം കഴിച്ചു. അമ്മിണി ആർമി ഹോസ്പിറ്റൽ നേഴ്സായി ജോലി ചെയ്യുന്നു. അമ്മിണി, ലിസമ്മ, അന്നമ്മ ഇവർ അവിവാഹിതരാണ്. ചാക്കോയുടെ ഭാര്യ 63-ാം വയസ്സിലും, ചാക്കോ 87-ാം വയസ്സിലും നിര്യാതരായി. ഇരുവരേയും മന്ദമരുതി മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VIII. 37. ചാക്കോ യോഹന്നാൻ (തങ്കച്ചൻ)**
**നീറുംപ്ളാക്കൽ-ചേത്തയ്ക്കൽ**

കിടങ്ങന്നൂർ കല്ലുങ്കൽ തോമസ് മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ചാക്കോ, തോമസ്, ജോൺസൻ, ആൻസൺ, റെയിച്ചൽ, ശോശാമ്മ, ശാന്തമ്മ, ജോളി എന്നു് എട്ടു മക്കൾ. ഇവർ വിദ്യാർത്ഥികളാണു്.

**VIII. 38. ചാക്കോ മത്തായി (കുഞ്ഞച്ചൻ)**
**നീറുംപ്ളാക്കൽ-ചേത്തയ്ക്കൽ**

ചേത്തയ്ക്കൽ പാമ്പൂരംപാറ മത്തായി മകൾ ചിന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ലിസി, ജസി, ബിജു, ബിനു എന്നു് നാല് മക്കൾ വിദ്യാർത്ഥികളായുണ്ടു്.

**VIII. 39 ചാക്കോ ഫിലിപ്പ് (കുഞ്ഞൂട്ടി)**
**നീറുംപ്ളാക്കൽ– ചേത്തയ്ക്കൽ**

പെരുനാട് കൈതക്കുഴിയിൽ ജോർജ്ജ് മകൾ അമ്മുക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു് ചാക്കോ, മിനി, മേഴ്സി എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ടു്. ശ്രീ. ചാക്കോ എയർഫോഴ്സിൽ ജോലിയാണു്.

**VIII. 40. ചാക്കോ ജോൺ (ഉണ്ണൂണ്ണി)**
**നീറുംപ്ളാക്കൽ– ചേത്തയ്ക്കൽ**

ഓതറ മാത്തൻ പടിക്കൽ പൊന്നമ്മയെ വിവാഹം കഴിച്ചു. ജയമോൻ, ജിജി എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളാണു്.

**VIII. 41. ചാക്കോ മാത്യു (കൊച്ചുപാപ്പി)**
**നീറുംപ്ളാക്കൽ– ചേത്തയ്ക്കൽ**

വെച്ചൂച്ചിറ എക്സർവ്വീസ് കോളനിയിൽ താമസം. ജോൺ മകൾ തങ്കച്ചിയെ വിവാഹം കഴിച്ചു. ഇവർക്കു മനശ്ശെ (ചാക്കോ) എന്നൊരു മകൻ ഉണ്ടു്.



**അദ്ധ്യായം 16**

# പുളിക്കക്കുഴി ശാഖയിൽ കിഴക്കേപൊയ്കയിൽ കുടുംബം

V. 2. മാത്തുള്ള കുഞ്ഞുമ്മൻ,
കിഴക്കേപൊയ്ക, കടപ്ര

VI. 1. കുഞ്ഞുമ്മൻ മാത്യു ,, ,,
2. കുഞ്ഞുമ്മൻ കുഞ്ഞുമ്മൻ, കണമൂട്ടിൽ
പടിഞ്ഞാറേതിൽ, കടപ്ര
3. കുഞ്ഞുമ്മൻ ഗീവറുഗീസു്, മണക്കുളങ്ങര ,,
4. കുഞ്ഞുമ്മൻ വറുഗീസ്, മണക്കുളങ്ങര
(വടക്കേൽ), കീഴ്വായ്പൂർ

VII. 1. മാത്യു വറുഗീസ്, കിഴക്കേപൊയ്ക, കടപ്ര
2. ഗീവറുഗീസ് മത്തായി, മണക്കുളങ്ങര ,,
3. വറുഗീസ് മത്തായി, വടക്കേൽ, കീഴ്വായ്പൂർ
4. വറുഗീസു് ചാക്കോ ,, ,,

VIII. 1. വറുഗീസ് വറുഗീസ് (കുട്ടി)
കിഴക്കേപൊയ്ക, കടപ്ര
2. വറുഗീസു് ജോൺ (ഉണ്ണൂണ്ണി) ,, ,,
3. വറുഗീസു് തോമസു് (പാപ്പി) ,, ,,
4. വറുഗീസു് മത്തായി ,, ,,
5. വറുഗീസ് ചാക്കോ ,, ,,
6. മത്തായി ഏബ്രഹാം (പാപ്പി) മണക്കുളങ്ങര ,,
7. മത്തായി ജോർജ്ജു് ,, ,,
8. മത്തായി ജോർജ്ജ്, വടക്കേൽ, കീഴ്വായ്പൂർ
9. ചാക്കോ വറുഗീസ് (തമ്പി) ,, ,,
10. ചാക്കോ ഏബ്രഹാം (ജോയി) ,, ,,

| | | | | |
|---|---|---|---|---|
| IX. | 1. | ജോൺ തങ്കച്ചൻ, | പൊയ്കയിൽ, | തൃശൂർ |
| | 2. | ജോൺ മാത്യു | ,, | കുമ്പനാടു് |
| | 3. | തോമസു് ജോർജ്ജ് | ,, | പിറവം |
| | 4. | മത്തായി കുട്ടപ്പായി | ,, | നീലഗിരി |
| | 5. | മത്തായി മാത്തുക്കുട്ടി | ,, | കടപ്ര |
| | 6. | ചാക്കോ അച്ചൻകുഞ്ഞ് | ,, | ,, |
| | 7. | ഏബ്രഹാം ജോൺ (കുഞ്ഞൂട്ടി) | മണക്കുളങ്ങര, | കടപ്ര |
| | 8. | ഏബ്രഹാം മാത്യു (ബേബി) | ,, | ,, |
| | 9. | ഏബ്രഹാം തോമസു് | ,, | ,, |
| | 10. | ഏബ്രഹാം വറുഗീസ് | ,, | ,, |
| X. | 1. | മാത്യു റജി, | പൊയ്കയിൽ, | കുമ്പനാടു് |



# പുളിക്കക്കുഴി ശാഖയിൽ കിഴക്കെ പൊയ്കയിൽ കുടുംബം

**V. 2. മാത്തുള്ള കുഞ്ഞുമ്മൻ,**

**കിഴക്കെ പൊയ്ക–കടപ്ര**

പൂവത്തൂർ ആറങ്ങാട്ടു് മത്തായി മകൾ ആച്ചിയെ വിവാഹം കഴിച്ചു. ഇവർക്കു മാത്യു, കുഞ്ഞുമ്മൻ, ഗീവറുഗീസു്, തോമസു് എന്നു് നാലു മക്കൾ. മാതാപിതാക്കൾ മരിച്ചു. പുത്തൻകാവു് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VI. 1. കുഞ്ഞുമ്മൻ മാത്യു**

**കിഴക്കെ പൊയ്ക–കടപ്ര**

പൂവത്തൂർ മുണ്ടയ്ക്കൽ യോഹന്നാൻ മകൾ സാറായെ വിവാഹം കഴിച്ചു. ഇവർക്കു വറുഗീസു്, മറിയ, റാഹേൽ എന്നു് മൂന്നു മക്കൾ. മറിയയെ കോടുകുളഞ്ഞി യോഹന്നാനെ കൊണ്ടും, റാഹേലിനെ ഇടയാറന്മുളയും വിവാഹം കഴിപ്പിച്ചു. മാത്യുവും ഭാര്യ സാറായും നിര്യാതരായി. പുത്തൻകാവു് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VII. 1. മാത്യു വറുഗീസ്**

**കിഴക്കെ പൊയ്ക–കടപ്ര**

മുളക്കുഴ ചേലനില്ക്കുന്നതിൽ വറുഗീസു് മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു വറുഗീസു്, ജോൺ, തോമസു്, മത്തായി, ചാക്കോ, പെണ്ണമ്മ, അന്നമ്മ എന്നു് ഏഴു മക്കൾ. പെണ്ണമ്മ അവിവാഹിതയായി നിര്യാതയായി. കുമ്പനാട് ശാലേം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. അന്നമ്മയെ തിരുവല്ലാ കൊച്ചുപറമ്പിൽ കുഞ്ഞൂഞ്ഞിനെ കൊണ്ടു വിവാഹം കഴിപ്പിച്ചു. പിതാവു് വറുഗീസ് 69–ാം വയസ്സിലും, മാതാവു് മറിയാമ്മ 76–ാം വയസ്സിലും നിര്യാതരായി. ഇരുവരേയും കുമ്പനാട് ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ സംസ്കരിച്ചു.

**VIII. 1. വറുഗീസ് വറുഗീസ് (കുട്ടി)**
**കിഴക്കെ പൊയ്ക–കടപ്ര**

തലവടിയിൽ നിന്നും അക്കമ്മയെ വിവാഹം കഴിച്ചു. പെന്തക്കോസ്തു സഭയിൽ പാസ്റ്ററായി നീലഗിരിയിൽ സ്ഥിരതാമസമാക്കി. ഇവർക്കു സന്താനങ്ങളും ഇല്ല.

**VIII. 2. വറുഗീസ് ജോൺ**
**കിഴക്കെ പൊയ്ക–കടപ്ര**

കടപ്ര ചെള്ളേത്തു് മത്തായി മകരം അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു കുഞ്ഞമ്മ, പൊന്നമ്മ, തങ്കച്ചൻ, തമ്പി എന്നു് നാല് മക്കരം. പൊന്നമ്മയെ മലബാറിലും, കുഞ്ഞമ്മയെ കൗങ്ങുംപ്രയാറും വിവാഹം കഴിപ്പിച്ചു. ഇവർ കുടുംബസഹിതം തൃശൂരിൽ കുടിയേറി പാർത്തു. പിതാവു് ജോൺ തൃശൂരിൽ വച്ചു നിര്യാതനായി. അവിടെ പെന്തക്കോസ്ത സെമിത്തേരിയിൽ അടക്കം ചെയ്തു. മാതാവു് അന്നമ്മ ഇളയ മകൻ തമ്പിയോടുകൂടി കുമ്പനാട്ടു വന്നു. 1984-ൽ നിര്യാതയായി കുമ്പനാട് ശാലേം മർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. മൂത്തമകൻ തങ്കച്ചൻ തൃശൂരിൽ നിന്നും മലബാറിൽ നിലമ്പൂർ എന്ന സ്ഥലത്തു് സ്ഥിരതാമസമാക്കി. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

**IX. 1. ജോൺ തങ്കച്ചൻ പൊയ്കയിൽ–തൃശൂർ**

തൃശൂരിൽ നിന്നും വിവാഹം കഴിച്ചു. നിലമ്പൂരിൽ താമസം. ഇവർക്കു രണ്ടു് മക്കരം വിദ്യാർത്ഥികളായുണ്ട്. കുടുംബസമേതം നിലമ്പൂരിൽ താമസിക്കുന്നു.

**IX. 2. ജോൺ മാത്യു (തമ്പി)**
**പൊയ്കയിൽ–കുമ്പനാട്**

ഇലന്തൂർ പ്രക്കാനത്തു നിന്നും അമ്മിണിയെ വിവാഹം കഴിച്ചു. ഇവർക്കു് റെജി, ലിസി എന്നു് രണ്ടു മക്കരം. ലിസി വിദ്യാർത്ഥിനിയാണു്.

**X. 1. മാത്യു റജി പൊയ്കയിൽ–കുമ്പനാട്**

കടമ്മനിട്ട തലക്കോട്ട് ജോയിയുടെ പുത്രി സാലിയെ വിവാഹം കഴിച്ചു. മാതാപിതാക്കളോടൊപ്പം താമസിക്കുന്നു. ഇവർക്കു് ഒരു കുട്ടി ഉണ്ടു്.



**VIII. 3. വറുഗീസ് തോമസ് (പാപ്പി)**
**പൊയ്കയിൽ–കടപ്ര**

ഇടയാറന്മുള നിന്നും റാഹേലിനെ വിവാഹം കഴിച്ചു. പെന്തക്കോസ്തു സഭയിൽ പാസ്റ്ററായി പിറവത്തു സ്ഥിരതാമസമാക്കി പ്രവർത്തിക്കുന്നു. ഇവർക്കു നാലു് പുത്രന്മാരും രണ്ടു പുത്രിമാരും ഉണ്ടു്. മൂത്തപുത്രിയെ മന്നംകണ്ടത്തിൽ വിവാഹം കഴിപ്പിച്ചു. പൊന്നമ്മ, അലക്സ്, ജോയി, സാംകുട്ടി എന്നിവർ വിദ്യാർത്ഥികളാണു്.

**IX. 3. തോമസ് ജോർജ് പൊയ്കയിൽ–പിറവം**

എറണാകുളത്തു നിന്നും വിവാഹം കഴിച്ചു. എയർ ഫോഴ്സിൽ ജോലി ചെയ്യുന്നു.

**VIII. 4. വറുഗീസു് മത്തായി**
**കിഴക്കേ പൊയ്ക – കടപ്ര**

കുമ്പനാടു് തിക്കോയ്പ്രത്തു് ഉണ്ണൂണ്ണി മകരം കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് കുഞ്ഞുമോരം കുട്ടപ്പായി, മാത്തുക്കുട്ടി എന്നു് മൂന്നു മക്കരം. കുഞ്ഞുമോളെ റാന്നിയിൽ വിവാഹം കഴിപ്പിച്ചു. ശ്രീ. മത്തായി യൗവ്വനത്തിൽ തന്നെ നിര്യാതനായി. കുമ്പനാടു് ചർച്ചു് ഓഫ് ഗോഡു് സെമിത്തേരിയിൽ സംസ്കരിച്ചു. മൂത്ത മകൻ കുട്ടപ്പായി പിതൃസഹോദരൻ കുട്ടിയോടൊപ്പം നീലഗിരിയിൽ കുടുംബസമേതം താമസിക്കുന്നു.

**IX. 4. മത്തായി കുട്ടപ്പായി B. Sc.**
**പൊയ്കയിൽ–നീലഗിരി**

നീലഗിരിയിൽ നിന്നും പ്രഭയെ വിവാഹം കഴിച്ചു് കുട്ടപ്പായി ബാങ്ക് ജോലിക്കാരനാണു്.

**IX. 5. മത്തായി മാത്തുക്കുട്ടി**
**കിഴക്കേപൊയ്ക – കടപ്ര**

എഴുമറ്റൂരിൽ നിന്നും വിവാഹം കഴിച്ചു. ഒരു കുട്ടി ജനിച്ചിട്ടുണ്ടു്. ശ്രീ. മാത്തുക്കുട്ടി ഉദ്യോഗാർത്ഥം കുടുംബസമേതം പേർഷ്യൻ ഗൾഫിൽ താമസിക്കുന്നു.

### VIII. 5. വറുഗീസ് ചാക്കോ

**കിഴക്കേപൊയ്ക – കടപ്ര**

പൂവത്തൂർ കിഴക്കേടത്തു് മത്തായി മകൾ കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് അച്ചൻകുഞ്ഞ്, അനിയൻകുഞ്ഞ്, സാംകുട്ടി, അമ്മുക്കുട്ടി, സൂസി, ആലീസ് എന്ന് ആറു മക്കൾ. ഇളയ അഞ്ചു മക്കൾ വിദ്യാർത്ഥികളാണു്. ശ്രീ. ചാക്കോ ഇപ്പോൾ കുടുംബസമേതം തെള്ളിയൂർ താമസിക്കുന്നു.

### IX. 6. ചാക്കോ അച്ചൻകുഞ്ഞു്

**കിഴക്കേപൊയ്ക – കടപ്ര**

പുല്ലാട്ടു കണയത്തുനിന്നും വിവാഹം കഴിച്ചു് കടപ്ര താമസിക്കുന്നു. ഇവർക്കു രണ്ടു കുട്ടികൾ വിദ്യാർത്ഥികളായുണ്ടു്. ഉദ്യോഗാർത്ഥം പേർഷ്യയിൽ താമസിക്കുന്നു.

### VI. 2. കുഞ്ഞുമ്മൻ കുഞ്ഞുമ്മൻ കണമൂട്ടിൽ

**പടിഞ്ഞാറെതിൽ–കടപ്ര**

മാരാമണ്ണു് മാളിയേക്കൽ നിന്നും വിവാഹം കഴിച്ചു. ഇവർ സന്താന രഹിതരായി നിര്യാതരായി. ഇരുവരേയും കുമ്പനാടു പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.

### VI. 3. കുഞ്ഞുമ്മൻ ഗീവറുഗീസ്

**മണക്കുളങ്ങര–കടപ്ര**

തട്ടക്കാടു് മുണ്ടയ്ക്കലേത്തു് അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് അന്നമ്മ, മത്തായി എന്നു് രണ്ടു മക്കൾ. അന്നമ്മയെ മാരാമൺ വടക്കയിൽ മത്തായി വിവാഹം കഴിച്ചു. മാതാപിതാക്കൾ നിര്യാതരായി. കുമ്പനാടു് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VII. 2. വറുഗീസ് മത്തായി

**മണക്കുളങ്ങര– കടപ്ര**

വള്ളംകുളത്തു് പൊയ്കയിൽ എബ്രഹാം മകൾ കുട്ടിയമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് എബ്രഹാം, അന്നമ്മ എന്നു് രണ്ടു മക്കൾ. കുട്ടിയമ്മ യൗവ്വനത്തിൽ തന്നെ നിര്യാതയായി. കുമ്പനാടു പള്ളി സെമിത്തേരിയിൽ സംസ്ക



രിച്ചു. ശ്രീ. മത്തായി ഓതറ തൈക്കൂട്ടത്തിൽ നിന്നും ശോശാമ്മയെ പുനർവിവാഹം ചെയ്തു. ജോർജു്, കുഞ്ഞമ്മ, കുഞ്ഞൂഞ്ഞമ്മ എന്നു് മൂന്നു മക്കൾ കൂടി ജനിച്ചു. അന്നമ്മയെ മൈലാടൻപാറ വറുഗീസും, കുഞ്ഞമ്മയെ കല്ലൂപ്പാറ പരിപ്പിൽ കുഞ്ഞച്ചനും, കുഞ്ഞൂഞ്ഞമ്മയെ നിരണത്തു മാത്യുവും വിവാഹം കഴിച്ചു. ശ്രീ. മത്തായിയും ഭാര്യ ശോശാമ്മയും നിര്യാതരായി. കുമ്പനാടു് ശാലേം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VIII. 6. മത്തായി എബ്രഹാം (പാപ്പി)

**മണക്കുളങ്ങര - കടപ്ര**

മുളക്കുഴ ഇരട്ടപ്പാക്കൽ എബ്രഹാം മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ജോൺ, മാത്യു, തോമസു്, വറുഗീസ്, മറിയാമ്മ, തങ്കമ്മ, ലീലാമ്മ എന്ന് ഏഴു മക്കൾ. മറിയാമ്മയെ തലവടിയിൽ പുത്തൻപറമ്പിൽ ചാക്കോ മകൻ എബ്രഹാമും, തങ്കമ്മയെ ഇടയാറന്മുള പെരുമാടേത്തു് ഇടിക്കുള മകൻ എബ്രഹാമും, ലീലാമ്മയെ കൊട്ടാരക്കര കുഞ്ഞുമോനും വിവാഹം കഴിച്ചു.

എഴുമാലി കുടുംബയോഗത്തിന്റെ പ്രാരംഭം മുതൽ കമ്മററി അംഗം, വൈസു് പ്രസിഡന്റ്, ട്രഷറാർ എന്നീ നിലകളിൽ തന്നാലാവത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ശാബത് മിഷ്യനിലെ ആദ്യകാല പ്രവർത്തകരിലൊരാളായ ശ്രീ. എബ്രഹാം സുവിശേഷവേലയിൽ തല്പരനാണു്. ഭാര്യ ഏലിയാമ്മ നിര്യാതയായി. കുമ്പനാടു് ശാബത് മിഷ്യൻ സെമിത്തേരിയിൽ സംസ്കരിച്ചു.

### IX. 7. എബ്രഹാം ജോൺ (കുഞ്ഞൂട്ടി)

**മണക്കുളങ്ങര – കടപ്ര**

വടശ്ശേരിക്കര ആദിയായിൽ ഐപ്പു് മകൾ അമ്മിണിയെ വിവാഹം കഴിച്ചു. ഇവർക്കു റോയി, റോബി, അനി എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ടു്.

### IX. 8. എബ്രഹാം മാത്യു (ബേബി)

**മണക്കുളങ്ങര–കടപ്ര**

പെണ്ണുക്കര ചെങ്കിലേത്തു് ചാക്കോ മകൾ കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് എബ്രഹാം, മാത്യു,

റീനാ, റോബി എന്നു് നാലു മക്കൾ വിദ്യാർത്ഥികളാണ്. ഉദ്യോഗാർത്ഥം കുടുംബസമേതം ആസ്ത്രേലിയയിൽ താമസിക്കുന്നു.

## IX. 9. ഏബ്രഹാം തോമസ് മണക്കുളങ്ങര-കടപ്ര

പത്തനംതിട്ട നിന്നും വിവാഹം കഴിച്ചു. ഒരു പുത്രൻ വിദ്യാർത്ഥിയായുണ്ടു്. തോമസ് സൗദി അറേബ്യയിൽ ജോലി ചെയ്യുന്നു. ഭാര്യ തിരുവല്ലാ ശാബതു് മിഷ്യൻ സ്കൂൾ അദ്ധ്യാപികയാണു്.

## IX. 10. ഏബ്രഹാം വറുഗീസ് മണക്കുളങ്ങര-കടപ്ര

ഇടയാറന്മുള നിന്നും വിവാഹം കഴിച്ചു. ഇരുവരും ഉദ്യോഗാർത്ഥം പേർഷ്യൻ ഗൾഫിൽ താമസിക്കുന്നു.

## VIII. 7. മത്തായി ജോർജ് മണക്കുളങ്ങര-നെല്ലിമല

ആനിക്കാട്ടുനിന്നും പൊടിയമ്മയെ വിവാഹം കഴിച്ചു. ഇവർക്കു പൊന്നമ്മ, രാജമ്മ, ഓമന, സൂസി, ബാബുക്കുട്ടി എന്നു് അഞ്ചു് പുത്രിമാരും മോനിച്ചൻ എന്നു് ഒരു പുത്രനും ഉണ്ടു്. പുത്രിമാരെ വിവാഹം കഴിപ്പിച്ചയച്ചു. പുത്രൻ മോനിച്ചൻ ഉദ്യോഗാർത്ഥം പേർഷ്യയിൽ ആണ്.

ശ്രീ. ജോർജ്ജ് എഴുമാലി കുടുംബ യോഗത്തിന്റെ പ്രാരംഭ പ്രവർത്തകരിൽ ഒരാളാണു്. കുടുംബ യോഗത്തിന്റെ വളർച്ചക്കു് ആത്മാർത്ഥമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നല്ല ഒരു സുവിശേഷ പ്രസംഗകൻ, ഒരു നല്ല സംഘാടകൻ, സുവിശേഷ വയൽ പ്രദേശത്തെ ഒരു ധീരനായ പോരാളി, കുടുംബ സ്നേഹി എന്നീ നിലകളിൽ കുടുംബാംഗങ്ങളുടേയും, ദേശക്കാരുടേയും സ്നേഹാദരങ്ങൾ പിടിച്ചു പറ്റിയ ഒരു മഹൽ വ്യക്തിയാണു്.

## VI. 4. കുഞ്ഞുമ്മൻ വറുഗീസ് മണക്കുളങ്ങര-കടപ്ര

കീഴ്‌വായ്പൂര് വടക്കേൽ കുരുവിള മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. കീഴ്‌വായ്പൂര് വടക്കേൽ



താമസമാക്കി. ഇവർക്കു് മത്തായി, ചാക്കോ, അന്നമ്മ, മറിയാമ്മ, സാറാമ്മ, റാഹേലമ്മ എന്നു് ആറു മക്കൾ. അന്നമ്മയെ കണ്ടഴ ചവണിക്കാമണ്ണിൽ കോശിയും, മറിയാമ്മയെ മാരാമണ്ണ് മാളിയേക്കമണ്ണിൽ തോമസും, സാറാമ്മയെ മല്ലപ്പള്ളിൽ ആരംപുളിക്കൽ തോമസും, റാഹേലമ്മയെ കണ്ടഴ കുന്നേൽ വറുഗീസും വിവാഹം കഴിച്ചു. മാതാപിതാക്കൾ വാർദ്ധക്യത്തിൽ നിര്യാതരായി. കീഴ്‌വായ്പൂര് മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VII. 3. വറുഗീസ് മത്തായി വടക്കേൽ-കീഴ്‌വായ്പൂര്

നിരണത്തു് കേളപ്പറമ്പിൽ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ജോർജ്ജ്, ഏലിയാമ്മ, ശോശാമ്മ, തങ്കമ്മ എന്നു് നാലു മക്കൾ. ഏലിയാമ്മയെ പാലാങ്കര കണ്ണന്താനത്തു് ഏബ്രഹാമും, ശോശാമ്മയെ കീഴ്‌വായ്പൂര് തോടത്തുമലയിൽ കുഞ്ഞൂട്ടിയും, തങ്കമ്മയെ മല്ലപ്പള്ളിൽ ചെങ്ങഴിക്കുന്നേൽ കുഞ്ഞുമോനും വിവാഹം കഴിച്ചു. പിതാവു് മത്തായി നിര്യാതനായി. കീഴ്‌വായ്പൂര് മാർത്തോമ്മാപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VIII. 8. മത്തായി ജോർജ്ജ് വടക്കേൽ-കീഴ്‌വായ്പൂര്

അയിരൂർ കോട്ടോൺ പ്ലാക്കൂട്ടത്തിൽ മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു് ഒരു പുത്രൻ വിദ്യാർത്ഥിയായുണ്ടു്.

## VII. 4. വറുഗീസ് ചാക്കോ വടക്കേൽ-കീഴ്‌വായ്പൂര്

മുരണി ചീരക്കന്നേൽ ഏബ്രഹാം മകൾ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു വറുഗീസ് (തമ്പി) M. Sc. ഏബ്രഹാം (ജോയി) M. Sc. ഏലിയാമ്മ എന്നു് മൂന്നു് മക്കൾ. ഏലിയാമ്മയെ കവിയൂർ മുളമൂട്ടിൽ ജോസഫ് മകൻ വറുഗീസ് വിവാഹം കഴിച്ചു. ശ്രീ. ചാക്കോ എഴുമാലി കുടുംബ യോഗത്തിന്റെ പ്രാരംഭകാലം മുതൽ കമ്മറ്റി

അംഗം എന്ന നിലയിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

**VIII. 9. ചാക്കോ വറുഗീസ് (തമ്പി) M. Sc.**
**വടക്കേൽ-കീഴ്വായ്പൂര്**

കുത്താട്ടുകുളത്തു് തെക്കെ പുരയിടത്തു് ചാക്കോ മകൾ ചിന്നമ്മയെ വിവാഹം കഴിച്ചു. തമ്പി തിരുവല്ലാ മാർത്തോമ്മാ കോളജ് പ്രൊഫസറായും ഭാര്യ ചിന്നമ്മ അദ്ധ്യാപികയായും ജോലി ചെയ്യുന്നു. ഒരു നല്ല വാഗ്മിയും, സുവിശേഷവേലയിൽ തല്പരനുമായ ഇദ്ദേഹം മാർത്തോമ്മാ സഭയിലെ നിരണം-മാരാമൺ ഭദ്രാസന സണ്ടേസ്കൂൾ ഓർഗനൈസറായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

**VIII. 10. ചാക്കോ എബ്രഹാം (ജോയി) M. Sc.**
**വടക്കേൽ-കീഴ്വായ്പൂര്**

തിരുവനന്തപുരം ഐക്കരേത്തു് ഉമ്മൻ മകൾ സൂസിയെ വിവാഹം കഴിച്ചു. ഫെഡറൽ ബാങ്കു് മാനേജരായ ഇദ്ദേഹത്തിന്റെ, ഭാര്യയും ഉദ്യോഗസ്ഥയാണു്.



**അദ്ധ്യായം 17**

# പുളിക്കക്കുഴി ശാഖയിൽ പുളിക്കക്കുഴി കുടുംബം

V. 3. മാത്തുള്ള മാമ്മൻ, പുളിക്കക്കുഴിയിൽ കടപ്ര

VI. 1. മാമ്മൻ മാത്യു, പുളിക്കക്കുഴി നടുക്കേത്തിൽ കടപ്ര
2. മാമ്മൻ ഇടുക്കുള, വെള്ളക്കാല പടിഞ്ഞാറോത്തിൽ ,,
3. മാമ്മൻ ചാക്കോ, വെള്ളക്കാല വടക്കോത്തിൽ ,,
4. മാമ്മൻ മാമ്മൻ വെള്ളക്കാല കിഴക്കോത്തിൽ ,,
5. മാമ്മൻ വറുഗീസ് പുളിക്കക്കുഴിയിൽ ,,

VII. 1. മാത്യു മാമ്മൻ പുളിക്കക്കുഴി ചേന്ദമല കുമ്പനാട്
2. മാത്യു വറുഗീസ് ,, നടുക്കോത്തിൽ കടപ്ര
3. ഇടിക്കുള മാമ്മൻ (കൊച്ചൂഞ്ഞ്) ചരിവുകാലായിൽ ,,
4. ഇടിക്കുള എബ്രഹാം തടത്തുകാല പടിഞ്ഞാറോത്തിൽ ,,
5. ചാക്കോ മാമ്മൻ, പാല നില്ക്കുന്നതിൽ ,,
6. ചാക്കോ ചെറിയാൻ വെള്ളക്കാല വടക്കോത്തിൽ ,,
7. മാമ്മൻ മാമ്മൻ, മണക്കാലായിൽ കുമ്പനാട്
8. മാമ്മൻ ഈശോ കിഴക്കോത്തിൽ കടപ്ര
9. ഗീവറുഗീസ് മാമ്മൻ വരിക്കപ്പാമൂട്ടിൽ ,,
10. ഗീവറുഗീസ് വറുഗീസ് പുളിക്കക്കുഴി ,,
11. ഗീവറുഗീസ് മത്തായി പുളിക്കക്കുഴി കുമ്പനാട്
12. ഗീവറുഗീസ് തോമസ് (തോമസാർ) കടപ്ര

VIII. 1. മാമ്മൻ മത്തായി പുളിക്കക്കുഴി—മേത്താനം
2. മാമ്മൻ തോമസ് (കൊച്ചുചെറുക്കൻ) നെടുംതുണ്ടിയിൽ കുമ്പനാട്

3. മാമ്മൻ വറുഗീസ് (കുട്ടി) പുളിക്കക്കുഴി
മേത്താനം
4. ഗീവറുഗീസ് മാത്യു (തോമ്മാച്ചൻ)
നടുക്കോത്തിൽ–കടപ്ര
5. മാമ്മൻ ചാക്കോ (കൊച്ചുചാക്കോ)
ചരിവുകാലായിൽ–കുമ്പനാട്
6. മാമ്മൻ തോമസ് (കുഞ്ഞോമ്മാച്ചൻ)
ചരിവുകാലായിൽ–കടപ്ര
7. ഏബ്രഹാം ഇടിക്കുള (പാപ്പി)
തടത്തുകാല പടിഞ്ഞാറോത്തിൽ–കടപ്ര
8. ഏബ്രഹാം ചാക്കോ (കൊച്ചൂട്ടി)
പടിഞ്ഞാറോത്തിൽ നിലമ്പൂർ
9. ഏബ്രഹാം മത്തായി ,, ,,
10. മാമ്മൻ ചാക്കോ (വലിയകുട്ടി)
പാലനില്ക്കുന്നതിൽ നിലമ്പൂർ
11. മാമ്മൻ വറുഗീസ് (കൊച്ചൂട്ടി) ,, ,,
12. ചെറിയാൻ തോമസ് വടക്കോത്തിൽ കടപ്ര
13. ചെറിയാൻ മത്തായി (കുഞ്ഞൂഞ്ഞ്)
വടക്കോത്തിൽ പട്ടാഴി
14. ചെറിയാൻ മാമ്മൻ (പൊടിക്കൊച്ച്)
വടക്കോത്തിൽ കടപ്ര
15. മാമ്മൻ മാമ്മൻ (കുഞ്ഞൂഞ്ഞ്)
മണക്കാലായിൽ കുമ്പനാട് (മലയാ)
16. മാമ്മൻ ചാക്കോ മണക്കാല പുതുപ്പാടി
17. മാമ്മൻ മാത്യു (പാപ്പി) മണക്കാലാ പുതുപ്പാടി
18. മാമ്മൻ തോമസ് (കുഞ്ഞച്ചൻ) ,, ,,
19. മാമ്മൻ സഖറിയ (തമ്പി) ,, മദ്രാസ്സ്
20. ഈശോ മാമ്മൻ കിഴക്കോത്തിൽ നെല്ലിക്കമൺ
21. മാമ്മൻ വറുഗീസ് (പാപ്പി)
വരിക്കപ്പാമൂട്ടിൽ കടപ്ര
22. മാമ്മൻ തോമസ് (കുഞ്ഞൂഞ്ഞ്) ,, ,,



23. മത്തായി വറുഗീസ് (കുഞ്ഞച്ചൻ)
പുളിക്കക്കുഴി കുമ്പനാട്
24. മത്തായി ഈപ്പൻ (ഈപ്പച്ചൻ) ,, ,,
25. തോമസ് ജോർജ്ജ് (ജോർജ്ജുകുട്ടി) ,, കടപ്ര
26. തോമസ് തോമസ് (കുഞ്ഞച്ചൻ) ,, ,,

IX. 1. മത്തായി മാമ്മൻ (കുഞ്ഞച്ചൻ)
പുളിക്കക്കുഴി മേത്താനം
2. മത്തായി ജോൺ (ബേബി) ,, ,,
3. തോമസ് മാമ്മൻ (കുഞ്ഞൂഞ്ഞ്)
നെടുംതുണ്ടി കുമ്പനാട്
4. തോമസ് മത്തായി (കുഞ്ഞുമോൻ)
പുത്തൂർ പുല്ലാടു്
5. വറുഗീസ് മാമ്മൻ (കുഞ്ഞൂഞ്ഞ്)
പുളിക്കക്കുഴി മേത്താനം
6. വറുഗീസ് തോമസ് (കൊച്ചുബേബി)
,, ചാലാപ്പള്ളി
7. വറുഗീസ് മത്തായി (കുഞ്ഞച്ചൻ)
,, മേത്താനം
8. വറുഗീസ് വറുഗീസ് (കുഞ്ഞുമോൻ) ,, ,,
9. വറുഗീസ് ഏബ്രഹാം (തങ്കച്ചൻ) ,, ,,
10. തോമസ് ജോർജ്ജ്
നടുക്കോത്തിൽ പുത്തൻകുരിശു്
11. തോമസ് ഫിലിപ്പ് (ബേബി)
നടുക്കോത്തിൽ തൃശൂർ
12. തോമസ് മാത്യു (തമ്പി) ,, കടപ്ര
13. ചാക്കോ മാമ്മൻ (സി. സി. മാമ്മൻ)
ചരിവുകാല കുമ്പനാട്
14. തോമസ് മാമ്മൻ (സി. റ്റി. മാമ്മൻ)
,, ഗ്രാന്റ് വില്ല ,,
15. തോമസ് തോമസ് (ജോയി) ചരിവുകാല കടപ്ര
16. തോമസ് ജയിക്കബ് (ജോർജ്ജുകുട്ടി) ,, ,,
17. തോമസ് ഏബ്രഹാം (കുഞ്ഞുമോൻ) ,, ,,

18. ഇടിക്കുള ജോൺ (ജോണി)
പടിഞ്ഞാറോത്തിൽ കടപ്ര
19. ഇടിക്കുള വറുഗീസ് (രാജു) ,, ,,
20. ചാക്കോ ഏബ്രഹാം (കുഞ്ഞൂട്ടി)
പുളിക്കക്കുഴി നിലമ്പൂർ
21. ചാക്കോ മാത്തുക്കുട്ടി ,, ,,
22. ചാക്കോ ബേബിക്കുട്ടി ,, ,,
23. മത്തായി തമ്പി ,, ,,
24. മത്തായി അനിയൻ ,, തിരുവനന്തപുരം
25. ചാക്കോ മാമ്മൻ (പാലനില്ക്കുന്നതിൽ)
,, നിലമ്പൂർ
26. ചാക്കോ ജോൺ ,, ,, ,,
27. ചാക്കോ ചാക്കോ ,, ,, ,,
28. ചാക്കോ വറുഗീസ് ,, ,, ,,
29. വർഗീസ് മാമ്മൻ (ജോർജ്ജ്) ,, ,, ,,
30. തോമസ് തോമസ് വടക്കോത്തിൽ കടപ്ര
31. തോമസ് ജോസഫ് ,, ,,
32. ചാക്കോ മാമ്മൻ (തമ്പി) മണക്കാല പുതുപ്പാടി
33. ചാക്കോ ബേബി ,, ,,
34. ചാക്കോ ജയിക്കബ് (സണ്ണി) ,, ,,
35. മാത്യു മാമ്മൻ (ജോയി) ,, ,,
36. മാത്യു വറുഗീസ് (ബാബു) ,, ,,
37. മാത്യു തോമസ് (കുഞ്ഞുമോൻ) ,, ,,
38. തോമസ് മാമ്മൻ (തങ്കച്ചൻ) ,, ,,
39. തോമസ് മാത്യു (ജോസ്) ,, ,,
40. തോമസ് വിൽസൺ ,, ,,
41. മാമ്മൻ ഈശോ പുളിക്കക്കുഴി നെല്ലിക്കമൺ
42. മാമ്മൻ കുര്യൻ ,, ,,
43. മാമ്മൻ തോമസ് ,, ,,
44. വറുഗീസ് മാമ്മൻ (ബേബി)
വരിക്കപ്പാമൂട്ടിൽ കടപ്ര
45. വറുഗീസ് നൈനാൻ (ജോണി) ,, ,,



46. വറുഗീസ് വറുഗീസ് (കുഞ്ഞുമോൻ)
വരിക്കപ്പാമൂട്ടിൽ കടപ്ര
47. വറുഗീസ് തോമസ് (സാംകുട്ടി) ,, ,,
48. തോമസ് ജോർജ് (സണ്ണി) ,, ,,
49. വറുഗീസ് മാത്യു (കുഞ്ഞൂട്ടി)
പുളിക്കക്കുഴി കുമ്പനാട്
50. വറുഗീസ് മാമ്മൻ (ജോയി) ,, ,,
51. വറുഗീസ് വറുഗീസ് (കുട്ടപ്പായി) ,, ,,
52. വറുഗീസ് അലക്സ് (തമ്പി) ,, ,,
53. വറുഗീസ് ഫിലിപ്പ് (ബാബു) ,, ,,
54. ഈപ്പൻ മാത്യു ,, ,,
55. ഈപ്പൻ തോമസ് ,, ,,
56. ജോർജ് തോമസ് (സണ്ണി) ,, കടപ്ര

X. 1. മാമ്മൻ മാത്യു (കുഞ്ഞുമോൻ)
പുളിക്കക്കുഴി മേത്താനം
2. മാമ്മൻ വറുഗീസ് (ജോയി) ,, ,,
3. മാമ്മൻ ജോൺ (ബാബു) ,, ,,
4. ജയിക്കബ് മാമ്മൻ (ബാബുക്കുട്ടി)
ചരിവുകാല കുമ്പനാട്
5. തോമസ് മാമ്മൻ (സാം) ,, ,,
6. മാമ്മൻ (കുഞ്ഞുമോൻ)
പുളിക്കക്കുഴി ഭഗവതിമുണ്ട
7. മാമ്മൻ റോയി മണലൂകാല പുതുപ്പാടി

# പുളിക്കക്കുഴി ശാഖയിൽ
## പുളിക്കക്കുഴി കുടുംബം

### V. 3. മാത്തുള്ള മാമ്മൻ പുളിക്കക്കുഴിയിൽ–കടപ്ര

കുറിയന്നൂർ താന്നിക്ക പുറത്തൂട്ടു നിന്നും ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാത്യു, ഇടിക്കുള, ചാക്കോ, മാമ്മൻ, ഗീവറുഗീസ്, അന്നമ്മ, എന്നു് ആറു മക്കൾ. അന്നമ്മയെ വള്ളംകുളത്തു് പോഴോലിൽ അവറാച്ചൻ വിവാഹം കഴിച്ചു. ശ്രീ. മാമ്മനു് ചെറുപ്രായത്തിലെ പിതാവിന്റെ കാർണവരായ ചേകോട്ടാശാന്റെ കീഴിൽ വിദ്യാഭ്യാസം നടത്തുന്നതിനുള്ള ഭാഗ്യം ലഭിച്ചു. അതിനാൽ തമിഴിലും സംസ്കൃതത്തിലും നല്ല പാണ്ഡിത്യം ലഭിച്ചു, തുടർന്നു കുടുംബ കളരിയിൽ നിന്നും ആയുധാഭ്യാസവും സ്വായത്തമാക്കി. പിതാവിൽ നിന്നും ലഭിച്ച പ്രാർത്ഥനാശീലവും, മകനിലും ചെറുപ്പം മുതലേ പ്രതിഫലിച്ചിരുന്നു.

ഇദ്ദേഹം കുടുംബ ഭാരം ഏറ്റപ്പോഴേക്കും എല്ലാ പ്രകാരത്തിലും, നാട്ടുകാരുടെ കണ്ണിലുണ്ണിയായി തീർന്നു. അതിഥി സൽക്കാര പ്രിയയും, വിദ്യാസമ്പന്നയുമായിരുന്ന സഹധർമ്മിണിയുടെ കാര്യപ്രാപ്തി പുളിക്കക്കുഴി കുടുംബപേരിനെ അന്നു ദേശാന്തരങ്ങളിൽ എത്തിച്ചു. പുത്തൻകാവു് പള്ളിയിൽ കൂടി നടന്നിരുന്നു. ആണ്ടിലൊരിക്കൽ പട്ടക്കാരേയും, കുടുംബത്തിലുള്ള സകലരേയും, അയൽക്കാരേയും, തറവാട്ടിൽ കൂട്ടിവരുത്തി പ്രാർത്ഥനയും, തുടർന്നു വിഭവ സമൃദ്ധമായ സൽക്കാരവും നടത്തിപ്പോരിക പതിവായിരുന്നു. സമീപദേശത്തുള്ള ഹൈന്ദവരും മാമ്മൻ മാപ്പിളയെ ഭക്തിയാദരവോടുകൂടി ബഹുമാനിച്ചിരുന്നു. അടിമ വ്യാപാരം വ്യാപകമായി നടന്നിരുന്ന അക്കാലത്തു് നാലഞ്ചു കുടുംബങ്ങളെ വിലയ്ക്കു വാങ്ങി സ്വന്ത ഭൂമിയിൽ വിവിധ സ്ഥാനങ്ങളിൽ പാർപ്പിച്ചു. അവരുടെ പിൻതുടർച്ചക്കാരും പുളിക്കക്കുഴി കുടുംബത്തിലെ ആളുകളും



കളും തമ്മിൽ ഇന്നും ആത്മാർത്ഥമായി ഇടപെട്ടുകൊണ്ടിരിക്കുന്നു.

പുളിയനാമുകളിൽ മല മുതൽ (ഇന്നത്തെ ശാലേം മാർത്തോമ്മ പള്ളിയുടെ തെക്കെ അതിരു മുതൽ) തെക്കു വരാചാൽ വരെയുള്ള സ്ഥലങ്ങൾ കൈവശപ്പെടുത്തി കൃഷിയോഗ്യമാക്കിതീർത്തു. പഞ്ഞപ്പുല്ലു്, തെന, ചോളം, ചാമ, മുതിര, പയറു്, ആദിയായവ ആയിരുന്നു പ്രധാന കൃഷിയിനങ്ങൾ. മൂത്ത മകൻ മാത്യുവിനെ വെള്ളക്കാല നടുക്കോത്തിലും ഇടിക്കുളയെ പടിഞ്ഞാറോത്തിലും, ചാക്കോയെ വടക്കോത്തിലും, മാമ്മൻ കിഴക്കോത്തിലും, ഗീവറുഗീസ് കുടുംബത്തും താമസമാക്കി. പിതാവു് മാമ്മൻ വാർദ്ധക്യസഹജമായ അസുഖത്താൽ നിര്യാതനായി, അന്നത്തെ രീതിയായ കുരിശു്, കുട, ആദിയായ ആഡംബരത്തോടു കൂടി കോയിപ്രം, കടപ്ര, പൂവത്തൂർ എന്നീ ദേശവാസികളുടെ സഹകരണത്തിലും പുത്തൻകാവു് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. തുടർന്നു ഭാര്യ ഏലിയാമ്മയും പെട്ടെന്നു നിര്യാതയായി. പുത്തൻകാവു് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VI. 1. മാമ്മൻ മാത്യു പുളിക്കക്കുഴിയിൽ നടുക്കോത്തിൽ–കടപ്ര

ഇടയാറന്മുള കുന്നുംപുറത്തു നിന്നും ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാമ്മൻ, ഗീവറുഗീസ്, ഏലിയാമ്മ എന്നു് മൂന്നു മക്കൾ. ഏലിയാമ്മയെ കിടങ്ങന്നൂർ തുണ്ടിയ്ക്കാട്ടിൽ വിവാഹം കഴിപ്പിച്ചു. മാതാപിതാക്കൾ വാർദ്ധക്യത്തിൽ നിര്യാതരായി. കുമ്പനാടു പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VII. 1. മാത്യു മാമ്മൻ പുളിക്കക്കുഴി ചേന്ദമല-കുമ്പനാടു്

കുറിയന്നൂർ എണ്ണിക്കാട്ടിൽ തോമസ് മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ചേന്ദമല പുളിക്കക്കുഴി പുരയിടത്തിൽ താമസിക്കുന്നു. ഇവർക്കു് മത്തായി, തോമസ്, വറുഗീസ്, ഏലിയാമ്മ, അന്നമ്മ, കൊച്ചുപെണ്ണു്,

കുഞ്ഞാമ്മ, എന്നു് ഏഴു മക്കൾ. ഏലിയാമ്മയെ തെള്ളിയൂർ പെരുമ്പ്രാക്കാടു് പ്ലാന്തോട്ടത്തിൽ ഈപ്പനും, അന്നമ്മയെ പുന്നയ്ക്കാട്ടും, കൊച്ചുപെണ്ണിനെ നാരകത്താനി മാളിയേയ്ക്കൽ സ്കറിയായും, കുഞ്ഞാമ്മയെ വെണ്ണിക്കുളത്തു ചാപ്രത്തു കൊച്ചൂട്ടിയും വിവാഹം കഴിച്ചു.

ശ്രീ. മാമ്മൻ കുമ്പനാടു് ശാലേം ഇടവകയുടെ സ്ഥാപക പ്രവർത്തകരിൽ ഒരാളാണു്. ദീർഘകാലം ആ ഇടവകയുടെ ട്രസ്റ്റിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. സുവിശേഷ വേലയിൽ തല്പരനായിരുന്നു. അക്കാലത്തു് സ്വന്ത ഭവനത്തിൽ ഒരു പള്ളിക്കൂടം നടത്തിയിരുന്നു. സമീപവാസികൾ വിദ്യാരംഭത്തിനായി ഈ പള്ളിക്കൂടത്തെ ആശ്രയിച്ചിരുന്നു. തൻ നിമിത്തം സമീപവാസികൾ അദ്ദേഹത്തെ ആശാൻ എന്നു് വിളിച്ചിരുന്നു. പിൽക്കാലത്തു് ശ്രീ. മാമ്മന്റെ രണ്ടു പുത്രന്മാർ എഴുമറ്റൂർ മേത്താനത്തു് വസ്തു സമ്പാദിച്ചു് മാറിതാമസിച്ചപ്പോൾ മാതാപിതാക്കളും അവരോടൊപ്പം താമസമാക്കി. അവിടെ വച്ചു് മാമ്മൻ തന്റെ 88-ാം വയസ്സിലും, ഭാര്യ മറിയാമ്മ 80-ാം വയസ്സിലും നിര്യാതരായി. ഇരുവരേയും പെരുമ്പട്ടി മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VIII. 1. മാമ്മൻ മത്തായി
### പുളിക്കക്കുഴി – മേത്താനം

പുല്ലാട്ടു മണിയാറ്റു ഏലിയാമ്മയെ വിവാഹം കഴിച്ചു ഇവർക്ക മാമ്മൻ, ജോൺ, ഏലിയാമ്മ, തങ്കമ്മ എന്നു് നാലു മക്കൾ. ഏലിയാമ്മയെ കറിക്കാട്ടൂർ തൈവേശ്ശേരിൽ തോമസും, തങ്കമ്മയെ തെള്ളിയൂർ ചുഴനയിൽ ജോണും വിവാഹം കഴിച്ചു. നല്ല കൃഷിക്കാരനും ആത്മീയദർശനം ലഭിച്ചിരുന്നയാളുമായ ശ്രീ. മത്തായി 88-ാം വയസ്സിലും, ഭാര്യ ഏലിയാമ്മ 86-ാം വയസ്സിലും നിര്യാതരായി. ഇരുവരേയും മേത്താനം മാർത്തോമ്മാ പള്ളിസെമിത്തേരിയിൽ സംസ്കരിച്ചു.

### IX. 1. മത്തായി മാമ്മൻ (കുഞ്ഞച്ചൻ)
### പുളിക്കുക്കഴി – മേത്താനം

നാരകത്താനി മേലേകരിപ്പാച്ചേരിൽ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു കുഞ്ഞുമോൻ, ജോയി, ബാബു



സണ്ണി, അമ്മുക്കുട്ടി, വത്സമ്മ, സിസിലി എന്നു് ഏഴു മക്കൾ. അമ്മുക്കുട്ടിയെ മലബാർ പുത്തൂർ വറുഗീസും, വത്സമ്മയെ വെണ്ണിക്കുളത്തു ചാപ്രത്തു ബാബുവും സിസിലിയെ മലയാലപ്പുഴയും വിവാഹം കഴിപ്പിച്ചു. ശ്രീ. മാമ്മൻ മേത്താനം മാർത്തോമ്മാ ഇടവക ആത്മായ ശുശ്രൂഷകൻ, സണ്ടേസ്കൂൾ അദ്ധ്യാപകൻ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. സുവിശേഷവേലയിൽ അതീവ തല്പരനായിരുന്ന മാമ്മൻ 1982-ൽ 64-ാം വയസിൽ നിര്യാതനായി. മേത്താനം ഐ. പി. സി. സെമിത്തേരിയിൽ സംസ്കരിച്ചു.

### X. 1. മാമ്മൻ മാത്യു (കുഞ്ഞുമോൻ)
### പുളിക്കക്കുഴി – മേത്താനം

തടിയൂർ വെട്ടിത്തറ സ്കറിയ മകൾ അമ്മിണിയെ വിവാഹം കഴിച്ചു. രണ്ടു പുത്രന്മാർ വിദ്യാർത്ഥികളായുണ്ട്.

### X. 2. മാമ്മൻ വറുഗീസു് (ജോയി)
### പുളിക്കക്കുഴി – മേത്താനം

കണ്ടംപേരൂർ വടക്കേ തുണ്ടിയിൽ ജോൺ മകൾ ഓമനയെ വിവാഹം കഴിച്ചു. ജെറി എന്നൊരു പുത്രൻ വിദ്യാർത്ഥിയായുണ്ടു്. ശ്രീ. ജോയി ഉദ്യോഗാർത്ഥം പേർഷ്യയിലാണു്.

### X. 3. മാമ്മൻ ജോൺ (ബാബു)
### പുളിക്കക്കുഴി– മേത്താനം

വാളക്കുഴി തയ്യിൽ നിന്നും വിവാഹം കഴിച്ചു. ഒരു പുത്രൻ വിദ്യാർത്ഥിയായുണ്ടു്. ബാബു എറണാകുളത്തു് സ്വന്തം ബിസ്സിനസു് നടത്തികൊണ്ടിരിക്കുന്നു.

മാമ്മൻ മാമ്മൻ (സണ്ണി) പുളിക്കക്കുഴി മേത്താനം, അവിവാഹിതനാണ്. എറണാകുളത്തു് സ്വന്തമായി ബിസ്സിനസു് നടത്തിക്കൊണ്ടിരിക്കുന്നു.

### IX. 2. മത്തായി ജോൺ (ബേബി) Phone 2773809
### പുളിക്കക്കുഴി - മേത്താനം

റാന്നി കളമ്പാല ചൂരയ്ക്കാടു് മത്തായി മകൾ കുഞ്ഞൂഞ്ഞമ്മയെ വിവാഹം കഴിച്ചു. ഇവർക്കു സജി, ലാലു

എന്നു് രണ്ടു മക്കൾ. സജി, വിദ്യാർത്ഥിയാണു്. പുത്രി ലാലി(റോസു്) യെ തടിയൂരിൽ വിവാഹം കഴിപ്പിച്ചയച്ചു ശ്രീ. ജോൺ റയിൽവേ ഉദ്യോഗസ്ഥനാണു്.

### VIII. 2. മാമ്മൻ തോമസു് (കൊച്ചുചെറുക്കൻ)
### പുളിക്കക്കുഴി നെടുംതുണ്ടിയിൽ–കുമ്പനാടു്

പാണ്ടനാട്ടിൽ മണലേൽ മത്തായി മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു മാമ്മൻ, മത്തായി, ഏലിയാമ്മ എന്നു് മൂന്നു മക്കൾ. മകൾ ഏലിയാമ്മയെ കോടുകുളഞ്ഞിയിൽ പടിക്കത്തറയിൽ മത്തായി മകൻ ജോർജ്ജു് വിവാഹം കഴിച്ചു. ശ്രീ. തോമസു 48-ാം.വയസ്സിലും ഭാര്യ ഏലിയാമ്മ 47-ാം.വയസ്സിലും നിര്യാതരായി. ഇരുവരേയും കുമ്പനാടു് ശാലേം മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### IX. 3. തോമസു് മാമ്മൻ (കുഞ്ഞൂഞ്ഞു്)
### പുളിക്കക്കുഴി നെടുംതുണ്ടിയിൽ–കുമ്പനാടു്

ചാലാപ്പള്ളിൽ താളിയാനിക്കൽ തോമസു് മകൾ മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ലൗലി, സജി, ജൂലി, എന്നു് മൂന്നു മക്കൾ. ലൗലിയെ (എലിസബേത്തു്) പെരുമ്പെട്ടി അത്യാൽ പുളിവേലിൽ ഗീവറുഗീസു് മകൻ പി. വി ഫിലിപ്പു് വിവാഹം കഴിച്ചു. സജി (തോമസു്) ജൂലി (മേഴ്സി) എന്നിവർ വിദ്യാർത്ഥികളാണു്. ശ്രീ. മാമ്മൻ കൊമ്പാടി ബൈബിൾ സ്കൂളിലെ പഠനത്തിനുശേഷം തിരുവല്ലാ ഈസ്റ്റ് കോ ഓപ്പറേറ്റീവു് ബാങ്കിൽ ജോലിയിൽ പ്രവേശിച്ചു. കുമ്പനാടു് ശാലേം സണ്ടേസ്കൂൾ അദ്ധ്യാപകനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എഴുമാലി കുടുംബയോഗം കൂടുന്നതിനു വേണ്ടി ആഗ്രഹിച്ചു പ്രവർത്തിക്കയും, കുടുംബയോഗത്തിന്റെ ആരംഭം മുതൽ കമ്മറ്റി അംഗം, സെക്രട്ടറി, കണക്കൻ, ചരിത്രരചന കമ്മറ്റി അംഗം, പണസമാഹരണ കമ്മറ്റി അംഗം എന്നീ നിലകളിൽ നാളിതുവരെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഒരു സമുദായ സ്നേഹി, കുടുംബസ്നേഹി എന്നീ നിലകളിൽ ഏവരുടെയും സ്നേഹവാത്സല്യങ്ങൾക്കു പാത്രീഭൂതനാണു്.



### IX. 4. തോമസു് മത്തായി (കുഞ്ഞുമോൻ)
### പുളിക്കക്കുഴി –നെടും തുണ്ടി

പുല്ലാടു് പുത്തൂരു് ചാക്കോ മകൾ കുഞ്ഞമ്മയെ വിവാഹം കഴിച്ചു് പുല്ലാടു് പുത്തൂരു് പുരയിടം വാങ്ങി അവിടെ താമസമാക്കി. ഇവർക്കു് ബിനോയ്, ബിൻസി, എൽസി എന്ന് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ടു്. ശ്രീ. മത്തായി കൊരട്ടി മധുര കോട്സിൽ ഉദ്യോഗസ്ഥനാണു്.

### VIII. 3. മാമ്മൻ വറുഗീസു് (കുട്ടി)
### പുളിക്കക്കുഴി–മേത്താനം

തെള്ളിയൂർ മാന്താനത്തു് തോമസു് ഉപദേശി മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാമ്മൻ, തോമസു്, മത്തായി, വറുഗീസു്, ഏബ്രഹാം, കുഞ്ഞമ്മ, ചിന്നമ്മ, എന്നു് ഏഴു മക്കൾ. കുഞ്ഞമ്മയെ ഇരവിപേരൂർ മന്ദത്തുഴത്തിൽ ഇടിക്കുള മകൻ മത്തായിയും ചിന്നമ്മയെ ഇരവിപേരൂർ മംഗലശ്ശേരിൽ ഉമ്മച്ചൻ മകൻ തോമസും വിവാഹം ചെയ്തു. ശ്രീ. വറുഗീസു് മേത്താനം, മാർത്തോമ്മാ സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ, ഒരു തികഞ്ഞ സുവിശേഷകൻ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം ചെയ്തിരുന്നു. ഇപ്പോൾ മേത്താനത്തു് ഐ. പി .സി. സഭ സ്ഥാപിക്കയും, അതിന്റെ പ്രവർത്തനങ്ങളിൽ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

### IX. 5. വറുഗീസു് മാമ്മൻ
### പുളിക്കക്കുഴി–മേത്താനം

കീക്കൊഴൂർ കോനാട്ടു മാത്തച്ചൻ മകൾ ചിന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു അച്ചൻകുഞ്ഞു്, റോയി, മോളിക്കുട്ടി, ഓമന, കുഞ്ഞൂഞ്ഞമ്മ എന്നു് അഞ്ചു മക്കൾ. മോളിക്കുട്ടിയെ മേപ്രാൽ കാരസ്സൂൽ കുഞ്ഞച്ചനും, ഓമനയെ പുന്നവേലി മുണ്ടന്താനത്തു് ഒട്ടസ്സൂൽ ചാക്കോ മകൻ തങ്കച്ചനും വിവാഹം കഴിച്ചു. കുഞ്ഞൂഞ്ഞമ്മയും റോയിയും വിദ്യാർത്ഥികളാണു്. അച്ചൻകുഞ്ഞു് മദ്രാസു് അറ്റോമിക് എനേർജി റിസേർച്ചിൽ ഉദ്യോഗസ്ഥനാണു്. ശ്രീ. മാമ്മൻ 55-ാം വയസ്സിൽ നിര്യാതനായി. മേത്താനം I.P.C. സെമിത്തേരിയിൽ സംസ്കരിച്ചു.

**IX. 6. വറുഗീസ് തോമസ് (കൊച്ചുബേബി)**
**പുളിക്കക്കുഴി അരീക്കൽ - ചാലാപ്പള്ളി**

കീഴ്‌വായ്പൂർ കൊറ്റൻകുടി കുറിച്ചിയിൽ ഏബ്രഹാം മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു സാബു, സജി, സോളി, സൂസി എന്നു് നാലു മക്കൾ വിദ്യാർത്ഥികളായുണ്ട്. മേത്താനം മാർത്തോമ്മാ ഇടവക ട്രസ്റ്റി, രാഷ്ട്രീയ, സമുദായപ്രവർത്തകൻ, നല്ല ബിസിനസ്സുകാരൻ എന്നീ നിലകളിൽ ദേശത്തിന്റെ ഉന്നമനത്തിനു് അവിശ്രമം പ്രവർത്തിക്കുന്നു.

**IX. 7. വറുഗീസ് മത്തായി (കുഞ്ഞച്ചൻ)**
**പുളിക്കക്കുഴി–മേത്താനം**

റാന്നി നെല്ലിക്കമൺ ചെള്ളേത്തു് കൊച്ചുചെറുക്കൻ മകൾ കുഞ്ഞന്നാമ്മയെ വിവാഹം ചെയ്തു. ഇവർക്കു് റജി മേഴ്സി, ലിസി എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ടു്. കേന്ദ്രഗവൺമെന്റ് ഉദ്യോഗസ്ഥനായ ഇദ്ദേഹം മദ്രാസിൽ താമസിക്കുന്നു.

**IX. 8. വറുഗീസ് വറുഗീസ് (കുഞ്ഞുമോൻ)**
**പുളിക്കക്കുഴി - മേത്താനം**

ഇടനാടു് ആറുപറയിൽ ഈശോ മകൾ ലീലാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ഷിബു, ഷീബ, ഷൈനി എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ടു്. ശ്രീ കുഞ്ഞുമോൻ കേന്ദ്രസർക്കാർ ജീവനക്കാരനാണു്.

**IX. 9. വറുഗീസ് ഏബ്രഹാം (തങ്കച്ചൻ)**
**പുളിക്കക്കുഴി–മേത്താനം**

മലബാറിൽ പുതുപ്പറമ്പിൽ ചാക്കോ മകൾ കുഞ്ഞുമോളെ വിവാഹം കഴിച്ചു. ഇവർക്കു രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ടു്. ശ്രീ. ഏബ്രഹാം I. P. C. പാസ്റ്ററായി സുവിശേഷ വേല ചെയ്തുകൊണ്ടിരിക്കുന്നു.

**VII. 2. മാത്യു ഗീവറുഗീസ് നടുക്കോത്തിൽ–കടപ്ര**

നെടുംപ്രയാർ മിറ്റത്തുംമൂട്ടിൽ സാറാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് തോമസ്, ഏലിയാമ്മ, മറിയാമ്മ,



അന്നമ്മ എന്നു് നാലു മക്കൾ. ഏലിയാമ്മയെ പൂവത്തൂർ കുമ്പുളൂർ പീലിപ്പോസും മറിയാമ്മയെ ഇരവിപേരൂർ കണിച്ചുകാട്ടു് ഐസക്കും, അന്നമ്മയെ കോയിപ്രത്തു് പുലിപ്പലേലിൽ മത്തായിയും വിവാഹം കഴിച്ചു. ഗീവറുഗീസ് ചെറുപ്പത്തിലേ നിര്യാതനായി. കുമ്പനാടു് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. മാതാവ് നിര്യാതയായി. കുമ്പനാടു് ശാലേം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VIII. 4. ഗീവറുഗീസ് തോമസ് (മാത്യു)**
**(തോമ്മാച്ചൻ) നടുക്കോത്തിൽ–കടപ്ര**

പുല്ലാടു മുണ്ടനില്ക്കുന്നതിൽ പോത്തൻ മകൾ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ജോർജ്ജ്, ഫിലിപ്പ്, മാത്യു, പെണ്ണമ്മ, അമ്മിണി, ഗ്രേസി എന്നു് ആറു മക്കൾ. പെണ്ണമ്മയെ പുന്നയ്ക്കാടു് പടിഞ്ഞാറേടത്തു ഫിലിപ്പും അമ്മിണിയെ ചെങ്ങന്നൂർ കരിമ്പിലും ഗ്രേസിയെ കുറിയന്നൂർ വട്ടപ്പാറയിലും വിവാഹം കഴിപ്പിച്ചയച്ചു. ബിസിനസുകാരനായിരുന്ന തോമസ് 1959-ൽ നിര്യാതനായി. കുമ്പനാടു ശാലേം മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**IX. 10. തോമസ് ജോർജ് നടുക്കോത്തിൽ–കടപ്ര**

പുത്തൻകുരിശിൽ കണ്ടംതോട്ടുകര അച്ചാമ്മയെ വിവാഹം കഴിച്ചു. ശ്രീമതി അച്ചാമ്മ അദ്ധ്യാപികയായി റിട്ടയാർ ചെയ്തു. ഇവർക്ക് സന്താനങ്ങൾ ഇല്ല. ഇവർ പുത്തൻകുരിശിൽ താമസിക്കുന്നു.

**IX. 11. തോമസ് ഫിലിപ്പ് (ബേബി)**
**നടുക്കോത്തിൽ–കടപ്ര**

ഇടയാറന്മുള നെടിയകാലായിൽ കൊച്ചുകുഞ്ഞു മകൾ പെണ്ണമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ഒരു പുത്രനും ഒരു പുത്രിയും ഉണ്ട്. മകൻ വിദ്യാർത്ഥിയാണ് മകൾ സുമയെ ആറാട്ടുപുഴ വിവാഹം കഴിപ്പിച്ചു. ശ്രീ. ബേബിയും കുടുംബവും തൃശൂരിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു.

**IX. 12. തോമസ് മാത്യു (തമ്പി)**

**നടുക്കോത്തിൽ-കടപ്ര**

സീതത്തോട്ടിൽ തൂവോണു് തോമസ് മകരം ഉഷയെ വിവാഹം കഴിച്ചു. ഇവർക്കു് രണ്ടു പുത്രന്മാർ വിദ്യാർത്ഥികളായുണ്ട്. തമ്പി ബഹറിനിൽ ഉദ്യോഗസ്ഥനാണു്.

**VI. 2. മാമ്മൻ ഇടിക്കുള വെള്ളക്കാലാ**

**പടിഞ്ഞാറോത്തിൽ-കടപ്ര**

ഇടനാട്ടിൽ ചെറുതിട്ട കൊച്ചുകുഞ്ഞു മകരം അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാമ്മൻ, ഏബ്രഹാം, മറിയാമ്മ, എന്നു് മൂന്നു മക്കരം. മറിയാമ്മയെ കല്ലൂപ്പാറ പരിപ്പിൽ കൊച്ചുകുഞ്ഞു വിവാഹം കഴിച്ചു. ഇടിക്കുള തന്റെ ചെറുപ്രായത്തിൽ നിര്യാതനായി. കുമ്പനാടു പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഇടിക്കുളയുടെ ഭാര്യ അന്നമ്മ വാർദ്ധക്യസഹജമായ രോഗത്താൽ നിര്യാതയായി കുമ്പനാടു പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VII. 3. ഇടിക്കുള മാമ്മൻ (കൊച്ചുകുഞ്ഞ്)**

**ചരിവുകാലായിൽ-കടപ്ര**

കുറിയന്നൂർ താനത്തോടത്തിൽ ഈശോ മകരം മറിയാമ്മയെ വിവാഹം കഴിച്ചു. പടിഞ്ഞാറോത്തിൽ നിന്നും ചരിവുകാലായിൽ താമസമാക്കി. ഇവർക്കു് ചാക്കോ, തോമസ്, ഏലിയാമ്മ, റാഹേൽ എന്നു് നാലു മക്കരം. ഏലിയാമ്മയെ കുമ്പനാടു് പ്ലാന്തോട്ടത്തിൽ കോശിയും, റാഹേലമ്മയെ തെള്ളിയൂർ കുമ്പ്ളൂർ പള്ളിപറമ്പിൽ ഇടിക്കുളയും വിവാഹം കഴിച്ചു. മാമ്മൻ തന്റെ 69-ാം വയസ്സിലും ഭാര്യ മറിയാമ്മ 68-ാം വയസ്സിലും നിര്യാതരായി. ഇരുവരേയും കുമ്പനാടു് ശാലേം മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VIII. 5. മാമ്മൻ ചാക്കോ (കൊച്ചുചാക്കോ)**

**ചരിവുകാലായിൽ-കുമ്പനാടു്**

ഇലന്തൂർ ആനപ്പാറയ്ക്കൽ മാത്യുവാദ്ധ്യാർ മകരം മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മാമ്മൻ, കുഞ്ഞമ്മ



പുളിക്കക്കുഴിയിൽ
ശ്രീ. പി. എം. ഈപ്പനും, കുടുംബവും.



പുളിക്കക്കുഴി നെടുംതുണ്ടിയിൽ ശ്രീ.പി.റ്റി. മാമ്മൻ
ഭാര്യ മേരിക്കുട്ടി, മക്കരം ലാലി, സജി, ജൂലി.



ചരിവുകാലാ യിൽ ശ്രീ. സി. എം. ചാക്കോ, മകൻ സി. സി. മാമ്മൻ ഭാര്യ തങ്കമ്മ
മക്കരം ജെയിക്കബു് മാമ്മൻ, ബാബുക്കുട്ടി, ഭാര്യ ബെറ്റി, മകം രാഗി, തോമസ് മാമ്മൻ (സാംകുട്ടി)
മോളിക്കുട്ടി, സൂസൻ, പൊന്നുമോം, ജോയിമോം.



നടുക്കേത്തിൽ Mrs. അന്നമ്മ തോമസ്



നടുക്കേത്തിൽ Mr. & Mrs. തോമസ് മാത്യു



ചരിവുകാലായിൽ ശ്രീ. സി. എം. തോമസ്, ഭാര്യ കുഞ്ഞാമ്മ, മക്കൾ സി. റ്റി. മാമ്മനും (ബേബി) കുടുംബവും, സി.റ്റി. തോമസ് (ജോയി) കുടുംബവും, സി.റ്റി. ജയിക്കബ് (ജോർജ്ജുകുട്ടി) കുടുംബവും, സി. റ്റി. ഏബ്രഹാം (കുഞ്ഞുമോൻ) കുടുംബവും.



തടത്തുകാലായിൽ (പടിഞ്ഞാറോത്തിൽ)
Mr. & Mrs. ഇടിക്കുള ഏബ്രഹാം (പാപ്പി)
,, ചാക്കോ കൊച്ചൂട്ടി
,, മത്തായി



വരിക്കപ്ലാംമൂട്ടിൽ ശ്രീ. പി. എം. വറുഗീസ് (പാപ്പി) കുടുംബവും



പുളിക്കക്കുഴിയിൽ പരേതനായ
പി. എം. വറുഗീസ് (കുഞ്ഞച്ചൻ)



പുളിക്കക്കുഴിയിൽ അഡ്വ: അലക്സ് വറുഗീസ്
ഭാര്യ സൂസൻ, മകൻ ഡി. ജോയി



കടപ്ര പടിഞ്ഞാറോത്തിൽ ശ്രീ. ഇടിക്കുള ഏബ്രഹാം (പാപ്പിയും) കുടുംബവും



മേരിക്കുട്ടി എന്നു് മൂന്നു മക്കാം. കുഞ്ഞമ്മയെ എരുമക്കാട്ടു് പേരങ്ങാട്ടു പടിക്കൽ പൊടിയച്ചൻ മകൻ പി. എ. ജോണും. മേരിക്കുട്ടിയെ പുല്ലാട്ടു് (ഇപ്പോാം കാട്ടാക്കട) എരുമത്തടത്തിൽ യോഹന്നാൻ മകൻ എ. ജെ. ഏബ്രഹാമും. വിവാഹം കഴിച്ചു. ശ്രീ. ചാക്കോയുടെ ഭാര്യ മറിയാമ്മ 1933-ൽ 33-ാം. വയസ്സിൽ നിര്യാതയായി. കുമ്പനാട്ടു് ശാലേം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

ശ്രീ. ചാക്കോ കുമ്പനാട്ടു് ശാലേം സണ്ടേസ്കൂളിന്റെ ആരംഭകാലം മുതൽ 45 വർഷക്കാലം അദ്ധ്യാപകനായിരുന്നു. ശാലേം, വലിയപള്ളി, കുർത്തമല, നെല്ലിമല എന്നു് 4 ഇടവകകളുടെ ആഭിമുഖ്യത്തിലുള്ള കുമ്പനാടു യൂണിയൻ മാർത്തോമ്മാ കൺവൻഷന്റെ കൺവീനറായി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. മാരാമൺ കൺവൻഷൻ സമയത്തു് യാചകർക്കു് ഈറ നാട്ടി ഓല കെട്ടി തണലേകിയിരുന്നു. പിൽക്കാലത്തു് കലമണ്ണിൽ കൊച്ചോയിച്ചൻ, പൂഴിക്കാലായിൽ തോമ്മാച്ചൻ, ചരിവുകാലായിൽ ചാക്കോച്ചൻ എന്നിവരുടെ ശ്രമഫലമായി കുമ്പനാട്ടു് അഗതിമന്ദിരം സ്ഥാപിക്കുന്നതിനു് ഈ പ്രവർത്തനം മാർഗ്ഗനിർദ്ദേശം നൽകി. കുമ്പനാടു ശാലേം പള്ളിയുടെ പുതുക്കിപ്പണിയുടെ മുഴുവൻ ചുമതലയും, ഇടവകക്കാർ ശ്രീ. ചാക്കോയെ ചുമതലപ്പെടുത്തി. ആ ചുമതല സ്തുത്യർഹമായി നിർവഹിച്ചതിന്റെ നന്ദിസൂചകമായി അഭിവന്ദ്യ യൂഹാനോൻ മാർത്തോമ്മ മെത്രാപ്പോലീത്ത തിരുമനസ്സു കൊണ്ടു് സ്വർണ്ണമോതിരം സമ്മാനിച്ചു. ശാലേം കൈസ്ഥാനസമിതി അംഗം, ഇടവക ട്രസ്റ്റി, സഭാ മണ്ഡലം പ്രതിനിധി, എന്നീ നിലകളിൽ ഇടവകയെ സേവിച്ചിട്ടുണ്ടു്. വലിപ്പ ചെറുപ്പ വ്യത്യാസം ഇല്ലാതെ ഏതൊരു ഭവനത്തിലേയും പ്രശ്നത്തിൽ ഇടപെടുകയും തക്ക കൈതാങ്ങൽ കൊടുക്കയും ചെയ്തിരുന്നു. ഇപ്പോാം 89 വയസ്സുണ്ടു്. 8-ാം തലമുറയിലെ ജീവിച്ചിരിക്കുന്നവരിൽ ഏറ്റവും പ്രായം കൂടിയ ആളാണു്.

## IX. 13. ചാക്കോ മാമ്മൻ (കുഞ്ഞൂഞ്ഞ്)
## സി. സി. മാമ്മൻ ചരിവുകാലായിൽ–കുമ്പനാടു്

കിടങ്ങന്നൂർ പേരങ്ങാട്ടു പടിക്കൽ കുഞ്ഞോമ്മാച്ചൻ മകൾ തങ്കമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ജയിക്കബ്, (ബാബു) തോമസ്, (സാംകുട്ടി) Agr. B.Sc. മോളി, സൂസൻ, സോഫി, ജോയിസ്, എന്നു് ആറു മക്കൾ. മോളിയെ അയിരൂർ ചെറുകര വട്ടോലിൽ മത്തായിച്ചൻ മകൻ ഫിലിപ്പു് (B.A)യും, സൂസനെ പത്തനാപുരത്തു് കരിമ്പിൽ നൈനാനും, സോഫിയെ (M.A) മാവേലിക്കര വലിയവീട്ടിൽ ശമുവേൽ മകൻ സാം ചെറിയാൻ M.D യും ജോയിസിനെ പുത്തൻകാവിൽ മണ്ഡപത്തിൽ ബേബിച്ചൻ മകൻ ബന്നി B.A യും വിവാഹം കഴിച്ചു.

ശ്രീ. മാമ്മൻ കടപ്ര സെഹിയോൻ സണ്ടേസ്കൂൾ അദ്ധ്യാപകനായി 7 വർഷവും ശാലേം സണ്ടേസ്കൂൾ അദ്ധ്യാപകനായി 10 വർഷവും സേവനം ചെയ്തിട്ടുണ്ടു്. കുമ്പനാട് വലിയപള്ളി, ശാലേംപള്ളി, കുർത്തമല, നെല്ലിമല എന്നീ ഇടവകകളിലെ യുവജനങ്ങൾ ശാലേം പള്ളിയിൽ നടത്തിയിരുന്ന യുവജന സഖ്യത്തിന്റെ സെക്രട്ടറിയായും തുടർന്നു് ശാലേം യുവജന സഖ്യത്തിന്റെ പ്രാരംഭ സെക്രട്ടറിയായും വൈസ് പ്രസിഡന്റായും സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. ശാലേം ഇടവക കൈസ്ഥാന സമിതി അംഗം, സെക്രട്ടറി, മണ്ഡലാംഗം, ഇടവക വൈസ് പ്രസിഡണ്ട് എന്നീ നിലകളിലും സേവനം ചെയ്തിട്ടുണ്ടു്. കുവയിറ്റ് മാർത്തോമ്മാ ഇടവക സ്ഥാപനത്തിന് പ്രവർത്തിച്ചവരിൽ ഒരാളും, ടി ഇടവകയുടെ പ്രഥമ വൈസ് പ്രസിഡന്റ് ടി ഇടവക പ്രഥമ സഭാ മണ്ഡല പ്രതിനിധി എന്നീ നിലകളിലും, പിന്നീട് മസ്കറ്റ് ഇടവകയുടെ സ്ഥാപനത്തിനു് പ്രവർത്തിച്ചവരിൽ ഒരാളും, ഇടവക വൈസ് പ്രസിഡന്റ്, മണ്ഡലാംഗം, ടി ഇടവക പാരീഷ് ഹാൾ പണികമ്മറ്റി അംഗം എന്നീ നിലകളിൽ മസ്കറ്റിലും പ്രവർത്തിച്ചിട്ടുണ്ടു്.

ഇരവിപേരൂർ സെന്റർ സ. സുവി: സംഘം സെക്രട്ടറിയായും, കുമ്പനാട് ധർമ്മഗിരി മന്ദിരം സെക്രട്ടറിയായും.



മാർത്തോമ്മ മന്ദിരങ്ങളുടെ ജനറൽ സെക്രട്ടറിയായും കുമ്പനാട് ഫെലോഷിപ്പ് ആശുപത്രി കമ്മറ്റി മെമ്പറായും വിവിധ നിലകളിൽ സഭയിൽ സേവനം ചെയ്തിട്ടുണ്ടു്.

എഴുമാലി കുടുംബത്തിലുള്ളവർ തമ്മിൽ അറിയാത്തവരായി കുടുംബ ബന്ധങ്ങൾ ശിഥിലീകരിച്ചു പോയ അവസ്ഥക്ക പരിഹാരം കാണുന്നതിന് ചെറുപ്പത്തിലേ ആഗ്രഹിച്ചിരുന്നു. അതിനുവേണ്ടി അന്നത്തെ മുതിർന്നവരുമായി ബന്ധപ്പെട്ടു് അവരിൽ നിന്നും ലഭിച്ച വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തിവച്ചിരുന്നതു് പിന്നീട് ചരിത്ര രചനക്കു് പ്രയോജനപ്പെട്ടിട്ടുണ്ടു്. എഴുമാലി കുടുംബയോഗം സംഘടിപ്പിക്കുന്നതിന് മറ്റുള്ളവരുമായി സഹകരിച്ചു പ്രവർത്തിച്ചു. കുടുംബയോഗത്തിന്റെ ആദ്യ സെക്രട്ടറി, വിവിധ കമ്മറ്റി കൺവീനർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ടു്. വിശേഷാൽ കുടുംബ ചരിത്ര രചന കമ്മറ്റി കൺവീനറായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. എല്ലാറ്റിനും ഉപരിയായി പലസ്തീൻ നാട് സന്ദർശിക്കുന്നതിനുള്ള ഭാഗ്യവും ലഭിച്ചിട്ടുണ്ട്. ശ്രീ. മാമ്മന്റെ ഭാര്യ തങ്കമ്മ കുമ്പനാട് ശാലേം സേവികസംഘം സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

## X. 4. ജയിക്കബ് മാമ്മൻ (ബാബുക്കുട്ടി)
## ചരിവുകാലായിൽ–കുമ്പനാട്

കല്ലൂപ്പാറ കോട്ടയ്ക്കൽ ബേബിച്ചൻ മകൾ ബെറ്റിയെ വിവാഹം കഴിച്ചു. ഇവർക്ക് രാഗി, ഗാരി എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ട്. ജയിക്കബ് ശാലേം യുവജന സഖ്യ സെക്രട്ടറിയായും, ഗൾഫിൽ U. A. E–ൽ റാസൽ ഖൈമ ഇടവക ട്രസ്റ്റി, U. A. E. മാർത്തോമ്മാ ഇടവകകളുടെ സെന്റർ യുവജന സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ടു്. ബെറ്റി ടി ഇടവകയിൽ ലേഡി സെക്രട്ടറിയായും സേവനം ചെയ്തിരുന്നു. പേർഷ്യൻ ഗൾഫിൽ കെമിക്കൽ എൻജനീയറായി ജോലി ചെയ്തു കൊണ്ടിരിക്കുന്ന ബാബുക്കുട്ടി തിരുവല്ലാ കിഴക്കൻമുത്തൂർ ചരിവുകാലായിൽ സ്ഥിര താമസമാക്കിയിരിക്കയാണു്.

**X. 5. മാമ്മൻ തോമസ് Agr. B. Sc. (സാംകുട്ടി)**
**ചരിവുകാലായിൽ–കുമ്പനാട്**

അലഹബാദിൽ പ്രൊഫസർ രുദ്രായുടെ മകൾ അനു (B.A.) വിനെ വിവാഹം കഴിച്ചു. ഇവർക്ക് രണ്ടു പുത്രന്മാർ ജാതമായിട്ടുണ്ടു്. സർക്കാർ സർവീസിൽ അഗ്രിക്കൾച്ചർ ഓഫീസറായി സേവനം അനുഷ്ഠിക്കുന്നു. ശാലേം യുവജന സഖ്യംസെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ടു്.

**VIII. 6. മാമ്മൻ തോമസ് (കുഞ്ഞോമ്മാച്ചൻ)**
**ചരിവുകാലായിൽ–കടപ്ര**

മന്ദമരുതി പിച്ചനാട്ട് കുഞ്ഞാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാമ്മൻ, (ബേബി) തോമസ് (ജോയി) ജയിക്കബ് (ജോർജ്ജുകുട്ടി) എബ്രഹാം (കുഞ്ഞുമോൻ) മേരിക്കുട്ടി, കുഞ്ഞൂഞ്ഞമ്മ, തങ്കമ്മ, ഏലിയാമ്മ എന്നു് 8 മക്കൾ. മേരിക്കുട്ടിയെ പുല്ലാട്ട് മുണ്ടനിലക്കുന്നതിൽ ചാക്കോ മകൻ ജോർജ്ജുകുട്ടിയും കുഞ്ഞൂഞ്ഞമ്മയെ കീഴ്വായ്പൂര് കീച്ചേരിക്കുളത്ത് വറുഗീസ് മകൻ ജോണിയും. തങ്കമ്മയെ കൗങ്ങുംപ്രയാർ വെള്ളിക്കര വറുഗീസ് മകൻ ജയിക്കബും ഏലിയാമ്മ B. A. യെ പുല്ലാട് മഞ്ഞാട് പടിഞ്ഞാറ്റുംകര ചാക്കോ മകൻ മാത്യു B. A. യും വിവാഹം കഴിച്ചു.

ശ്രീ. തോമസ് കടപ്ര സെഹിയോൻ, കുമ്പനാടു് ശാലേം എന്നീ സണ്ടേസ്കൂളുകളിൽ അദ്ധ്യാപകനായും ശാലേം ഇടവക കൈസ്ഥാന സമിതിയംഗം സഭാ മണ്ഡലം പ്രതിനിധി, ഇടവക ട്രസ്റ്റി, വൈസ്പ്രസിഡന്റ് എന്നീ നിലകളിൽ ഇടവകയിൽ പ്രവർത്തിച്ചിട്ടുണ്ട്. കുടുംബയോഗ കമ്മറ്റി അംഗമായും പ്രവർത്തിച്ചിട്ടുള്ള കുഞ്ഞോമ്മാച്ചൻ ആത്മീയ കാര്യങ്ങളിൽ ശ്രുഷ്കാന്തിയുള്ളവനായിരുന്നു. പെട്ടെന്നുണ്ടായ ഹൃദ്രോഗത്തെ തുടർന്നു് 1985-ൽ 74-ാം വയസ്സിൽ നിര്യാതനായി കുമ്പനാട് ശാലേം പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു. ഭാര്യ കുഞ്ഞാമ്മ 1986-ൽ നിര്യാതയായി കുമ്പനാടു ശാലേം മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.



**IX. 14. തോമസ് മാമ്മൻ (ബേബി)**
**ചരിവുകാലാ ഗ്രാൻറുവില്ല–കുമ്പനാട്**

പത്തനംതിട്ട മ്ലാന്തടത്തിൽ Dr. വറുഗീസ് മകൾ കുഞ്ഞൂഞ്ഞമ്മയെ വിവാഹം കഴിച്ചു. ഇവർക്കു ഗ്രേസി (മേരി) B. Com, ആനി എന്നു് രണ്ടു പുത്രിമാർ. ഗ്രേസിയെ ഇരവിപേരൂർ ശങ്കരമംഗലത്തു തെള്ളിയിൽ കുരുവിള മകൻ കൊച്ചുമോൻ വിവാഹം കഴിച്ചു. ആനി വിദ്യാർത്ഥിയാണു്.

ശ്രീ. മാമ്മൻ ക്രോംപ്ടൻ എൻജനീയറിംഗ് കമ്പനിയിൽ എൻജനീയറായി ജോലി ചെയ്യുന്നു. ശാലേം യുവജന സഖ്യം സെക്രട്ടറിയായി സേവനം ചെയ്തിട്ടുണ്ടു്.

**IX. 15. തോമസ് തോമസ് (ജോയി)**
**ചരിവുകാലായിൽ–കടപ്ര**

വെണ്ണിക്കുളത്തു കക്കുടിയിൽ എബ്രഹാം മകൾ രമണിയെ വിവാഹം കഴിച്ചു. ഇവർക്കു രണ്ടു പുത്രിമാർ വിദ്യാർത്ഥികളായുണ്ടു്. ജോയി മിലറ്ററി സർവീസിൽ നിന്നും റിട്ടയാർ ചെയ്തശേഷം ഇപ്പോൾ ബിസിനസിൽ ഏർപ്പെട്ടിരിക്കുന്നു.

**IX. 16. തോമസ് ജയിക്കബ് (ജോർജുകുട്ടി)**
**ചരിവുകാലായിൽ–കടപ്ര**

കീഴ്വായ്പൂര് പേരകത്തു് തോമസ് മകൾ തങ്കമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് സജി, സിബി എന്ന് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ടു്. ശ്രീ. ജോർജ്ജുകുട്ടിയും ഭാര്യയും ഉദ്യോഗാർത്ഥം മസ്കറ്റിൽ താമസിക്കുന്നു. കുമ്പനാട് ശാലേം യുവജന സഖ്യം സെക്രട്ടറിയായി സേവനം ചെയ്തിട്ടുണ്ടു്.

**IX. 17. തോമസ് എബ്രഹാം (കുഞ്ഞുമോൻ)**
**ചരിവുകാലായിൽ–കടപ്ര**

തട്ടയ്ക്കാട് കുറ്റിയ്ക്കാട്ടു നിന്നും വിവാഹം കഴിച്ചു. ഇവർക്കു ഒരു മകളും ഒരു മകനും സന്താനങ്ങളായുണ്ടു്. പുത്രി വിദ്യാർത്ഥിനിയായുണ്ടു്. ഇവർ മസ്കറ്റിൽ താമസിക്കുന്നു.

## VII. 4. ഇടിക്കുള ഏബ്രഹാം തടത്തുകാലാ പടിഞ്ഞാറോത്തിൽ–കടപ്ര

കുറിയന്നൂർ അമ്പാട്ട് ചാക്കോ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു ഇടിക്കുള, ചാക്കോ, മത്തായി അന്നമ്മ, റാഹേലമ്മ, ഏലിയാമ്മ, മറിയാമ്മ, കുഞ്ഞാമ്മ എന്നു് എട്ടു മക്കൾ. അന്നമ്മയെ പുല്ലാട്ട് മുടീലേത്ത് കൊച്ചുകുഞ്ഞ് മകൻ ജോണും, റാഹേലമ്മയെ കോയിപ്രത്തു് കണ്ണൂരാലിൽ കോരുതു മകൻ മത്തായിയും, ഏലിയാമ്മയെ ആറാട്ടുപുഴ നീർവിളാകത്ത് മൂത്താന്റേത്ത് മാത്തൻ മകൻ ജോണും, മറിയാമ്മയെ നെല്ലിമല പ്ലാവിള കണ്ടത്തിൽ മാത്യു മകൻ തോമസും, കുഞ്ഞാമ്മയെ കല്ലിശ്ശേരിൽ കീക്കാട്ടിൽ ചാക്കോ മകൻ തോമസും വിവാഹം കഴിച്ചു. അബ്രഹാം സുവിശേഷ തല്പരനും, കുടുംബസ്നേഹിയും ആയിരുന്നു. അക്കാലത്തു് സ്വന്തം പുരയിടത്തിൽ പള്ളിക്കൂടം പണിതു കുട്ടികളെ പഠിപ്പിച്ചിരുന്നു. അബ്രഹാം 72–ാം വയസ്സിലും ഭാര്യ മറിയാമ്മ 76-ാം വയസ്സിലും നിര്യാതരായി. ഇരുവരേയും ശാലേം മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VIII. 7. ഏബ്രഹാം ഇടിക്കുള (പാപ്പി) പടിഞ്ഞാറോത്തിൽ തടത്തുകാലാ–കടപ്ര

ചെങ്ങന്നൂർ പേരിശ്ശേരിൽ പേരുകാവിൽ കാഞ്ഞിരത്തുംമൂട്ടിൽ കൊച്ചുകുഞ്ഞു മകൾ റാഹേലമ്മയെ വിവാഹം കഴിച്ചു. ഇവർക്ക ജോണി, വറുഗീസ്, തങ്കമ്മ, ഏലിയാമ്മ റാഹേലമ്മ എന്നു് അഞ്ചു മക്കൾ. തങ്കമ്മയെ കൗങ്ങുംപ്രയാർ മുണ്ടയ്ക്കാമണ്ണിൽ ചാക്കോ മകൻ മത്തായിയും. ഏലിയാമ്മയെ മല്ലപ്പള്ളിൽ പള്ളിക്കാപറമ്പിൽ ചാണ്ടി മകൻ മാത്യുവും (ഇപ്പോൾ താമസം കടപ്ര) റാഹേലമ്മയെ മുണ്ടിയപ്പള്ളിൽ മുണ്ടയ്ക്കമലയിൽ വറുഗീസും വിവാഹം കഴിച്ചു.

സുവിശേഷ വേലയിൽ തല്പരനായ ശ്രീ. പാപ്പി (ഇടിക്കുള) കടപ്ര സെഹിയോൻ സണ്ടേസ്ക്കൂൾ അദ്ധ്യാപകനായി സേവനം ചെയ്തിട്ടുണ്ടു്. ദേശത്ത് ഏതു് ആവശ്യം ഉണ്ടായാലും ജാതിമത ഭേദമോ, ഉയർച്ച താഴ്ചയോ



പരിഗണിക്കാതെ തക്കസമയത്ത് അവിടെ ചെന്ന് തന്നാൽ കഴിവുള്ളതും, മറ്റുള്ളവരെ കൂടി സഹകരിപ്പിച്ചും, പ്രശ്ന പരിഹാരം ഉണ്ടാക്കിയിട്ടു മാത്രമേ അവിടെ നിന്നും വിരമിക്ക പതിവുള്ളു. പ്രത്യേകാൽ കുടുംബത്തിലെ ഏതൊരു വീട്ടിലും സന്താപത്തിലും, സന്തോഷത്തിലും, ഓടിയെത്തി നോക്കി നിൽക്കാതെ കാര്യങ്ങളിൽ പ്രവേശിച്ച് ശരീരം കൊണ്ടും, പണം കൊണ്ടും, ആത്മാർത്ഥമായി സഹകരിക്കുന്ന സ്വഭാവ വിശേഷത്തിന്റെ ഉടമയാണ് ശ്രീ. ഇടിക്കുള (പാപ്പി). ആയതിനാൽ കുടുംബത്തിലും കുടുംബത്തിനു വെളിയിലുള്ള എല്ലാവരുടേയും സ്നേഹവാത്സല്യങ്ങൾക്കു പാത്രീഭൂതനായി തീർന്നു. ശാലേം ഇടവക കൈസ്ഥാന കമ്മറ്റി മെമ്പറായി സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. കുടുംബയോഗം കൂടുന്നതിനു വളരെ പ്രയത്നിച്ചു. പിൽക്കാലത്തു കുടുംബയോഗം കൂടിയപ്പോൾ കമ്മറ്റിയിലും, മറ്റു സബ് കമ്മറ്റിയിലും സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഏഴുമാലി കുടുംബ ചരിത്ര പൂർത്തീകരണത്തിനുവേണ്ടി പരിശ്രമിച്ച ചുരുക്കം ചിലരിൽ ഒരാളാണു് ശ്രീ. ഇടിക്കുള.

## IX. 18. ഇടിക്കുള ജോൺ (ജോണി) പടിഞ്ഞാറോത്തിൽ–കടപ്ര

ചെങ്ങന്നൂർ മട്ടയ്ക്കൽ കൊച്ചുകുഞ്ഞു മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു ബീന, റീന, റെജി എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ടു്. ശ്രീ. ജോണി ഉദ്യോഗാർത്ഥം കുവൈറ്റിൽ താമസിക്കുന്നു.

## IX. 19. ഇടിക്കുള വറുഗീസ് (രാജു) പടിഞ്ഞാറോത്തിൽ–കടപ്ര

കിടങ്ങന്നൂർ മേപ്രത്തേരിൽ കുട്ടിയച്ചൻ മകൾ അമ്മിണിയെ വിവാഹം കഴിച്ചു. ഇവർക്കു ബീനാ, ബിനു, ബിന്ദു എന്നു് 3 മക്കൾ വിദ്യാർത്ഥികളായുണ്ടു്. ശ്രീ. രാജു ഉദ്യോഗാർത്ഥം കുവൈറ്റിൽ താമസിക്കുന്നു.

## VIII. 8. ഏബ്രഹാം ചാക്കോ (കൊച്ചൂട്ടി) പടിഞ്ഞാറോത്തിൽ–നിലമ്പൂർ

പാണ്ടനാട്ടിൽ ഗർഭയിൽ അവറാച്ചൻ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർ മലബാറിൽ നിലമ്പൂരിൽ

സ്ഥിര താമസമാക്കി. അബ്രഹാം, തങ്കച്ചൻ, ബേബിക്കുട്ടി ജോർജുകുട്ടി, കുഞ്ഞൂഞ്ഞമ്മ എന്നു് അഞ്ചു് മക്കൾ. കുഞ്ഞൂഞ്ഞമ്മയെ നിലമ്പൂരിൽ തന്നെ വിവാഹം കഴിപ്പിച്ചു. മകൻ ജോർജുകുട്ടി നിര്യാതനായി.

**IX. 20. ചാക്കോ എബ്രഹാം (കുഞ്ഞൂഞ്ഞുട്ടി)**
**പുളിക്കക്കുഴി-നിലമ്പൂർ**

നിലമ്പൂർ കോട്ടയ്ക്കൽ സ്കറിയ മകൾ തങ്കമ്മയെ വിവാഹം കഴിച്ചു. ഇവർക്കു മൂന്നു സന്താനങ്ങൾ വിദ്യാർത്ഥികളായുണ്ടു്.

IX. **21 ചാക്കോ മാത്തുക്കുട്ടി** വിവാഹം കഴിച്ചു നിലമ്പൂരിൽ താമസിക്കുന്നു. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

IX. **22. ചാക്കോ ബേബിക്കുട്ടി** വിവാഹം കഴിച്ചു നിലമ്പൂരിൽ താമസിക്കുന്നു. കൂടുതൽ വിവരം ലഭിച്ചിട്ടില്ല. IX - 23 - [illegible]

**VIII. 9. എബ്രഹാം മത്തായി**
**പടിഞ്ഞാറോത്തിൽ-നിലമ്പൂർ**

കവിയൂർ ഇളയിടത്തു കൊച്ചുകുഞ്ഞു മകൾ കൊച്ചുപെണ്ണിനെ വിവാഹം കഴിച്ചു. നിലമ്പൂർ പുളിക്കക്കുഴിയിൽ താമസമാക്കി. ഇവർക്കു കുഞ്ഞുമോൾ, തങ്കമ്മ, തമ്പി, അനിയൻ എന്നു് നാലു് മക്കൾ. കുഞ്ഞുമോളെ ചിറ്റേഴത്തു് വറുഗീസ് മകൻ ജോസഫും, തങ്കമ്മയെ മലബാറിൽ കപ്പമാംമൂട്ടിൽ ശമുവേലും വിവാഹം കഴിച്ചു. ശ്രീ. മത്തായി മിലിറ്ററി സേവനത്തിൽ നിന്നും വിരമിച്ചു് നിലമ്പൂരിൽ താമസിക്കുന്നു.

IX. **23. മത്തായി തമ്പി** വിവാഹം കഴിച്ചു് നിലമ്പൂരിൽ താമസിക്കുന്നു. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

IX. **24. മത്തായി അനിയൻ** തിരുവനന്തപുരത്തു നിന്നും വിവാഹം കഴിച്ചു തിരുവനന്തപുരത്തു താമസിക്കുന്നു. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.



**VI. 3. മാമ്മൻ ചാക്കോ വെള്ളക്കാല**
**വടക്കേത്തിൽ-കടപ്ര**

കിടങ്ങന്നൂർ മുതക്കോട്ടു നിന്നും മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു മാമ്മൻ, ചെറിയാൻ, അന്നമ്മ, മറിയാമ്മ, ഏലിയാമ്മ, റാഹേൽ എന്നു് ആറു മക്കൾ. അന്നമ്മയെ കാർത്തികപ്പള്ളിൽ മേലേവയലിലും, മറിയാമ്മയെ കടപ്ര മേലേ മരങ്ങാട്ടു തോമസ് മകൻ മൂത്തച്ചനും, ഏലിയാമ്മയെ തുരുത്തിക്കാട്ട് പുറത്തേ പറമ്പിലും, റാഹേലിനെ ആനിക്കാട്ട് കൊച്ചുപ്പാക്കലും വിവാഹം കഴിപ്പിച്ചു. പിതാവ് ചാക്കോയും, ഭാര്യ മറിയാമ്മയും വാർദ്ധക്യത്തിൽ നിര്യാതരായി. കുമ്പനാട് വലിയപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VII. 5. ചാക്കോ മാമ്മൻ**
**പാലനില്ക്കുന്നതിൽ-കടപ്ര**

കോടുകുളഞ്ഞിയിൽ ചെങ്കല വീട്ടിൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക ചാക്കോ, വറുഗീസ്, കുഞ്ഞാമ്മ, മറിയാമ്മ, ഏലിയാമ്മ, ശോശാമ്മ എന്നു് ആറ് മക്കൾ. കുഞ്ഞാമ്മയെ ആനിക്കാട്ടിലും, മറിയാമ്മയെ കടമ്മനിട്ടയും, ഏലിയാമ്മയെ പൂവത്തൂർ വള്ളിപറമ്പിലും, ശോശാമ്മയെ മംഗലത്തു മണ്ണിലും വിവാഹം കഴിപ്പിച്ചു. പിതാവ് മാമ്മൻ 1926-ൽ 63-ാം വയസ്സിലും, മാതാവ് 77-ാം വയസ്സിലും നിര്യാതരായി. ഇവരെ കുമ്പനാട് ശാലേം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VIII. 10. മാമ്മൻ ചാക്കോ (വലിയകുട്ടി)**
**പാലനില്ക്കുന്നതിൽ-നിലമ്പൂർ**

ഓതറ തോമ്പുംകുഴിയിൽ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു മാമ്മൻ, ജോൺ, ചാക്കോ, വറുഗീസ്, ഏലിയാമ്മ, അന്നമ്മ എന്നു് ആറു മക്കൾ. ഏലിയാമ്മയെ കോഴഞ്ചേരി പ്രയാർ തറയിൽ ഉതുപ്പു മകൻ ജോസഫും, അന്നമ്മയെ തിരുവനന്തപുരത്തു് വലിയ വീട്ടിൽ മാത്യുവും വിവാഹം കഴിച്ചു. മാതാപിതാക്കൾ പുത്രന്മാരോടു

കൂടി മലബാറിൽ ഭഗവതിമുണ്ട എന്ന സ്ഥലത്തു് കുടിയേറി പാർത്തു. നിലമ്പൂരിൽ നിര്യാതരായ മാതാപിതാക്കളെ അവിടെ സംസ്കരിച്ചു.

**IX. 25. ചാക്കോ മാമ്മൻ**
**പുളിക്കക്കുഴി ഭഗവതിമുണ്ട–നിലമ്പൂർ**

കുമ്പനാട്ട് ചുണ്ടമണ്ണിൽ കാലായിൽ പാപ്പിച്ചൻ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു കുഞ്ഞുമോൻ, രാജു, ജിജി, സൂസൻ, ലീലാമ്മ, അമ്മിണി എന്ന് ആറ് മക്കൾ. സൂസനെ തൃശൂരും, ലീലാമ്മയെ മലബാറിലും വിവാഹം കഴിപ്പിച്ചു. മറ്റു സന്താനങ്ങൾ വിദ്യാർത്ഥികളാണു്.

**X. 6. മാമ്മൻ കുഞ്ഞുമോൻ**
**പുളിക്കക്കുഴി–ഭഗവതിമുണ്ട**

റാന്നിയിൽ നിന്നും സൂസമ്മയെ വിവാഹം കഴിച്ചു. ഇവർക്കു രണ്ടു സന്താനങ്ങൾ ഉണ്ടു്. കൂടുതൽ വിവരം ലഭ്യമായിട്ടില്ല.

**IX. 26. ചാക്കോ ജോൺ**
**പുളിക്കക്കുഴി–ഭഗവതിമുണ്ട**

ഉതുമ്പുംകുഴി വറുഗീസ് മകൾ മേരിയെ വിവാഹം കഴിച്ചു. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

**IX. 27. ചാക്കോ ചാക്കോ**
**പുളിക്കക്കുഴി–ഭഗവതിമുണ്ട**

പുല്ലഞ്ചേരി വെള്ളുത്തേടത്തു പറമ്പിൽ തോമസ് മകൾ ചിന്നമ്മയെ വിവാഹം കഴിച്ചു. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

**IX. 28. ചാക്കോ വർഗീസ്**
**പുളിക്കക്കുഴി–ഭഗവതിമുണ്ട**

മലബാറിൽ മണ്ണിൽ മറിയാമ്മയെ വിവാഹം കഴിച്ചു. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

**VIII. 11. മാമ്മൻ വറുഗീസ് (കൊച്ചുകുട്ടി)**
**പാലനില്ക്കുന്നതിൽ–നിലമ്പൂർ**

കുറിയന്നൂർ ഒറ്റപ്ലാക്കൽ റാഹേലിനെ വിവാഹം കഴിച്ചു. ജോർജ് (മാമ്മൻ) മോനി, ചിന്നമ്മ എന്നു് മൂന്നു



മക്കൾ. ഇവർ കുടുംബസമേതം മലബാറിൽ ഭഗവതിമുണ്ട എന്ന സ്ഥലത്ത് കുടിയേറി പാർത്തു. ചിന്നമ്മയെ ഇടക്കര കുഞ്ഞച്ചൻ വിവാഹം കഴിച്ചു. മോനി അവിവാഹിതനാണു്. മാതാപിതാക്കൾ നിര്യാതരായി. നിലമ്പൂരിൽ സംസ്കരിച്ചു.

**IX. 29. വറുഗീസ് മാമ്മൻ (ജോർജ്)**
**പുളിക്കക്കുഴി–ഭഗവതിമുണ്ട**

പുല്ലഞ്ചേരിൽ നിന്നും ചിന്നമ്മയെ വിവാഹംകഴിച്ചു. ഇവർക്കു് സണ്ണി, പൊന്നച്ചൻ, വറുഗീസ്, രാജമ്മ, കൊച്ചുമോൾ, ലില്ലി എന്നു് ആറു് മക്കൾ. ശ്രീ. മാമ്മൻ നല്ല കൃഷിക്കാരനും, ബിസിനസുകാരനും, പഞ്ചായത്തു മെമ്പറും എന്ന നിലകളിൽ സ്ഥലത്തു് ആദരണീയനാണു്. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

**VII. 6. ചാക്കോ ചെറിയാൻ വെള്ളക്കാല**
**വടക്കോത്തിൽ–കടപ്ര**

നെടുംപ്രയാർ താണപ്ലാമൂട്ടിൽ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക തോമസു്, മത്തായി, മാമ്മൻ, ഏലിയാമ്മ, മറിയാമ്മ എന്നു് അഞ്ചു മക്കൾ. ഏലിയാമ്മയെ കടപ്ര പാലാമ്പറമ്പിൽ ചാക്കോയും, മറിയാമ്മയെ കല്ലൂപ്പാറയും വിവാഹം കഴിപ്പിച്ചു. പിതാവു് ചെറിയാനും ഭാര്യ അന്നമ്മയും നിര്യാതരായി. കുമ്പനാടു് ശാലേം മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VIII. 12. ചെറിയാൻ തോമസ്**
**വടക്കോത്തിൽ–കടപ്ര**

കടപ്ര പാലംപറമ്പിൽ യോഹന്നാൻ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക തോമസു്, ജോസഫ്, അന്നമ്മ, ശോശാമ്മ എന്നു നാലു മക്കൾ. അന്നമ്മയെ തുരുത്തിക്കാടു് പുളിയാടപറമ്പിലും, ശോശാമ്മയെ പാണ്ടനാട്ടിലും വിവാഹം കഴിപ്പിച്ചു. ശ്രീ. തോമസു് കുവൈറ്റു് ഓയിൽ കമ്പനിയിൽ നിന്നും വിരമിച്ചു് വീട്ടിൽ താമസിക്കുന്നു.

**IX. 30. തോമസു് തോമസു് M.A,**
**വടക്കോത്തിൽ – കടപ്ര**

പുനലൂർ നടക്കാവിൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ബിനോയി, ബിജോയി, ബിജോൺ എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ടു്. തോമസു് ഉദ്യോഗാർത്ഥം ഭോപ്പാലിലും, ഭാര്യ മസ്കറ്റിലും താമസിക്കുന്നു.

**IX. 31. തോമസു് ജോസഫ് M. Com.**
**വടക്കോത്തിൽ – കടപ്ര**

തൊടുപുഴ നിരപ്പേൽ വർക്കി മകൾ സെലിനെ വിവാഹം കഴിച്ചു. ഇവർക്കു് ഫിറോജ്, കുഞ്ഞുമോൾ എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ടു്. ഇവർ ഭോപ്പാലിൽ താമസിക്കുന്നു.

**VIII. 13. ചെറിയാൻ മത്തായി (കുഞ്ഞൂഞ്ഞു്)**
**വടക്കോത്തിൽ – പട്ടാഴി**

പട്ടാഴിയിൽ നിന്നും വിവാഹം കഴിച്ചു് പട്ടാഴിയിൽ താമസിക്കുന്നു. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

**VIII. 14. ചെറിയാൻ മാമ്മൻ(പൊടികൊച്ചു്)**
**തുണ്ടിയിൽ–കടപ്ര**

കുന്നത്തുംകര പനച്ചമൂട്ടിൽ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ചെറിയാൻ, മാമ്മൻ, അന്നമ്മ, ഏലിയാമ്മ എന്നു് നാലു മക്കൾ. അന്നമ്മയെ കോടുകുളഞ്ഞിയിൽ വിവാഹം കഴിപ്പിച്ചു. ബാക്കിയുള്ളവർ അവിവാഹിതരാണു്.

**VI· 4. മാമ്മൻ മാമ്മൻ പുളിക്കക്കുഴി – കടപ്ര.**

കുമ്പനാട്ട് വലിയവീട്ടിൽ അച്ചാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു മറിയാമ്മ, മാമ്മൻ, ഈശോ എന്നു് മൂന്നു മക്കൾ. മറിയാമ്മയെ ആറാട്ടുപുഴ വല്യാനേത്തു വിവാഹം കഴിപ്പിച്ചു. പിതാവു മാമ്മനും ഭാര്യ അച്ചാമ്മയും വാർദ്ധക്യത്തിൽ നിര്യാതരായി. കുമ്പനാട്ടു് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VII. 7. മാമ്മൻ മാമ്മൻ മണക്കാലായിൽ–കുമ്പനാട്**

പുല്ലാട്ടു് പഴമ്പള്ളിൽ പടിഞ്ഞാറ്റുംകര ചാക്കോ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു മാമ്മൻ, ചാക്കോ,



മത്ത്യു, തോമസു്, സഖറിയ, മറിയാമ്മ, അന്നമ്മ എന്നു് ഏഴു മക്കൾ. മറിയാമ്മയെ നെടുംപ്രയാർ മാനോൺ തോമാച്ചൻ മകൻ ജോസഫും(ഹോസു്കോട്ടു് സുവിശേഷകൻ), അന്നമ്മയെ ഇലന്തൂർ നെല്ലിക്കുന്നത്തു് മാത്യു മകൻ തോമസ്സും വിവാഹം കഴിച്ചു. മണക്കാലാ മാമ്മച്ചൻ അക്കാലത്തു് വ്യാപാര പ്രമുഖനും, നാട്ടു പ്രമാണിയും, പൊതുക്കാര്യ പ്രസക്തനും ആയിരുന്നു. ഇന്നത്തെപ്പോലെ യാത്രാ സൗകര്യം ഇല്ലാത്ത അക്കാലത്തു് തിരുവനന്തപുരത്തു പോയി അന്നത്തെ ദിവാൻജിയെ കണ്ടു് കുമ്പനാടു് ശാലേം ഇടവകയ്ക്കും, ശ്മശാനത്തിനും അനുവാദം വാങ്ങുകയും, പള്ളിയുടെ സ്ഥാപനത്തിനു് മുൻപന്തിയിൽ നിൽക്കുകയും ചെയ്തു. മാമ്മൻ തന്റെ 74–ാം വയസിലും മറിയാമ്മ 78–ാം വയസിലും നിര്യാതരായി. ശാലേം പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.

**VIII. 15. മാമ്മൻ മാമ്മൻ (കുഞ്ഞൂഞ്ഞു്)**
**മണക്കാലായിൽ– കുമ്പനാടു്**

കുമ്പനാടു പൂഴിക്കാലായിൽ പീലിപ്പോച്ചൻ മകൾ കുഞ്ഞേലിയെ വിവാഹം കഴിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം മലയായിൽ പോയ ശ്രീ.മാമ്മൻ സിംഗപൂരു് പൗരത്വം സ്വീകരിച്ചു് കുടുംബസമേതം അവിടെ താമസിച്ചു. ഇവർക്കു മറിയാമ്മ, ലിസി, മാമ്മൻ എന്നു് മൂന്നു മക്കൾ. മറിയാമ്മയെ കോട്ടയത്തു കണിയാംകുളത്തു തങ്കച്ചനും, ലിസിയെ നിരണത്തും വിവാഹം കഴിപ്പിച്ചു. മകൻ പി. എം.. മാമ്മൻ മലയായിൽ സ്ഥിരതാമസമാകയാൽ കൂടുതൽ വിവരം ലഭിച്ചിട്ടില്ല. പിതാവു മാമ്മൻ 63–ാം വയസിൽ നിര്യാതനായി. മലയായിൽ അടക്കം ചെയ്തു. ഭാര്യ കുഞ്ഞേലി കുമ്പനാട്ടു വച്ചു് നിര്യാതയായി. ശാലേം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VIII. 16. മാമ്മൻ ചാക്കോ മണക്കാല - പുതുപ്പാടി**

പുല്ലാടു മുണ്ട നില്ക്കുന്നതിൽ പാപ്പിച്ചൻ മകൾ ചിന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു മാമ്മൻ, ബേബിച്ചൻ, സണ്ണി, രാജമ്മ. എന്നു് നാലു മക്കൾ. രാജമ്മയെ

കൊട്ടാരക്കര തോമസു്കുട്ടി വിവാഹം കഴിച്ചു. ശ്രീ. ചാക്കോ കുടുംബസഹിതം മലബാറിൽ പുതുപ്പാടിയിൽ വസ്തു സമ്പാദിച്ചു് താമസമാക്കി. ശ്രീ. ചാക്കോ 73-ാം വയസിൽ നിര്യാതനായി പുതുപ്പാടിയിൽ സംസ്കരിച്ചു.

## IX. 32. ചാക്കോ മാമ്മൻ (തമ്പി) മണക്കാലാ പുതുപ്പാടി-മലബാർ

അയിരൂർ ചെറുകര ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക ഡോളി, റോയി, രാജു, ജീമോൻ എന്നു് നാലുമക്കൾ. ഡോളിയെ കുറത്തിയാട്ടു് പൊന്നശ്ശേരിൽ ആലുംമൂട്ടിൽ ബാബുവിനെകൊണ്ടു വിവാഹം കഴിപ്പിച്ചു. ഇളയ മക്കൾ വിദ്യാർത്ഥികളാണു്. ശ്രീ. മാമ്മൻ എസ്റ്റേറ്റിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്നു് ബിസിനസു് ആരംഭിച്ചു. പ്ലാന്റർ, ബിസിനസുകാരൻ, പൊതുക്കാര്യപ്രസക്തൻ എന്നീ നിലകളിൽ ആ ദേശത്തു് ആദരണീയനാണു്. സ്വന്തം പരിശ്രമത്തിൽ ഒരു പള്ളി പണിയിച്ചു് മാർത്തോമ്മാസഭയ്ക്കു വിട്ടുകൊടുത്തിട്ടുണ്ടു്.

## X. 7. മാമ്മൻ റോയി മണലുകാല-പുതുപ്പാടി

കോഴഞ്ചേരി മേലുകര പറോലിൽ ജെസിയെ വിവാഹം കഴിച്ചു. ബിരുദധാരിയായ റോയി ഗൾഫിൽ ഉദ്യോഗസ്ഥനാണു്. ഭാര്യ ജെസി അദ്ധ്യാപികയാണു്.

## IX. 33. ചാക്കോ ബേബിച്ചൻ മണലുകാല – പുതുപ്പാടി

തിരുവല്ലായിൽനിന്നും അമ്മിണിയെ വിവാഹം കഴിച്ചു. റീന, സുജ, റെജി, സജി എന്നു് നാലു മക്കൾ ഇവർക്കുണ്ടു്. റീനയെ പുതുപ്പാടിയിൽ ജോയി വിവാഹം കഴിച്ചു. മറ്റുള്ളവർ വിദ്യാർത്ഥികളാണു്. ബേബിച്ചൻ മോട്ടോർ അപകടത്തിൽ അകാലചരമം പ്രാപിച്ചു. പുതുപ്പാടി മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IX. 34. ചാക്കോ ജയിക്കബു് (സണ്ണി) മണലുകാല-പുതുപ്പാടി

പത്തനാപുരത്തുനിന്നും സൂസമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ഷീജ, ഷൈനി, ജോമോൻ എന്നു് മൂന്നു



സന്താനങ്ങൾ വിദ്യാർത്ഥികളായുണ്ട്. ശ്രീ. സണ്ണി ഗൾഫിൽ ഉദ്യോഗസ്ഥനാണു്.

## VIII. 17. മാമ്മൻ മാത്യു (പാപ്പി) മണക്കാലാ-പുതുപ്പാടി

കുമ്പനാട്ടു് മറ്റത്തു കൊച്ചുകുഞ്ഞു മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ജോയി, ബാബു, കുഞ്ഞുമോൻ, തങ്കമ്മ എന്നു് നാലു മക്കൾ. തങ്കമ്മയെ അയിരൂർ ചാക്കോയെകൊണ്ടു വിവാഹം കഴിപ്പിച്ചു. ശ്രീ. പാപ്പി 44-ാം വയസ്സിൽ അകാല നിര്യാണം പ്രാപിച്ചു. കുമ്പനാടു് ശാലേം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. തുടർന്നു മാതാവു് മറിയാമ്മ മക്കളോടു കൂടി മലബാറിൽ പുതുപ്പാടിയിൽ താമസമാക്കി.

## IX. 35. മാത്യു ജോയി മണക്കാലാ-പുതുപ്പാടി

വെണ്ണിക്കുളത്തു ഇഞ്ചക്കാട്ടിൽ അമ്മിണിയെ വിവാഹം കഴിച്ചു. ഇവർക്ക് ഓമന, ഷീല, സജി, എന്നു് മൂന്നു മക്കൾ. ഓമനയെ താമരശ്ശേരിൽ പണ്ട്യാലയ്ക്കൽ സജിയെ കൊണ്ടു വിവാഹം കഴിപ്പിച്ചു. മറ്റുള്ളവർ വിദ്യാർത്ഥികളാണു്. ശ്രീ. ജോയി മിലറ്ററി സേവനത്തിൽ നിന്നും വിരമിച്ചു് ഇപ്പോൾ സിവിൽ സർവീസിൽ പ്രവർത്തിക്കുന്നു.

## IX. 36 വറുഗീസ് മാത്യു (ബാബു) മണക്കാലാ-പുതുപ്പാടി

കുമ്പനാടു് നെല്ലിമല ചുണ്ടമണ്ണിൽ മാമ്മൻ മകൾ അമ്മുക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്ക് ബിജു, മിനി, ബോബി, ബോസൻ, എന്നു് നാലു മക്കൾ വിദ്യാർത്ഥികളായുണ്ടു്. ശ്രീ. ബാബു എസ്റ്റേറ്റിൽ ഉദ്യോഗസ്ഥനാണു്.

## IX. 37. മാത്യു തോമസ് (കുഞ്ഞുമോൻ) മണലുകാലാമറത്തു്- പുതുപ്പാടി

കോഴഞ്ചേരി തെക്കേമല തയ്യിൽ അമ്മുക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു് രാജൻ, റീന, റോയി, എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ട്. കുഞ്ഞുമോൻ, എസ്റ്റേറ്റിൽ ഉദ്യോഗസ്ഥനാണു്.

**VIII. 18. മാമ്മൻ തോമസ് (കുഞ്ഞച്ചൻ) മണലുകാല–പുതുപ്പാടി**

ഇലന്തൂർ നെല്ലിക്കുന്നത്തു മാത്യു മകൾ തങ്കമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് തങ്കച്ചൻ, ജോസ്, വിൽസൻ എന്നു് മൂന്നു മക്കൾ. തോമസ് എസ്റ്റേറ്റിൽ ജോലിയിൽ നിന്നും റിട്ടയാർഡു് ചെയ്തു.

**IX. 38. തോമസ് മാമ്മൻ (തങ്കച്ചൻ) മണക്കാല-പുതുപ്പാടി**

മലബാർ എടക്കര തെക്കെതുണ്ടിയിൽ ലീലാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മിലി, മിനു, മിൻസി എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ട്. തങ്കച്ചൻ എസ്റ്റേറ്റിൽ ഉദ്യോഗസ്ഥനാണു്.

**IX. 39. തോമസ് മാത്യു (ജോസ്) മണക്കാല–പുതുപ്പാടി**

കാക്കവെയൽ മുക്കാട്ടുകാവിൽ മാത്യു മകൾ സൂസിയെ വിവാഹം കഴിച്ചു. ഇവർക്കു് ജോജി, ജോമോൻ എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ടു്.

**IX. 40. തോമസ് വിൽസൺ മണക്കാല–പുതുപ്പാടി**

പുത്തൻ കാവിൽ പുത്തൻ പുരയ്ക്കൽ തോമസ് മകൾ എൽസിയെ വിവാഹം കഴിച്ചു. വിൽസൻ പേർഷ്യൻ ഗൾഫിൽ ഉദ്യോഗസ്ഥനാണു്.

**VIII. 19. മാമ്മൻ സഖറിയ (തമ്പി) മണക്കാല–കുമ്പനാടു്**

തിരുവല്ല മേളാംപറമ്പിൽ കുഞ്ഞിന്റെ മകൾ അമ്മിണിയെ വിവാഹം കഴിച്ചു. ശ്രീ. തമ്പി സ്റ്റേറ്റ്ബാങ്ക്ഓഫ് മൈസൂറിൽ ഓഫീസറായി ജോലിയിലിരിക്കവേ അകാല നിര്യാണം പ്രാപിച്ചു. ഇവർക്കു് നാലു മക്കൾ ഉണ്ടു്. (മേരി, മാത്യു, മാമ്മൻ, സഖറിയ) ഭാര്യ മൈസൂർ ബാങ്കിൽ മദ്രാസിൽ ഉദ്യോഗസ്ഥയാണ്. ഇവർ മദ്രാസിൽ സ്ഥിരതാമസമാക്കിയിരിക്കയാണു്.



**VII. 8. മാമ്മൻ ഈശോ വെള്ളക്കാല കിഴക്കോത്തിൽ–കടപ്ര**

പന്തളത്തു വൻമഴി മാത്തച്ചൻ മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാമ്മൻ, അന്നമ്മ എന്നു് രണ്ടു മക്കൾ. അന്നമ്മയെ ഇടയാറന്മുള മുട്ടോണു വിവാഹം കഴിപ്പിച്ചു. ഈശോ യൗവ്വനത്തിൽ നിര്യാതനായി. ശോശാമ്മ വാർദ്ധകൃത്തിലും നിര്യാതയായി. ഇരുവരേയും കുമ്പനാടു് ശാലേം ഇടവക സെമിത്തേരിയിൽ സംസ്കരിച്ചു.

**VIII. 20. ഈശോ മാമ്മൻ കിഴക്കോത്തിൽ–നെല്ലിക്കമൺ**

ഇടയാറന്മുള കുന്നിൻപുറത്തു് മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു മാമ്മൻ, കുര്യൻ, തോമസു് എന്നു് മൂന്നു ആൺമക്കളും, മൂന്നു പെൺമക്കളും ഉണ്ട്. മൂത്തമകൾ ലീലാമ്മയെ പുല്ലാട്ടു് മുണ്ടപറമ്പിൽ പാപ്പച്ചന്റെ മകനെ കൊണ്ടു വിവാഹം കഴിപ്പിച്ചു. ബാക്കി പെൺ മക്കളുടെ വിവാഹത്തെക്കുറിച്ചു് വിവരം ലഭിച്ചിട്ടില്ല. ശ്രീ. മാമ്മൻ കടപ്ര കിഴക്കോത്തിൽ നിന്നും റാന്നി നെല്ലിക്കമണ്ണിൽ വസ്തു സമ്പാദിച്ചു് അവിടെ സ്ഥിരതാമസമാക്കി.

**IX. 41. മാമ്മൻ ഈശോ പുളിക്കക്കുഴിയിൽ–നെല്ലിക്കമൺ, റാന്നി**

നെല്ലിക്കമണ്ണിൽ ചിന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു ബിജു, തോമസു് എന്നു് രണ്ടു മക്കൾ. ശ്രീ. ഈശോ യൗവ്വനത്തിൽ നിര്യാതനായി. റാന്നി മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**IX. 42. മാമ്മൻ കുര്യൻ പുളിക്കക്കുഴി–നെല്ലിക്കമൺ**

പുന്നവേലിൽ തെങ്ങുംപള്ളിൽ മാത്തച്ചൻ മകൾ ലീലാമ്മയെ വിവാഹം കഴിച്ചു. ശ്രീ. കുര്യൻ ഉദ്യോഗാർത്ഥം ഗൾഫിൽ താമസിക്കുന്നു. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

**IX. 43. മാമ്മൻ തോമസ് പുളിക്കക്കുഴി–നെല്ലിക്കമൺ**

ലീലാമ്മയെ വിവാഹം കഴിച്ചു. ഇരുവരും ഉദ്യോഗാർത്ഥം സൂറത്തിൽ താമസിക്കുന്നു. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

### VI. 5. മാമ്മൻ ഗീവറുഗീസ്
### പുളിക്കക്കുഴിയിൽ–കടപ്ര

ആറാട്ടുപുഴ വല്ല്യാനേത്തുനിന്നും അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു മാമ്മൻ, വറുഗീസു്, മത്തായി, തോമസ് മറിയാമ്മ, അന്നമ്മ, ഏലിയാമ്മ, റാഹേൽ, സാറാമ്മ എന്നു് ഒൻപതു് മക്കൾ. മറിയാമ്മയെ കീഴ്വായ്പൂരു് താഴത്തേടത്തും, അന്നമ്മയെ മാരാമണ്ണു് മിറ്റത്തുംമൂട്ടിലും, ഏലിയാമ്മയെ പൂവത്തൂർ ആന്താലിലും റാഹേലിനെ തുരുത്തിക്കാട്ടു് തച്ചക്കാലിലും, സാറാമ്മയെ കീക്കൊഴൂർ കൈതപ്പതാലിലും വിവാഹം കഴിപ്പിച്ചു. ശ്രീ. ഗീവറുഗീസു് ഒരുപൊതുക്കാര്യ പ്രസക്തനും, കുടുംബസ്നേഹിയും ആയിരുന്നു. ശാലേം മാർത്തോമ്മാ പള്ളിയുടെ സ്ഥാപനത്തിനു വേണ്ടി പ്രവർത്തിച്ചവരിൽ ഒരാളായിരുന്നു. മാതാവു് അന്നമ്മ 61-ാം വയസിലും പിതാവു് ഗീവറുഗീസു് 82–ാം വയസിലും നിര്യാതരായി. ഇരുവരേയും ശാലേം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VII. 9. ഗീവറുഗീസു് മാമ്മൻ
### വരിക്കപ്ലാമൂട്ടിൽ–കടപ്ര

വെൺമണി കിഴക്കേത്തു് ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു വറുഗീസു്, തോമസു്, പെണ്ണമ്മ, തങ്കമ്മ കുഞ്ഞമ്മ, എന്നു് അഞ്ചു മക്കൾ. പെണ്ണമ്മയെ അടൂർ കുന്നിട മിഷ്യൻ വീട്ടിൽ മത്തായിസാറിനെകൊണ്ടും. തങ്കമ്മയെ പുലിയൂർ കൊളഞ്ഞികൊമ്പിൽ ചെറിയാൻ മകൻ വറുഗീസിനെകൊണ്ടും കുഞ്ഞമ്മയെ പുത്തൻകാവിൽ അങ്ങാടിവീട്ടിൽ വറുഗീസിനെകൊണ്ടും വിവാഹം കഴിപ്പിച്ചു. സൗമ്യനും, സുസമ്മതനും, കുടുംബ സ്നേഹിയുമായ ശ്രീ. മാമ്മൻ 88-ാം വയസിലും, ഭാര്യ ഏലിയാമ്മ 81-ാം വയസിലും നിര്യാതരായി. ഇരുവരേയും കുമ്പനാടു് ശാലേം ഇടവക സെമിത്തേരിയിൽ സംസ്കരിച്ചു.

### VIII. 21. മാമ്മൻ വറുഗീസു് (പാപ്പി)
### വരിക്കപ്ലാമൂട്ടിൽ – കടപ്ര

മല്ലപ്പള്ളി മാവിള നൈനാൻ മകൾ സാറാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു മാമ്മൻ, നൈനാൻ, വറുഗീസ്



തോമസു്, കുഞ്ഞൂഞ്ഞമ്മ, ലീലാമ്മ, ആനി എന്നു് ഏഴു മക്കൾ. കുഞ്ഞൂഞ്ഞമ്മയെ ചെങ്ങന്നൂരിൽ താമരശ്ശേരിൽ അച്ചൻകുഞ്ഞും (മാനേജർ ഫെഡറൽ ബാങ്ക്) ലീലാമ്മയെ പുത്തൻകാവു് പാറക്കൂട്ടത്തിൽ ഉണ്ണൂണ്ണി മകൻ തമ്പിയും. ആനിയമ്മയെ നാരകത്താനി ചക്കുതറ ഈട്ടിമൂട്ടിൽ വറുഗീസും. വിവാഹം കഴിച്ചു.

### IX. 44. വറുഗീസു് മാമ്മൻ (ബേബി)
### വരിക്കപ്ലാമൂട്ടിൽ – കടപ്ര

പൂവത്തൂർ മോളുപറമ്പിൽ ലീലാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു ഷീല, മോൻസി, എന്നു് രണ്ടു മക്കൾ. ഷീലയെ പൂവത്തൂർ കയ്യാലയ്ക്കകത്തു വള്ളോനാലിൽ കുരട്ടിയിൽ വിവാഹം കഴിപ്പിച്ചു. മോൻസി ബോംബയിൽ ഉദ്യോഗസ്ഥനാണു്.

ശ്രീ. ബേബി മിലറ്ററി സേവനത്തിൽ നിന്നും വിരമിച്ചു് ഉദ്യോഗാർത്ഥം പേർഷ്യയിൽ പോയിട്ടു തിരിച്ചു വന്നു് രാഷ്ട്രീയ സാമുദായിക പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു. എഴുമാലി കുടുംബയോഗത്തിന്റെ പ്രാരംഭ പ്രവർത്തകനും കുടുംബസ്നേഹിയുമായ ബേബി, കുടുംബയോഗ കമ്മറ്റി അംഗം കൂടിയാണു്.

### IX. 45. വറുഗീസ് നൈനാൻ (ജോണി)
### വരിക്കപ്ലാംമൂട്ടിൽ–കടപ്ര

റാന്നി നെല്ലിക്കമൺ പാണ്ഡ്യത്തു് മത്തായി മകൾ തങ്കമ്മയെ വിവാഹം കഴിച്ചു. ഇവർക്കു ഷീന, ഷിബു എന്നു് രണ്ടു സന്താനങ്ങൾ വിദ്യാർത്ഥികളായുണ്ട്. നൈനാനും ഭാര്യ തങ്കമ്മയും ഉദ്യോഗാർത്ഥം അമേരിക്കയിൽ താമസിക്കുന്നു.

### IX. 46. വറുഗീസ് വറുഗീസു് (കുഞ്ഞുമോൻ)
### വരിക്കപ്ലാമൂട്ടിൽ–കടപ്ര

തോന്നിയാമല പാറപ്പാട്ട് ഉണ്ണൂണ്ണി മകൾ ലീലാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു ജൂലി, ജിനു എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ടു്. ശ്രീ. കുഞ്ഞുമോൻ

മദ്രാസ്സിൽ M. R. F.–ൽ ജോലിക്കാരനാണ്. ഇവർ കുടുംബസഹിതം മദ്രാസിൽ താമസിക്കുന്നു.

### IX. 47. വറുഗീസ് തോമസ് (സാംകുട്ടി)
### വരിക്കപ്ലാമൂട്ടിൽ

തിരുവല്ലാ കാവുംഭാഗത്ത് വെഞ്ചേരിൽ വറുഗീസ് മകൾ മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു സനു എന്നൊരു പുത്രൻ ഉണ്ട്. ഇവർ കുടുംബ സഹിതം പേർഷ്യയിൽ താമസിക്കുന്നു.

### VIII. 22. മാമ്മൻ തോമസ് (കുഞ്ഞൂഞ്ഞ്)
### വരിക്കപ്ലാമൂട്ടിൽ–കടപ്ര

കോയിപ്രത്ത് മായാലിൽ വറുഗീസ് മകൾ പൊടിയമ്മയെ വിവാഹം കഴിച്ചു. ഇവർക്കു ജോർജ്ജ്, ബെന്നി ബിജു, ഏലിയാമ്മ, ലില്ലി, ലാലി എന്ന് ആറു മക്കൾ. ഏലിയാമ്മയെ വള്ളംകുളത്ത് കണക്കപിള്ള വീട്ടിൽ കുര്യൻ മകൻ അലക്സാണ്ടറും, ലില്ലിയെ തൃശൂർ ചിറമണ്ണിൽ മത്തായി മകൻ ജെയിംസും, ലാലിയെ പുത്തൻകാവിലും വിവാഹം കഴിപ്പിച്ചു. ബിജു വിദ്യാർത്ഥിയാണ്. ബെന്നി പേർഷ്യയിൽ ഉദ്യോഗസ്ഥനാണ്.

### IX. 48. തോമസ് ജോർജ് (സണ്ണി)
### വരിക്കപ്ലാമൂട്ടിൽ–കടപ്ര

തിരുവനന്തപുരം നാലാംചിറ ജോർജ്ജ് സദനത്ത് ജോർജ്ജ് മകൾ ലൗലിയെ വിവാഹം കഴിച്ചു. ശ്രീ. സണ്ണി പേർഷ്യയിൽ ഉദ്യോഗസ്ഥനാണ്

### VII. 10. ഗീവറുഗീസ് വറുഗീസ്
### പുളിക്കക്കുഴി– കടപ്ര

പിരളശ്ശേരി ഈരഴേത്ത് ഏലിയാമ്മയെ വിവാഹം കഴിച്ചു. സന്താന രഹിതരായി ഇരുവരും നിര്യാതരായി. കുമ്പനാട് ശാലേം മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



### VII. 11. ഗീവറുഗീസ് മത്തായി
### പുളിക്കക്കുഴി-കുമ്പനാട്

ഇടനാട്ടിൽ മണക്കുപ്പിയിൽ ഈപ്പൻ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു വറുഗീസ്, ഈപ്പൻ, കുഞ്ഞമ്മ എന്ന് മൂന്നു മക്കൾ. കുഞ്ഞമ്മയെ ആറന്മുള ഇടശ്ശേരിമല കുരവയ്ക്കൽ കുഞ്ഞൂഞ്ഞു മുതലാളി വിവാഹം കഴിച്ചു. മാതാവ് ഏലിയാമ്മ 33–ാം വയസ്സിലും പിതാവ് മത്തായി 87–ാം വയസ്സിലും നിര്യാതരായി ഇരുവരേയും കുമ്പനാട് ശാലേം മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.

### VIII. 23. മത്തായി വറുഗീസ് (കുഞ്ഞച്ചൻ)
### പുളിക്കക്കുഴി–കുമ്പനാട്

റാന്നിയിൽ കരിമ്പനാംകുഴിയിൽ മത്തായി മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു മാത്യു, മാമ്മൻ, വറുഗീസ്, അലക്സ്, ഫിലിപ്പ്, തങ്കമ്മ, പൊന്നമ്മ എന്ന് ഏഴു മക്കൾ. തങ്കമ്മയെ ഏഴംകുളത്തു വല്യതോട്ടത്തിൽ പുതിയ വീട്ടിൽ മാത്യുവും, പൊന്നമ്മ B. A. B. Ed നെ റാന്നി ഓലത്തുകുളത്തുങ്കൽ എബ്രഹാം B. A യും വിവാഹം കഴിച്ചു.

ശ്രീ. വറുഗീസ് ആധാരം എഴുത്തു ജോലിയിൽ അതിനിപുണനും വിശ്വസ്തനുമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പുളിക്കക്കുഴി വെണ്ടർ വറുഗീസ് എന്ന പേരിൽ ദേശത്ത് അറിയപ്പെട്ടിരുന്നു. ശ്രീ. വറുഗീസ് 72–ാം വയസ്സിൽ 1986–ൽ നിര്യാതനായി. കുമ്പനാട്ട് ശാലേം മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### IX. 49. വറുഗീസ് മാത്യു (കുഞ്ഞൂട്ടി)
### പുളിക്കക്കുഴി–കുമ്പനാട്

ചെള്ളേത്തു ഇട്ടി വറുഗീസ് മകൾ അച്ചാമ്മയെ വിവാഹം കഴിച്ചു. മാത്യു കൃഷി ഡിപ്പാർട്ടുമെന്റിൽ ഓഫീസറായും ഭാര്യ കേന്ദ്ര സർക്കാർ സർവീസിൽ നേഴ്സായും ആൻഡമാൻസിൽ ജോലി ചെയ്യുന്നു. ഇവർക്കു സന്താനങ്ങൾ ഇല്ല.

### IX. 50. വറുഗീസ് മാമ്മൻ (ജോയി)
### പുളിക്കക്കുഴി-കുമ്പനാട്

കീക്കൊഴൂർ കാരയ്ക്കാട്ടു പീടികയിൽ ജോർജ്ജ് മകൾ ഗ്രേസിയെ വിവാഹം കഴിച്ചു. ഇവർക്കു് ജോജിമോൻ, ശോശക്കുട്ടി എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ട്. ശ്രീ. ജോയി കേന്ദ്ര സർക്കാർ സർവീസിലും, ഭാര്യ തമിഴ് നാട് സർവീസിലും ഉദ്യോഗസ്ഥരായി മദ്രാസിൽ താമസിക്കുന്നു.

### IX. 51. വറുഗീസ് വറുഗീസ് (കുട്ടപ്പായി)
### പുളിക്കക്കുഴി-കുമ്പനാട്

കോട്ടയത്തു നിന്നും മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു ഒരു പുത്രി ജാതമായിട്ടുണ്ടു്. കുട്ടപ്പായി മദ്രാസിൽ ഉദ്യോഗസ്ഥനാണു്.

### IX. 52. വറുഗീസ് അലക്സ് (തമ്പി) B.Com. L.L.B.
### പുളിക്കക്കുഴി-കുമ്പനാട്

കുണ്ടറ ആവികോട്ട് സൂസി M. A. യെ വിവാഹം കഴിച്ചു. ഇവർക്കു ഒരു പുത്രൻ ജാതമായിട്ടുണ്ട് തമ്പി ഇപ്പോൾ അഡ്വൊക്കേറ്റായി പത്തനംതിട്ടയിൽ ജോലി നോക്കുന്നു.

### IX. 53. വറുഗീസ് ഫിലിപ്പ് (ബാബു) B. FAM
### പുളിക്കക്കുഴി-കുമ്പനാട്

കൊച്ചിയിൽ നിന്നും ഷേർളിയെ വിവാഹം കഴിച്ചു. ഇവർക്കു് ഒരു പുത്രൻ ജാതമായിട്ടുണ്ടു്. ബാബു എസ്റ്റേറ്റിലും ഭാര്യ അദ്ധ്യാപികയുമായി ജോലി ചെയ്തു കൊണ്ടിരിക്കുന്നു.

### VIII. 24. മത്തായി ഈപ്പൻ
### പുളിക്കക്കുഴിയിൽ-കുമ്പനാട്

ആനപ്രാമ്പാൽ കൊച്ചമശ്ശേരിൽ ചെറിയാൻ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു മാത്യു, തോമസ്, കുഞ്ഞുമോൾ, മറിയാമ്മ, തങ്കമ്മ, ആലീസ്, സൂസൻ എന്നു് ഏഴു മക്കൾ. കുഞ്ഞുമോളെ മല്ലപ്പള്ളിൽ മാവിള നൈനാൻ മകൻ മത്തായിയും, മറിയാമ്മ (പെണ്ണമ്മ)



പുല്ലാട്ട് പൊൻവേലിൽ കുഞ്ഞച്ചൻ മകൻ കുഞ്ഞുമോനും. അന്നമ്മ (തങ്കമ്മ) തിരുവല്ലാ ആലാച്ചേരിൽ പാപ്പിച്ചൻ മകൻ ജോർജ്ജും, ആലീസിനെ കീക്കൊഴൂർ മരുതിമൂട്ടിൽ ആൽബർട്ടും വിവാഹം കഴിച്ചു. ഇളയ മകൾ സൂസൻ B. Com. വിദ്യാർത്ഥിയാണു്.

ശ്രീ. ഈപ്പൻ ശാലേം സണ്ടേസ്കൂൾ അദ്ധ്യാപകനായും, ഇടവക കൈസ്ഥാന സമിതി അംഗമായും ഓഡിറ്ററായും സേവനം ചെയ്തിട്ടുണ്ടു്. സ്വമേധയാ സുവിശേഷ വേല ചെയ്തുകൊണ്ടിരിക്കുന്നു. കുടുംബയോഗ കമ്മറ്റിയിലും, അംഗമായി സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു.

### IX. 54. ഈപ്പൻ മാത്യു പുളിക്കക്കുഴി-കുമ്പനാടു്

പൂവത്തൂർ പുള്ളിച്ചേരിൽ തോമസ് മകൾ മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു് പ്രകാശ്, ഷൈനി എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ടു്. ശ്രീ. മാത്യു കേന്ദ്ര സർക്കാർ സർവ്വീസിലും ഭാര്യ മേരിക്കുട്ടി അദ്ധ്യാപികയുമായി സേവനം അനുഷ്ഠിച്ചു കൊണ്ടിരിക്കുന്നു.

### IX. 55. ഈപ്പൻ തോമസ് പുളിക്കക്കുഴി-
### കുമ്പനാടു്

പുല്ലാട്ടു പാലത്താനത്തു് മാത്യു മകൾ സൂസമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ഒരു പുത്രി ജാതമായിട്ടുണ്ട്.

### VII. 12. ഗീവറുഗീസ് തോമസ് (തോമസാർ)
### പുളിക്കക്കുഴി-കടപ്ര

കവിയൂർ കൊച്ചിയിൽ പാടിപ്രത്തു് മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു ജോർജ്ജ്, തോമസ്, തങ്കമ്മ, കുഞ്ഞമ്മ, മേരിക്കുട്ടി എന്നു് അഞ്ചു മക്കൾ. തങ്കമ്മയെ ബുധനൂർ ചക്കാലേത്തു് അഡ്വ. റ്റി. എം. ചെറിയാനും, കുഞ്ഞമ്മയെ മാരാമൺ മനോണു് കുര്യൻ B.A. യും മേരിക്കുട്ടിയെ കൊട്ടാരക്കര ചിറയിൽ ജോർജ്ജ് B. A. യും വിവാഹം കഴിച്ചു.

ശ്രീ. തോമസാർ സർക്കാർ സ്കൂൾ അദ്ധ്യാപകനായി റിട്ടയാർ ചെയ്തു, ഉദ്യോഗത്തോടൊപ്പം ചിട്ടി,

ബാങ്ക്, മുതലായ പണ വ്യവസായങ്ങളും നടത്തിപ്പോന്നിരുന്നു. കുമ്പനാട്ട് ശാലേം ഇടവകയിൽ കൈസ്ഥാന സമതിയംഗം, മണ്ഡല പ്രതിനിധി, വൈസ് പ്രസിഡന്റ്, എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പൊതുക്കാര്യ പ്രസക്തനായിരുന്ന തോമസാർ എഴുമാലി കുടുംബയോഗത്തിന്റെ പ്രഥമ രക്ഷാധികാരികൂടി ആയിരുന്നു. തോമസാർ 87-ാം വയസ്സിലും ഭാര്യ 74-ാം വയസ്സിലും നിര്യാതരായി. ഇരുവരേയും ശാലേം സെമിത്തേരിയിൽ സംസ്കരിച്ചു.

### VIII. 25. തോമസ് ജോർജ്ജ് (ജോർജുകുട്ടി) പുളിക്കക്കുഴി മോളുകാലായിൽ–കടപ്ര

പൂവത്തൂർ മുണ്ടനില്ക്കുന്നതിൽ മത്തായി മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് സണ്ണി, ബാബു, മോളി, ജോളി എന്നു് നാലു മക്കൾ. മോളി B.A. യെ അയിരൂർ വടക്കേടത്തു് മത്തായി മകൻ മാത്യുവും, ജോളി M. Com. നെ കീഴ്കര പ്രസാദും വിവാഹം കഴിച്ചു. ശ്രീ. ജോർജ്ജ് മിലറ്ററി സേവനത്തിൽ നിന്നും വിരമിച്ചു് ഇപ്പോൾ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു.

### IX. 56. സണ്ണി (തോമസ്) പുളിക്കക്കുഴി മോളുകാലായിൽ–കടപ്ര

തിരുവല്ല കാവുംഭാഗത്തു പറയത്തുകാട്ടിൽ എബ്രഹാം മകൾ ലീലയെ വിവാഹം കഴിച്ചു. ഇവർക്കു് റീത്ത എന്നൊരു പുത്രി ജാതമായിട്ടുണ്ട് ബിരുദധാരിയായ സണ്ണി ഉദ്യോഗാർത്ഥം പേർഷ്യയിലായിരുന്നു. സഹോദരൻ ബാബു അവിവാഹിതനായി മാതാപിതാക്കളോടൊപ്പം താമസിച്ചു് ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു.

### VIII. 26. തോമസ് തോമസ് B. A. (കുഞ്ഞച്ചൻ) പുളിക്കക്കുഴി–കടപ്ര

ചെറിയനാടു് കളീയ്ക്കൽ ജഡ്ജി ജി. കുര്യൻ മകൾ മോളി B. A. യെ വിവാഹം കഴിച്ചു. ഇവർക്കു് സുജ എന്നൊരു പുത്രി മാത്രം. ബിരുദധാരിയായ സുജയെ വല്യതാന്നിക്കൽ Dr. കോശി വിവാഹം കഴിച്ചു. ശ്രീ. തോമസും ഭാര്യയും ബോംബെയിൽ ഉദ്യോഗസ്ഥരായി താമസിക്കുന്നു.



മട്ടക്കൽ കൊച്ചുതോമ്മാച്ചൻ ഭാര്യ ഏലിയാമ്മ



Dr. Thomas Varghese (പൊടിയച്ചൻ) M. A. Phd.



Front L. to R. Miss. Elsie Varughese
Mrs. Aleykutty Varughese
Back L. to R. Mercie Varughese
Thomas Varughese Jr.
Esmie Varughese
Gracy Varughese.



Mattakel
Mr. Thomas Varughese Jr.
Prasad M. A., B. Ed.



Mrs. Lynn Barbara
Varughese B. A., B. Ed.



Thomas Varughese, Alex Mathew Varughese,
Nathan John Varughese
Childrens of Mr. & Mrs. Thomas Varughese Jr.



മട്ടക്കൽ ശ്രീ. പെരുമാറം ചാക്കോ



മട്ടക്കൽ Mr. എം.സി. ജോർജ്ജ്, ഭാര്യ ഏലിയാമ്മ ജോർജ്ജ്





മട്ടക്കൽ Mr. എം.സി. ശമുവേൽ. മട്ടക്കൽ Mrs. എം.സി. ശമുവേൽ



മട്ടക്കൽ Mr. M. S. മാത്യുവും കുടുംബവും.



മട്ടക്കൽ Mr. സാമുവേൽ കുര്യൻ കുടുംബവും



മട്ടക്കൽ
Mr. M. S. Abraham & Family



മട്ടക്കൽ Mr. Jose & Family



മട്ടക്കൽ
Mr. & Mrs. M. S. Roy



Mr. & Mrs. ചാക്കോ ഏബ്രഹാം
(അവറാച്ചൻ) മട്ടക്കൽ കനകപ്പലം



മട്ടക്കൽ ശ്രീ. ഏബ്രഹാം, മാത്യുവും
കുടുംബവും



മട്ടക്കൽ ജോർജ്ജ് ഏബ്രഹാം.
ഭാര്യയും മകളും



മട്ടക്കൽ ബന്നി ഏബ്രഹാം ഭാര്യ സുജ
റ്റോം ഏബ്രഹാം, ഭാര്യ ഗ്ലോറി.



കനകപ്പലം മട്ടക്കൽ
എബ്രഹാം മകൻ



മട്ടക്കൽ ജോർജ്ജുകുട്ടി ഭാര്യ ലിസ്സി



മി. പി. കെ. വറുഗീസും കുടുംബവും



അദ്ധ്യായം 18

# കാളങ്ങാടത്തു ശാഖ

III. 2. മാത്തുള്ള മാപ്പിള കാളങ്ങാടത്തു് —കോയിപ്രം

IV. 1. മാത്തുണ്ണി പെരുമാറം കാളങ്ങാടത്തു്—കോയിപ്രം

V. 1. പെരുമാറം വറുഗീസ് പെരുമാപ്പോടത്തു്—
കോയിപ്രം

2. പെരുമാറം മാത്തുണ്ണി കാളങ്ങാടത്ത്—കോയിപ്രം

# കാളങ്ങാടത്തു ശാഖ

## എഴുമാലിൽ ചാണ്ടിമാപ്പിളയുടെ ദ്വിതീയ പുത്രൻ

### III. 2. കാളങ്ങാടത്ത് മാത്തുള്ള മാപ്പിള

കുറവിലങ്ങാട്ടു നിന്നും കോയിപ്രത്തു വന്നു താമസിച്ച പെരുമാൾ പിതാവിന്റെ കൊച്ചു മക്കളിൽ രണ്ടാമൻ ശ്രീ. മാത്തുള്ള മാപ്പിള സഹോദരന്മാരോടൊപ്പം വിദ്യാഭ്യാസവും, ആയുധാഭ്യാസവും പൂർത്തിയാക്കി. ബാല്യത്തിൽ തന്നെ സൗമ്യനും, ബുദ്ധിമാനുമായിരുന്ന മാത്തുള്ള മാപ്പിള ദേശവാസികളുടെ മദ്ധ്യേ ഗണനീയനായിരുന്നു. മാതാപിതാക്കളുടെ ആലോചന പ്രകാരം ആറാട്ടുപുഴ വല്യാനേത്തു നിന്നും റാഹേലിനെ വിവാഹം കഴിച്ചു. ഇവർക്കു ഒരു പുത്രൻ ജാതനായി. പെരുമാൾ എന്നു നാമകരണം ചെയ്തു. ഇവർ കുടുംബസമേതം എഴുമാലിൽ തറവാട്ടിൽ നിന്നും നെല്ലിക്കൽ ക്ഷേത്രത്തിനു സമീപം മാറി താമസിച്ചു. ഇവർ മാറി താമസിച്ച പുരയിടത്തിന് കുറവിലങ്ങാട്ടെ പൂർവ്വ കുടുംബ പേരായ ''കാളിയാങ്കൽ'' എന്നു പേരിട്ടു. പിൽക്കാലത്തു് കാളിയാങ്കൽ എന്നതു് ലോപിച്ച് കാളങ്ങാടത്തു് എന്ന് അറിയപ്പെടുന്നു.

ശ്രീ. മാത്തുള്ള നല്ല ഒരു കൃഷിക്കാരനും, വ്യവസായിയും പൊതുജനങ്ങളുടെ പ്രശ്നങ്ങൾ പറഞ്ഞുതീർക്കുന്നതിൽ തല്പരനും ആയിരുന്നു. വിദ്യാസമ്പന്നനായ മാത്തുള്ള മാപ്പിള ആരാധനയ്ക്കായി ചെങ്ങന്നൂർ പള്ളിയിൽ കൂടി നടന്നിരുന്നു. ആത്മീയ കാര്യങ്ങളിൽ തല്പരനായിരുന്നതിനാൽ പള്ളിയിലെ പ്രവർത്തനങ്ങളിൽ എപ്പോഴും മുൻപന്തിയിൽ തന്നെയായിരുന്നു. മാത്തുള്ള മാപ്പിളയും ഭാര്യ റാഹേലും നല്ല വാർദ്ധക്യത്തിൽ നിര്യാതരായി. ഇരുവരേയും ചെങ്ങന്നൂർ പഴയ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. എഴുമാലി കുടുംബ ചരിത്രത്തിലെ നാലു



ശാഖകളിൽ കാളങ്ങാടത്തു ശാഖയുടെ ആരംഭം മേൽ പ്രസ്താവിച്ച വിധമാണ്.

### IV. 1. മാത്തുണ്ണി മകൻ പെരുമാൾ

**കാളങ്ങാടത്ത്–കോയിപ്രം**

ബാല്യകാലത്തിലെ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്നു കൃഷിയിലും, വ്യവസായത്തിലും പിതാവിനെ സഹായിച്ചു കൊണ്ടിരുന്നു. പുത്തൻകാവിൽ പീടികയിൽ വറുഗീസ് മകൾ അക്കമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് വറുഗീസ്, മാത്തുണ്ണി എന്നു് രണ്ടു മക്കൾ ജാതരായി.

ശ്രീ. പെരുമാൾ പുത്തൻകാവ് പള്ളിയുടെ പ്രാരംഭ പ്രവർത്തനത്തിൽ സജീവ പങ്കാളി ആയിരുന്നു. ഭക്തനും ധർമ്മിഷ്ഠനുമായിരുന്ന താൻ മക്കളുടെ സ്വഭാവരൂപീകരണത്തിൽ അതീവ ശ്രദ്ധാലുവായിരുന്നു. കോയിപ്രം ദേശത്തെ പൊതുകാര്യ പ്രസക്തനുമായിരുന്ന പെരുമാൾ പിതാവ് എഴുപത്തഞ്ചാം വയസ്സിലും മാതാവ് അക്കാമ്മ എഴുപതാം വയസ്സിലും നിര്യാതരായി. ഇരുവരേയും പുത്തൻകാവു പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

അദ്ധ്യായം 19

# കാളങ്ങാടത്തു ശാഖയിൽ
# പെരുമാപ്പോടത്തു കുടുംബം

V. 1. പെരുമാൾ വറുഗീസ് പെരുമാപ്പോടത്ത്– കോയിപ്രം

VI. 1. വറുഗീസ് പെരുമാൾ ,, ,,

VII. 1. പെരുമാൾ വറുഗീസ് മട്ടക്കൽ –കോയിപ്രം

2. പെരുമാൾചാക്കോ–മട്ടക്കൽ പെരുമാപ്പോടത്ത് കോയിപ്രം

VIII. 1. വറുഗീസ് തോമസ് (കൊച്ചുതോമാച്ചൻ) മട്ടക്കൽ–കോയിപ്രം

2. വറുഗീസ് കോശി ,, ,,

3. വറുഗീസ് വറുഗീസ് (കൊച്ചൂട്ടി) മട്ടക്കൽ– കോയിപ്രം.

4. ചാക്കോ ശമുവേൽ (എം. സി. ശമുവേൽ) മട്ടക്കൽ-കോയിപ്രം

5. ചാക്കോ ജോർജ് (എം.. സി. ജോർജ്)മട്ടക്കൽ- കോയിപ്രം

6. ചാക്കോ എബ്രഹാം (അവറാച്ചൻ) മട്ടക്കൽ– കനകപ്പലം

IX. 1. തോമസ് വറുഗീസ്(പൊടിയച്ചൻ) മട്ടക്കൽ–കാനഡ

2. കോശി ദാനിയേൽ പല്ലാട്ടുശ്ശേരി ,, ,,

3. കോശി വറുഗീസ് ,, ,, മദ്രാസ്

4. വറുഗീസ് വറുഗീസ്(ബേബി) പെരുമ്പലത്ത്–കോയിപ്രം

5. വറുഗീസ് തോമസ് ,, ,,

6. വറുഗീസ് അലക്സാണ്ടർ ,, ,,



7. ശമുവേൽ ജയിക്കബ് (ജോയി) മട്ടക്കൽ–കടപ്ര

8. ശമുവേൽ മാത്യു ,, ,,

9. ശമുവേൽ കുര്യൻ (തങ്കച്ചൻ) ,, ,,

10. ശമുവേൽ എബ്രഹാം ,, ,,

11. ശമുവേൽ ജോസ് ,, ,,

12. ശമുവേൽ റോയിച്ചൻ ,,

13. ജോർജ്ജ് ജയിക്കബ്(ബേബി) ,,കോയിപ്രം

14. ജോർജ്ജ് ജോർജ്ജ് ,, ,,

15. ജോർജ്ജ് തോമസ് മട്ടക്കൽ കോയിപ്രം

16. ജോർജ്ജ് പെരുമാൾ (തമ്പി) മട്ടക്കൽ ,,

17. ജോർജ്ജ് സാം ,, ,,

18. എബ്രഹാം ചാക്കോ (ജോയി) ,, ,,

19. എബ്രഹാം മാത്യു (തങ്കച്ചൻ) ,,കനകപ്പലം

20. എബ്രഹാം ജോർജ്ജുകുട്ടി ,, ,,

21. എബ്രഹാം ജോർജ്ജ് ,, ,,

22. എബ്രഹാം ബെന്നിക്കുട്ടി ,, ,,

23. എബ്രഹാം റ്റോം ,, ,,

X. 1. വറുഗീസ് തോമസ് (പ്രസാദ്) മട്ടക്കൽ–കാനഡ

2. ദാനിയേൽ തോമസ് ,, ,,

3. ദാനിയേൽ ബഞ്ചമിൻ ,, ,,

4. ജോസഫ് ദാനിയേൽ ,, ,,

5. മാത്യു ദാനിയേൽ ,, ,,

6. ജയിംസ് കോശി ദാനിയേൽ(സ്റ്റുഡന്റ്) മട്ടക്കൽ–കാനഡ

# കാളങ്ങാടത്തു് ശാഖയിൽ പെരുമാപ്പോടത്തു (മട്ടക്കൽ) കുടുംബം

### V. 1. പെരുമാൾ മകൻ വറുഗീസ്
### പെരുമാപ്പോടത്തു്-നെല്ലിക്കൽ

ഇലന്തൂർ പൂഴിക്കുന്നേൽ നിന്നും റാഹേലമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് പെരുമാൾ എന്നു് ഏക മകൻ ജനിച്ചു. അരോഗദൃഢഗാത്രനും ആയുധാഭ്യാസിയും, വിദ്യാസമ്പന്നനും, അദ്ധ്വാനശീലനും ആയിരുന്ന ശ്രീ. വറുഗീസ് 33-ാം വയസ്സിൽ അകാലചരമം പ്രാപിച്ചു. പുത്തൻകാവു്പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. വിധവയായ മാതാവു് പുത്രനുമൊത്തു് ഭർത്തൃസഹോദരന്റെ സംരക്ഷണയിൽ കുടുംബത്തു തന്നെ താമസിച്ചു. മാതാവു് റാഹേലമ്മ 58-ാം വയസ്സിൽ നിര്യാതയായി. പുത്തൻകാവു് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VI. 1. വറുഗീസ് മകൻ പെരുമാൾ -
### പെരുമാപ്പോടത്തു - നെല്ലിക്കൽ

ബാല്യത്തിലെ പിതാവിന്റെ അകാലചരമം നിമിത്തം മാതാവോടൊപ്പം പിതൃസഹോദരനായ മാത്തുണ്ണിയുടെ സംരക്ഷണയിൽ കാളങ്ങാടത്തു തന്നെ താമസിച്ചിരുന്നു. വിവാഹാനന്തരം, കുറവിലങ്ങാട്ടു നിന്നും വന്ന ആദ്യ പിതാവു് കൈവശപ്പെടുത്തിയിരുന്ന തലമണ്ണിൽ പുരയിടത്തിലേക്കു താമസം മാറ്റി. അങ്ങനെ പെരുമാൾ പോയിടത്തു് എന്ന പേരിൽ ആ ഭവനത്തെ സംബോധന ചെയ്തിരുന്നു. പിൽക്കാലത്തു് ലോപിച്ചു് പെരുമാപ്പോടത്തു് മട്ടക്കൽ എന്നു് അറിയപ്പെടുന്നു. ശ്രീ. പെരുമാളിനു്, വറുഗീസ്, പോത്ത, ചാക്കോ എന്നു് മൂന്നു് പുത്രന്മാർ ജാതമായി. സാധുശീലനും, കുടുംബസ്നേഹിയും, പരോപകാരതല്പരനും, അരോഗദൃഢഗാത്രനും കഠിനാദ്ധ്വാനിയുമായിരുന്ന പെരുമാൾ പൊതുജനമദ്ധ്യേ ആദരണീയനായിരുന്നു.



അക്കാലത്തു് കടപ്ര, കോയിപ്രം മുതലായസ്ഥലങ്ങളിൽ നിന്നും പുത്തൻകാവിനു പോകുന്നതു് വളരെ ശ്രമകരമായിരുന്നു. ആയതിനാൽ എഴുമാലി കുടുംബത്തിലെ അംഗങ്ങൾ കോയിപ്രത്തിലുള്ള മറ്റു ക്രിസ്തീയ കുടുംബാംഗങ്ങളെ കൂടി സഹകരിപ്പിച്ചു് നെല്ലിക്കലിൽ ഒരു ദേവാലയം സ്ഥാപിച്ചു. പെരുമാപ്പോടത്തു് ശ്രീ. പെരുമാൾ പിതാവു് ഈ ദേവാലയസ്ഥാപനത്തിനു് മുൻ കൈ എടുക്കയും ചെയ്തു. കാലാന്തരത്തിൽ വിവിധ കാരണങ്ങളാൽ എഴുമാലി കുടുംബാംഗങ്ങൾ ഈ ദേവാലയവുമായുള്ള ബന്ധം വിടുർത്തുകയും, തുടർന്നു ഈ പള്ളിക്കു് ചുങ്കം പള്ളി എന്നു പേരു ലഭിക്കയും ചെയ്തു.

ഇദ്ദേഹത്തിനു് രണ്ടു പെൺമക്കളുണ്ടായിരുന്നതിൽ മൂത്ത മകൾ മറിയയെ ഇലന്തൂർ ഒറ്റപ്ലാമൂട്ടിൽ തോമസും, ഇളയ മകൾ ഏലിയാമ്മയെ പുത്തൻകാവിൻ തോട്ടുംകര ഈപ്പനും വിവാഹം കഴിച്ചു. മാതാപിതാക്കൾ വാർദ്ധക്യസഹജമായ രോഗത്താൽ നിര്യാതരായി നെല്ലിക്കപ്പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. മകൻ പോത്ത അവിവാഹിതനായി അകാലചരമം പ്രാപിച്ചു.

### VII. 1. പെരുമാൾ മകൻ വറുഗീസ്
### മട്ടയ്ക്കൽ-കോയിപ്രം

പന്തളത്തു കരിക്കാട്ടിൽ നിന്നും മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് തോമസ്, കോശി, വറുഗീസ്, മത്തായി കൊച്ചുമറിയ, റാഹേൽ, ഏലിയാമ്മ എന്നു് ഏഴു് മക്കൾ. കൊച്ചുമറിയയെ കുറിയന്നൂർ ഐവേലിൽ ഏബ്രഹാമും, റാഹേലിനെ മല്ലപ്പള്ളിൽ പുളിയകുന്നേലും, ഏലിയാമ്മയെ കൗങ്ങും പ്രയാർ മേപ്രത്തും വിവാഹം കഴിപ്പിച്ചു. വറുഗീസ് മകൻ മത്തായി (ഉണ്ണൂണ്ണി) അവിവാഹിതനായി അകാലചരമം പ്രാപിച്ചു.

ഇക്കാലത്തു് മദ്ധ്യതിരുവിതാംകൂറിൽ വിദേശമിഷ്യനറിമാർ വരുകയും ഉണർവ്വു പ്രസംഗങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരുന്നു. തൽഫലമായി ശ്രീ. വറുഗീസും കുടുംബവും മാനസാന്തരപ്പെടുകയും, ബ്രദറൻ സഭാ വിശ്വാ

സികളായി തീരുകയും ചെയ്തു. ശ്രീ. വറുഗീസിന്റേയും കൂട്ടു സഹോദരന്മാരുടെയും ശ്രമഫലമായി വിദേശസഹായം കൂടാതെ കോയിപ്രത്തു് ഒരു ബ്രദറൻ സഭാഹാം സ്ഥാപിച്ചു. ഒരു വ്യവസായിയും, നല്ല കൃഷിക്കാരനും, ഈശ്വരഭക്തനുമായിരുന്ന ശ്രീ. വറുഗീസിന്റെ ഭാര്യ മറിയാമ്മ 1940-ലും ശ്രീ. വറുഗീസ് 1945-ലും നിര്യാതരായി. ഇരുവരേയും കോയിപ്രം ബ്രദറൻ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു.

## VIII. 1. വറുഗീസ് മകൻ തോമസ് (കൊച്ചുതോമ്മാച്ചൻ) മട്ടയ്ക്കൽ-കോയിപ്രം

കടപ്ര ചെള്ളേത്തു് ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് വറുഗീസ്, ചിന്നമ്മ, ഏലിയാമ്മ, പൊടിയമ്മ, തങ്കമ്മ, കുഞ്ഞമ്മ, കുഞ്ഞന്നാമ്മ എന്നു് ഏഴു മക്കൾ. ചിന്നമ്മയെ ഇടയാറന്മുള പേരങ്ങാട്ടുപടിക്കൽ ശമുവേലും, ഏലിയാമ്മയെ തട്ടയ്ക്കാട്ടു ചിറയ്ക്കാട്ടു് ചാക്കോയും, പൊടിയമ്മയെ തട്ടയ്ക്കാട്ടു് കരിപ്രത്തു തോമസും, തങ്കമ്മയെ തട്ടയ്ക്കാട്ടു ചിറമുഖത്തു ജോർജും, കുഞ്ഞമ്മയെ ഇടനാട്ടിൽ വാഴയിൽ ബേബിയും, കുഞ്ഞന്നാമ്മയെ വരയന്നൂർ പൂച്ചേരിൽ ജോർജ്ജും വിവാഹം കഴിച്ചു.

യൗവ്വനത്തിൽ തന്നെ വ്യവസായത്തിൽ തൽപ്പരനായിരുന്ന കൊച്ചുതോമ്മാച്ചൻ തന്റെ വ്യവസായ പുരോഗതിക്ക വേണ്ടി അഹോരാത്രം പ്രയത്നിച്ചു. അക്കാലത്തു് മദ്ധ്യതിരുവിതാംകൂറിൽ വിരളമായിരുന്ന പല ചരക്ക മൊത്ത വ്യാപാരം ആരംഭിക്കയും, ആലപ്പുഴ, കൊച്ചി എന്നീ പ്രദേശങ്ങളുമായി ബന്ധപ്പെട്ടു് കച്ചവടം വിപുലീകരിക്കയും ചെയ്തു. ചുരുങ്ങിയ കാലയളവിൽ ഈ വ്യാപാര സ്ഥാപനം ജനമദ്ധ്യത്തിൽ പ്രീതിയുളവാക്കി. തിരുവിതാംകൂറിൽ നെല്ലുകുത്തുമിൽ വിരളമായിരുന്ന അക്കാലത്തു് കൊച്ചുതോമ്മാച്ചൻ ഒരു നെല്ലുകുത്തുമിൽ സ്ഥാപിച്ചു. അതോടൊപ്പം ജൗളി വ്യാപാരവും തുടങ്ങി. ഇപ്രകാരം വ്യാപാര വ്യവസായകാര്യത്തിൽ ഉയർന്ന നിലവാരം പുലർത്തിയിരുന്ന ഒരാളായിരുന്നു ശ്രീ. കൊച്ചുതോമ്മാച്ചൻ.



അദ്ധ്യാന ശീലനായിരുന്ന കൊച്ചുതോമ്മാച്ചൻ ഒരു വ്യവസായി എന്നതിനുപരി ഒരു കൃഷിക്കാരനും ആയിരുന്നു. അക്കാലത്തു് മദ്ധ്യ തിരുവിതാംകൂറിൽ ആത്മീയ ഉണർവിന്റെ കാറ്റുവീശിയിരുന്നു. അക്കൂട്ടത്തിൽ കൊച്ചുതോമ്മാച്ചനും രക്ഷിക്കപ്പെട്ടു് ആത്മീയ ജീവിതം നയിച്ചു. സുവിശേഷവേലയിൽ തല്പരനായിരുന്നതിനാൽ സുവിശേകരേയും സാധുക്കളേയും കയ്യയച്ചു സഹായിച്ചുകൊണ്ടിരുന്നു. പൊതുക്കാര്യ പ്രസക്തനായിരുന്ന കൊച്ചുതോമ്മാച്ചൻ കോയിപ്രത്തു ഒരു സർക്കാർ സ്കൂൾ സ്ഥാപിക്കന്നതിനു് മുൻപന്തിയിൽ നിന്നു പ്രവർത്തിച്ചു. 1962-ൽ 75-ാം വയസ്സിൽ നിര്യാതനായി കോയിപ്രം ബ്രദറൻ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ ഏലിയാമ്മ 94-ാം വയസ്സിൽ 1986-ാം മാണ്ടു് നിര്യാതയായി. കോയിപ്രം ബ്രദറൻ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു.

## IX. 1. തോമസ് മകൻ വറുഗീസ് M. A. Phd. (പൊടിയച്ചൻ) മട്ടയ്ക്കൽ കോയിപ്രം-കാനഡ

നെല്ലിക്കൽ കോട്ടക്കഴിയിൽ എം. ചാക്കോ മകൾ ഏലിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്ക് തോമസ് വറുഗീസ്, എസ്‌വി, എൽസി, മേഴ്സി, ഗ്രേസി എന്നു് അഞ്ചു് മക്കൾ. എസ്‌വിയെ ഇരവിപേരൂർ അഞ്ചനാട്ടു് Dr. അലക്സാണ്ടറും, എൽസിയെ നാരകത്താനി കുന്നറ മാത്യു മകൻ മാത്യുവും, മേഴ്സിയെ കുമ്പനാടു് തൈക്കൂട്ടത്തിൽ ജോർജ് മകൻ ഫിലിപ്പും, ഗ്രേസിയെ തിരുവല്ല കുന്നീപ്പറമ്പിൽ Dr. നൈനാൻ മകൻ Dr. അലക്സാണ്ടറും വിവാഹം കഴിച്ചു.

ശ്രീ. വറുഗീസ് വിദ്യാഭ്യാസരംഗത്തും, കായികരംഗത്തും അതിസമർത്ഥൻ ആയിരുന്നു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും ഡിഗ്രി കരസ്ഥമാക്കിയ വറുഗീസ് യൂണിവേഴ്സിറ്റി ഫുട്ബോൾ ടീം ക്യാപ്റ്റൻ കൂടി ആയിരുന്നു. തുടർന്നു ആഫ്രിക്കയിൽ ടാങ്കനിക്കായിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. അവിടെ നിന്നും കാലിഫോർണിയ യൂണിവേഴ്സിറ്റിയിൽ ഉപരി

പഠനം നടത്തുകയും M.A. P.hd. ബിരുദം സമ്പാദിക്കയും ചെയ്തു. പിന്നീട് സുഡാൻ ഗവൺമെന്റിൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥനായി 1966-ൽ കാനഡായിലേക്കു താമസം മാറ്റുകയും അവിടെ അദ്ധ്യാപക ജോലിയിൽ തുടരുകയും ചെയ്തു. കനേഡിയൻ പൗരത്വം സ്വീകരിച്ചു് അവിടെ സ്ഥിരതാമസമാക്കിയിരിക്കുന്നു. കുടുംബയോഗത്തിന്റെ ഉന്നമനത്തെ ലാക്കാക്കി എഴുമാലി കുടുംബ ചാരിറ്റിട്രസ്റ്റു് രൂപീകരണത്തിനു് താല്പര്യപ്പെടുകയും ടി-ട്രസ്റ്റിലേക്കു് ഉദാരമായ സംഭാവന നല്കി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

## X. 1. വറുഗീസ് മകൻ തോമസ് വറുഗീസ് B.A., B.Ed., M.A. (Admin.) കാനഡ

മിസ്റ്റർ വിക്ടർ ജെ. ജിൻഡേൽ മകൾ Lynn B. A. B. Ed. നെ വിവാഹം കഴിച്ചു. ഇവർക്കു് Nyles, Nathn, Alex എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ട്. ഇവർ കാനഡായിൽ അദ്ധ്യാപകരായി അവിടുത്തെ പൗരത്വം സ്വീകരിച്ചു് അവിടെ താമസിക്കുന്നു.

## VIII. 2. വറുഗീസ് മകൻ കോശി മട്ടയ്ക്കൽ-കോയിപ്രം

കറിയന്നൂർ ചെമ്പോത്തനാൽ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ദാനിയേൽ, വറുഗീസ്, തങ്കമ്മ, കുഞ്ഞമ്മ, ഏലിയാമ്മ, പൊടിയമ്മ, എന്നു് ആറു മക്കൾ. തങ്കമ്മയെ കീക്കൊഴൂർ പൊട്ടക്കുളത്തു കുഞ്ഞൂഞ്ഞും, കുഞ്ഞമ്മയെ നാരങ്ങാനത്തു പറമ്പിൽ ഏബ്രഹാമും, ഏലിയാമ്മയെ ഇടയാറന്മുള കുരങ്ങാട്ടു മലയിൽ മാത്യുവും, പൊടിയമ്മയെ തട്ടയ്ക്കാട്ടു കുറ്റിയ്ക്കാട്ടു മാത്യുവും വിവാഹം കഴിച്ചു. നല്ല കർഷകനും, ദൈവഭക്തനുമായിരുന്ന ശ്രീ. കോശി 1970-ലും ഭാര്യ ശോശാമ്മ 1971-ലും നിര്യാതരായി. ഇരുവരേയും കോയിപ്രം ബ്രദറൻ സെമിത്തേരിയിൽ സംസ്കരിച്ചു.

## IX. 2. കോശി മകൻ ദാനിയേൽ (F. INS.B.E.M.R.S.H.) മട്ടയ്ക്കൽ-കോയിപ്രം

ഇടയാറന്മുള ചേനാതുണ്ടിയിൽ കുഞ്ഞിക്കായുടെ മകൾ ചിന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് കോശി, തോമസ്, ബഞ്ചമിൻ, ജോസഫ്, മാത്യു, ജയിംസ് എന്നു് ആറു മക്കൾ. മൂത്തമകൻ കോശി അവിവാഹിതനായി അകാലചരമം പ്രാപിച്ചു.



എൻജനീയറിംഗ് ബിരുദം നേടിയ ശ്രീ. ദാനിയേൽ തിരുവിതാംകൂർ സർക്കാർ സർവ്വീസിൽ ഉദ്യോഗം സ്വീകരിക്കയും, കോഴഞ്ചേരി പാലം പണിക്കു നേതൃത്വം വഹിക്കയും ചെയ്തു. തുടർന്നു ബാംഗ്ളൂർ ഹിന്ദുസ്ഥാൻ എയർക്രാഫ്റ്റു് ഇൻഡസ്ട്രീസിൽ ജോലി സ്വീകരിച്ചു. അവിടെ നിന്നും വീണ്ടും ബോംബെയിൽ B.E.S.T.-ൽ ഉദ്യോഗസ്ഥനായി. 1949-ൽ ടാങ്കനിയ്ക്കായിൽ കോൺട്രാക്ട് കമ്പനിയിൽ ജോലിയിൽ പ്രവേശിച്ചു. 1960-ൽ യുണൈറ്റഡു് കൺസ്ട്രക്ഷൻ കമ്പിനി ലിമിറ്റഡ് (U.N.I.C.O.) എന്ന സ്ഥാപനം ആരംഭിച്ചു. 1974-ൽ ഇംഗ്ലണ്ടിൽ താമസമാരംഭിച്ചെങ്കിലും 1975-ൽ കാനഡായിലേക്കു താമസം മാറ്റി. DAR-ES-SALAM ചാപ്പൻ എന്നു് അറിയപ്പെടുന്ന ബ്രദറൻ സഭയുടെ സ്ഥാപകൻ താനാണു്. എൻജനീയറിംഗിലും, അഡ്മിനിസ്ട്രേഷനിലും, ഉയർന്ന നിലവാരം പുലർത്തിയിരുന്ന ശ്രീ. ദാനിയേൽ ആദ്ധ്യാത്മീകമായി മുൻപന്തിയിൽ തന്നെ നിന്നിരുന്നു. കനേഡിയൻ പൗരത്വം സ്വീകരിച്ചു് അവിടെ താമസിച്ചുവരവെ 1987 Feb. 18 നു് ഹൃദയസ്തംഭനംമൂലം കാനഡായിൽ വച്ചു് നിര്യാതനായി. അവിടെ തന്നെ സംസ്കരിച്ചു. ഭാര്യയും മക്കളും കാനഡായിൽ താമസിക്കുന്നു.

## X. 2. ദാനിയേൽ മകൻ തോമസ്

മട്ടയ്ക്കൽ കോശി ദാനിയേലിന്റെ മകൻ തോമസ് ദാനിയേൽ ഇംഗ്ലണ്ടിൽ വിദ്യാഭ്യാസം പൂർത്തിയാക്കി അവിടെ Dr. Michel holt മകൾ അലക്സാണ്ടറിയായെ വിവാഹം കഴിച്ചു. ഇവർക്കു് Anna-Patricia, എന്നു് ഒരു പുത്രിയുണ്ട്. ഇവർ ഇംഗ്ലണ്ടിൽ ബിസിനസു് നടത്തികൊണ്ടിരിക്കുന്നു. ബ്രിട്ടീഷ് പൗരത്വം സ്വീകരിച്ചു് ഇംഗ്ലണ്ടിൽ താമസിക്കുന്നു.

### X. 3. ബഞ്ചമിൻ ദാനിയേൽ B. Sc; Eng.

മട്ടയ്ക്കൽ കോശി ദാനിയേലിന്റെ പുത്രൻ ബഞ്ചമിൻ ഇംഗ്ലണ്ടിൽ വിദ്യാഭ്യാസം ചെയ്ത് B.Sc; Eng. ബിരുദം നേടി ഇംഗ്ലണ്ടിൽ ജോർജ്ജ് പാട്രിഷ്യയുടെ മകൾ സോണിയായെ വിവാഹം കഴിച്ചു. ബ്രിട്ടീഷ് പൗരനായി അവിടെ താമസിക്കുന്നു. ഇവർക്കു് മാത്യു എന്നൊരു പുത്രൻ വിദ്യാർത്ഥിയായുണ്ട്. ഇപ്പോൾ ഹോംകോംഗിൽ കൺസൽട്ടിംഗ് കമ്പിനിയിൽ ചാർട്ടേടു് സിവിൾ എൻജനീയറായി ജോലി ചെയ്യുന്നു.

### X. 4. ജോസഫ് ദാനിയേൽ B. Sc; Eng. (ഇലക്ട്രോണിക്)

മട്ടയ്ക്കൽ കോശി ദാനിയേലിന്റെ പുത്രൻ ജോസഫ് ഇംഗ്ലണ്ടിൽ B.Sc; Eng. ൽ ബിരുദം നേടി. ബ്രിട്ടീഷ് വനിതയായ ജൂലിയെ വിവാഹം കഴിച്ചു. ബെൻസൻ ജോസഫ് ദാനിയേൽ എന്നു് ഒരു പുത്രനും, ഹെല്ലിഹന്ന എന്ന ഒരു പുത്രിയും ഇവർക്കുണ്ട്. വിദ്യാർത്ഥികളാണ്. ഇദ്ദേഹം ഇപ്പോൾ വെസ്റ്റന്റ് ഹെലികോപ്റ്റർ കമ്പിനിയിൽ ഉദ്യോഗസ്ഥനാണു്. ബ്രിട്ടീഷ് പൗരത്വം സ്വീകരിച്ചു് ഇംഗ്ലണ്ടിൽ താമസിക്കുന്നു.

### X. 5. മാത്യു ദാനിയേൽ B. Sc; Hon. (മെക്കാനിക്കൽ)

മട്ടയ്ക്കൽ കോശി ദാനിയേലിന്റെ പുത്രൻ മാത്യു ഇംഗ്ലണ്ടിലും, കാനഡായിലുമായി വിദ്യാഭ്യാസം ചെയ്ത് മെക്കാനിക്കൽ എൻജനീയറിംഗിൽ B.Sc; Hon. ബിരുദും നേടി. കാനഡായിൽ ജോർജ്ജ് ചാക്കോയുടെ മകൾ Nanita യെ വിവാഹം കഴിച്ചു. ഇവർക്കു് ജോഷ്വാ ജോർജ് എന്നൊരു പുത്രൻ വിദ്യാർത്ഥിയായുണ്ടു്. കാനഡായിൽ കുടുംബസമേതം താമസിക്കുന്നു.

### X. 6. ജയിംസ് കോശി ദാനിയേൽ

മട്ടയ്ക്കൽ കോശി ദാനിയേലിന്റെ പുത്രനായ ജയിംസ് യൂണിവേഴ്സിറ്റി ഓഫ് വെസ്റ്റേൺ ഒന്റാറിയോ കാനഡായിൽ വിദ്യാർത്ഥിയാണു്.



### IX. 3. കോശി മകൻ വറുഗീസ് (B.A. FCI) മട്ടയ്ക്കൽ പല്ലാട്ടുശേരിൽ-കോയിപ്രം

കങ്ങഴ കല്ലറയ്ക്കൽ മാത്യു മകൾ ലിസിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ബൻസൺ, ബർണീസ്, ബിൻസി എന്നു് മൂന്നു മക്കൾ ഉണ്ടു്. ഇവർ വിദ്യാർത്ഥികളാണു്. ശ്രീ. വറുഗീസ് ഇൻഡ്യയിൽ വിവിധ കമ്പനികളിൽ ജോലി ചെയ്തു. തുടർന്നു് ടാൻസാനിയായിൽ ഉയർന്ന ഉദ്യോഗസ്ഥനായി ജോലിയിൽ നിന്നും വിരമിച്ചു് മദ്രാസിൽ സ്ഥിരതാമസമാക്കി. ബ്രദറൺ സഭാ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരിക്കവേ 1987 Feb. 24-ാം തീയതി ഹൃദയസ്തംഭനം മൂലം നിര്യാതനായി. കോയിപ്രം ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു.

### VIII. 3. വറുഗീസു് മകൻ വറുഗീസു് (കൊച്ചൂട്ടി) മട്ടക്കൽ പെരുമ്പലത്തു്-കോയിപ്രം

തട്ടയ്ക്കാട്ടു് കോടത്തേത്തു് വറുഗീസു് മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് വറുഗീസു്, തോമസു്, അലക്സാണ്ടർ, തങ്കമ്മ, കുഞ്ഞമ്മ, ചിന്നമ്മ, എന്നു് ആറു മക്കൾ. തങ്കമ്മയെ ഇരിങ്ങാലക്കട മാളിയേയ്ക്കൽ ചാക്കോയും, കുഞ്ഞമ്മയെ കൗങ്ങുംപ്രയാർ എലിമുള്ളിൽ ചാക്കോയും, ചിന്നമ്മയെ അങ്കമാലി തേലപ്പള്ളിൽ മത്തായിയും വിവാഹം കഴിച്ചു.

കോയിപ്രത്തു് ഒരു വ്യാപാരിയായി ജീവിതം ആരംഭിച്ച ഇദ്ദേഹം ആലപ്പുഴയിലേക്ക സ്ഥലം മാറി അവിടെ ഒരു പ്രമുഖ വ്യാപാരിയായി തീർന്നു. ആലപ്പുഴ ബ്രദറൺ സഭാ പ്രവർത്തകനായിരുന്നു. ആലപ്പുഴനിന്നും തിരികെ കോയിപ്രത്തു കുടുംബമായി സ്ഥിരതാമസമാക്കി ശ്രീ. വറുഗീസ് 1970-ലും ഭാര്യ മറിയാമ്മ 1985-ലും നിര്യാതരായി. ഇരുവരെയും കോയിപ്രം ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു.

### IX. 4. വറുഗീസ് മകൻ വറുഗീസ് (ബേബി) പെരുമ്പലത്തു് മട്ടയ്ക്കൽ-കോയിപ്രം

കല്ലിശ്ശേരിൽ പാറയിൽ മാമ്മൻ മകൾ ശോശാമ്മ B.A; B.Ed. നെ വിവാഹം കഴിച്ചു. ഇവർക്ക സാം, ജെസി എന്ന് രണ്ടു്

മക്കൾ. പ്രിന്റിംഗ് ടെക്നോളജിയിൽ ബിരുദം നേടിയ സാം (ബിജ്ലി) ഇപ്പോൾ ഉദ്യോഗാർത്ഥം ബോംബെയിൽ താമസിക്കുന്നു. മകൾ ജെസി B.Com. കുടുംബത്തു മാതാപിതാക്കളോടൊപ്പം താമസിക്കുന്നു.

ശ്രീ. വറുഗീസ് വിദ്യാഭ്യാസാനന്തരം ടാങ്കനിക്കായിൽ പോകയും അവിടെ കമ്പിനിയിൽ ചീഫ് അക്കൗണ്ടന്റായി ജോലിനോക്കുകയും ചെയ്തു. ഉദ്യോഗത്തിൽ നിന്നും വിരമിച്ചു് കുടുംബസമേതം കോയിപ്രത്തു താമസിക്കുന്നു. ഭാര്യ ശോശാമ്മ ഗവ: ഹൈസ്കൂൾ ഹെഡ്മിസ്റ്റ്രസായി പെൻഷൻപറ്റി. കോയിപ്രം ബ്രദറൺ സഭാ ശുശ്രൂഷകന്മാരിൽ ഒരാളായ ശ്രീ.ബേബി, ബ്രദറൺ എഡ്യുക്കേഷൻ ട്രസ്റ്റിന്റെ സെക്രട്ടറിയായും, സ്റ്റവേർഡ് അസോസിയേഷൻ ഓഫ് ഇൻഡ്യയുടെ കേരള സെക്രട്ടറിയായും സഭാ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു.

എഴുമാലി കുടുംബ യോഗത്തിന്റെ പ്രാരംഭകാലം മുതൽ അതിന്റെ എല്ലാ ഭരണ സമിതി അംഗമായും കുടുംബയോഗ ട്രഷറാറായും സേവനം ചെയ്യുന്നു. സ്ഥലത്തെ സാമൂഹ്യ, രാഷ്ട്രീയ മണ്ഡലങ്ങളിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

### IX. 5. വറുഗീസ് മകൻ തോമസ് പെരുമ്പലത്ത് – കോയിപ്രം

കൊട്ടാരക്കര ഒറ്റതെങ്ങിൽ ലീലാമ്മ B.Sc; B.Ed. നെ വിവാഹം കഴിച്ചു. ഇവർക്ക ബിനു, ബിജു എന്നു രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ടു്.

ശ്രീ. തോമസു് വിദ്യാഭ്യാസാനന്തരം ടാൻസാനിയായിലും, അബുദബിയിലും ഉദ്യോഗാർത്ഥം താമസിച്ചിരുന്നു. ഇപ്പോൾ കുടുംബ സമേതം തിരുവനന്തപുരത്തു് സ്ഥിരതാമസമാക്കിയിരിക്കുന്നു.

### IX. 6. വറുഗീസു് മകൻ അലക്സാണ്ടർ പെരുമ്പലത്തു് - കോയിപ്രം

കുമ്പനാടു് കരോട്ടു് ജോർജു് മകൾ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക ഷിബു, ഷെർലി എന്നു് രണ്ടു



മക്കൾ വിദ്യാർത്ഥികളായുണ്ടു്. ഇപ്പോൾ കുടുംബസമേതം അബുദബിയിൽ താമസിക്കുന്നു.

### VII. 2. പെരുമാൾ മകൻ ചാക്കോ മട്ടയ്ക്കൽ പെരുമാപ്പോടത്തു്– കോയിപ്രം

തട്ടയ്ക്കാട്ടു് ചിറമുഖത്തു് വറുഗീസു് മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ശമുവേൽ, ജോർജു്, ഏബ്രഹാം, മറിയാമ്മ, ഗ്രേസി എന്നു് അഞ്ചു മക്കൾ. മറിയാമ്മയെ ഇലന്തൂർ സ്കറിയായും, ഗ്രേസിയെ തട്ടയ്ക്കാടു് വലിയകാലായിൽ തോമസും വിവാഹം കഴിച്ചു.

ഒരു വ്യാപാരിയായി ജീവിതം ആരംഭിച്ച ശ്രീ. ചാക്കോ തന്റെ വ്യാപാരത്തിൽ മറ്റു പലരെക്കൂടി ചേർക്കയും അങ്ങനെ ഒരു വലിയ വ്യാപാര സ്ഥാപനത്തിന്റെ ഉടമ ആയിത്തീരുകയും ചെയ്തു. ബ്രദറൻ സഭാ വിശ്വാസി ആയി തീർന്ന താൻ സഭയുടെ വളർച്ചയ്ക്കും, സുവിശേഷീകരണത്തിനും ശക്തീകരണം കൊടുത്തു് തന്നാലാവതു ചെയ്യുകയും ചെയ്തു. ദാനശീലനും ആതുര സേവനതല്പരനും അതിഥി സൽക്കാരപ്രിയനുമായിരുന്ന താൻ മക്കളെയും ഈദൃശ കാര്യങ്ങളിൽ തല്പരരായി വളർത്തുന്നതിനു് ഉത്സാഹിച്ചിരുന്നു. ദീർഘആയുഷ്മാനായിരുന്ന താൻ 98–ാം വയസ്സിൽ നിര്യാതനായി. ഭാര്യ വളരെ നേരത്തെ തന്നെ നിര്യാതയായിരുന്നു. ഇരുവരേയും കോയിപ്രം ബ്രദറൻ സഭാസെമിത്തേരിയിൽ സംസ്കരിച്ചു.

### VIII. 4. ചാക്കോ മകൻ ശമുവേൽ (M.C. ശമുവേൽ) മട്ടക്കൽ–കടപ്ര

തലവടി ചെത്തിപ്പുരയ്ക്കൽ മാത്തച്ചൻ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ജയിക്കബു്, മാത്യു, കുര്യൻ, ഏബ്രഹാം, ജോസു്, റോയിച്ചൻ, മേരി (ശോശാമ്മ) എന്നു് ഏഴു മക്കൾ. ശോശാമ്മയെ കുമ്പനാടു് മാങ്കൂട്ടത്തിൽ മാത്യു വിവാഹം കഴിച്ചു.

ഒരു വ്യാപാരിയായി ജീവിതം ആരംഭിച്ച ശ്രീ. ശമുവേൽ മക്കളുടെ വിദ്യാഭ്യാസകാര്യത്തിലും, ആത്മീയകാര്യത്തിലും അതീവശ്രദ്ധാലുവായിരുന്നു. സഭാജീവിതത്തിൽ വളരെ

ഉയർന്ന നിലവാരം പുലർത്തിക്കൊണ്ടിരിക്കുന്നു. അതിഥി സൽക്കാരപ്രിയനും, ദൈവഭക്തനും, ആയ ശ്രീ. ശമുവേലിന്റെ എല്ലാ മക്കളും വിദേശരാജ്യങ്ങളിൽ ഉദ്യോഗസ്ഥരാണ്. മക്കൾ ആയിരിക്കുന്നിടത്തെല്ലാം ആത്മീയകാര്യങ്ങൾ തീഷ്ണതയോടു് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഒരു കുടുംബസ്നേഹിയായ താൻ എഴുമാലി കുടുംബയോഗ കമ്മറ്റി അംഗം, വൈസു് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ടു്. ഇപ്പോൾ ട്രഷററായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

## IX. 7. ശമുവേൽ മകൻ ജയിക്കബു് (ജോയി) മട്ടക്കൽ–കടപ്ര

പത്തനംതിട്ടയിൽ വിളയിൽ കുഞ്ഞൂഞ്ഞച്ചൻ മകൾ ആലീസിനെ വിവാഹം കഴിച്ചു. ഇവർക്കു സാം, വറുഗീസു് എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ടു്. എയർഫോഴ്സിൽ ഉദ്യോഗസ്ഥനായിരുന്ന താൻ റിട്ടയാർ ചെയ്ത ഉദ്യോഗാർത്ഥം അബുദാബിയിൽ കുടുംബമായി താമസിക്കുന്നു. U.A. E.-ൽ എഴുമാലി കുടുംബയോഗത്തിന്റെ ഒരു ശാഖ ആരംഭിക്കുന്നതിനു് ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ടു്. മക്കൾ ഇരുവരും അമേരിക്കയിൽ വിദ്യാഭ്യാസം ചെയ്യുന്നു.

## IX. 8. ശമുവേൽ മകൻ മാത്യു മട്ടക്കൽ–കടപ്ര

പാണ്ടനാട്ടിൽ മണക്കണ്ടത്തിൽ കോശി മകൾ ലില്ലിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു് ജിജി, ഷേർളി എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ടു്.

ദീർഘവർഷം ഇദ്ദേഹം ഉത്തരേൻഡ്യയിൽ ഉദ്യോഗസ്ഥനായിരുന്നു. അവിടെ നിന്നും അമേരിക്കയിൽ ന്യൂയോർക്കിൽ ഉദ്യോഗാർത്ഥം കുടുംബസഹിതം താമസിക്കുന്നു. ഇൻഡ്യയിലും, അമേരിക്കയിലും താൻ താമസിച്ചിരുന്ന സ്ഥലങ്ങളിൽ സഭാക്കൂടിവരവിനു് വേണ്ട ക്രമീകരണങ്ങൾ ചെയ്യുകയും, ജോലിയോടൊപ്പം സഭാ സേവനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു.



## IX. 9. ശമുവേൽ മകൻ കുര്യൻ (തങ്കച്ചൻ B.Th.) മട്ടക്കൽ–കടപ്ര

വടശ്ശേരിക്കര കുഞ്ചച്ചേടത്തു് അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു സാം, ജോർജു്, ജിജി, ജീനി എന്നു് നാലു മക്കൾ വിദ്യാർത്ഥികളായുണ്ടു്. തങ്കച്ചൻ മദ്രാസു് ഹിന്ദുസ്ഥാൻ ബൈബിൾ സ്കൂളിൽ നിന്നും B.Th ബിരുദം നേടി വടക്കേ ഇൻഡ്യയിൽ വിവിധ സ്ഥലങ്ങളിൽ സുവിശേഷവേലയിൽ ഏർപ്പെട്ടിരുന്നു. ഇപ്പോൾ കുടുംബസഹിതം അസ്സൻസോളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മക്കൾ അമേരിക്കയിൽ വിദ്യാഭ്യാസം നടത്തുന്നു.

## IX. 10. ശമുവേൽമകൻ ഏബ്രഹാം മട്ടക്കൽ-കടപ്ര

നിരണം മാലശ്ശേരിൽ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു മേഴ്സി, അനു എന്നു് രണ്ടു പുത്രിമാർ വിദ്യാർത്ഥികളായുണ്ടു്. ഇൻഡ്യൻ എയർഫോഴ്സിൽ ഉദ്യോഗസ്ഥനായി, പെൻഷൻപറ്റി. ഇപ്പോൾ ഉദ്യോഗാർത്ഥം കുടുംബ സഹിതം അബുദാബിയിൽ താമസിക്കുന്നു.

## IX. 11. ശമുവേൽ മകൻ ജോസു് മട്ടക്കൽ–കടപ്ര

കാഞ്ഞിരപ്പള്ളിൽ വടക്കേടത്തു് ജോൺ മകൾ പൊന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു സാം, മേരി എന്നു് രണ്ടു സന്താനങ്ങൾ വിദ്യാർത്ഥികളായുണ്ടു്. ഉദ്യോഗാർത്ഥം അബുദാബിയിൽ കുടുംബ സമേതം താമസിക്കുന്നു.

## IX. 12. ശമുവേൽ മകൻ റോയിച്ചൻ മട്ടക്കൽ-കടപ്ര

മാവേലിക്കര കുളങ്ങര തെക്കേതിൽ ജോൺ മകൾ എലിസബേത്തിനെ വിവാഹം കഴിച്ചു. ഇവർ കുടുംബസഹിതം ഉദ്യോഗാർത്ഥം അബുദാബിയിൽ താമസിക്കുന്നു.

## VIII. 5. ചാക്കോ മകൻ ജോർജ് (എം. സി. ജോർജ്) മട്ടയ്ക്കൽ–കോയിപ്രം

പൂവത്തൂർ മംഗലശ്ശേരിൽ തോമസ് മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ജയിക്കബ്, ജോർജ്ജ്, തോമസ്, പെരുമാൾ (തമ്പി) സാം ജോർജ്ജ് എന്നു് അഞ്ചു് മക്കൾ.

ചെറുപ്പത്തിലെ ദൈവഭക്തിയിലും, സൽസ്വഭാവത്തിലും വളർന്നു വരുന്നതിനുള്ള സാഹചര്യം ലഭിച്ചിരുന്ന ശ്രീ. ജോർജ്ജ് സംഗീത സാഹിത്യകലകളിൽ സാമാന്യം നല്ല കഴിവുള്ള ഒരാളായിരുന്നു. യൗവ്വനാരംഭത്തിൽ തന്നെ രക്ഷാനിർണ്ണയം പ്രാപിച്ചു് ബ്രദറൺസഭയിൽ സുവിശേഷ കാര്യങ്ങളിൽ മുൻപന്തിയിൽ നിന്നു പ്രവർത്തിക്കയും ചെയ്തിരുന്നു. അതിഥി സൽക്കാര പ്രിയനായിരുന്ന ശ്രീ. ജോർജ്ജ് സുവിശേഷകരെ തന്റെ ഭവനത്തിൽ സ്വീകരിച്ചു് ശുശ്രൂഷിക്കയും, സഹായിക്കയും, ചെയ്തിരുന്നു. നല്ല ഒരു വ്യവസായിയും, കൃഷിക്കാരനുമായിരുന്ന താൻ ദാനശീലൻ കൂടി ആയിരുന്നു.

തന്റെ രാഷ്ട്രീയ ജീവിതകാലത്തിനിടയിൽ ദീർഘകാലം കോയിപ്രം പഞ്ചായത്തു മെമ്പറായി ജനങ്ങളെ സേവിക്കാൻ ഭാഗ്യം ലഭിച്ചിട്ടുണ്ട്. തന്റെ ശ്രമഫലമായി കോയിപ്രത്തു് നെല്ലിക്കൽ ഒരു സർക്കാർ ആശുപത്രി സ്ഥാപിക്കുന്നതിനു സാധിച്ചു. പൊതുജനങ്ങളുടെ ഇടയിൽ ജാതി മത ഭേദം കൂടാതെ എല്ലാവരുടെയും സ്നേഹബഹുമാനാദരങ്ങൾക്ക പാത്രീഭൂതനായി തീർന്നു.

സഭാ ജീവിതത്തിൽ സണ്ടേസ്കൂൾ അദ്ധ്യാപകനായി പ്രവർത്തനം ആരംഭിച്ചു. തുടർന്ന് സഭയിലെ ഒരു സുവിശേഷകൻ എന്ന നിലയിൽ നിസ്തുല്യമായ സേവനം അനുഷ്ഠിച്ചു. കോയിപ്രം സഭയുടെ സ്ഥാപനം മുതൽ ഇന്നയോളമുള്ള വളർച്ചയ്ക്കും തന്റെ എല്ലാ വിധത്തിലുമുള്ള കഴിവുകൾ നിർലോഭം പ്രയോജനപ്പെടുത്തിയിരുന്നു എന്നു് നിസംശയം പ്രസ്താവിക്കാം. അതോടൊപ്പം തന്നെ ബ്രദറൺ സഭയുടെ ആകമാന വളർച്ചയ്ക്കും, പ്രത്യേകിച്ചു് സഭയുടെ ജനറൽ കൺവൻഷൻ നടത്തിപ്പിനും, താൻ നേതൃത്വം നൽകിയിരുന്നു. മഹാകവി കെ.വി.സൈമൺ സാറിന്റെ ശിഷ്യഗണങ്ങളിൽ ഒരുവനായിരുന്ന താൻ സഭയിലെ അനുഗ്രഹീതനായ ഒരു ഗായകൻ കൂടിയായിരുന്നു. സൈമൺ സാറിന്റെ പാട്ടുകളിലെ പ്രസക്തഭാഗങ്ങൾ റെക്കോർഡു ചെയ്യുന്നതിനു് കേരളത്തിൽ നിന്നും തെരഞ്ഞെടുത്തു് മദ്രാസിലേക്കു അയച്ചസംഘത്തിന്റെ നായകൻ ആയിരുന്നു ശ്രീ.ജോർജ്ജു്.



മക്കളുടെ സ്വഭാവ രൂപീകരണത്തിലും, വിദ്യാഭ്യാസത്തിലും അതീവ ശ്രദ്ധാലുവായിരുന്ന തനിക്കു് കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന്റെ പൂർത്തീകരണവും തുടർന്നുള്ള ജീവിതത്തിന്റെ ഔന്നത്യവും കണ്ടു സന്തോഷിക്കുവാനുള്ള ഭാഗ്യം ലഭിച്ചു. തന്റെ മക്കൾ ഉദ്യോഗാർത്ഥം ആയിരുന്ന ബോംബെ, പേർഷ്യൻ ഗൾഫ്, U.S.A., കാനഡ ആദിയായ സ്ഥലങ്ങൾ ഭാര്യാ സമേതം സന്ദർശിക്കുന്നതിനും, അവിടെയും യേശുക്രിസ്തുവിനെ സാക്ഷിക്കുന്നതിനും, സൗകര്യം ലഭിച്ചു.

എഴുമാലി കുടുംബയോഗത്തിന്റെ പ്രാരംഭം മുതൽ അതിന്റെ വളർച്ചയ്ക്കുവേണ്ടി എല്ലാവിധത്തിലും പ്രവർത്തിച്ചിരുന്നു. കുടുംബയോഗത്തിന്റെ ആദ്യ കമ്മറ്റി അംഗമായിരുന്ന താൻ തന്റെ അന്ത്യനാൾവരെയും ആ സ്ഥാനത്തു് സസന്തോഷം പ്രവർത്തിച്ചിരുന്നു. കുടുംബയോഗത്തിന്റെ ട്രഷറാർ, സെക്രട്ടറി എന്നീ നിലകളിൽ തന്റെ വിലപ്പെട്ട സേവനം കുടുംബത്തിനു ലഭിച്ചിരുന്നു.

ബഹുമുഖങ്ങളായ പ്രവർത്തനങ്ങളുടെ മദ്ധ്യേ താൻ രോഗബാധിതനായി തീർന്നു. സ്നേഹിതരും, കുടുബാംഗങ്ങളും തന്നെ സന്ദർശിച്ചുകൊണ്ടിരുന്നു. തന്റെ 68-ാം വയസ്സിൽ താൻ പ്രിയംവെച്ച കർത്താവിൻ സന്നിധിയിലേക്കു എടുക്കപ്പെട്ടു. കോയിപ്രം ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.

## IX. 13. ജോർജ് മകൻ ജയിക്കബ് (ബേബി)

### A. M. I. B. E. മട്ടയ്ക്കൽ–കോയിപ്രം

മൈലപ്ര കരിംകുറ്റിക്കൽ വറുഗീസ് മകൾ പൊടിയമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ജോർജ്ജ്, എലിസബേത്ത് എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ട്.

വിദ്യാഭ്യാസാനന്തരം കേരളത്തിൽ P. W. D. ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥനായി ചേർന്നു. അവിടെ നിന്നും ആഫ്രിക്കയിൽ ടാങ്കനിക്കായിൽ പോയി ജോലി ചെയ്തു. അവിടെ നിന്നും മസ്കറ്റിൽ കോൺട്രാക്ട് ബിസിനസിൽ ഏർപ്പെട്ടു. മസ്കറ്റിലെ ബ്രദറൺ സഭയുടെ പ്രവർത്തന

ങ്ങളിൽ സജീവമായി പ്രവർത്തിച്ചു. ബിസിനസിനോടുള്ള ബന്ധത്തിൽ ധാരാളം ആളുകളെ ഇൻഡ്യയിൽ നിന്നും കൊണ്ടുപോയി ജോലി കൊടുക്കുവാൻ സൗകര്യം ലഭിച്ചു. ആഫ്രിക്ക, യൂറോപ്പ്, ഇംഗ്ലണ്ട്, അമേരിക്ക, കാനഡ ആദിയായ രാജ്യങ്ങൾ പല പ്രാവശ്യം സന്ദർശിക്കുന്നതിനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്. എഴുമാലി കുടുംബ യോഗ പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബേബി കുടുംബ ചരിത്ര രചനക്കും, കുടുംബത്തിന്റെ വളർച്ചയ്ക്കും ആവതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നു.

പരോപകാര തല്പരനായ താൻ ''ഗോസ്പൽ ഫെലോഷിപ്പ് എഡ്യുക്കേഷൻ ട്രസ്റ്റ്'' എന്ന പേരിൽ ഒരു ചാരിറ്റബിൾ ട്രസ്റ്റ് ഉണ്ടാക്കി. സാധുക്കളായ വിദ്യാർത്ഥികൾക്കു സാമ്പത്തിക സഹായം നൽകി വരുന്നു. ഇപ്പോൾ കോയിപ്രത്തു് മട്ടയ്ക്കൽ കുടുംബത്ത് കുടുംബ സമേതം താമസിക്കുന്നു.

### IX. 14. ജോർജ് മകൻ ജോർജ്
### മട്ടയ്ക്കൽ–കോയിപ്രം

ഓതറ മായാലിൽ ജോർജ്ജിന്റെ മകൾ ലിസാമ്മ B. Sc. യെ വിവാഹം കഴിച്ചു. ഇവർക്കു് ജോജി എന്ന മകനും, ജിജി, ബിജി, ലിജി എന്നു് മൂന്നു പെൺമക്കളും വിദ്യാർത്ഥികളായുണ്ടു്.

കെമിക്കൽ എൻജനീയറായി ബോംബെയിൽ ജോലി ചെയ്തതിനുശേഷം അമേരിക്കയിൽ പോയി പ്രിന്റിംഗു് ടെക്നോളജിയിൽ ബിരുദം നേടി. ഇപ്പോൾ അവിടെ സ്വന്തം ബിസിനസിൽ ഏർപ്പെട്ടിരിക്കുന്നു. ആത്മീയ കാര്യങ്ങളിൽ തല്പരനായ താൻ ന്യൂയോർക്കിലും ഹ്യൂസ്റ്റനിലുമുള്ള ബ്രദറൺ സഭകൾക്ക് നേതൃത്വം വഹിച്ചുകൊണ്ടു് അമേരിക്കയിൽ താമസിക്കുന്നു.

### IX. 15. ജോർജ് മകൻ തോമസ് B. A.
### മട്ടയ്ക്കൽ–കോയിപ്രം

തട്ടയ്ക്കാട്ടു് കോടത്തേത്തു് ദാനിയേൽ മകൾ ആലീസ് B.Sc. യെ വിവാഹം കഴിച്ചു. ഇവർക്കു് എമിലി, അനില, ജീതാ എന്നു് മൂന്നു പെൺ മക്കൾ വിദ്യാർത്ഥികളായുണ്ട്.



ബോംബെയിൽ ഉദ്യോഗത്തിൽ പ്രവേശിച്ച താൻ അവിടെ നിന്നും അബുദാബിയിൽ ജോലി സ്വീകരിച്ചു. ബോംബെയിലും, അബുദാബിയിലുമുള്ള ബ്രദറൺ സഭയുടെ സ്ഥാപനത്തിനും, പ്രവർത്തനത്തിനും മുൻകൈ എടുത്തു് ആത്മിക കാര്യങ്ങളിൽ താല്പര്യമുള്ളവനായി കഴിയുന്നു.

### IX. 16. ജോർജ് മകൻ പെരുമാൾ
### (തമ്പി) M. Sc. മട്ടയ്ക്കൽ–കോയിപ്രം

എഴുമറ്റൂർ പഴമ്പള്ളിൽ ജോർജ്ജ് മകൾ ലാലി M.A. യെ വിവാഹം കഴിച്ചു. ഇവർക്കു് ജയിക്കബ് എന്ന ഒരു മകൻ വിദ്യാർത്ഥിയായുണ്ടു്.

ശ്രീ. തമ്പി ഇപ്പോൾ ബോംബെയിൽ കോളജ് ലക്ചററായി ജോലി ചെയ്യുന്നു. ഒരു വേദപണ്ഡിതനും, പ്രാസംഗികനുമായ താൻ ബോംബെയിൽ ഒരു സഭ സ്ഥാപിച്ചു് ആ സഭയിലെ പ്രധാന ശുശ്രൂഷകനായി സേവനം അനുഷ്ഠിക്കുന്നു.

### IX. 17. ജോർജ് മകൻ സാം M. Sc., P.hd.
### മട്ടയ്ക്കൽ–കോയിപ്രം

ഗുജറാത്തു് യൂണിവേഴ്സിറ്റിയിൽ നിന്നും M.Sc. ബിരുദം നേടിയ ശേഷം ഗവേഷണങ്ങളിൽ ഏർപ്പെട്ടു് P. hd. ബിരുദവും നേടി. തുടർന്നു അവിടെ തന്നെ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്നു

### VIII. 6. ചാക്കോ മകൻ ഏബ്രഹാം (അവറാച്ചൻ)
### മട്ടയ്ക്കൽ–കനകപ്പലം

അയിരൂർ മുരുപ്പേൽ വീട്ടിൽ നിന്നും ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ചാക്കോ, മാത്യു, ജോർജ്ജുകുട്ടി, ജോർജ് ഏബ്രഹാം, ബെന്നിക്കുട്ടി, റ്റോം, ബാബു, ശോശാമ്മ എന്നു് എട്ടു മക്കൾ. ശോശാമ്മയെ ഇലന്തൂർ പരിയാരം മുരുപ്പേൽ ശാമുവേൽ വിവാഹം കഴിച്ചു.

അവറാച്ചൻ കോയിപ്രത്തുനിന്നും മുക്കൂട്ടുതറയിലും, തുടർന്നു ഇപ്പോൾ കനകപ്പലത്തും സ്ഥിരതാമസമാക്കി,

മകൻ ബാബു ബാല്യത്തിൽ തന്നെ നിര്യാതനായി. കോയി
പ്രം ബ്രദറൺ സഭ സെമിത്തേരിയിൽ സംസ്കരിച്ചു. കന
കപ്പലത്തു് ബ്രദറൺ സഭ സ്ഥാപിച്ച് താൻ റാന്നി സെന്റർ
ബ്രദറൺ സഭകളുടെ ഒരു പ്രധാന പ്രവർത്തകനായി
തുടരുന്നു.

## IX. 18. ഏബ്രഹാം ചാക്കോ (ജോയി)
### മട്ടയ്ക്കൽ–കോയിപ്രം

അത്തിക്കയം കരിങ്ങാട്ടിൽ പാപ്പിച്ചൻ മകൾ തങ്കമ്മ
യെ വിവാഹം കഴിച്ചു. ഇവർക്കു് സാം, ഐസക്കു്, സൂസ
മ്മ, അനിത എന്നു് നാലു മക്കൾ വിദ്യാർത്ഥികളായുണ്ട്.

ഒരു വ്യാപാരിയായ താൻ എഴുമാലി കുടുംബയോഗ
കമ്മറ്റിയിലും, മറ്റു പല സബ്കമ്മറ്റികളിലും സജീവമാ
യി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കോയിപ്രത്തിലെ
പൊതുക്കാര്യത്തിലും, സഭാകാര്യങ്ങളിലും, ആത്മാർത്ഥ
മായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

## IX. 19. ഏബ്രഹാം മകൻ മാത്യു (തങ്കച്ചൻ)
### മട്ടയ്ക്കൽ–കനകപ്പലം

തലവടി ചെത്തിപ്പുരയ്ക്കൽ ഏബ്രഹാം മകൾ കുഞ്ഞു
മോളെ വിവാഹം കഴിച്ചു. ഇവർക്കു് മോൻസി എന്ന മക
നും, സൂസൻ, മേഴ്സി എന്നു് രണ്ടു പെൺമക്കളും വിദ്യാർ
ത്ഥികളായുണ്ട്.

ഉദ്യോഗസ്ഥരായ ഇവർ കുടുംബസമേതം അബുദാബി
യിൽ താമസിക്കുന്നു.

## IX. 20. ഏബ്രഹാം മകൻ ജോർജുകുട്ടി
### മട്ടയ്ക്കൽ–കനകപ്പലം

ചേത്തയ്ക്കൽ പെണ്ണുക്കര വീട്ടിൽ കൊച്ചുചെറുക്കൻ
മകൾ ലിസിയെ വിവാഹം കഴിച്ചു. ഇവർക്കു് ഷെയിൻ
എന്ന മകൻ വിദ്യാർത്ഥിയായുണ്ട്. ഇവർ ഇപ്പോൾ അമേരി
ക്കയിൽ കുടുംബസമേതം താമസിക്കുന്നു.



## IX. 21. ഏബ്രഹാം മകൻ ജോർജ്
### മട്ടയ്ക്കൽ–കനകപ്പലം

ഇലന്തൂർ പരിയാരത്തു് മുരുപ്പേൽ മാത്യു മകൾ
ലില്ലിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു് റീനാമോൾ
എന്ന ഒരു പുത്രി വിദ്യാർത്ഥിയായുണ്ട്. ഇവർ ഇപ്പോൾ
അബുദാബിയിൽ താമസിക്കുന്നു.

## IX. 22. ഏബ്രഹാം മകൻ ബന്നിക്കുട്ടി
### മട്ടയ്ക്കൽ–കനകപ്പലം

വെൺമണി കുന്നത്തൂർ ജോർജ് മകൾ സുജയെ വി
വാഹം കഴിച്ചു. ഇവർക്കു് ജോബിൻ എന്ന മകൻ വിദ്യാർ
ത്ഥിയായുണ്ടു്. ഇവർ അബുദാബിയിൽ താമസിക്കുന്നു.

## IX. 23. ഏബ്രഹാം മകൻ റോം
### മട്ടയ്ക്കൽ–കനകപ്പലം

വാളകം തുണ്ടിക്കപ്പറമ്പിൽ യാക്കോബ് മകൾ ഗ്ലോറി
യെ വിവാഹം കഴിച്ചു. ഇവർക്കു് റ്റിജി എന്നു് ഒരു പുത്രി
വിദ്യാർത്ഥിയായുണ്ട്. ഇവർ കുടുംബസമേതം അബുദാ
ബിയിൽ താമസിക്കുന്നു.

**അദ്ധ്യായം : 20**

# കാളങ്ങാടത്തു് ശാഖയിൽ കാളങ്ങാടത്തു കുടുംബം

V. 2. പെരുമാൾ മാത്തുണ്ണി-കാളങ്ങാടത്തു-കോയിപ്രം

VI. 1. മാത്തുണ്ണി വറുഗീസ്-കാളങ്ങാടത്തു ,,
2. മാത്തുണ്ണി മത്തായി-നക്കരേത്തു ,,
3. മാത്തുണ്ണി പെരുമാൾ ,, ,,

VII. 1. വറുഗീസു് മാത്തുണ്ണി (കൊച്ചുകുഞ്ഞു് ഉപദേശി) കാളങ്ങാടത്തു-കോയിപ്രം
2. വറുഗീസു് വറുഗീസു് ,, ,,

VIII. 1. മാത്തുണ്ണി വറുഗീസു് (ജോർജു്) കാളങ്ങാടത്തു-കോയിപ്രം
2. മാത്തുണ്ണി ശമുവേൽ-കാളങ്ങാടത്തു പുത്തൻ വീടു്-പുറമറ്റം
3. വറുഗീസു് വറുഗീസു് (ബേബി) കാളങ്ങാടത്തു ഇളമ്പൽ-പുനലൂർ
4. വറുഗീസ് ദാനിയേൽ-കാളങ്ങാടത്തു-കുമളി
5. വറുഗീസു് ജോൺ ,, കഞ്ഞഴ
6. വറുഗീസു് മാത്യു ,, ,,

IX. 1. വറുഗീസു് ദാനിയേൽ-കാളങ്ങാടത്തു-കുമ്പനാടു്
2. വറുഗീസു് ചെറിയാൻ (തങ്കച്ചൻ) കാളങ്ങാടത്തു-കോയിപ്രം
3. വറുഗീസു് ജോണി ,, ആമല്ലൂർ
4. വറുഗീസു് ജയിക്കബ് ,, കോയിപ്രം
5. വറുഗീസ് അലക്സാണ്ടർ ,, ,,
6. ശമുവേൽ മാത്യു കാളങ്ങാടത്തു പുത്തൻ വീടു്-പുറമറ്റം
7. വറുഗീസ് മോനി-കാളങ്ങാടത്തു-ഇളമ്പൽ



# കാളങ്ങാടത്തു ശാഖയിൽ കാളങ്ങാടത്തു കുടുംബം

## V. 2. പെരുമാൾ മകൻ മാത്തുണ്ണി
**കാളങ്ങാടത്തു്-കോയിപ്രം**

മേലുകര കിഴക്കേതിൽ വീട്ടിൽ നിന്നും അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് വറുഗീസ് എന്നൊരു മകനും രണ്ടും പുത്രിമാരും ജനിച്ചു കഴിഞ്ഞപ്പോൾ ഭാര്യ അന്നമ്മ നിര്യാതയായി. പുത്തൻകാവ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. മാത്തുണ്ണി കല്ലൂപ്പാറ താഴത്തെതിൽ ഭവനത്തിൽ നിന്നുംശോശാമ്മയെ പുനർ വിവാഹം ചെയ്തു. ഇവർക്ക് മത്തായി,പെരുമാൾ,പോത്ത,കോശി എന്നീ ആൺ മക്കളും ഒരു മകളും ജനിച്ചു. മൂത്തമകൾ ശോശാമ്മയെ കോഴഞ്ചേരിൽ പാമ്പക്കോട്ടും,രണ്ടാമത്തെ മകളെ കല്ലൂപ്പാറ തോട്ടുപുറത്തും, മൂന്നാമത്തെ മകളെ കല്ലൂപ്പാറ മണ്ണിത്തോടത്തും വിവാഹം കഴിപ്പിച്ചു, പുത്തൻകാവ് പള്ളിയുടെ പ്രാരംഭത്തിൽ താൻ ആ ഇടവകാംഗം ആയിരുന്നു. 70-ാം വയസ്സിൽ നിര്യാതനായി. പുത്തൻകാവ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.ഭാര്യ ശോശാമ്മയുംനിര്യാതയായി. പുത്തൻകാവ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഇദ്ദേഹത്തിന്റെ മക്കളായ പോത്തയും, കോശിയും വിവാഹാനന്തരം സന്താനങ്ങളില്ലാതെ നിര്യാതരായി. ഇരുകുടുംബത്തേയും കുർത്തമല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VI. 1. മാത്തുണ്ണി മകൻ വറുഗീസ്
**കാളങ്ങാടത്തു്-കോയിപ്രം**

വിവാഹിതനായി കാളങ്ങാടത്തു താമസമാക്കിയ വറുഗീസിനു് മാത്തുണ്ണി, വറുഗീസ് എന്നീ ആൺമക്കളും, നാല് പെൺമക്കളുമുണ്ടായിരുന്നു. മൂത്ത മകളെ തുമ്പമണ്ണിലും, രണ്ടാമത്തെ പുത്രിയെ പ്രക്കാനത്തും, മൂന്നാമത്തെ പുത്രിയെ പുത്തൻകാവിലും, നാലാമത്തെ പുത്രിയെ

കിടങ്ങന്നൂരും വിവാഹം കഴിപ്പിച്ചയച്ചു. പ്രായാധിക്യത്തിൽ ഇരുവരും നിര്യാതരായി. കുർത്തമല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VII. 1. വറുഗീസ് മകൻ മാത്തുണ്ണി (കൊച്ചുകുഞ്ഞ് ഉപദേശി) കാളങ്ങാടത്തു്–കോയിപ്രം

പ്രക്കാണത്തു് കൊല്ലന്റേത്തു് നൂറനാൽ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് വറുഗീസ് (ജോർജ്), ശമുവേൽ, പെണ്ണമ്മ എന്നു് മൂന്നു് മക്കൾ. മകൾ പെണ്ണമ്മയെ പുല്ലാട്ട് പൂവത്തുംമൂട്ടിൽ ജോർജ്ജിനെ കൊണ്ടു് വിവാഹം കഴിപ്പിച്ചയച്ചു.

കാളങ്ങാടത്തു് കൊച്ചുകുഞ്ഞു ഉപദേശി, ഇടയാറന്മുള മൂത്താംപാക്കൽ കൊച്ചുകുഞ്ഞു ഉപദേശിയോടു ചേർന്നു് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷ വേലയിൽ സ്വമേധയാ പ്രവർത്തിച്ചു കൊണ്ടിരുന്നു. മാർത്തോമ്മാ സഭയിൽ അന്നത്തെ അറിയപ്പെട്ട ഒരു സ്വമേധയാ സുവിശേഷകനായിരുന്നു. ഭാര്യ അന്നമ്മ 42-ാം വയസ്സിലും, ഉപദേശി 78-ാം വയസ്സിലും നിര്യാതരായി. ഇരുവരേയും കുർത്തമല മാർത്തോമ്മാ പള്ളിസെമിത്തേരിയിൽ സംസ്കരിച്ചു.

## VIII. 1. മാത്തുണ്ണി മകൻ വറുഗീസ് (ജോർജ്) കാളങ്ങാടത്തു്-കോയിപ്രം

കല്ലിശ്ശേരിമഴുക്കീർ ഇലവുംമൂട്ടിൽ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക്, ദാനിയേൽ, ചെറിയാൻ (തങ്കച്ചൻ) ജോൺ, ബാബു, ജോയി, ലീലാമ്മ എന്നു് ആറു് മക്കൾ. മകൾ ലീലാമ്മയെ ഇടിഞ്ഞില്ലത്തു് മുട്ടത്തു് ജോണിയെ കൊണ്ടു വിവാഹം കഴിപ്പിച്ചു.

ശ്രീ. ജോർജ് മദ്രാസിൽ മിലറ്ററി കോൺട്രാക്ടറായി ജീവിതം ആരംഭിച്ചു. അവിടെ നിന്നും തിരിച്ചു വന്നു് സ്വദേശത്തു് വ്യാപാരത്തിൽ പ്രവേശിച്ചു. എഴുമാലി കുടുംബയോഗത്തിന്റെ പ്രാരംഭകാലം മുതൽ കമ്മറ്റിഅംഗമായും, മറ്റു പല വിധത്തിലും കുടുംബത്തിന്റെ പൊതു



നന്മയ്ക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്നു. സ്ഥലത്തെ പൊതുകാര്യത്തിൽ തല്പരനായിരുന്ന താൻ ജാതിമതഭേദമെന്യ എല്ലാവരുടേയും സ്നേഹ ബഹുമാനാദികൾക്കു പാത്രീഭൂതനായിരുന്നു. 70-ാം വയസ്സിൽ നിര്യാതനായി. കുർത്തമല മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IX. 1. വറുഗീസ് മകൻ ദാനിയേൽ (കെ. വി. ദാനിയേൽ) കാളങ്ങാടത്തു്–കുമ്പനാട്

കുമ്പനാടു് പാളയംകോട്ടു് ചാക്കോസാറിന്റെ മകൾ തങ്കമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ജോമോൻ, ജിബി എന്നു് രണ്ടു പുത്രന്മാർ വിദ്യാർത്ഥികളാണ്. റെയിൽവേയിൽ ഉദ്യോഗസ്ഥനായ ശ്രീ. ദാനിയേൽ ഇപ്പോൾ ചെങ്ങന്നൂർ സ്റ്റേഷൻമാസ്റ്ററായി സേവനം അനുഷ്ഠിക്കുന്നു. ഇവർ കുടുംബസമേതം കുമ്പനാട്ടു് കാളങ്ങാടത്തു താമസിക്കുന്നു.

## IX. 2. വറുഗീസ് മകൻ ചെറിയാൻ (തങ്കച്ചൻ) കാളങ്ങാടത്തു്–കോയിപ്രം

മുളക്കുഴ തച്ചിലേത്തു് അമ്മിണിയെ വിവാഹം ചെയ്തു. ഇവർക്കു് ഷിബു, ഷീല, ഷിജു എന്നു് മൂന്നു് മക്കൾ വിദ്യാർത്ഥികളായുണ്ട്. ശ്രീ. ചെറിയാൻ പിതാവിന്റെ ബിസിനസു് ഏറ്റെടുത്തു് നടത്തിക്കൊണ്ടിരിക്കുന്നു.

## IX. 3. വറുഗീസ് മകൻ ജോൺ (ജോണി) കാളങ്ങാടത്തു്, ആമല്ലൂർ–തിരുവല്ലാ

എടത്വാ എട്ടിൽ ഫാൻസിയെ വിവാഹം ചെയ്തു. ഇവർക്ക് അജിത്തു് (അജി), അനീഷ് എന്നു് രണ്ടു പുത്രന്മാർ വിദ്യാർത്ഥികളായുണ്ട്. ശ്രീ. ജോണി റെയിൽവേയിൽ ഉദ്യോഗസ്ഥനായി പ്രവേശിച്ചു. ഇപ്പോൾ തിരുവല്ലാ സ്റ്റേഷൻമാസ്റ്ററായി സേവനം അനുഷ്ഠിക്കുന്നു. ഇവർ കുടുംബസമേതം ആമല്ലൂർ കാളങ്ങാടത്തു താമസിക്കുന്നു.

## IX. 4. വറുഗീസു് മകൻ ജയിക്കബ് (ജോയി) കാളങ്ങാടത്തു് – കോയിപ്രം

ഓതറ എട്ടുപറയിൽ ജോളിയെ വിവാഹം ചെയ്തു. ഇവർക്ക് ജോജി എന്നു് ഒരു പുത്രൻ വിദ്യാർത്ഥിയായിട്ടുണ്ടു്. ഇവർ ഉദ്യോഗാർത്ഥം പേർഷ്യയിൽ താമസിക്കുന്നു.

**IX. 5. വറുഗീസു് മകൻ അലക്സാണ്ടർ (ബാബു) കാളങ്ങാടത്തു്-കോയിപ്രം**

തെള്ളിയൂർ കോളറേത്തു് ആലീസിനെ വിവാഹം കഴിച്ചു. ഇവർ കുടുംബ സമേതം പേർഷ്യയിൽ താമസിക്കുന്നു.

**VIII. 2. മാത്തുണ്ണി മകൻ ശമുവേൽ (കെ. വി. ശമുവേൽ) കാളങ്ങാടത്ത് പുത്തൻവീട്-പുറമററം**

തുമ്പമൺ കീഴടിയിൽ ചെറിയാൻ മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാത്യുസു്, (ബെന്നി), ജോർജു് (റെജി), റൈറ്റസു്, ഡന്നീസു്, ആനി എന്നു് അഞ്ചു മക്കൾ. മകൾ ആനിയെ കുറിയന്നൂർ ചെമ്പോത്തിനാൽ ശ്രീ. ഈശോ മകൻ ജോസിനെകൊണ്ടു വിവാഹം കഴിപ്പിച്ചു. ഇവർ ബോംബെയിൽ സ്ഥിരമായി താമസിക്കുന്നു.

ശ്രീ. ശാമുവേൽ വിദ്യാഭ്യാസാനന്തരം ബ്രിട്ടീഷ് ഇൻഡ്യാ നേവിയിൽ ജോലിയിൽ പ്രവേശിച്ചു. അവിടെ നിന്നു് സിംഗപ്പൂരിൽ ബ്രിട്ടീഷ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ ഓഫീസറായി ദീർഘകാലം സേവനം ചെയ്തു. തുടർന്നു പേർഷ്യൻ ഗൾഫിൽ ഖത്തറിൽ അതേ ജോലിയിൽ തന്നെ പ്രവേശിച്ചു. അവിടെ നിന്നും റിട്ടയാർ ചെയ്തു പുറമറ്റത്തു് കുടുംബസമേതം താമസിക്കുന്നു.

നാട്ടിൽ വിശ്രമ ജീവിതം ചെയ്യുന്ന ശ്രീ. ശമുവേൽ കുടംബയോഗത്തിന്റെ പല കമ്മറ്റിയിലും സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കുടുംബചരിത്ര രചനക്കു വളരെ പ്രോൽസാഹനം ചെയ്തു സഹായിച്ചുകൊണ്ടിരിക്കുന്നു. മകൻ റജി (ജോർജ് ശമുവേൽ B. Tech.) പ്രശസ്തമായ നിലയിൽ പാസ്സാകയും, ഇൻഡ്യാഗവണ്മെന്റ് വിദേശത്തു് അയച്ചു് പെട്രോളിയം എൻജിനീയറിംഗിൽ ബിരുദാനന്തര ഗവേഷണം നടത്തിച്ചു. തുടർന്നു് ഇൻഡ്യയിൽ O.N.G.C. ൽ അസി. എക്സിക്യൂട്ടിവ് എൻജിനീയറായി ജോലിയിൽ തുടരുന്നു. റൈറ്റസ് B. Com., ഡെനീസ് എന്നിവർ വിദ്യാർത്ഥികളാണു്.



**IX. 6. ശാമുവേൽ മകൻ മാത്യുസ് (ബെന്നി) B. Sc. കാളങ്ങാടത്തു് പുത്തൻവീട്-പുറമററം**

കോതമംഗലത്തു് ചമ്പക്കോട്ടു കുടിയിൽ മത്തായി മകൾ ജെയിനെ വിവാഹം ചെയ്തു. ബന്നി ഫ്രാൻസിൽ നിന്നും പെട്രോകെമിക്കൽ ടെക്നിക്കൽ ട്രെയിനിംഗ് ലഭിച്ചശേഷം ഇപ്പോൾ ഖത്തറിൽ ജോലി ചെയ്യുന്നു. കുടുംബസമേതം ഖത്തറിൽ താമസിക്കുന്നു

**VII. 2 വറുഗീസ് മകൻ വറുഗീസ് കാളങ്ങാടത്തു് കോയിപ്രം-കങ്ങഴ**

അയിരൂരിൽ കോളാകോട്ടു നിന്നും അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്കു് വറുഗീസ് (ബേബി) ദാനിയേൽ ജോൺ, മാത്യു, കുഞ്ഞമ്മ എന്നു് അഞ്ചു് മക്കൾ. മകൾ കുഞ്ഞമ്മയെ കുമ്പനാട്ട് ആര്യപ്പള്ളിൽ കുഞ്ഞൂഞ്ഞിനെ കൊണ്ടു വിവാഹം കഴിപ്പിച്ചു. ജൗളിവ്യാപാരിയായ ശ്രീ. വറുഗീസ് കോയിപ്രത്തുനിന്നും പുനലൂരിലും, അവിടെ നിന്നും കങ്ങഴയ്ക്കും മാറി താമസിച്ചു. വറുഗീസും ഭാര്യയും നിര്യാതരായി. കങ്ങഴ പെന്തക്കോസ്തു് സഭാ സെമിത്തേരിയിൽ സംസ്കരിച്ചു.

**VIII. 3. വറുഗീസ് മകൻ വറുഗീസ് (ബേബി) കാളങ്ങാടത്തു് ഇളമ്പൽ-പുനലൂർ**

ഇളമ്പൽ നിന്നും വിവാഹം കഴിച്ചു. ഇവർക്കു് മോനി, സാം, രാജു, ഗ്രേസി എന്നു് നാല് മക്കൾ. ഗ്രേസിയെ കൊട്ടാരക്കര കലയപുരത്തു് വിവാഹം കഴിപ്പിച്ചു.

വിദ്യാഭ്യാസാനന്തരം കോഴിക്കോട്ട് ഗ്വാളിയാർ റയോൺസിൽ ദീർഘകാലം സേവനം ചെയ്ത ശ്രീ. വറുഗീസ് റിട്ടയാർ ചെയ്തു. ഇപ്പോൾ കൃഷികാര്യങ്ങളിൽ ഇടപെട്ടു് കുടുംബ സമേതം ഇളമ്പലിൽ താമസിക്കുന്നു. സാം വർഗീസു് പേർഷ്യയിൽ ജോലിയിലാണു്. രാജു വറുഗീസു് വിദ്യാർത്ഥിയാണു്. മാതാപിതാക്കളോടൊപ്പം താമസിക്കുന്നു.

**IX. 7. വറുഗീസ് മകൻ മോനി വറുഗീസ് കാളങ്ങാടത്തു്-ഇളമ്പൽ**

തിരുവല്ലായിൽ നിന്നും മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർ ഉദ്യോഗാർത്ഥം കുടുംബസമേതം പേർഷ്യയിൽ താമസിക്കുന്നു.

### V 4. വറുഗീസു് മകൻ ദാനിയേൽ
**കാളങ്ങാടത്തു്–കുമളി**

റാന്നിയിൽ നിന്നും വിവാഹം കഴിച്ചു. ഇവർക്കു് തമ്പി, മനോജ്, വിനോദ്, റോസമ്മ, ലിസിലി, കുഞ്ഞുമോൾ എന്നു് ആറു മക്കൾ. ലിസിലിയെ കുമളിയിൽ തന്നെ വിവാഹം കഴിപ്പിച്ചു. മറ്റു മക്കൾ എല്ലാവരും വിദ്യാർത്ഥികളായി മാതാപിതാക്കളോടൊപ്പം താമസിക്കുന്നു.

### VIII. 5. വറുഗീസ് മകൻ ജോൺ
**കാളങ്ങാടത്തു്–കഞ്ഞിക്കുഴി**

കഞ്ഞിക്കുഴ നിന്നും സൂസിയെ വിവാഹം ചെയ്തു. ഇവർക്കു് വറുഗീസ് കെ. ദാനിയേൽ (ജോമോൻ), ജിബി, കെ. ദാനിയേൽ എന്നു് രണ്ടു പുത്രന്മാർ വിദ്യാർത്ഥികളായുണ്ട്. ശ്രീ. ജോൺ ലുദിയാനാ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ ഉദ്യോഗത്തിൽ പ്രവേശിച്ചു. ദീർഘനാളത്തെ സേവനത്തിനു ശേഷം ഇപ്പോൾ കഞ്ഞിക്കുഴയിൽ വെള്ളാവൂർ എന്ന സ്ഥലത്തു് കുടുംബസമേതം കൃഷി കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

### VIII. 6. വറുഗീസ് മകൻ മാത്യു
**കാളങ്ങാടത്തു്–കഞ്ഞിക്കുഴ**

ഏഴംകുളത്തു നിന്നും വിവാഹം ചെയ്തു. ഇവർക്കു് ജോബി, ജോയിസ്, സെലിൻ എന്നു് മൂന്നു് മക്കൾ വിദ്യാർത്ഥികളായുണ്ട്. വിദ്യാഭ്യാസാനന്തരം മാത്യു അമേരിക്കയിൽ പോയി. ഇപ്പോൾ കുടുംബസമേതം അവിടെ താമസിച്ചു് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു.



**അദ്ധ്യായം 21**

# കാളങ്ങാടത്തു ശാഖയിൽ നക്കരേത്തു കുടുംബം

VI. 2. മാത്തുണ്ണി മത്തായി നക്കരേത്തു–കോയിപ്രം

VII. 1. മത്തായി മാത്തുണ്ണി നക്കരേത്തു തടത്തിൽ ,,

2. മത്തായി മത്തായി നക്കരേത്തു–പുനലൂർ

3. മത്തായി വർഗീസ് നക്കരേത്തു മാക്രമ്പത്തു്–കോയിപ്രം

VIII. 1. മാത്തുണ്ണി മാത്യു (ജോർജ്) നക്കരേത്തു തടത്തിൽ–കോയിപ്രം

2. മാത്തുണ്ണി ശമുവേൽ നക്കരേത്തു തടത്തിൽ–ആറാട്ടുപുഴ

3. മാത്തുണ്ണി തോമസ് നക്കരേത്തു–കോയിപ്രം

4. മത്തായി മത്തായി ,, പുനലൂർ

5. മത്തായി ജോർജ് ,, ,,

6. വറുഗീസ് മത്തായി ,, മാക്രമ്പത്തു്–കോയിപ്രം

7. വറുഗീസ് വറുഗീസ് ,, ,, ,,

8. വറുഗീസ് ശമുവേൽ ,, ,, ,,

IX. 1. ജോർജ് മാത്യു നക്കരേത്തു്–പീരുമേടു്

2. ജോർജ് തോമസ് ,, ,,

3. ശമുവേൽ മാത്യു ,, ആറാട്ടുപുഴ

4. തോമസ് മാത്തുണ്ണി ,, നെല്ലിക്കൽ

5. മത്തായി വറുഗീസ് ,, മേപ്രത്തു് കോയിപ്രം

# കാളങ്ങാടത്തു് ശാഖയിൽ നക്കരേത്തു് കുടുംബം

### VI. 2. മാത്തുണ്ണി മകൻ മത്തായി നക്കരേത്തു്– കോയിപ്രം

അയിരൂരിൽ നിന്നും വിവാഹം കഴിച്ചു. ഇവർക്കു് മാത്തുണ്ണി, മത്തായി, വറുഗീസ്, തോമസ് എന്നു് നാലു് പുത്രന്മാരും, നാല് പുത്രിമാരും ഉണ്ടായിരുന്നു. മൂത്ത മകളെ അയിരൂർ അഴിപുരയ്ക്കലും, രണ്ടാമത്തെ മകളെ തട്ട യ്ക്കാട്ടിൽ കുറ്റിയ്ക്കാട്ടും, മൂന്നാമത്തെ മകളെ കുമ്പനാട്ടു് പ്ലാന്തോട്ടത്തിൽ തോമസും, നാലാമത്തെ മകളെ ഇടനാട്ടിലും വിവാഹം കഴിപ്പിച്ചു. മാതാപിതാക്കൾ വാർദ്ധക്യത്തിൽ നിര്യാതരായി, കുർത്തമല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VII. 1. മത്തായി മകൻ മാത്തുണ്ണി നക്കരേത്തു തടത്തിൽ–കോയിപ്രം

ഇലന്തൂർ പ്ലാവുനിൽക്കുന്നതിൽ റാഹേലമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ജോർജ്, ശമുവേൽ, തോമസ്, സാറാമ്മ കുഞ്ഞമ്മ എന്നു് അഞ്ചു മക്കൾ. സാറാമ്മയെ ഇടയാറന്മുള യും, കുഞ്ഞമ്മയെ കിടങ്ങന്നൂരും വിവാഹം കഴിപ്പിച്ചു. മാത്തുണ്ണി വാർദ്ധക്യത്തിൽ നിര്യാതനായി. കുർത്തമല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. മാതാവു് നിര്യാതയായി. കോയിപ്രം ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.

### VIII. 1. മാത്തുണ്ണി മകൻ (മാത്യു ജോർജ്) നക്കരേത്തു് തടത്തിൽ–കോയിപ്രം

തുമ്പമൺ പൊയ്കയിൽ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാത്യു, തോമസ്, വറുഗീസ്, റയിച്ചൽ, മറിയാമ്മ, ഏലിസബേത്തു് എന്നു് ആറു മക്കൾ. റയിച്ചലിനെ റാന്നിയിലും, മറിയാമ്മയെ കുമളിയിലും വിവാഹം കഴിപ്പിച്ചു. മകൻ വറുഗീസും, മകൾ എലിസബേത്തും വിദ്യാർത്ഥികളാണ്. ഈ കുടുംബം പീരുമേട്ടിൽ മുരുക്കടിയിൽ കുടുംബസമേതം സ്ഥിരതാമസമാക്കിയിരിക്കുന്നു.



Mr. കെ. എം. ശമുവേൽ & കുടുംബം
കാളങ്ങാടത്തു പുത്തൻവീട്, പുറമറ്റം



കുടുംബയോഗ ഭാരവാഹികൾ



കുടുംബയോഗത്തിന്റെ ഒരു ദൃശ്യം



കുടുംബയോഗത്തിന്റെ ഒരു ദൃശ്യം



**IX. 1. ജോർജ്ജ് മകൻ എൻ. ജി. മാത്യു**
**നക്കരേത്തു്–പീരുമേടു്**

തേക്കടി സ്വദേശിയായ തങ്കമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ജാൻസി, മനോജ് എന്നു് രണ്ട് മക്കൾ വിദ്യാർത്ഥികളായുണ്ട്.

**IX. 2. ജോർജ്ജ് മകൻ തോമസ്**
**നക്കരേത്തു്–പീരുമേടു്**

വെങ്ങാരംകുന്നു പുതുപ്പറമ്പിൽ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ജോർജ്ജ് എന്ന ഒരു മകൻ വിദ്യാർത്ഥിയായുണ്ട്.

**VIII. 2. മാത്തുണ്ണി മകൻ ശമുവേൽ**
**നക്കരേത്തു് തടത്തിൽ–ആറാട്ടുപുഴ**

ആറാട്ടുപുഴ മുശ്ശാരേത്തു് മത്തായി മകൾ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മാത്യു, മത്തായി, ജോൺ, തമ്പി, റോയി, കുഞ്ഞുമോൾ, മോളി, സാറാമ്മ, സാലി, എന്നു് ഒൻപതു മക്കൾ. മകൾ കുഞ്ഞുമോളെ എറണാകുളം പച്ചമ്പള്ളി ജോർജ്ജുകുട്ടിയും, മോളിയെ നീർവിളാകം പൂന്തോട്ടംകുന്നു് ജോയിയും വിവാഹം കഴിച്ചു. മക്കളിൽ മത്തായി, ജോൺ, തമ്പി, റോയി, സാറാമ്മ, സാലി എന്നിവർ വിദ്യാർത്ഥികളാണു്.

**IX. 3 ശമുവേൽ മകൻ മാത്യു**
**നക്കരേത്തു്–ആറാട്ടുപുഴ**

ഇടനാട്ടിൽ മായാലിൽ തുണ്ടിയിൽ കുഞ്ഞുമോളെ വിവാഹം കഴിച്ചു. ഇൻഡ്യൻ ആർമിയിൽ ഉദ്യോഗസ്ഥനാണു്.

**VIII. 3. മാത്തുണ്ണി മകൻ തോമസ്**
**നക്കരേത്തു്–കോയിപ്രം**

റാന്നി വടക്കെ തുണ്ടിയിൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാത്തുണ്ണി, റയിച്ചൽ, ലിസി, ലീലാമ്മ എന്നു് നാലു മക്കൾ. ലീലാമ്മ വിദ്യാർത്ഥിനിയാണു്. റയിച്ചലിനെ വണ്ടന്മേട്ടിൽ മാത്യുവും, ലിസിയെ മുക്കൂട്ടുതറയിലെ കണിയാംമ്പുഴയ്ക്കൽ മാത്യുവും വിവാഹം കഴിച്ചു.

### IX. 4. തോമസ് മകൻ എൻ. എം. മാത്തുണ്ണി നക്കരേത്തു്–നെല്ലിക്കൽ

പുന്നയ്ക്കാട്ടു് കിഴക്കേതിൽ കോശി മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ഷിജോ മാത്യു, സൗമ്യ, ഷോണിമ എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ട്. ഇവർ ഉദ്യോഗാർത്ഥം സൗദി അറേബ്യയിൽ താമസിക്കുന്നു

### VII. 2. മത്തായി മകൻ മത്തായി നക്കരേത്തു്–പുനലൂർ

ഏരൂരിൽ നിന്നും റാഹേലിനെ വിവാഹം കഴിച്ചു. ഇവർക്ക് മത്തായി, ജോർജ്, അന്നമ്മ, മറിയാമ്മ, കുഞ്ഞമ്മ എന്നു് അഞ്ചു് മക്കൾ. അന്നമ്മയെ മൈലപ്ര മണിപ്പുഴയിലും, മറിയാമ്മയെ വെണ്ണിക്കുളത്തു കരിമ്പന്നൂരിലും, കുഞ്ഞമ്മയെ മൈലപ്ര മണിപ്പുഴയിലും വിവാഹം കഴിപ്പിച്ചു. മത്തായി 70-ാം വയസിൽ നിര്യാതനായി. പുനലൂർ കർമ്മേൽ മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ റാഹേൽ നിര്യാതയായി. പുനലൂർ തളിക്കോട്ടു മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VIII. 4. മത്തായി മകൻ എൻ. എം. മത്തായി നക്കരേത്തു്–പുനലൂർ

പെരുമ്പ്രാക്കാട്ടു നിന്നും സാറാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മത്തായി, വറുഗീസ്, റയിച്ചൽ, ഏലിയാമ്മ അമ്മിണി, ശോശാമ്മ, മറിയാമ്മ, എന്നു് ഏഴ് മക്കൾ, റയിച്ചലിനെ കൂടലിലും, ഏലിയാമ്മയെ മുണ്ടിയപ്പള്ളിലും അമ്മിണിയെ ഇടയാറന്മുള കരിമ്പന്നൂരിലും, ശോശാമ്മയെ കൊട്ടാരക്കര തെങ്ങുവിളയിലും വിവാഹം കഴിപ്പിച്ചു. പുത്രന്മാരും, ഇളയപുത്രി മറിയാമ്മയും അവിവാഹിതരും, വിദ്യാർത്ഥികളും ആയി കുടുംബത്തു് മാതാപിതാക്കളോടൊപ്പം പുനലൂരിൽ താമസിക്കുന്നു.

### VIII. 5. മത്തായി മകൻ ജോർജ് നക്കരേത്തു്–പുനലൂർ

കുറിയന്നൂരിൽ മുണ്ടനില്ക്കുന്നതിലായ കാര്യാലിൽ വീട്ടിൽ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് മത്തായി, സൈമൺ, റാഹേലമ്മ, അച്ചാമ്മ, മറിയാമ്മ, അന്നമ്മ



എന്നു് ആറു് മക്കൾ. റാഹേലമ്മയെ കിടങ്ങന്നൂർ പുന്നമൂട്ടിലും, അച്ചാമ്മയെ പിരളശ്ശേരി മതിലകത്തും, മറിയാമ്മയെ കരവാളൂർ മുതിരവിളയിലും വിവാഹം കഴിപ്പിച്ചു. മകൾ അന്നമ്മയും പുത്രന്മാരും വിദ്യാർത്ഥികളാണു്. കുടുംബസഹിതം പുനലൂരിൽ താമസിക്കുന്നു.

### VII. 3. മത്തായി മകൻ വറുഗീസ് നക്കരേത്ത്. മാമ്രേമ്പത്ത്–കോയിപ്രം

ചെന്നിത്തല കൊല്ലമ്പറമ്പിൽ വറുഗീസ് മകൾ റാഹേലിനെ വിവാഹം കഴിച്ചു. ഇവർക്ക് മത്തായി, വറുഗീസ്, ശമുവേൽ എന്നു് മൂന്നു് മക്കൾ. കൃഷിയും, വ്യാപാരവും തൊഴിലായി സ്വീകരിച്ച ശ്രീ. വറുഗീസ് ഒരു ദൈവഭക്തനും, സൗമ്യനും ആയിരുന്നു. 1976–ൽ 76–ാം വയസിൽ നിര്യാതനായി. കുർത്തമല ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VIII. 6. വറുഗീസ് മകൻ മത്തായി നക്കരേത്ത് മാമ്രേമ്പത്ത്-കോയിപ്രം

ഇടയാറന്മുള തലക്കോട്ട് യോഹന്നാച്ചൻ മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് വറുഗീസ് (അച്ചൻകുഞ്ഞ്) റയിച്ചൽ, ഏലിയാമ്മ, ലീനാ മാത്യു എന്നു് നാല് മക്കൾ. റയിച്ചിലിനെ പുത്തൻ കുരിശു് പൈനുംമൂട്ടിൽ ഉമ്മൻ മാത്യു വിവാഹംകഴിച്ചു. ഏലിയാമ്മയും ലീനയും വിദ്യാർത്ഥികളാണു്. വ്യാപാരിയായ താൻ കോയിപ്രത്തു് കുടംബസമേതം താമസിക്കുന്നു.

### IX. 5. മത്തായി മകൻ വറുഗീസു് നക്കരേത്തു് മാമ്രേമ്പത്തു് – കോയിപ്രം

കൊടശനാൽ കല്ലുവിളയിൽ ജോർജ്ജ് മകൾ റോസമ്മയെ വിവാഹം കഴിച്ചു. ഉദ്യോഗാർത്ഥം സൗദിഅറേബ്യയിൽ കുടുംബസമേതം താമസിക്കുന്നു.

### VIII. 7. വറുഗീസു് മകൻ വറുഗീസു് മാത്രമ്പ്രത്ത് നക്കരേത്തു്–കോയിപ്രം

ഓതറ പുങ്ങശ്ശേരിൽ തോമസു് മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ഷിബു, ഷെർലി, ഷീല, ഷീജ, സ്മിത എന്നു് അഞ്ചു മക്കൾ. ഷെർളിയെ കായംകുളം കോലാമൂട്ടിൽ അലക്സാണ്ടർ വിവാഹം കഴിച്ചു. ശേഷം മക്കൾ വിദ്യാർത്ഥികളാണു്. ഇവർ കുടുംബസമേതം ഉദ്യോഗാർത്ഥം ബീഹാറിൽ താമസിക്കുന്നു.

### VIII. 8. വറുഗീസു് മകൻ ശാമുവേൽ മാത്രമ്പ്രത്ത് നക്കരേത്തു്-കോയിപ്രം

ചെങ്ങന്നൂരിൽ നിന്നും മറിയാമ്മയെ വിവാഹം കഴിച്ചു ഇവർക്കു് വറുഗീസു്, റ്റോബിൻ, എന്നു് രണ്ടുപുത്രന്മാരും ഒരു പുത്രിയും വിദ്യാർത്ഥികളായുണ്ടു്. ഉദ്യോഗാർത്ഥം ബീഹാറിൽ കുടുംബസമേതം താമസിക്കുന്നു.



അദ്ധ്യായം 22

# കാളങ്ങാടത്തു ശാഖയിൽ നക്കരേത്തു ചിറമ്പത്തു കുടുംബം

VI. 3. മാത്തുണ്ണി പെരുമാൾ നക്കരേത്തു് ചിറമ്പത്തു് – കോയിപ്രം

VII. 1. പെരുമാൾ മാത്തുണ്ണി നക്കരേത്തു് ,,
2. പെരുമാൾ മത്തായി ,, ,,
3. പെരുമാൾ വറുഗീസു് ,, ,,

VIII. 1. മാത്തുണ്ണി മത്തായി (ഉണ്ണൂണ്ണി) വല്യങ്ങേലിൽ-കോയിപ്രം
2. മാത്തുണ്ണി ജോർജ്ജ് നക്കരേത്തു് ,,
3. മാത്തുണ്ണി തോമസു് ,, ,,
4. മത്തായി ഏബ്രഹാം ചിറമ്പത്തു് – കല്ലാർ
5. മത്തായി മത്തായി ,, മണിമല
6. മത്തായി ജോർജ്ജു് ,, കണ്ടഴ

IX. 1. മത്തായി മാത്യൂസു് നക്കരേത്തു് കാരക്കാടു്–കോയിപ്രം
2. മത്തായി റ്റൈറ്റസു് നക്കരേത്തു് വല്യങ്ങേലിൽ–കോയിപ്രം
3. മത്തായി അലക്സു് ,, ,,
4. ജോർജ്ജു് മത്തായി (ബേബി) നക്കരേത്തു് കുറ്റിയിൽ–കുമ്പനാടു്
5. ജോർജ്ജു് വറുഗീസു് നക്കരേത്തു്-കോയിപ്രം
6. ജോർജ്ജു് തോമസു് ,, ,,
7. തോമസു് മത്തായി ,, ,,
8. തോമസു് ചാക്കോ ,, നെല്ലിക്കൽ
9. ഏബ്രഹാം മാത്യു ചിറമ്പത്തു്–കണ്ടഴ
10. ഏബ്രഹാം തോമസു് ,, ,,
11. ജോർജ്ജു് സാജൻ ,, ,,

# കാളങ്ങാടത്തു ശാഖയിൽ നക്കരേത്തു ചിറമ്പത്തു കുടുംബം

## VI. 3. മാത്തുണ്ണി മകൻ പെരുമാൾ നക്കരേത്തു് ചെറമ്പത്തു് - കോയിപ്രം

പുത്തൻകാവു് പൈനുംമൂട്ടിൽ അച്ചാദിനെ വിവാഹം കഴിച്ചു. ഇവർക്കു് മാത്തുണ്ണി, മത്തായി, വറുഗീസു്, അന്നമ്മ മറിയാമ്മ, ഏലിയാമ്മ എന്നു് ആറു മക്കൾ. അന്നമ്മയെ കോഴഞ്ചേരി ചെന്നെറങ്ങലും, ഏലിയാമ്മയെ തട്ടയ്ക്കാട്ടു മണ്ണാത്രേത്തും, മറിയാമ്മയെ പുത്തൻകാവു് കപ്യാർ വീട്ടിലും വിവാഹം കഴിപ്പിച്ചു. മാതാപിതാക്കൾ വാർദ്ധക്യത്തിൽ നിര്യാതരായി. ഇരുവരേയും കുർത്തമല യാക്കോബായ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VII. 1. പെരുമാൾ മകൻ മാത്തുണ്ണി നക്കരേത്തു് ചെറമ്പത്തു്-കോയിപ്രം

കല്ലുപ്പാറ തങ്ങളത്തിൽ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മത്തായി (ഉണ്ണൂണ്ണി) ജോർജു്, തോമസു്, ശോശാമ്മ മറിയാമ്മ, അന്നമ്മ, ഏലിയാമ്മ എന്നു് ഏഴു മക്കൾ. ശോശാമ്മയെ കോയിപ്രത്തു നെല്ലിക്കൽ കുറുമ്പനങ്ങാട്ടു മത്തായിയും, മറിയാമ്മയെ തട്ടയ്ക്കാടു് കോലേടത്തു് മാത്യുവും, അന്നമ്മയെ കിഴക്കൻമുത്തൂർ പാടിപറമ്പിൽ ഫിലിപ്പും, ഏലിയാമ്മയെ കോയിപ്രത്തു മല്ലപ്പള്ളിൽ തോമസും വിവാഹം കഴിച്ചു. ശ്രീ. മാത്തുണ്ണി 1956-ലും, അന്നമ്മ 1971-ലും നിര്യാതരായി. കുർത്തമല യാക്കോബാപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VIII. 1. മാത്തുണ്ണി മകൻ മത്തായി (ഉണ്ണൂണ്ണി) നക്കരേത്തു് വലുങ്ങേലിൽ-കോയിപ്രം

കവിയൂർ കാരയ്ക്കാട്ടിൽ കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാത്യൂസു്, റൈറ്റസു്, അലക്സാണ്ടർ, അമ്മുക്കുട്ടി മേരിക്കുട്ടി എന്നു് അഞ്ചു മക്കൾ. അമ്മുക്കുട്ടിയെ കല്ലുപ്പാറ



കൊച്ചുപുരയ്ക്കൽ തോമസും, മേരിക്കുട്ടിയെ തലവടി ചെത്തിപ്പുരയ്ക്കൽ ചാക്കോ മാത്യുവും വിവാഹം കഴിച്ചു.

1910-ൽ ജാതനായ ശ്രീ. ഉണ്ണൂണ്ണി വിദ്യാഭ്യാസാനന്തരം വ്യാപാര, വ്യവസായ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ചെറിയ തോതിൽ ആരംഭിച്ച തന്റെ പ്രവൃത്തി മണ്ഡലത്തെ ദൈവാശ്രയത്തിന്റെയും, ദീർഘദൃഷ്ടിയുടേയും ഫലമായി കോയിപ്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട നിലയിലേക്ക എത്തിച്ചു. അന്യരെ തന്നിലേക്കു ആകർഷിക്കുന്നതിനുള്ള കഴിവു് മറ്റാരേയുംകാൾ കൂടുതൽ തനിക്കുണ്ടായിരുന്നു. മറ്റുള്ളവർക്കു അത്ഭുതം ക്ലുരത്തക്ക നിലയിൽ കൃഷി, വ്യാപാര, വ്യവസായ രംഗങ്ങളിൽ കോയിപ്രത്തെ ഏറ്റവും ഉയർന്ന നിലയിൽ എത്തത്തക്കവണ്ണം തന്റെ ജീവിതത്തിൽ ദൈവ കൃപ വ്യാപരിച്ചിരുന്നു.

ആരെയും ആകർഷിക്കത്തക്ക ശാലീനതയും, ശാന്തഗംഭീതവും തന്റെ ജീവിതത്തിന്റെ മുഖമുദ്രയായിരുന്നു. കോയിപ്രം ദേശത്തു് ഉണ്ടായിട്ടുള്ള സമകാലീന സംഭവങ്ങളിൽ എല്ലാം തന്നെ ഭാഗഭാക്കാകുകയും, യോഗ്യമായ നിലയിൽ സഹായസഹകരണങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ടു്. ആ ദർശനിഷ്ഠയോടു കൂടിയുള്ള തന്റെ ജീവിതം കോയിപ്രം ദേശത്തിന്റെ മുഖഛായയ്ക്കു തന്നെ മാറ്റം വരുത്തിയിട്ടുണ്ടു്. സ്ഥാനമാനങ്ങൾക്കോ, വ്യക്തിതാല്പര്യങ്ങൾക്കോ പ്രാധാന്യംകൊടുക്കാതെ മനുഷ്യസമൂഹത്തെ ഒന്നായി കണ്ടുകൊണ്ടു് സാധുക്കളുടെ ഉന്നമനത്തിനു് തന്നാൽ കഴിവുള്ളതെല്ലാം ചെയ്തിട്ടുണ്ടു്. പ്രതിബന്ധങ്ങൾ എന്തുതന്നെ നേരിട്ടാലും നിശ്ചയിച്ചിറങ്ങിയ കാര്യം പരിസമാപ്തിയിൽ എത്തിക്കാതെ പിന്മാറുന്ന പതിവില്ലായിരുന്നു. തികഞ്ഞ ദൈവഭക്തനായിരുന്ന താൻ സഭാ ജീവിതത്തിലും വ്യക്തിമുദ്ര പതിച്ചിട്ടുണ്ടു്. തന്റെ ശ്രമഫലമായി കോയിപ്രത്തു് ഒരു കത്തോലിക്കാ ദേവാലയം സ്ഥാപിക്കുന്നതിനും, അന്യസഭകളിൽ നിന്നും അനേകരെ തന്റെ വിശ്വാസത്തിലേക്ക ആകർഷിക്കുന്നതിനും പ്രാപ്തനായിരുന്നു. സഭാ നേതൃത്വത്തിനു് തന്നോടുള്ള സ്നേഹ വാത്സല്യങ്ങൾ ഒന്നു പ്രത്യേകതരമായിരുന്നു.

തികഞ്ഞ കുടുംബ സ്നേഹിയായ താൻ ചെറുപ്രായ
ത്തിലെ കോയിപ്രത്തുള്ള കുടുംബാംഗങ്ങളെ ഒന്നിച്ചു കൂട്ടു
ന്നതിന് കഴിവതെല്ലാം ചെയ്തിരുന്നു. അതിൻപ്രകാരം
കോയിപ്രത്തുള്ള എഴുമാലി കുടുംബാംഗങ്ങൾ ഒന്നിച്ചു
കൂടുന്നതിനും കുറെ വർഷങ്ങൾ കുടുംബയോഗം നടത്തി
കൊണ്ടുപോകുന്നതിനും സാധിച്ചു.നിർഭാഗ്യവശാൽ അതു
തുടർന്നു കൊണ്ടുപോകുവാൻ സാധിക്കാതെ വന്നു.
തുടർന്നു ഇന്നു നടക്കുന്നതുപോലെയുള്ള ഒരു കൂടിവരവി
നുവേണ്ടി ആഗ്രഹിക്കയും, അതിനുള്ള വഴികൾ അന്വേഷി
ക്കയും ചെയ്തുകൊണ്ടിരുന്നു. ഈ കാലഘട്ടത്തിൽ കടപ്രയു
ള്ളവർ എഴുമാലി കുടുംബയോഗം വിളിച്ചുകൂട്ടുവാൻ താ
ല്പര്യപ്പെട്ടു. അതു മനസ്സിലാക്കിയ താൻ അതിനു
വേണ്ടി ആവതെല്ലാം ചെയ്തിട്ടുമുണ്ട്. ഇപ്രകാരം വിളിച്ചു
കൂട്ടിയ കുടുംബയോഗത്തിന്റെ പ്രഥമ വൈസ് പ്രസിഡന്റാ
യി വല്യങ്ങേലിൽ ശ്രീ. സി. എം.. മത്തായിയെ തന്നെ തെര
ഞ്ഞെടുത്തതിൽ അത്ഭുതത്തിനവകാശമില്ല, കുടുംബ
യോഗത്തിന്റെ വളർച്ചയ്ക്കും അഭ്യുന്നതിക്കുംവേണ്ടി ആത്മാർ
ത്ഥമായി പരിശ്രമിച്ച ചുരുക്കം ചിലരിൽ ഒരുവനാണ്
താൻ. തന്റെ ആതിഥേയത്വം സ്വീകരിക്കാത്ത എഴുമാലി
കുടുംബാംഗങ്ങൾ ഉണ്ടോ എന്ന് സന്ദേഹിക്കുന്നു.

കുടുംബയോഗത്തിന്റെ എല്ലാ പ്രാർത്ഥന യോഗങ്ങളി
ലും മുടങ്ങാതെ സംബന്ധിക്കുവാൻ ആവോളം ശ്രമിച്ചിട്ടു
ണ്ട്. മാത്രമല്ല, മറ്റുള്ളവരെ കൂട്ടികൊണ്ടുവരുന്നതിനും കഴി
വതും ശ്രദ്ധിച്ചിട്ടുണ്ട്. എഴുമാലി കുടുംബയോഗത്തിന്റെ
എല്ലാ കമ്മറ്റിയിലും, സബ്കമ്മറ്റികളിലും സംബന്ധിച്ച്
തന്റെ ഉപദേശം കൊണ്ടും, മറ്റുള്ള കഴിവുകൾ കൊണ്ടും കുടും
ബത്തെ ആവോളം സഹായിച്ചിട്ടുണ്ട്. തുടർന്നു തന്നെ
കുടുംബയോഗത്തിന്റെ രക്ഷാധികാരിയാക്കുകയും ദീർഘ
കാലം ആ സ്ഥാനം അലങ്കരിക്കുകയും ചെയ്തിരുന്നു. തന്റെ
രോഗകിടക്കയിലും എഴുമാലി കുടുംബ ചരിത്രത്തിന്റെ
പൂർത്തീകരണത്തിനുവേണ്ടിയുള്ള ആകാംക്ഷ തന്നെ സന്ദർ
ശിച്ച കുടുംബാംഗങ്ങൾക്കെല്ലാംഉത്തേജനം നൽകിയിട്ടുണ്ട്.
രോഗം നിമിത്തമുള്ള അതിവേദനയിലും സന്തോഷമുള്ളവ



നും, പ്രത്യാശയുള്ളവനുമായിരുന്നു. 1986-ൽ 75-ാം വയ
സ്സിൽ ഇഹലോകവാസം വെടിഞ്ഞു. കോയിപ്രം കത്തോ
ലിക്കാ പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു. ഭർത്താവി
ന്റെ വേർപാടോടുകൂടി ഭാര്യ കുഞ്ഞമ്മയുംക്ഷീണിതയായി.
1986 നവംബറിൽ നിര്യാതയായി. കോയിപ്രം കത്തോലിക്ക
പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IX. 1. മത്തായി മകൻ മാത്യൂസ്
## നക്കരേത്ത് കാരയ്ക്കാട്ടിൽ-കോയിപ്രം

കോയിപ്രം ചെറുവള്ളിൽ ജോർജ്ജ് മകൾ രാജമ്മയെ
വിവാഹം കഴിച്ചു. ഇവർക്ക് അലോഷ്യസ്, ആഞ്ചലോ,
ആനി എന്ന് മൂന്നു മക്കൾ. വിദ്യാഭ്യാസാനന്തരം M.E.S. ൽ
ഉദ്യോഗസ്ഥനായിരിക്കെ 1983-ൽ 46-ാം വയസ്സിൽ നിര്യാ
തനായി. തട്ടക്കാട്ട് സെന്റ്പീറ്റേഴ്സ് കത്തോലിക്കാ ദേവാ
ലയ സെമിത്തേരിയിൽ സംസ്കരിച്ചു. പിതാവിന്റെ മരണാ
നന്തരം സീമന്ത പുത്രൻ അലോഷ്യസ് മാത്യുവിന് M.E
S.ൽതന്നെ ജോലി ലഭിച്ചു. മറ്റു മക്കൾ വിദ്യാർത്ഥികളായി
മാതാവിനോടൊപ്പം കോയിപ്രത്തു താമസിക്കുന്നു.

## IX. 2. മത്തായി മകൻ റൈറ്റസ്,
## നക്കരേത്തു വല്യങ്ങേലിൽ-കോയിപ്രം

ചെങ്ങന്നൂർ മുകത്തു വത്സമ്മയെ വിവാഹം കഴിച്ചു.
ഇവർക്ക് ബിനു, ബിനോയി, ബിജോയി, അനിത എന്ന്
നാല് മക്കൾ വിദ്യാർത്ഥികളായുണ്ട്. റൈറ്റസ്, പിതാവു
നടത്തിയിരുന്ന കൃഷിയും, വ്യവസായവും ഏറ്റെടുത്ത്
നടത്തിക്കൊണ്ടിരിക്കുന്നു.

## IX. 3. മത്തായി മകൻ അലക്സാണ്ടർ M. Sc.
## നക്കരേത്ത് വല്യങ്ങേലിൽ–കോയിപ്രം

ചേപ്പാട്ട് കന്നിമേൽ ശാന്തമ്മ B. A. യെ വിവാഹം ചെ
യ്തു. ഇവർക്ക് സ്മിത, വിനീത, അമൃത എന്ന് മൂന്ന്മക്കൾ
വിദ്യാർത്ഥികളായുണ്ട്. അലക്സാണ്ടറും ഭാര്യയും അദ്ധ്യാ
പകരായി നൈജീരിയായിൽ കുടുംബസമേതം താമസി
ക്കുന്നു.

## VIII. 2. മാത്തുണ്ണി മകൻ ജോർജ്

**നക്കരേത്തു്-കോയിപ്രം**

നെല്ലിമല ചെള്ളേത്തു് അഴേനിക്കൽ പെണ്ണമ്മയെ വിവാഹം കഴിച്ചു. ഇവർ നെല്ലിക്കൽ പാരൂരിൽ താമസമാക്കി. ഇവർക്കു് മത്തായി, വറുഗീസ്, തോമസ്, ലീലാമ്മ ഓമന എന്ന് അഞ്ചു മക്കൾ. ലീലാമ്മയെ പുല്ലാട്ടു മമ്മരപ്പള്ളിൽ ജോയിയും, ഓമനയെ കങ്ങഴ തടിയുഴത്തിൽ ജോസഫും വിവാഹംകഴിച്ചു. ഭാര്യ പെണ്ണമ്മ 1960-ൽ നിര്യാതയായി. കുർത്തമല യാക്കോബായ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഒരു വ്യാപാരിയായിരുന്ന ശ്രീ. ജോർജ് എഴുമാലി കുടുംബയോഗത്തിന്റെ പ്രാരംഭകാലം മുതൽ അതിന്റെ അഭ്യുന്നതിക്കുവേണ്ടി തന്നാലാവതെല്ലാം ചെയ്തിട്ടുണ്ട്. ഇപ്പോൾ കുടുംബത്തിൽ വിശ്രമജീവിതം നയിക്കുന്നു.

## IX. 4. ജോർജ് മകൻ മത്തായി (ബേബി)

**നക്കരേത്തു്**

കുമ്പനാടു് കുറ്റിയിൽ ജോണിന്റെ മകൾ മോളിയെ വിവാഹം കഴിച്ചു. ഇപ്പോൾ കുമ്പനാടു് കുറ്റിയിൽ കുടുംബസഹിതം താമസിക്കുന്നു. ഇവർക്കു് ജോർജ്, മത്തായി, മേരി, എലിസബേത്തു് എന്ന് നാലു് മക്കൾ വിദ്യാർത്ഥികളായുണ്ട്. ശ്രീ. ബേബി ഇപ്പോൾ തിരുവനന്തപുരത്തു് സിറിയൻ കാതലിക്സു് ബിഷപ്പ്സു് പാലസിൽ ഉദ്യോഗസ്ഥനാണ്. ഇപ്പോൾ കുടുംബയോഗ കമ്മറ്റികളിൽ ഉത്സാഹപൂർവ്വം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മകൾ മേരി അദ്ധ്യാപികയാണു്.

## IX. 5. ജോർജ് മകൻ വറുഗീസ്

**നക്കരേത്തു്-കോയിപ്രം**

കോടുകുളഞ്ഞി വല്ലാശ്ശേരിൽ നൈനാൻ മകൾ കൊച്ചുമോളെ വിവാഹം കഴിച്ചു. ഇവർക്കു് സീസി, സിജി, സിമി എന്നു് മൂന്നു് മക്കൾ വിദ്യാർത്ഥികളായുണ്ട്. വറുഗീസ് ഉദ്യോഗാർത്ഥം കുടുംബസമേതം എറണാകുളത്തു് താമസിക്കുന്നു.



## IX. 6. ജോർജ് മകൻ തോമസ്

**നക്കരേത്തു്-കോയിപ്രം**

പെണ്ണുക്കര തകിടിയിൽ തോമസ് മകൾ ലിസിയെ വിവാഹം കഴിച്ചു. ഇവർക്കു് ബിനു എന്നു് ഒരു മകൻ വിദ്യാർത്ഥിയായുണ്ട്. ഇവർ ഉദ്യോഗാർത്ഥം കുടുംബസമേതം താമസിക്കുന്നു.

## VIII. 3. മാത്തുണ്ണി മകൻ തോമസ്

**നക്കരേത്തു്-കോയിപ്രം**

മായാലിൽ ചാക്കോ മകൾ കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മത്തായി, ചാക്കോ, വത്സമ്മ, സാലി, മേഴ്സി, മോളി എന്നു് ആറു് മക്കൾ. വത്സമ്മയെ പിരളശ്ശേരിൽ അരക്കനാട്ടിൽ ഇടിക്കുളയും, സാലിയെ കോഴഞ്ചേരിൽ കോയിക്കലേത്തു് ഏബ്രഹാമും, മേഴ്സിയെ ഇടനാട്ടിൽ പറത്തോലിൽ ഈപ്പനും, മോളിയെ മാലക്കര പുത്തൻകുന്നിൽ രാജനും വിവാഹം കഴിച്ചു. ശ്രീ. തോമസിന്റെ ഭാര്യ കുഞ്ഞമ്മ നിര്യാതയായി. കുർത്തമല യാക്കോബായ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഇപ്പോൾ കുടുംബത്തു് വിശ്രമ ജീവിതം നയിക്കുന്നു.

## IX. 7. തോമസ് മകൻ മത്തായി

**നക്കരേത്തു്-കോയിപ്രം**

കാർത്തികപ്പള്ളിൽ ഉപ്പേരിൽ ഈപ്പൻ മകൾ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് സുനിൽ, സുജ എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ടു്. ഗൾഫിൽ ഉദ്യോഗസ്ഥനായ താൻ ഇപ്പോൾ എഴുമാലി കുടുംബത്തിന്റെ തറവാടായ എഴുമാലി പുരയിടത്തിൽ വീടുവെച്ചു താമസിക്കുന്നു.

## IX. 8. തോമസ് മകൻ ചാക്കോ

**നക്കരേത്തു്-നെല്ലിക്കൽ**

പുറമറ്റം അടിച്ചിത്തറ ഈപ്പച്ചൻ മകൾ ലീലാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് തോമസ് ചാക്കോ എന്നൊരു മകൻ വിദ്യാർത്ഥിയായുണ്ടു്. ശ്രീ. ചാക്കോ തിരുവല്ലായിൽ ഒരു കമ്പിനിയിൽ ഉദ്യോഗസ്ഥനാണ്.

**VII. 2. പെരുമാൾ മകൻ മത്തായി**
**ചെറമ്പത്തു്–കോയിപ്രം**

കോഴഞ്ചേരിൽ പുളിയിലേത്തു അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് എബ്രഹാം, മത്തായി, ജോർജ്, പെണ്ണമ്മ, കുട്ടിയമ്മ, അന്നമ്മ, തങ്കമ്മ എന്നു് ഏഴ് മക്കൾ. പെണ്ണമ്മയെ ചെറുകോലും, കുട്ടിയമ്മയെ ആറാട്ടുപുഴ വിളക്കമാടത്തിലും, അന്നമ്മയെ നിരണത്തും, തങ്കമ്മയെ ആഞ്ഞിലിത്താനത്തു് പയ്യമ്പറയിലും വിവാഹം കഴിപ്പിച്ചു. പിതാവു് 1954–ൽ നിര്യാതനായി. കുർത്തമല യാക്കോബായ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ, പുത്രിയോടൊപ്പം ചെറുകോൽ താമസിക്കവെ നിര്യാതയായി. അവിടെ മാർത്തോമ്മാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VIII. 4. മത്തായി മകൻ എബ്രഹാം**
**ചെറമ്പത്തു് കല്ലാർ–കണ്ടഴ പി. ഒ.**

ഇലന്തൂർ പാലനില്ക്കുന്നതിൽ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാത്യു, തോമസ്, ഗീവർഗീസ്, അന്നമ്മ, മറിയാമ്മ, എന്നു് അഞ്ചു് മക്കൾ. മറിയാമ്മ വിദ്യാർത്ഥിനിയാണ്. അന്നമ്മയെ പുതുപ്പറമ്പിൽ വേങ്ങമൂട്ടിൽ വറുഗീസ് വിവാഹം കഴിച്ചു. ഭാര്യ ശോശാമ്മ നിര്യാതയായി. കണ്ടഴ ഓർത്തഡോക്സ് പള്ളിസെമിത്തേരിയിൽ സംസ്കരിച്ചു. മകൻ ഗീവറുഗീസ് വിദ്യാർത്ഥിയാണു്.

**IX. 9. എബ്രഹാം മകൻ മാത്യു**
**ചെറമ്പത്തു്–കണ്ടഴ**

അന്നമ്മയെ വിവാഹം കഴിച്ചു. മണിമല തോട്ടിങ്കൽ താമസിക്കുന്നു. ഇവർക്കു് രണ്ടു പുത്രിമാർ വിദ്യാർത്ഥിനികളായുണ്ടു്.

**IX. 10. എബ്രഹാം മകൻ തോമസ്**
**ചെറമ്പത്തു്–കണ്ടഴ**

രാജകുമാരി മണക്കുഴിയിൽ വടക്കെ മറ്റത്തിൽ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർ പിതാവിനോടൊപ്പം കുടുംബത്തു് താമസിക്കുന്നു. ഇവർക്കു് സന്താനങ്ങൾ ജാതമായില്ല.



**VIII. 5. മത്തായി മകൻ മത്തായി ചെറമ്പത്തു്**
**എടത്തു് വടകര–മണിമല പി. ഒ.**

സാറാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു്, മത്തായി, ഈശോ, എബ്രഹാം, വറുഗീസ്, അന്നമ്മ എന്നു് അഞ്ചു് മക്കൾ. എബ്രഹാം, വറുഗീസ്, അന്നമ്മ, എന്നിവർ വിദ്യാർത്ഥികളാണു്. മൂത്ത രണ്ടു പുത്രന്മാരും അവിവാഹിതരാണു്. പിതാവിനോടൊപ്പം താമസിക്കുന്നു.

**VIII. 6. മത്തായി മകൻ ജോർജ്**
**ചെറമ്പത്തു്–കണ്ടഴ**

മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് സാജൻ, വറുഗീസ്, എന്നു് രണ്ടു് മക്കൾ ഉണ്ടു്. വറുഗീസ് വിദ്യാർത്ഥിയാണു്.

**IX. 11. ജോർജ് മകൻ സാജൻ**
**ചെറമ്പത്തു്–കണ്ടഴ**

"കീഴ്വായ്പൂരു് കളർമണ്ണിൽ ചാക്കോ മകൾ ആലീസിനെ വിവാഹം കഴിച്ചു.

**VII. 3. പെരുമാൾ മകൻ വറുഗീസ്**
**ചെറമ്പത്തു്–കോയിപ്രം**

കവിയൂർ പാണ്ടിരിക്കൽ അച്ചാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് സന്താനങ്ങൾ ഇല്ലായിരുന്നു. അദ്ധ്യാപകനായ താൻ 1927–ൽ നിര്യാതനായി. കുർത്തമല യാക്കോബായ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

അദ്ധ്യായം 23

# പുലിപ്രേത്തു ശാഖ

III. 3. ചാണ്ടി മാപ്പിള പുലിപ്രേത്തു് – കോയിപ്രം
IV. 1. ചാണ്ടി പെരുമാൾ പുലിപ്രേത്തു് – കോയിപ്രം
V. 1. പെരുമാൾ വർക്കി പുലിപ്രേത്തു് – കോയിപ്രം
VI. 1. വർക്കി കൊച്ചൂഞ്ഞു് പുലിപ്രേത്തു് – നെല്ലിക്കൽ
2. വർക്കി വർക്കി ,, ,,
3. വർക്കി പെരുമാൾ ,, കോയിപ്രം

VII. 1. ചാണ്ടി കൊച്ചൂഞ്ഞു് (കുട്ടിച്ചൻ) പുലിപ്രേത്തു് — തൃശൂർ
2. ചാണ്ടി വറുഗീസു് (ഉണ്ണുണ്ണി) ,, കോയിപ്രം
3. ചാണ്ടി വർക്കി (പാപ്പി) ,, നെല്ലിക്കൽ
4. ചാണ്ടി ചാണ്ടി (കുട്ടിച്ചൻ) ,, ,,
5. ചാണ്ടി തോമസു് (തോമാച്ചൻ) ,, പുത്തൻകാവു്

VIII. 1. ചാണ്ടി വറുഗീസു് പുലിപ്രേത്തു് – തൃശൂർ
2. ചാണ്ടി അലക്സാണ്ടർ ,, ,,
3. ചാണ്ടി പെരുമാൾ ,, ,,
4. ചാണ്ടി നൈനാൻ ,, ,,
5. വറുഗീസു് ജോൺ ,, ചെങ്ങന്നൂർ
6. വറുഗീസു് ജോസഫ് പുലിപ്രേത്തു് — നെല്ലിക്കൽ
7. വറുഗീസു് വറുഗീസു് ,, ,,
8. വറുഗീസു് വർക്കി ,, ,,
9. വറുഗീസു് തോമസു് ,, ,,
10. ചാണ്ടി അലക്സു് ,, ,,
11. ചാണ്ടി വർക്കി ,, ,,
12. വർക്കി ജോർജ്ജു് ,, ,,
13. ചാണ്ടി ചാണ്ടി (ജോയി) ,, ,,
14. ചാണ്ടി ഫിലിപ്പു് ,, ,,
15. ചാണ്ടി മോൻസി ,, പുത്തൻകാവു്



# പുലിപ്രേത്തു് ശാഖ

## III. 3. എഴുമാലിൽ ചാണ്ടി മാപ്പിളയുടെ മൂന്നാമത്തെ പുത്രൻ ചാണ്ടിമാപ്പിള-പുലിപ്രേത്തു്

ചെങ്ങന്നൂർ തെക്കേതിൽ നിന്നും മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് പെരുമാൾ എന്നു് ഏക പുത്രൻ മാത്രം. വാർദ്ധക്യ സഹജമായ രോഗത്താൽ ഇരുവരും നിര്യാതരായി. ചെങ്ങന്നൂർ പഴയ യാക്കോബായ സുറിയാനി പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## IV. 1. ചാണ്ടി മകൻ പെരുമാൾ പുലിപ്രേത്തു്-കോയിപ്രം

ഇടനാട്ടിൽ നിന്നും ആച്ചിയമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് വർക്കി എന്നു് ഏകപുത്രൻ മാത്രം. ആശാൻ എന്ന അപരനാമധേയത്തിൽ അറിയപ്പെട്ടിരുന്നു. ശ്രീ. പെരുമാളും, ഭാര്യയും വാർദ്ധക്യസഹജമായ രോഗത്താൽ നിര്യാതരായി. ഇരുവരേയും പുത്തൻകാവു് യാക്കോബായ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## V. 1. പെരുമാൾ മകൻ വർക്കി പുലിപ്രേത്തു്-കോയിപ്രം

ഇലന്തൂർ തെക്കെ വീട്ടിൽ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് കൊച്ചുകുഞ്ഞു്, വർക്കി, പെരുമാൾ, എന്നു് മൂന്നു് ആൺമക്കളും, ഒരു മകളും ഉണ്ടായിരുന്നു. മകളെ പിരളശ്ശേരിൽ മുട്ടമല തോമാച്ചൻ വിവാഹം കഴിച്ചു. മാതാപിതാക്കൾ നല്ല വാർദ്ധക്യത്തിൽ നിര്യാതരായി. പുത്തൻകാവു് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VI. 1. വർക്കി മകൻ കൊച്ചുകുഞ്ഞു് പുലിപ്രേത്തു്-നെല്ലിയ്ക്കൽ

പുത്തൻകാവിൽ നിന്നും മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ചാണ്ടി, വറുഗീസ്, മറിയാമ്മ, കൊച്ചാച്ചി, അന്നമ്മ, എന്നു് അഞ്ചു് മക്കൾ, മറിയാമ്മയെ

ഇടനാട്ടിൽ തറേറിയ്ക്കൽ വറുഗീസും, കൊച്ചാച്ചിയെ പുല്ലാടു ചുണ്ടയ്ക്കാട്ടു കൊച്ചു വറുഗീസും, അന്നമ്മയെ കോയിപ്രം കാഞ്ഞിരംനില്ക്കുന്നതിൽ ചാക്കോയും വിവാഹം കഴിച്ചു. മാതാപിതാക്കൾ നിര്യാതരായി. കോയിപ്രം ചുങ്കം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VII. 1. ചാണ്ടി കൊച്ചുകുഞ്ഞു് മകൻ ചാണ്ടി (കുട്ടച്ചൻ) പുലിപ്രേത്തു്–കോയിപ്രം**

കവിയൂർ ചിറ്റേഴത്തു് ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ബേബി, വറുഗീസ്, അലക്സാണ്ടർ, പെരുമാൾ, നൈനാൻ, മറിയാമ്മ എന്നു് ആറുമക്കൾ. മകൾ മറിയാമ്മയെ തൃശൂരിൽ വിവാഹം കഴിച്ചു. ശ്രീ. കുട്ടിച്ചൻ കുടുംബസമേതം തൃശൂരിനടുത്തു് ഇളനാടു് എന്ന സ്ഥലത്തേക്കു് താമസം മാറ്റി. 1980–ൽ 85–ാം വയസ്സിൽ നിര്യാതനായി. തൃശൂർ യാക്കോബായപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. മൂത്തപുത്രൻ ബേബി യൗവ്വനാരംഭത്തിൽ നിര്യാതനായി. നെല്ലിക്കൽ ചുങ്കം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

**VIII. 1. ചാണ്ടി മകൻ വറുഗീസ് പുലിപ്രേത്തു്–തൃശൂർ**

പെരുവേലിൽ പൈലി മകൾ മേരിയെ വിവാഹം കഴിച്ചു. ഇവർക്കു് ഒരു പുത്രനും ആറു പെൺമക്കളും ഉണ്ടു്. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

**VIII. 2. ചാണ്ടി മകൻ അലക്സാണ്ടർ പുലിപ്രേത്തു്–തൃശൂർ**

വിവാഹിതനായ ഇദ്ദേഹത്തിനു് ഒരു പുത്രനും, മൂന്നു് പെൺമക്കളും ഉണ്ടു്. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

**III. 3. ചാണ്ടി മകൻ പെരുമാൾ പുലിപ്രേത്തു്–തൃശൂർ**

വിവാഹിതനായ ഇദ്ദേഹത്തിനു് രണ്ടു് പുത്രന്മാർ ഉണ്ടു്. വിശദവിവരങ്ങൾ ലഭിച്ചിട്ടില്ല.



**VIII. 4. ചാണ്ടി മകൻ നൈനാൻ പുലിപ്രേത്തു്–തൃശൂർ**

വിവാഹിതനായ ഇദ്ദേഹത്തിനു് മൂന്നു് പുത്രന്മാരും ഒരു പുത്രിയും ഉണ്ടു്. കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

**VII. 2. ചാണ്ടി കൊച്ചുകുഞ്ഞു് മകൻ വറുഗീസ് (ഉണ്ണൂണ്ണി) പുലിപ്രേത്തു്–നെല്ലിക്കൽ**

നെല്ലിമല ചെള്ളേത്തു് ജോസഫ് മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ജോൺ, ജോസഫ്, വറുഗീസ്, വർക്കി, തോമസ്, മറിയാമ്മ, ഏലിയാമ്മ എന്നു് ഏഴ് മക്കൾ. മറിയാമ്മയെ കല്ലൂപ്പാറ അടുക്കോലിൽ നൈനാച്ചനും, ഏലിയാമ്മയെ ഇടനാട്ടിൽ വെങ്ങേലിൽ ബേബിക്കുട്ടിയും വിവാഹം കഴിച്ചു. നെല്ലിയ്ക്കൽ പുലിപ്രേത്തു് കിഴക്കേതിൽ താമസിക്കുന്നു.

**VIII. 5. വറുഗീസ് മകൻ ജോൺ പുലിപ്രേത്തു് ചെങ്ങന്നൂർ**

മംഗലത്തു് പള്ളത്തു് ശമുവേൽ മകൾ കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ജോജി, ജോബി, ടോജി, കൊച്ചുമോൾ, പ്രേംസി എന്നു് അഞ്ചു് മക്കൾ വിദ്യാർത്ഥികളായുണ്ടു്. ഇവർ ഉദ്യോഗാർത്ഥം പേർഷ്യയിൽ താമസിക്കുന്നു. സ്ഥിരതാമസം ചെങ്ങന്നൂരിൽ ആണു്.

**VIII. 6. വറുഗീസ് മകൻ ജോസഫ് പുലിപ്രേത്തു്–നെല്ലിക്കൽ**

ചേത്തയ്ക്കൽ മഠത്തിൽ പറമ്പിൽ പാപ്പിച്ചൻ മകൾ റോസമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ജിജി, ജെസി, ജീന എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ടു്. ഇവർ കുടുംബസമേതം അബുദാബിയിൽ താമസിക്കുന്നു.

**VIII. 7. വറുഗീസ് മകൻ വറുഗീസ് പുലിപ്രേത്തു്–നെല്ലിക്കൽ**

കോഴഞ്ചേരിൽ കല്ലുറുമ്പിൽ പാപ്പച്ചൻ മകൾ റോസമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് അബിമോൻ എന്നു് ഒരു പുത്രൻ ഉണ്ടു്. ഉദ്യോഗാർത്ഥം കൽക്കട്ടായിൽ കുടുംബസമേതം താമസിക്കുന്നു.

### VIII. 8. വറുഗീസ് മകൻ വർക്കി പുലിപ്രത്തു്-നെല്ലിക്കൽ

ഹരിപ്പാട്ടു് കുന്നുംപുറത്തു് അമ്മിണിയെ വിവാഹം കഴിച്ചു. ഇവർക്ക് അജോയ്, അനിത എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ട്. ഇവർ കോയിപ്രത്തു താമസിക്കുന്നു.

### VIII. 9. വറുഗീസ് മകൻ തോമസ് പുലിപ്രത്തു്-നെല്ലിക്കൽ

പൂവത്തൂർ കിഴക്കേടത്തു് പാപ്പിച്ചൻ മകൾ തങ്കമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് പ്രിൻസി എന്നൊരു പുത്രി വിദ്യാർത്ഥിനിയായുണ്ട്. ഇവർ ഉദ്യോഗാർത്ഥം ബഹറിനിൽ താമസിക്കുന്നു.

### VI. 2. വർക്കി മകൻ വർക്കി (ചാണ്ടിവർക്കി) പുലിപ്രത്തു്-നെല്ലിക്കൽ

മംഗലത്തിൽ ചന്ദനവേലിൽ സാറാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ചാണ്ടിവർക്കി, ചാണ്ടി ചാണ്ടി, ചാണ്ടി യോഹന്നാൻ, ചാണ്ടി തോമസ്, പെണ്ണമ്മ എന്നു് അഞ്ചു മക്കൾ. പെണ്ണമ്മയെ ആറാട്ടുപുഴ ചേനാട്ടുൽ വിവാഹം കഴിച്ചു. ഇരുവരും വാർദ്ധക്യത്തിൽ നിര്യാതരായി. നെല്ലിക്കൽ ചുങ്കം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ചാണ്ടി യോഹന്നാൻ യൗവനത്തിൽ നിര്യാതനായി. ചുങ്കം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VII. 3. ചാണ്ടി വർക്കി മകൻ ചാണ്ടി വർക്കി (പാപ്പി) പുലിപ്രത്തു്-നെല്ലിക്കൽ

ഇലന്തൂർ പത്തിച്ചേരിൽ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് അലക്സാണ്ടർ, വർക്കി, ജോർജ്, മറിയാമ്മ, ലില്ലി, സാറാമ്മ, റാഹേൽ, അന്നമ്മ എന്നു് എട്ടു മക്കൾ. മറിയാമ്മയെ കവിയൂർ ചിറ്റേഴത്തു കരിപ്പേലിലും, ലില്ലിയെ കുറിയന്നൂർ പ്ലാന്തോട്ടത്തിൽ കുഞ്ഞൂഞ്ഞും, സാറാമ്മയെ എഴുമറ്റൂർ ആദാച്ചേരിൽ കുരുവിളയും, റാഹേലിനെ കോന്നിയിൽ കൊന്നപ്പാറ മത്തായി മകൻ മത്തായിയും വിവാഹം കഴിച്ചു. മകൾ അന്നമ്മ അവിവാഹിതയാണു്. പിതാവ് പാപ്പി 82-ാം വയസ്സിൽ നിര്യാതനായി. നെല്ലിക്കൽ ചുങ്കം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



### VIII. 10. ചാണ്ടി വർക്കി മകൻ അലക്സാണ്ടർ പുലിപ്രത്തു്

ടി അലക്സാണ്ടറെ സംബന്ധിച്ചു് കൂടുതൽ വിവരം ലഭിച്ചിട്ടില്ല.

### VIII. 11. ചാണ്ടി വർക്കി മകൻ വർക്കി വർക്കി പുലിപ്രത്തു്-കോയിപ്രം

മാരാമണ്ണ് മുണ്ടയ്ക്കൽ ശമുവേൽ മകൾ മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു ജോസു്, ഡന്നീസു്, സ്റ്റെല്ല, ഡെയിസി എന്നു് നാലു് മക്കൾ വിദ്യാർത്ഥികളായുണ്ട്. ശ്രീ. വർക്കി വിദ്യാഭ്യാസാനന്തരം മിലറ്ററി സർവീസിൽ പ്രവേശിച്ചു. റിട്ടയാർ ചെയ്തു കുടുംബസഹിതം പുല്ലാട്ടു താമസിച്ചുകൊണ്ട് ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നു. ഏഴുമാലി കുടംബ കമ്മറ്റിയിൽ അംഗമായി സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

### VIII. 12. ചാണ്ടി വർക്കി മകൻ വർക്കി ജോർജ് പുലിപ്രത്തു്-നെല്ലിക്കൽ

കുറിയന്നൂർ പ്ലാന്തോട്ടത്തിൽ ദാനിയേൽ മകൾ അമ്മുക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു് അലക്സാണ്ടർ, ദാനിയേൽ എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ട്. മിലറ്ററി സർവ്വീസിൽ നിന്നും റിട്ടയാർ ചെയ്തു് ഇപ്പോൾ നെല്ലിക്കൽ താമസിച്ചു് ബിസിനസു് ചെയ്യുന്നു.

### VII. 4. ചാണ്ടി വർക്കി മകൻ ചാണ്ടി ചാണ്ടി (കുട്ടിച്ചൻ) പുലിപ്രത്തു് നെല്ലിക്കൽ-കുന്നത്തു്

കീഴ്കര ചക്കുണ്ണിപ്പാവുനിൽക്കുന്നതിൽ പീലിപ്പോസ് മകൾ റാഹേലമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ചാണ്ടി ചാണ്ടി, ഫിലിപ്പ് ചാണ്ടി, സാറാമ്മ, ശോശാമ്മ, മറിയാമ്മ, റയിച്ചൽ, അന്നമ്മ, ഏലിയാമ്മ, അച്ചാമ്മ എന്നു് ഒൻപതു മക്കൾ. സാറാമ്മയെ നാരങ്ങാനത്തു് മണലേൽ സഖറിയ മകൻ ചെറിയാനും, ശോശാമ്മയെ പുത്തൻകാവിൽ ചക്കാലയിൽ മത്തായി മകൻ മത്തായിയും, മറിയാമ്മയെ കവിയൂർ കുന്നന്താനത്തു് മുണ്ടൻകുഴിയിൽ തോമസും,

റയിച്ചലിനെ പേരിശ്ശേരിൽ ഏറ്റുപള്ളിക്കമ്മാടു് വറുഗീസും, അന്നമ്മയെ പിരളശ്ശേരിൽ തടിയുഴത്തിൽ ജോണും, അച്ചാമ്മയെ കോടുകുളഞ്ഞി പൂമൂട്ടിൽ വട്ടംപറമ്പിൽ മാത്യുവും വിവാഹം കഴിച്ചു. ഏലിയാമ്മ അവിവാഹിതയാണ്. പിതാവു് ചാണ്ടി 68-ാം വയസ്സിൽ നിര്യാതനായി. കുർത്തമല യാക്കോബായ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VIII. 13. ചാണ്ടി മകൻ ചാണ്ടി (ജോയി) പുലിപ്രേത്തു്–കോയിപ്രം

തിരുവല്ലാ പറയത്തുകാട്ടിൽ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ജെസി, ജെസ്സി, ജീൻ, ജെലി എന്നു് നാലു് പുത്രിമാർ വിദ്യാർത്ഥികളായുണ്ടു്. ജോയി വിദ്യാഭ്യാസാനന്തരം അമേരിക്കയിൽ ഉദ്യോഗം സ്വീകരിച്ചു് കുടുംബസമേതം അവിടെ താമസിക്കുന്നു.

### VIII. 14. ചാണ്ടി മകൻ ചാണ്ടി ഫിലിപ്പു് പുലിപ്രേത്തു്–കോയിപ്രം

കീഴ്കര കുന്നത്തുംകുഴിയിൽ മേപ്രത്തു് കുഞ്ഞച്ചൻ മകൾ ഗ്രേസിയെ വിവാഹം കഴിച്ചു. ഇവർക്കു് നിക്കി, നിറ്റി എന്നു് രണ്ടു പുത്രിമാർ വിദ്യാർത്ഥിനികളായുണ്ടു്. ഉദ്യോഗാർത്ഥം ഇവർ കുടുംബസമേതം ഡൽഹിയിൽ താമസിക്കുന്നു.

### VII. 5. ചാണ്ടി വർക്കി മകൻ ചാണ്ടി തോമസ് (തോമ്മാച്ചൻ) പുലിപ്രേത്തു്–പുത്തൻകാവു്

മഴുക്കീറിൽ കുറിയിടത്തു കൊച്ചുകോശി മകൾ സാറാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് തോമസ് വറുഗീസ്, സാറാമ്മ, ശാന്തമ്മ, സിസി എന്നു് നാല് മക്കൾ. സാറാമ്മയെ അങ്ങാടിക്കൽ കുളത്തുംതെക്കേതിൽ അബ്രഹാമും, ശാന്തമ്മയെ അങ്ങാടിക്കൽ ശാന്താലയത്തിൽ ജോർജ്ജും, സിസിയെ മല്ലപ്പള്ളിൽ തേമ്മാലയിൽ ജോസഫും വിവാഹം കഴിച്ചു. ഇവർ കുടുംബസമേതം പുത്തൻകാവിൽ താമസിക്കുന്നു. തോമ്മാച്ചൻ 72-ാം വയസ്സിൽ നിര്യാതനായി. പുത്തൻകാവു് വലിയ പള്ളിസെമിത്തേരിയിൽ സംസ്കരിച്ചു.



### VIII. 15. ചാണ്ടി തോമസ് മകൻ വറുഗീസ് (മോൻസി) പുലിപ്രേത്തു്–പുത്തൻകാവു്

മുളംതുരുത്തി ചിറ്റേത്തു് ജോസഫ് മകൾ സാറാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മെർലൻ, മെർളി എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ട്. ഇവർ ഉദ്യോഗാർത്ഥം കാനഡായിൽ താമസിച്ചുവരവേ മോൻസി 1985-ൽ ഹൃദയസ്തംഭനംമൂലം നിര്യാതനായി. ഭാര്യയും മക്കളും കാനഡായിൽ താമസിക്കുന്നു.

### VI. 3. വർക്കി മകൻ പെരുമാൾ പുലിപ്രേത്തു്–കോയിപ്രം

ചാണ്ടി വർക്കിയുടെ മൂന്നാമത്തെ പുത്രൻ പെരുമാളിനു് സന്താനമായി പെരുമാൾ (കുഞ്ഞപ്പൻ) എന്നു് ഏക മകൻ ഉണ്ടായി. നിലത്തെഴുത്തു ആശാന്റെ തൊഴിൽ ചെയ്തിരുന്നു. പുലിപ്രേത്തു് ആശാൻ എന്നു വിളിച്ചിരുന്നു. മറ്റു വിവരങ്ങൾ ലഭിച്ചിട്ടില്ല.

അദ്ധ്യായം 24

# പാടിപ്പുറത്തു് ശാഖ

III. 4. ചാണ്ടി മാമ്മൻ പാടിപ്പുറത്തു് – കോയിപ്രം
IV. 1. മാമ്മൻ ചാണ്ടി പാടിപ്പുറത്തു് –കോയിപ്രം
V. 1. ചാണ്ടി മാത്തൻ പാടിപ്പുറത്തു് – കോയിപ്രം
VI. 1. മാത്തൻ മാമ്മൻ തെങ്ങോൺ–കോയിപ്രം
2. മാത്തൻ മാത്തൻ പാടിപ്പുറത്തു്–കോയിപ്രം
VII. 1. മാമ്മൻ മാത്തൻ (മൂത്തകുഞ്ഞു്) പാടിപ്പുറത്തു്–നെല്ലിമല
2. മാമ്മൻ തോമസു് ,, ,,
3. മാമ്മൻ നൈനാൻ (നൈനാച്ചൻ) പാടിപ്പുറത്തു്– തൃശൂർ
4. മാമ്മൻ ഈപ്പൻ തെങ്ങോൺ – തട്ടക്കാട്ടു്
5. മാമ്മൻ വറുഗീസു് ,, കോയിപ്രം
6. മാമ്മൻ ചാണ്ടി പാടിപ്പുറത്തു് – നെല്ലിമല
7. മാത്തൻ മത്തായി ,, കോയിപ്രം
VIII. 1. മാത്തൻ തോമസു് പാടിപ്പുറത്തു്–നെല്ലിമല
2. തോമസു് മാമ്മൻ (കുട്ടി) ,, ,,
3. തോമസു് വറുഗീസു് (പൊടിയൻ) പാടിപ്പുറത്തു് നെല്ലിമല
4. തോമസു് മത്തായി (കുഞ്ഞച്ചൻ) ,, ,,
5. നൈനാൻ തോമസു് പാടിപ്പുറത്തു് - തൃശൂർ
6. നൈനാൻ ശമുവേൽ ,, ,,
7. നൈനാൻ ജോർജ്ജു് ,, പാലക്കാടു്
8. നൈനാൻ പാപ്പൻ ,, തൃശൂർ
9. ഈപ്പൻ ദാനിയേൽ തെങ്ങോൺ–തട്ടക്കാടു്
10. ഈപ്പൻ ശമുവേൽ (പൊടിയച്ചൻ) തെങ്ങോൺ - കടപ്ര
11. ഈപ്പൻ മാമ്മൻ തെങ്ങോൺ - കടപ്ര
12. ഗീവറുഗീസു് മാമ്മൻ (ഉണ്ണൂണ്ണി) ,, കോയിപ്രം
13. ഗീവറുഗീസു് മത്തായി ,, വെച്ചൂച്ചിറ
VIII. 14. ഗീവറുഗീസു് ചാക്കോ (കുഞ്ഞൂഞ്ഞു്) പാടിപ്പുറത്തു് – നെല്ലിമല



15. ഗീവറുഗീസു് ജോൺ (ബേബി) പാടിപ്പുറത്തു് - കോയിപ്രം
16. ഗീവറുഗീസു് ജോസഫ് ,, മലബാർ
17. ചാണ്ടി മാമ്മൻ (കുഞ്ഞാക്കോ) ,, നെല്ലിമല
18. മത്തായി മാത്തൻ ,, കോയിപ്രം
IX. 1. തോമസു് മാത്യു (കൊച്ചുട്ടി) പാടിപ്പുറത്തു്-നെല്ലിമല
2. തോമസു് ജോർജു് ,, ,,
3. തോമസു് മാമ്മൻ ,, ,,
4. മാമ്മൻ തോമസു് (കുഞ്ഞു്) ,, ,,
5. മാമ്മൻ ഉമ്മച്ചൻ ,, ,,
6. മാമ്മൻ മാത്യു ,, ,,
7. മത്തായി തോമസു് ,, ,,
8. മത്തായി മാമ്മൻ ,, ,,
9. തോമസു് നൈനാൻ പാടിപ്പുറത്തു് തൃശൂർ
10. തോമസു് വറുഗീസു് (ജോയി) ,, ,,
11. ശമുവേൽ നൈനാൻ പാടിപ്പുറത്തു് ,,
12. ശമുവേൽ തോമസു് ,, ,,
13. പാപ്പൻ നൈനാൻ (ബാബു) ,, ,,
14. ദാനിയേൽ ഈപ്പൻ (തങ്കച്ചൻ) തെങ്ങോൺ തട്ടക്കാടു്
15. ദാനിയേൽ ജെയിംസു് ,, ,,
16. ശമുവേൽ മോഹൻ ,, കടപ്ര
17. ശമുവേൽ രാജൻ ,, കടപ്ര
18. മാമ്മൻ ബേബി ,, ,,
19. മാമ്മൻ വറുഗീസ് ,, കോയിപ്രം
20. മാമ്മൻ ജോർജ്ജ് ,, ,,
21. മത്തായി ഏബ്രഹാം ,, വെച്ചൂച്ചിറ
22. മാമ്മൻ അലക്സ് ,, നെല്ലിമല
23. മാത്തൻ മത്തായി ,, അയിരൂർ
24. മാത്തൻ ജോർജ്ജ് ,, തുമ്പമൺ
X 1. മാത്യു തോമസു് പാടിപ്പുറത്തു് വെണ്ണിക്കുളം–
2. തോമസു് മാമ്മൻ ,, നെല്ലിമല
3. ഉമ്മൻ ഉമ്മൻ ,, ,,

**അദ്ധ്യായം 28**

# പാടിപ്രത്തു ശാഖ

### III. 4. എഴുമാലിൽ ചാണ്ടി മാപ്പിളയുടെ നാലാമത്തെ പുത്രൻ മാമ്മൻ–കോയിപ്രം

കോയിപ്രത്തു മായാലിൽ ചാക്കോ മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ചാണ്ടി എന്നു് മകൻ ജനിച്ചു. പിതാവു് മാമ്മൻ 32-ാം വയസ്സിൽ നിര്യാതനായി. ചെങ്ങന്നൂർ പഴയ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. മാതാവു ശോശാമ്മ, മകൻ ചാണ്ടിയോടൊപ്പം മായാലിൽ താമസമാക്കി. മാതാവു് വാർദ്ധക്യത്തിൽ നിര്യാതയായി. ചെങ്ങന്നൂർ പഴയ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### IV. 1. മാമ്മൻ മകൻ ചാണ്ടി പാടിപ്രത്തു്–കോയിപ്രം

മംഗലത്തിൽ ആലുംമൂട്ടിൽ മത്തായി മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാത്തൻ എന്നു് പുത്രൻ ജനിച്ചു. കൃഷിയും വ്യാപാരവും തൊഴിലാക്കിയിരുന്ന ശ്രീ. ചാണ്ടിയും ഭാര്യ ഏലിയാമ്മയും വാർദ്ധക്യത്തിൽ നിര്യാതരായി. ഇരുവരേയും ചെങ്ങന്നൂർ പഴയ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### V. 1. ചാണ്ടി മകൻ മാത്തൻ പാടിപ്രത്തു്–കോയിപ്രം

നീർവിളാകത്തു് തോപ്പിൽ വറുഗീസ് മകൾ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാമ്മൻ, മാത്തൻ, എന്നു് രണ്ടു ആൺ മക്കൾ ജനിച്ചു. ശ്രീ. മാത്തൻ ചെറുപ്പം മുതലേ വ്യാപാരത്തിൽ ഏർപ്പെടുകയും മലഞ്ചരക്കുകൾ ആലപ്പുഴ കമ്പോളത്തിൽ എത്തിച്ചു വില്പന നടത്തിപോരികയും ചെയ്തിരുന്നു. തന്റെ മക്കൾ ഇരുവരും യൗവ്വനത്തിലേക്കു പ്രവേശിച്ചപ്പോൾ അവരെ കൂടി വ്യാപാരവും ആയി ബന്ധിപ്പിച്ചു. അക്കാലത്തു് ചരക്കുകൾ ആലപ്പുഴ കമ്പോളങ്ങ



കുടുംബയോഗത്തിന്റെ ഒരു ദൃശ്യം



ശ്രീ. നൈനാൻ ശമുവേൽ
തെങ്ങോൺ, തൃശൂർ



തൃശൂർ കൊമ്പഴ തെങ്ങോൺ
റ്റി. എൻ. പാപ്പി



തെങ്ങോൺ
നൈനാൻ തോമസ്സ്, തൃശൂർ



തൃശൂർ തെങ്ങോൺ
തോമസ്സ് ഭാര്യ റാഹേലമ്മ



തൃശൂർ തെങ്ങോൺ തോമസ്സ് മകൻ വറുഗീസ്സും കുടുംബവും



തെങ്ങോൺ ഇട്ടപ്പൻ ശമുവേൽ ഭാര്യ സാറാമ്മ



തെങ്ങോൺ
മാമ്മൻ ഈപ്പൻ



തെങ്ങോൺ റ്റി. ഡി. ഈപ്പൻ



തെങ്ങോൺ ശ്രീ. റ്റി. ഇ. ഡാനിയേൽ. ഭാര്യ മറിയാമ്മ



തെങ്ങോൺ റ്റി. ഡി. ജെയിംസ്



തെങ്ങോൺ റ്റി. ജി. മാമ്മനും ഭാര്യയും



തെങ്ങോൺ റ്റി. ഇ. മാമ്മൻ



തെങ്ങോൺ
മാമ്മച്ചൻ ഭാര്യ അന്നമ്മ



തെങ്ങോൺ
റ്റി. ഇ. മാമ്മൻ മകൻ ബേബിക്കുട്ടി



തെങ്ങോൺ ബേബിക്കുട്ടിയുടെ
ഭാര്യയും മക്കളും



കുടുംബയോഗത്തിന്റെ ഒരു ദൃശ്യം



കുടുംബയോഗത്തിന്റെ ഒരു ദൃശ്യം



ളിൽ എത്തിച്ചിരുന്നതു് കെട്ടുവള്ളങ്ങളിൽ ആയിരുന്നു. ഒരു കെട്ടുവള്ളം സ്വന്തമാക്കണമെന്ന ആഗ്രഹം പിൽക്കാലത്തു് സഫലീകരിച്ചു. അങ്ങനെ വ്യാപാരത്തിൽ അഭിവൃദ്ധി പ്രാപിച്ചു. ഇവർ നെല്ലിശ്ശേരിൽ ചുങ്കം പള്ളിയിൽ ആരാധന നടത്തിപ്പോന്നിരുന്നു. ഇരുവരും വാർദ്ധക്യത്തിൽ നിര്യാതരായി. നെല്ലിക്കപ്പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VI. 1. മാത്തൻ മകൻ മാമ്മൻ തെങ്ങോൺ-കോയിപ്രം

പന്തളം.. വൻമഴി മത്തായി മകൾ ആച്ചിയമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാത്തൻ, തോമസ്, നൈനാൻ, ഈപ്പൻ, ഗീവറുഗീസ്, ചാണ്ടി, അന്നമ്മ, കൊച്ചു റാഹേൽ എന്നു് എട്ടു മക്കൾ. അന്നമ്മയെ ഇലന്തൂർ പുലിപ്രത്തു് വറുഗീസിനെകൊണ്ടും, കൊച്ചു റാഹേലിനെ തൃക്കോമല പുന്നവേലിൽ കോര ചാക്കോയെ കൊണ്ടും വിവാഹം കഴിപ്പിച്ചു.

അരോഗദൃഢഗാത്രനും, അദ്ധ്വാനശീലനുമായ ശ്രീ. മാമ്മൻ മക്കളെ എല്ലാവരേയും ദൈവഭക്തിയിലും അനുസരണത്തിലും വളർത്തി, തന്റെ കഠിനാദ്ധ്വാനം കൊണ്ടു് കുടുംബ കാര്യങ്ങൾ നടത്തിയതിനു പുറമേ അന്യരെ സഹായിക്കുന്നതിനും, മക്കൾക്കു വേണ്ടി സമ്പാദിക്കുന്നതിനും സാധിച്ചു. തന്റെ പ്രവർത്തനകാലത്തു് കുർത്തമല പള്ളി ആരംഭിക്കയും കുടുംബ സഹിതം അവിടെ ആരാധന നടത്തിപ്പോരുകയും ചെയ്തു. മാതാപിതാക്കൾ വാർദ്ധക്യത്തിൽ നിര്യാതരായി. കുർത്തമല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VII. 1. മാമ്മൻ മകൻ മാത്തൻ (മൂത്തകുഞ്ഞ്) പാടിപ്രത്തു്-നെല്ലിമല

തുരുത്തിക്കാട്ടിൽ തച്ചക്കാലിൽ മത്തായി മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് തോമസ് എന്ന പുത്രൻ ജനിച്ചു.

വ്യാപാരിയും, നല്ല കൃഷിക്കാരനുമായിരുന്ന താൻ കൂർത്തമല ഇടവക ട്രസ്റ്റിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഒരു നാട്ടുപ്രമാണികൂടിയായിരുന്ന മൂത്തകുഞ്ഞും ഭാര്യയും വാർദ്ധക്യത്തിൽ നിര്യാതരായി. ഇരുവരേയും കൂർത്തമല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VIII. 1. മാത്തൻ മകൻ തോമസ് പാടിപ്രത്തു് നെല്ലിമല

മംഗലത്തു തുണ്ടിയിൽ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാത്യു, ജോർജ്ജ്, മാമ്മൻ, ഏലിയാമ്മ, അന്നമ്മ, തങ്കമ്മ എന്നു് ആറു മക്കൾ. ഏലിയാമ്മയെ പരിയാരത്തു ചെട്ടിഞ്ഞാത്തുങ്കൽ മത്തായിയെകൊണ്ടും, അന്നമ്മയെ കല്ലൂപ്പാറ തോട്ടുംപുറത്തു തോമസിനെ കൊണ്ടും, തങ്കമ്മയെ ആനിക്കാട്ടു് നളേമുറിയിൽ ജോർജ്ജു കുട്ടിയെ കൊണ്ടും വിവാഹം കഴിപ്പിച്ചു. മാതാപിതാക്കൾ വാർദ്ധക്യത്തിൽ നിര്യാതരായി. കൂർത്തമല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### IX. 1. തോമസ് മകൻ മാത്യു (കൊച്ചൂട്ടി), പാടിപ്രത്തു് - നെല്ലിമല

വള്ളംകുളം മലേപറമ്പിൽ ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് തോമസ്, വറുഗീസ്, മേരിക്കുട്ടി, അമ്മുക്കുട്ടി, പൊന്നമ്മ എന്നു് അഞ്ചു് മക്കൾ. മേരിക്കുട്ടിയെ പെരിങ്ങര മാങ്കുളങ്ങര ജോയിയെകൊണ്ടും, അമ്മുക്കുട്ടിയെ കല്ലൂപ്പാറ പാറയിൽ മാത്യുവിനെ കൊണ്ടും, പൊന്നമ്മയെ പുല്ലാടു് തോട്ടത്തിൽ സൈമണിനെ കൊണ്ടും, വിവാഹം കഴിപ്പിച്ചു. മകൻ വറുഗീസ് വിദ്യാർത്ഥിയായി പിതാവിനോടൊത്തു് കുടുംബത്തു് താമസിക്കുന്നു. ശ്രീ.മാത്യു ചെറുപ്പംമുതലെ വ്യാപാരത്തിൽ ഇടപെട്ടു് കുടുംബകാര്യങ്ങൾ നടത്തിപ്പോരുന്നു.

### X. 1. മാത്യു മകൻ തോമസ് പാടിപ്രത്തു്– വെണ്ണിക്കുളം

തടിയൂർ മാലയിൽ ശ്രീമതി റാഹേലമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ശോശാമ്മ, സൂസമ്മ എന്നു് രണ്ടു് പുത്രിമാർ വിദ്യാർത്ഥികളായുണ്ടു്. ശ്രീ. തോമസ് തിരുവല്ലാ ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഉദ്യോഗസ്ഥനാണു്



### IX. 2. തോമസ് മകൻ ജോർജ് പാടിപ്രത്തു് - നെല്ലിമല

വെണ്ണിക്കുളത്തു കളമാടത്തു് ശ്രീമതി മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് രാജു, തമ്പി, ലീലാമ്മ, മോളി, കൊച്ചുമോൾ എന്നു് അഞ്ചു് മക്കൾ. ഇവർ വിദ്യാർത്ഥികളാണു്. മകൻ രാജു ഉദ്യോഗാർത്ഥം പേർഷ്യയിലാണു്.

### IX. 3. തോമസ് മകൻ മാമ്മൻ പാടിപ്രത്തു് - നെല്ലിമല

കല്ലൂപ്പാറ പുളിക്കീഴ് വീട്ടിൽ വത്സമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് തോമസ്, ശോശാമ്മ എന്നു് രണ്ടു് മക്കൾ വിദ്യാർത്ഥികളായുണ്ടു്. ശ്രീ. മാമ്മൻ കേന്ദ്രഗവ. ജീവനക്കാരനായി ഇപ്പോൾ ജബൽപൂരിൽ കുടുംബസഹിതം താമസിക്കുന്നു. ഭാര്യ വത്സമ്മ നേഴ്സായി സേവനം അനുഷ്ഠിക്കുന്നു.

### VII. 2. മാമ്മൻ മകൻ തോമസ് പാടിപ്രത്തു്– നെല്ലിമല

ഇലന്തൂർ മുരുപ്പേൽ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാമ്മൻ, വറുഗീസ്, മത്തായി, ശോശാമ്മ, ഏലിയാമ്മ, അന്നമ്മ, റാഹേൽ, എന്നു് ഏഴു മക്കൾ. മകൾ ശോശാമ്മയെ കൗങ്ങുംപ്രയാർ കണ്ണേത്തു് വറുഗീസിനെ കൊണ്ടും, ഏലിയാമ്മയെ റാന്നിയിൽ ചൂരിക്കുഴിയിൽ കുട്ടിയെ കൊണ്ടും, അന്നമ്മയെ ഓതറ കാപ്പിയുഴത്തിൽ ദാനിയേലിനെ കൊണ്ടും, റാഹേലിനെ നെല്ലിമല വാഴുവേലിൽ ശ്രീ. ജോണിനെ കൊണ്ടും വിവാഹം കഴിപ്പിച്ചു. മാതാപിതാക്കൾ നിര്യാതരായി. കൂർത്തമല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

### VIII. 2. തോമസ് മകൻ മാമ്മൻ(കുട്ടി) പാടിപ്രത്തു്-നെല്ലിമല

കുന്നത്തുംകര വാക്കേപ്പടിക്കൽ വറുഗീസ് മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് തോമസ്, ഉമ്മൻ, മാത്യു, ചിന്നമ്മ, ശോശാമ്മ എന്നു് അഞ്ചു് മക്കൾ. ചിന്നമ്മ അവിവാഹിതയായി നിര്യാതയായി. ശോശാമ്മയെ

കുഴിക്കാല വല്യപറമ്പിൽ പീലിപ്പോസിനെ കൊണ്ടും വി വാഹം കഴിപ്പിച്ചു. ഒരു വ്യാപാരിയായിരുന്ന ശ്രീ. മാമ്മൻ പള്ളി കമ്മറ്റിമെമ്പറായും, കണക്കനായും സേവനം അനു ഷ്ഠിച്ചിട്ടുണ്ടു്. വാർദ്ധക്യ സഹജമായ അസുഖത്താൽ നിര്യാതനായി. കുർത്തമല പള്ളി സെമിത്തേരിയിൽ സം സ്കരിച്ചു.

## IX. 4. മാമ്മൻ മകൻ തോമസ് (കുഞ്ഞു്) പാടിപ്രത്തു്–നെല്ലിമല

കാവുംഭാഗത്തു് ചെറിപറമ്പിൽ അന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് തോമസു് മാമ്മൻ, മേരിതോമസ്, ലാലി തോമസ് എന്നു് മൂന്നു് മക്കൾ. മകൾ മേരിതോമ സിനെ നിരണത്തു് ആര്യപീടാരേത്തു് കോശിയെ കൊ ണ്ടു് വിവാഹം കഴിപ്പിച്ചു. ലാലിതോമസ് M. Sc. ബി രുദധാരിയായി പിതാവിനോടൊത്ത് താമസിക്കുന്നു. ശ്രീ. തോമസ് എഴുമാലി കുടുംബ കമ്മറ്റിയിൽ അംഗമായി പ്രവർത്തിച്ചിട്ടുണ്ടു്.

## X. 2. തോമസ് മകൻ മാമ്മൻ പാടിപ്രത്തു്–നെല്ലിമല

വെണ്ണിക്കുളത്തു് കൈപ്പുഴശ്ശേരിൽ ഈശോ മകൾ മോളിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്കു് ഷീബാ, ഷീനു എന്നു് രണ്ടു പുത്രിമാർ വിദ്യാർത്ഥികളായുണ്ടു്. ശ്രീ. മാമ്മൻ ഉദ്യോഗാർത്ഥം ഗൾഫിൽ കുടുംബസമേതം താമസിക്കുന്നു.

## IX. 5. മാമ്മൻ മകൻ ഉമ്മച്ചൻ പാടിപ്രത്തു്–നെല്ലിമല

റാന്നിയിൽ പമ്പാവാലിയിൽ തങ്കമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ഉമ്മൻ, സൂസമ്മ എന്നു് രണ്ടു മക്കൾ. മകൾ സൂസമ്മയെ ആലപ്പുഴ പുത്തൻപറമ്പിൽ ശ്രീ. തോ മസിനെ കൊണ്ടും വിവാഹം കഴിപ്പിച്ചു. തയ്യൽ തൊഴിലാ ളിയായിരുന്ന ശ്രീ. ഉമ്മച്ചൻ അകാലനിര്യാണം പ്രാപിച്ചു, കുർത്തമല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



## X. 3. ഉമ്മൻ മകൻ ഉമ്മൻ പാടിപ്രത്തു്–നെല്ലിമല

കല്ലിശ്ശേരിൽ നിന്നും സാലിയെ വിവാഹം കഴിച്ചു. ഇവർക്കു് സാബി എന്നു് ഒരു കുട്ടിയുണ്ട്. ഇവർ ഉദ്യോ ഗാർത്ഥം ഗൾഫിൽ താമസിക്കുന്നു.

## IX. 6. മാമ്മൻ മകൻ മാത്യു പാടിപ്രത്തു്–നെല്ലിമല

മാരാമൺ ചെറുത്താണത്തു കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് റീനാ, റിബു എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ട്. ഇവർ നാഗാലാൻഡിൽ സർക്കാർ സേവനത്തിൽ തുടരുന്നു. കുടുംബമായി അവിടെ താമസി ക്കുന്നു.

## VIII. 3. തോമസ് മകൻ വറുഗീസ് (പൊടിയൻ) പാടിപ്രത്തു്–നെല്ലിമല

അയിരൂർ കുന്നൻകുഴിയിൽ മാത്തൻ മകൾ സാറാമ്മ യെ വിവാഹം കഴിച്ചു. ഇവർക്കു് അന്നമ്മ, ശോശാമ്മ, ഏലിയാമ്മ, മറിയാമ്മ എന്നു് നാലു് പുത്രിമാർ. അന്നമ്മ യെ മാരാമൺ മേമന എം. എം. മത്തായിയെ കൊണ്ടും, ശോ ശാമ്മയെ നെല്ലിസ്സാലാ വലിയപറമ്പിൽ അബ്രഹാമിനെ കൊണ്ടും, ഏലിയാമ്മയെ റാന്നി മന്ദമരുതി മത്തിപറ മ്പിൽ ചെറിയാനെ കൊണ്ടും, മറിയാമ്മയെ വടശ്ശേരിക്കര പുത്തൻപറമ്പിൽ പീലിപ്പോസിനെ കൊണ്ടും വിവാഹം കഴിപ്പിച്ചു. ഫെലോഷിപ്പ് ഹോസ്പിറ്റൽ നേഴ്സായ ശോശാമ്മ കുടുംബസഹിതം നെല്ലിമല മാതാപിതാക്കളോ ടൊപ്പം താമസിക്കുന്നു. മാതാപിതാക്കൾ ഇരുവരും നിര്യാ തരായി. കുർത്തമല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VIII 4. തോമസ് മകൻ മത്തായി (കുഞ്ഞച്ചൻ) പാടിപ്രത്തു്–നെല്ലിമല

തെള്ളിയൂർ ചെളിക്കുഴിയിൽ ഏലിയാമ്മയെ വിവാ ഹം കഴിച്ചു. ഇവർക്കു് തോമസ്, മാമ്മൻ, ലാലു, അജി ത്തു്, മറിയാമ്മ, അന്നമ്മ എന്നു് ആറു മക്കൾ. മറിയാമ്മ യെ തിരുവല്ലാ കൊരട്ടിപറമ്പിൽ കുഞ്ഞുമോൻ വിവാഹം

കഴിച്ചു. പാറ്റ്നായിൽ നേഴ്സായി ജോലി ചെയ്യുന്ന അന്നമ്മ വിവാഹിതയാണു്. ലാലു, അജിത്തു് എന്നിവർ വിദ്യാർത്ഥികളാണു്.

### IX. 7. മത്തായി മകൻ തോമസ് പാടിപ്രത്തു്–നെല്ലിമല

കുറിയന്നൂർ കൊന്നനില്ക്കുന്നതിൽ ഡേവിഡു് എബ്രഹാം മകൾ ജോളിയെ വിവാഹം കഴിച്ചു. ഇവർക്കു് ജോബി എന്നു് ഒരു പുത്രൻ ജനിച്ചിട്ടുണ്ട്. ഇദ്ദേഹം മുണ്ടിയപ്പള്ളിൽ എം. എം. ഹോസ്പിറ്റലിൽ ഉദ്യോഗസ്ഥനാണു്.

### IX. 8. മത്തായി മകൻ മാമ്മൻ പാടിപ്രത്തു് നെല്ലിമല

വള്ളംകുളം പുളിയിലയിൽ ബേബി മകൾ ഗ്രേസിയെ വിവാഹം ചെയ്തു. ഇവർ പാറ്റ്നായിൽ ഉദ്യോഗസ്ഥരായി താമസിക്കുന്നു.

### VII. 3. മാമ്മൻ മകൻ നൈനാൻ (നൈനാച്ചൻ) പാടിപ്രത്തു്–തൃശൂർ

കോടുകുളഞ്ഞിയിൽ പല്ലൂന്നിപറമ്പിൽ തോമസ് മകൾ ആച്ചിയമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് കൊച്ചൂട്ടി, നൈനാൻ തോമസ്, കുഞ്ഞാക്കോച്ചൻ, നൈനാൻ ശമുവേൽ, നൈനാൻ ജോർജ്, നൈനാൻ പാപ്പൻ, മറിയാമ്മ എന്നു് ഏഴു മക്കൾ. കൊച്ചുകുട്ടിയും, കുഞ്ഞാക്കോച്ചനും ബാല്യത്തിൽ തന്നെ നിര്യാതരായി. മറിയാമ്മയെ മല്ലപ്പള്ളി പരിയാരത്തു തെക്കെ മുറിയിൽ ചാക്കോയെ കൊണ്ടു വിവാഹം കഴിപ്പിച്ചു. വ്യാപാരിയായിരുന്ന ശ്രീ. നൈനാൻ കോയിപ്രത്തുള്ള സ്വത്തുക്കൾ വിറ്റിട്ടു് കുടുംബസഹിതം തൃശൂർ താന്നിപ്പാടം എന്ന സ്ഥലത്തു താമസമാക്കി. നൈനാനും, ഭാര്യയും തൃശൂരിൽ വച്ചു് നിര്യാതരായി. താന്നിപ്പാടം മാർ ബസ്സേലിയോസു് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



### VIII. 5. നൈനാൻ മകൻ തോമസ് പാടിപ്രത്തും തൃശൂർ

പിരളശ്ശേരിൽ തോണ്ടത്തു കിഴക്കേ പടിഞ്ഞാറേതിൽ ഇടിക്കുള മകൾ റാഹേലമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് തോമസ് നൈനാൻ, തോമസ് വറുഗീസ്, ഏലിയാമ്മ, പൊന്നമ്മ, ഗ്രേസിക്കുട്ടി എന്നു് അഞ്ചു മക്കൾ. ഏലിയാമ്മയെ (കുഞ്ഞുമോൾ) കുന്നംകുളത്തിനടുത്ത് പൊൻകുളത്തു് കോലടിയിൽ ചുമ്മാർ മകൻ യൌസേഫിനെ കൊണ്ടും, പൊന്നമ്മയെ പാലക്കാട്ട് അടുത്തു് കോട്ടുത്തറ താമസക്കാരൻ മുട്ടങ്ങൽ പൈലി മകൻ ടഗ്ലസിനെ കൊണ്ടു, ഗ്രേസിക്കുട്ടിയെ വേമ്പള്ളിദേശത്തു് മേലത്തു് ഔസേഫ് മകൻ പീറ്ററിനെ കൊണ്ടും വിവാഹം കഴിപ്പിച്ചു. നല്ല കൃഷിക്കാരനും സമുദായസ്നേഹിയും, പൊതു പ്രവർത്തകനുമായിരുന്ന പൊടി (നൈനാൻ തോമസ്)നിര്യാതനായി. വാണിയമ്പാറ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ ഇടവക മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്കരിച്ചു.

### IX. 9. തോമസ് മകൻ നൈനാൻ(ബേബി) പാടിപ്പുറത്തു്– തൃശൂർ

ആലുവാക്കടുത്തു് വേമ്പള്ളി ദേശത്തു് മേലത്തു് ഔസേഫ് മകൾ അന്നമ്മയെ വിവാഹംചെയ്തു. ഇവർക്ക സന്താനങ്ങൾ ഇല്ല. ഇദ്ദേഹം പോലീസു് ഡിപ്പാർട്ടുമെന്റിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു.

### IX. 10. തോമസ് മകൻ വറുഗീസ് (ജോയി) പാടിപ്പുറത്തു്–തൃശൂർ

തൃശൂരിൽ നെല്ലിക്കുന്നത്തു് ഐനിക്കൽ ലോനപ്പൻ മകൾ എൽസിയെ വിവാഹം കഴിച്ചു. ഇവർക്കു ജാൻസി, വറുഗീസു് തോമസു്, വറുഗീസു് ജോൺ എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ടു്. മാതാപിതാക്കൾ ഇരുവരും സ്കൂൾ അദ്ധ്യാപക ജോലിയിൽ തുടരുന്നു.

### VIII. 6. നൈനാൻ മകൻ ശമുവേൽ
### പാടിപ്രത്തു്–തൃശൂർ

അയിരൂർ കാഞ്ഞീറ്റുകര പൂതനവാളിക്കൽ വറുഗീസു് മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക നൈനാൻ, തോമസു്, അമ്മുക്കുട്ടി, കുഞ്ഞമ്മ എന്നു് നാലു മക്കൾ. അമ്മുക്കുട്ടിയെ തൃശൂർ കല്ലൂർ ദേശത്തു് പുറത്തുവീട്ടിൽ പോൾസൺനെകൊണ്ടും, കുഞ്ഞമ്മയെ തൃശൂർ വാഴൂരേത്ത് പീലി മകൻ ജോർജ്ജിനെകൊണ്ടും വിവാഹം കഴിപ്പിച്ചു. ഇവർ തൃശൂർ കൊമ്പഴ ദേശത്തു് കുടുംബമായി താമസിക്കുന്നു.

### IX. 11. ശമുവേൽ മകൻ നൈനാൻ
### പാടിപ്രത്തു് – തൃശൂർ

വടക്കുംചേരിദേശത്തു് കണക്കുംതുരുത്തിയിൽ ഐപ്പ് മകൾ മേരിക്കുട്ടിയെ വിവാഹം ചെയ്തു. ഇരുവരും അദ്ധ്യാപകരാണു്. ഇവർക്കു സന്താനങ്ങളില്ല.

### IX. 12. ശമുവേൽ മകൻ തോമസു്
### പാടിപ്രത്തു് –തൃശൂർ

വടക്കുംചേരിയിൽ ചക്കുംഞ്ഞു ദേശത്തു് വറുഗീസു് മകൾ മറിയാമ്മയെ വിവാഹം ചെയ്തു. ഇവർക്കു റ്റെൻസി, പ്രിൻസി, ജാൻസി എന്നു് മൂന്നു പുത്രിമാർ വിദ്യാർത്ഥികളായുണ്ടു്. ശ്രീ. തോമസു് എൻജിനീയറിംഗ് കോളേജിൽ ലക്ചററായി സേവനം അനുഷ്ഠിക്കുന്നു.

### VIII. 7. നൈനാൻ മകൻ ജോർജു് പാടിപ്രത്തു്– പാലക്കാട്ടു്, കണ്ണമ്പ്രു്, അംശത്തിൽ നടത്തിപ്പാറ

കരിപ്പുഴ പുത്തൻപുരയിൽ കോശി മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്കു മറിയാമ്മ, അച്ചാമ്മ, ലില്ലിക്കുട്ടി നൈനാൻ ജോർജു് (ബാബു) എന്നു് നാലു മക്കൾ. മറിയാമ്മയെ തലവടിയിൽ പുത്തൻപുരയിൽ തങ്കച്ചൻ വിവാഹം കഴിച്ചു. മകൾ അച്ചാമ്മ, ലില്ലിക്കുട്ടി എന്നിവർ പേർഷ്യയിൽ നേഴ്സുമാരായി ജോലി ചെയ്യുന്നു. മകൻ (ബാബു) വിദ്യാർത്ഥിയാണു്.



### VIII. 8. നൈനാൻ മകൻ പാപ്പൻ
### പാടിപ്രത്തു്–തൃശൂർ

ഓതറ ഓണാട്ടിൽ തോമസു് മകൾ തങ്കമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ബാബു, തോമസു്, അലക്സ്, ജയിൻ എന്നു് നാലു ആൺമക്കൾ. ഇളയ മൂന്നു മക്കളും വിദ്യാർത്ഥികളാണു്. പിതാവു് പാപ്പൻ വിദ്യാഭ്യാസാനന്തരം മിലട്ടറിയിൽ സേവനം അനുഷ്ഠിച്ചു. തുടർന്നു കേരള പോലീസിൽ ചേർന്നു റിട്ടയാർ ചെയ്തു. ഇപ്പോൾ കൃഷി കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

### IX. 13. പാപ്പൻ മകൻ നൈനാൻ (ബാബു)
### പാടിപ്രത്തു്–തൃശൂർ

ചെറുവള്ളിയിൽ ചെറിയാൻ മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്കു് ദിബി എന്നു് ഒരു കുട്ടി വിദ്യാർത്ഥിയായുണ്ടു്.

### VII. 4. മാമ്മൻ മകൻ ഈപ്പൻ
### പാടിപ്രത്തു്–കോയിപ്രം

പന്തളത്തു തെക്കേക്കര പ്ലാക്കുഴിയിൽ തര്യൻ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഇവർക്കു് ദാനിയേൽ, റാഹേൽ, കുഞ്ഞമ്മ, ശമുവേൽ, മാമ്മൻ, അന്നമ്മ, കുട്ടി, ജോർജ്ജ്, ചാക്കോ എന്നു് ഒൻപതു മക്കൾ. കുട്ടിയും ജോർജ്ജും ശൈശവത്തിൽ തന്നെ നിര്യാതരായി. ചാക്കോ വിദ്യാഭ്യാസാനന്തരം നാടുവിട്ടു. പിന്നീടുള്ള വിവരങ്ങൾ ലഭിച്ചിട്ടില്ല. റാഹേലിനെ റാന്നിയിൽ നെടുംതോട്ടത്തിൽ വറുഗീസിനെ കൊണ്ടും, കുഞ്ഞമ്മയെ കല്ലൂപ്പാറ പേരാലുംമൂട്ടിൽ മത്തായിയെ കൊണ്ടും, അന്നമ്മയെ പാണ്ടനാട്ടിൽ പള്ളത്തു വീട്ടിൽ മത്തായി മകൻ ചെറിയാനെ കൊണ്ടും വിവാഹം കഴിപ്പിച്ചു.

ചെറുപ്പത്തിലെ കുടുംബസഹിതം വേർപാടു സഭയിൽ ചേർന്നു. കോയിപ്രത്തു ബ്രദറൺ സഭയുടെ പ്രാരംഭ പ്രവർത്തകരിൽ ഒരാളായിരുന്നു ശ്രീ. ഈപ്പൻ. സഭാ പ്രവർത്തനത്തിലും കുടുംബത്തിന്റെ പൊതുവായ അഭിവൃദ്ധിക്കും

വേണ്ടി തന്നാൽ ആവതെല്ലാം ചെയ്തു. ചെറുപ്പം മുതലെ കച്ചവടകാര്യങ്ങളിൽ പ്രവേശിച്ച തന്റെ അന്ത്യ സമയം വരെയും വിവിധങ്ങളായ വ്യാപാര മേഖലകളിൽ ഇടപെട്ടു പ്രവർത്തിച്ചു പോന്നു. മക്കളെ ആദ്ധ്യാത്മിക കാര്യങ്ങളിൽ തൽപരരായി വളർത്തുന്നതിൽ അതീവ ശ്രദ്ധാലുവായിരുന്നു. ശ്രീ. ഈപ്പനും, ഭാര്യയും വാർദ്ധക്യസഹജമായ അസുഖത്താൽ നിര്യാതരായി. കോയിപ്രം ചെമ്പനാൽ ബ്രദറൺ സഭ സെമിത്തേരിയിൽ സംസ്കരിച്ചു.

## VIII. 9. ഈപ്പൻ മകൻ ദാനിയേൽ
## പാടിപ്രത്തു് തെങ്ങോൺ-തട്ടയ്ക്കാടു്

പന്തളത്തു് വേലൻമാരേത്തു് വറുഗീസ് മകൾ മറിയാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ജോയിക്കുട്ടി, ഈപ്പൻ, ജയിംസ് എന്നു് മൂന്നു പുത്രന്മാർ. ജോയിക്കുട്ടി ശൈശവത്തിൽ തന്നെ നിര്യാതനായി. ബ്രദറൺ സഭയിലെ ഒരു സജീവ പ്രവർത്തകനായ താൻ മക്കളുടെ വിദ്യാഭ്യാസത്തിനും അവരെ സൽസ്വഭാവത്തിൽ വളർത്തുന്നതിനും അതീവ ശ്രദ്ധാലുവായിരുന്നു. യൗവ്വനാരംഭം മുതൽ പിതാവിനോടു കൂടി വ്യാപാര കാര്യങ്ങളിൽ ഇടപെട്ടു് പിൽക്കാലത്തു് നല്ല വ്യാപാരിയായി തീർന്നു. ഇപ്പോൾ കുടുംബത്തു് വിശ്രമ ജീവിതം നയിക്കുന്നു.

## IX. 14. ദാനിയേൽ മകൻ ഈപ്പൻ (തങ്കച്ചൻ)
## പാടിപ്രത്തു തെങ്ങോൺ-തട്ടയ്ക്കാടു്

മാവേലിക്കര പൈനുംമൂട്ടിൽ പീലിപ്പോസ് മകൾ അമ്മിണിയെ വിവാഹം കഴിച്ചു. ഇവർക്കു് ലത, ലനി, ലൈജു എന്നു് മൂന്നു പുത്രിമാർ വിദ്യാർത്ഥികളായുണ്ടു്. ശ്രീ. ഈപ്പൻ (തങ്കച്ചൻ) വിദ്യാഭ്യാസാനന്തരം ഇൻഡ്യയിൽ ജോലി നോക്കിവരവെ അബുദാബിയിൽ ജോലി ലഭിച്ചു. ഭാര്യ അമ്മിണി ഗവ: സ്കൂൾ റ്റീച്ചർ ആണു്.

## IX. 15. ദാനിയേൽ മകൻ ജയിംസ് B. Com.
## പാടിപ്രത്തു് തെങ്ങോൺ-തട്ടയ്ക്കാടു്

ചെങ്ങന്നൂർ പാറപ്പാട്ടു് ജയിക്കബ് മകൾ എൽസി B.Sc; B.Ed. നെ വിവാഹം ചെയ്തു. ഇവർക്കു് ഒരു മകനും



മകളും ജനിച്ചു. മകൻ ശൈശവത്തിൽ തന്നെ മരിച്ചു. ഇപ്പോൾ ഉദ്യോഗാർത്ഥം ഇവർ കുടുംബസമേതം പേർഷ്യയിൽ താമസിക്കുന്നു.

## VIII. 10. ഈപ്പൻ മകൻ ശമുവേൽ(പൊടിയച്ചൻ)
## പാടിപ്രത്തു് തെങ്ങോൺ-കടപ്ര

കുന്നത്തുംകര വാഴയിൽ ശ്രീ. കോരുതു മകൾ കുഞ്ഞമ്മ (സാറാമ്മ)യെ വിവാഹം കഴിച്ചു. ഇവർക്കു് മോഹനൻ, രാജു, മേഴ്സി എന്നു് മൂന്നു മക്കൾ. മകൾ മേഴ്സിയെ വെട്ടിയാറ്റു നിന്നും തിരുവനന്തപുരത്തു് താമസമാക്കിയ ശാമുവേലിന്റെ മകൻ ജയിക്കബ് B. A. യെ കൊണ്ടു വിവാഹം കഴിപ്പിച്ചു.

ശ്രീ. പൊടിയച്ചൻ വിദ്യാഭ്യാസാനന്തരം നാട്ടിൽ പലവിധ ജോലിയിൽ പ്രവേശിച്ചു എങ്കിലും, രണ്ടാം ലോകമഹാ യുദ്ധകാലത്തു് വ്യോമസേനയിൽ ചേർന്നു ദീർഘകാലത്തെ സേവനത്തിനു ശേഷം പെൻഷനായി. ഇപ്പോൾ കടപ്രയുള്ള സ്വഭവനത്തിൽ വിശ്രമിക്കുന്നു. തന്റെ വ്യോമസേനയിലെ ഔദ്യോഗിക ജീവിതത്തിൽ പല ഉന്നത ബഹുമതികളും പ്രമോഷനും ലഭിച്ചിരുന്നു. ചെറുപ്പത്തിലെ പിതാവിൽ നിന്നു ലഭിച്ച ശിക്ഷണവും, സഭാ ജീവിതത്തിൽ നിന്നും ലഭിച്ച പ്രചോദനവും, തന്റെ ഭാവി ജീവിതത്തെ കരുപിടിപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. താൻ ആയിരുന്നിടത്തൊക്കെയും കർത്തൃനാമ മഹത്വത്തിനു വേണ്ടി ആവതെല്ലാം പ്രവർത്തിച്ചിട്ടുണ്ടു്. സമുദായ സേവനത്തിനും, ആതുര സേവനത്തിനും അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. കോയിപ്രം ബ്രദറൺ സഭയിലെ ഒരു സജീവ പ്രവർത്തകനാണു്. ബ്രദറൺ സഭയിലെ പല കമ്മറ്റികളിലും സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

തന്റെ ഔദ്യോഗിക ജീവിതം കഴിഞ്ഞു് വിശ്രമ ജീവിതം തുടങ്ങിയപ്പോൾ മുതൽ എഴുമാലി കുടുംബയോഗത്തിലെ ഒരു സജീവ പ്രവർത്തകനായി തുടരുന്നു. എഴുമാലി കുടുംബയോഗ കമ്മറ്റി അംഗമായും തുടർന്നു ദീർഘകാലം

സെക്രട്ടറിയുടെ ചുമതലവഹിക്കയും ഇന്നയോളം ആ ചുമ
തല അഭംഗുരം തുടരുകയും ചെയ്യുന്നു. ഈ കാലയളവിൽ
കുടുംബ യോഗത്തിനുണ്ടായിട്ടുള്ള വളർച്ചക്കു് പ്രധാന
പങ്കുവഹിച്ചിട്ടുണ്ട്. കുടുംബ ചരിത്ര രചനയിൽ മറ്റു പല
രെക്കാളും കൂടുതൽ പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതു് അഭിന
ന്ദനാർഹമാണു്.

## IX. 16. ശമുവേൽ മകൻ മോഹനൻ (ഈപ്പൻ റെി. ശാമുവേൽ B. Com.) പാടിപ്രത്തു് തെങ്ങോൺ-കടപ്ര

കവിയൂർ ആഞ്ഞിലിത്താനത്തു് പണിക്കമ്മൊട്ടു് മാത്യു
മകൾ രമാമോൾ B. Sc. യെ വിവാഹം ചെയ്തു. ഇവർക്കു്
പ്രകാശ് എന്നു് ഒരു മകൻ വിദ്യാർത്ഥിയായുണ്ട്. ഇവർ
കുടുംബസമേതം ദുബായിൽ താമസിക്കുന്നു. ഇരുവർക്കും
അവിടെ ജോലിയുണ്ട്.

## IX. 17. ശമുവേൽ മകൻ രാജൻ B. Com. (ജയിക്കബ് റെി. ശമുവേൽ) തെങ്ങോൺ-കടപ്ര

പുല്ലാടു് പള്ളി പറമ്പിൽ വി. റ്റി. ഏബ്രഹാം മകൾ
എലിസബേത്തിനെ വിവാഹം കഴിച്ചു. ഇവർക്കു് പ്രിൻ
സി ജയിക്കബ്, ജാനീസ് ജയിക്കബ് എന്ന് രണ്ട് പെൺ
കുട്ടികൾ വിദ്യാർത്ഥികളായുണ്ട്. ഇപ്പോൾ അബുദാബി
യിൽ കുടുംബസമേതം ഉദ്യോഗസ്ഥരായി താമസിക്കുന്നു.

## VIII. 11. ഈപ്പൻ മകൻ മാമ്മൻ തെങ്ങോൺ-കടപ്ര

പാണ്ടനാടു് പള്ളത്തു മത്തായി മകൾ അന്നമ്മയെ
വിവാഹം ചെയ്തു. ഇവർക്കു് ബേബി, ഗ്രേസി, പൊന്നമ്മ,
മേരി എന്നു് നാലു് മക്കൾ. ഗ്രേസിയെ അടൂർ വെള്ളക്കു
ളങ്ങര പറങ്കാംവിളയിൽ വറുഗീസിനെ കൊണ്ടും, പൊന്നമ്മ
യെ തടിയൂർ വടക്കേമണ്ണിൽ കുരുവിള മകൻ മാത്തുക്കുട്ടി
യെ കൊണ്ടും, മേരിയെ വടശ്ശേരിക്കര തൈമേപ്പുറത്തു്
റ്റൈറ്റസ് മകൻ തോമസിനെ കൊണ്ടും വിവാഹം കഴിപ്പിച്ചു.



ശ്രീ. മാമ്മൻ യൗവ്വനാരംഭത്തിൽ തന്നെ പിതാവിന്റെ
തൊഴിലിൽ പിതാവിനോടൊപ്പം പ്രവർത്തിച്ചു. പിൽക്കാ
ലത്തു് മലയാള മനോരമ വിതരണക്കാരനും ലേഖകനുമായി
പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സഭാ ജീവിതത്തിലും,
കുടുംബ ജീവിതത്തിലും ആത്മാർത്ഥതയോടു കൂടി പ്രവർ
ത്തിച്ചു കൊണ്ടിരിക്കുന്നു. എഴുമാലി കുടുംബ കമ്മറ്റിക
ളിൽ അംഗമായി സജീവമായി പ്രവർത്തിച്ചുകൊണ്ടിരി
ക്കുന്നു.

## IX. 18. മാമ്മൻ മകൻ ബേബി തെങ്ങോൺ-കടപ്ര

പാണ്ടനാട്ടിൽ മണക്കണ്ടത്തിൽ കോശി മകൾ പെണ്ണമ്മ
യെ വിവാഹം കഴിച്ചു. ഇവർക്കു് ഷിൻസി, ഷിനു എന്നു്
രണ്ടു പെൺമക്കൾ വിദ്യാർത്ഥികളായുണ്ട്. ശ്രീ. ബേബി
പൂനായിൽ ബജാജു സ്കൂട്ടർ ഫാക്ടറിയിൽ ജോലി
ചെയ്ത ശേഷം ഇപ്പോൾ ഗൾഫിൽ ജോലിയിലായിരിക്കുന്നു.

## VII. 5. മാമ്മൻ മകൻ ഗീവറുഗീസ് പാടിപ്രത്തു്-കോയിപ്രം

പ്രക്കാണം കൊമ്പഴ വീട്ടിൽ ഇടിക്കുള മകൾ ഏലിയാ
മ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാമ്മൻ, മത്തായി,
ചാക്കോ, ജോൺ, ജോസഫ്, ചിന്നമ്മ എന്നു് ആറു മക്കൾ.
ചിന്നമ്മ ചെറുപ്പത്തിലെ നിര്യാതയായി. നിഷ്കളങ്കനും,
പരമാർത്ഥിയുമായിരുന്ന ഗീവറുഗീസ് കൃഷിയും കച്ചവ
ടവും ചെയ്തു കുടുംബ കാര്യങ്ങൾ നിർവഹിച്ചിരുന്നു. ഇരു
വരും വാർദ്ധക്യത്തിൽ നിര്യാതരായി. കൂർത്തമല പള്ളി
സെമിത്തേരിയിൽ സംസ്കരിച്ചു.

## VIII. 12. ഗീവറുഗീസ് മകൻ മാമ്മൻ (ഉണ്ണൂണ്ണി) തെങ്ങോൺ-കോയിപ്രം

പ്രക്കാണത്തു് കൊച്ചു പേങ്ങാട്ടു് ഗീവറുഗീസ് മകൾ
അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്കു് വറുഗീസ് മാമ്മൻ,
മാമ്മൻ ജോർജ്, ഏലിയാമ്മ, മറിയാമ്മ, സാറാമ്മ എന്നു്
അഞ്ചു മക്കൾ. ഏലിയാമ്മയെ പുന്നയ്ക്കാട്ടു ളാഹേത്തു കിഴ
ക്കേതിൽ വറുഗീസിനെ കൊണ്ടും, മറിയാമ്മയെ പേരശ്ശേ
രിൽ പ്ലാവുനിൽക്കുന്നതിൽ ഉണ്ണൂണ്ണി മകൻ തോമസിനെ

കൊണ്ടും, സാറാമ്മയെ പാണ്ടനാട്ടിൽ പടിഞ്ഞാറെക്കുറ്റ് മാത്തുക്കുട്ടി മകൻ ചാക്കോച്ചനെ കൊണ്ടും വിവാഹം കഴിപ്പിച്ചു. ശ്രീ. മാമ്മൻ കത്തോലിക്ക സഭയിൽ ചേർന്നു. കൃഷിയും കച്ചവടവും തൊഴിലായി കുടുംബസമേതം കോയിപ്രത്തു താമസിക്കുന്നു.

## IX. 19. മാമ്മൻ മകൻ വറുഗീസ് മാമ്മൻ
## തെങ്ങോൺ–കോയിപ്രം

തുമ്പമൺ കിഴക്കെക്കുറ്റ് ഉണ്ണുണ്ണി മകൾ ത്രേസ്യാമ്മയെ വിവാഹം ചെയ്തു. ഇവർക്കു് ഫ്രെഡി വറുഗീസ്, ഫ്രെഞ്ചി വറുഗീസ്, ഫ്രാൻസി വറുഗീസ് എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ട്. മിലിറ്ററി സേവനത്തിനുശേഷം പേർഷ്യൻ ഗൾഫിൽ ജോലിയിൽ പ്രവേശിച്ചു. ഇപ്പോൾ എറണാകുളത്തു് കുടുംബസമേതം താമസിക്കുന്നു.

## IX. 20. മാമ്മൻ മകൻ ജോർജ്
## തെങ്ങോൺ–കോയിപ്രം

ഇലന്തൂർ പന്നിവിഴ വീട്ടിൽ തോമസ് മകൾ ചിന്നമ്മയെ വിവാഹം ചെയ്തു. ഇവർക്കു് ബെൻസി ജോർജ്, ബിനോയ് ജോർജ്, ഷൈനി ജോർജ് എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ട്. മാതാപിതാക്കൾ ഗൾഫിൽ ജോലിയായി അവിടെ താമസിക്കുന്നു.

## VIII. 13. ഗീവറുഗീസ് മകൻ മത്തായി
## തെങ്ങോൺ–വെച്ചൂച്ചിറ

വിവാഹിതനായ ശ്രീ. മത്തായിക്കു് ശമുവേൽ, എബ്രഹാം, ജോസഫ്, വറുഗീസ്, ഏലിയാമ്മ, അന്നമ്മ, റയിച്ചൽ, ലിസമ്മ, ചിന്നമ്മ എന്നു് ഒൻപതു മക്കൾ. ഇതിൽ, ജോസഫ്, വറുഗീസ്, ലിസമ്മ, ചിന്നമ്മ എന്നിവർ വിദ്യാർത്ഥികളാണ്. മകൾ ഏലിയാമ്മയെ റാന്നി ഇടമൺ കല്ലുപറമ്പിൽ ജോസിനെ കൊണ്ടും, അന്നമ്മയെ വെച്ചൂച്ചിറ ചെമ്പന്തേലി പുരയ്ക്കൽ തോമസിനെ കൊണ്ടും, റയിച്ചലിനെ പമ്പാവാലിൽ കുഞ്ഞൂഞ്ഞു മകൻ ജോസിനെ കൊണ്ടും വിവാഹം കഴിപ്പിച്ചു.



മത്തായി മകൻ ശമുവേൽ മൈസൂറിൽ ഉദ്യോഗസ്ഥനാണ്. അവിവാഹിതനായി കഴിയുന്നു. ശ്രീ. മത്തായി രണ്ടാം ലോകമഹായുദ്ധ കാലത്തു് മിലിറ്ററി സർവ്വീസിൽ ചേർന്നു. പെൻഷനായി വിമുക്ത ഭടന്മാർക്കു വെച്ചൂച്ചിറ കോളനിയിൽ കിട്ടിയ അഞ്ചേക്കർ സ്ഥലത്തു് കുടുംബമായി താമസിക്കുന്നു. നല്ല കൃഷിക്കാരനും ഈശ്വര വിശ്വാസിയും ആണു് താൻ.

## IX. 21. മത്തായി മകൻ എബ്രഹാം
## തെങ്ങോൺ–വെച്ചൂച്ചിറ

വെച്ചൂച്ചിറ ഈശ്വര ഇടത്തു ലോറൻസു മകൾ ജെസനത്തായെ വിവാഹം ചെയ്തു. ഇവർക്കു് ആഷ, നിഷ എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ട്. ശ്രീ. എബ്രഹാം ഗുജറാത്തിൽ ഉദ്യോഗസ്ഥനായിരിക്കെ ഗൾഫിൽ പോകയും അവിടെ ജോലിയിൽ തുടരുകയും ചെയ്യുന്നു.

## VIII. 14. ഗീവറുഗീസ് മകൻ ചാക്കോ
## തെങ്ങോൺ–നെല്ലിമല

ഇലന്തൂർ ചേരിക്കലേത്തു് നിന്നും കുട്ടിച്ചന്റെ മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്കു് ജയിക്കബ് വറുഗീസ്, ഏലിയാമ്മ, റോസമ്മ, ലൗസി, മേരി, ജെസി, എൽസി, സൂസമ്മ, നിസി എന്നു് ഒൻപതു മക്കൾ. ഏലിയാമ്മയെ കോഴിക്കോട്ടു്പാറയിൽ വറുഗീസ് മകൻ ബേബിക്കുട്ടിയെ കൊണ്ടും, റോസമ്മയെ കുമ്പളാംപൊയ്കയിൽ ചരുവിൽ കോശി മകൻ ബാബുക്കുട്ടിയെ കൊണ്ടും, 4–ാമത്തെ മകൾ മേഴ്സിയെ ഓമല്ലൂർ നിരവത്തു് ജോർജ് മകൻ ഷാജിയെ കൊണ്ടും വിവാഹം കഴിപ്പിച്ചു. മൂന്നാമത്തെ മകൾ ലൗസി ഗൾഫിൽ ജോലി തുടരുന്നു. ജെസി, എൽസി, സൂസമ്മ, നിസി, ജയിക്കബു് വറുഗീസ് എന്നിവർ വിദ്യാർത്ഥികളാണു്. ശ്രീ. ചാക്കോ (കുഞ്ഞൂഞ്ഞു്)സഭാജീവിതത്തിൽ ഉറച്ച വിശ്വാസിയും ഇടവകയുടെ പൊതുപ്രവർത്തനങ്ങളിൽ ശുഷ്കാന്തിയുള്ളവനും, ആതുരരെ സഹായിക്കുന്നതിൽ തൽപരനുമാണ്. താൻ വിശ്വസിക്കുന്ന കാര്യങ്ങൾ മുഖപക്ഷം നോക്കാതെ തുറന്നു പ്രകടി

പ്പിക്കുന്ന പ്രകൃതക്കാരനാണ്. പൊതുകാര്യങ്ങളിലും, കുടുംബകാര്യങ്ങളിലും തന്നെ ചുമതലപ്പെടുത്തുന്ന ഏതു കാര്യവും ആത്മാർത്ഥതയോടു കൂടെ ചെയ്തു തീർക്കുന്ന തന്റെ കഴിവ് അഭിനന്ദനീയമാണ്.

എഴുമാലി കുടുംബയോഗത്തിന്റെ പ്രാരംഭം മുതൽ അതിന്റെ വളർച്ചയ്ക്ക് ആത്മാർത്ഥമായി ആഗ്രഹിച്ചു പ്രവർത്തിച്ചിട്ടുള്ള ചുരുക്കം ചിലരിൽ ഒരുവനാണ് ശ്രീ. കുഞ്ഞൂഞ്ഞ്. കുടുംബയോഗകമ്മറ്റിഅംഗം എന്ന നിലയിൽ പ്രാരംഭം മുതൽ ഇന്നയോളം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മറ്റു സബ്കമ്മറ്റികളിലും അംഗമായി, പ്രത്യേകാൽ വാർഷിക യോഗത്തിന്റെ ചുമതലകൾ ഏറ്റെടുത്തു് ഇന്നയോളം നടത്തിക്കൊണ്ടിരിക്കുന്നു.

## VIII. 15. ഗീവറുഗീസ് മകൻ ജോൺ (ബേബി)
## തെങ്ങോൺ–കോയിപ്രം

കോയിപ്രത്ത് കണ്ണൂരാലിൽ കൊച്ചുകുഞ്ഞു മകൾ ചിന്നമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് ജോസ്ജോൺ, ജയിക്കബ്ജോൺ, ഏലിയാമ്മ, ശോശാമ്മ എന്നു് നാലു് മക്കൾ വിദ്യാർത്ഥികളായുണ്ട്. ശ്രീ. ജോൺ (ബേബി) വ്യാപാരിയായി കോയിപ്രത്തു കുടുംബസഹിതം താമസിക്കുന്നു.

## VIII. 16. ഗീവറുഗീസു് മകൻ ജോസഫ്
## തെങ്ങോൺ, പൊന്നാനി–മലബാർ

ഓതറ പാറേൽ യോഹന്നാച്ചൻ മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്കു ജ്യോതി, പ്രീതി, ജോളി, എന്നു് മൂന്നു മക്കളിൽ പ്രീതി ശൈശവത്തിൽ നിര്യാതയായി. ബാക്കിയുള്ളവർ വിദ്യാർത്ഥികളാണ്. ശ്രീ. ജോസഫ് മിലറ്ററി സേവനത്തിനു ശേഷം ഗൾഫിൽ ജോലിയാണ്. ഭാര്യ അന്നമ്മ അദ്ധ്യാപികയായി പൊന്നാനിയിൽ സേവനം ചെയ്യുന്നു. ഇവർ കുടുംബസമേതം പൊന്നാനിയിൽ സ്ഥിരതാമസമാണ്.



## VII. 6. മാമ്മൻ മകൻ ചാണ്ടി
## പാടിപ്രത്തു്–നെല്ലിമല

മാരാമൺ കുളഞ്ഞി കൊമ്പിൽ മത്തായി മകൾ റാഹേലമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാമ്മൻ, ശോശാമ്മ, മറിയാമ്മ, പൊടിയമ്മ, കുഞ്ഞമ്മ എന്നു് അഞ്ചു മക്കൾ. ശോശാമ്മയെ തിരുവല്ലാ മുതിരക്കാലായിൽ ചെറിയാനെ കൊണ്ടും, മറിയാമ്മയെ തലവടി വാലേപറമ്പിൽ മാത്തച്ചനെ കൊണ്ടും, പൊടിയമ്മയെ ഓതറ പനേടത്തു ബേബിയെ കൊണ്ടും, കുഞ്ഞമ്മയെ തിരുവല്ലാ പീടികയിൽ തോമസിനെ കൊണ്ടും വിവാഹം കഴിപ്പിച്ചു. മാതാപിതാക്കൾ വാർദ്ധക്യത്തിൽ നിര്യാതരായി. കുർത്തമല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

## VIII. 17. ചാണ്ടി മകൻ മാമ്മൻ (കുഞ്ഞാക്കോ)
## പാടിപ്രത്തു്–നെല്ലിമല

ആറാട്ടുപുഴ പ്ലാവിലകണ്ടത്തിൽ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്കു് അലക്സ്, ബാബു, റയിച്ചൽ എന്നു് മൂന്നു മക്കൾ. ബാബു തന്റെ യൗവ്വനാരംഭത്തിൽ നിര്യാതനായി. റയിച്ചലിനെ മാവേലിക്കര പൈനുംമൂട്ടിൽ ലാബിയെ കൊണ്ടും വിവാഹം കഴിപ്പിച്ചു. ശ്രീ. കുഞ്ഞാക്കോ (സി. മാമ്മൻ) വിദ്യാഭ്യാസാനന്തരം മിലറ്ററിയിൽ സേവനം അനുഷ്ഠിച്ച ശേഷം കേരള പോലീസിൽ ചേരുകയും, പോലീസ് ഇൻസ്പെക്ടറായി റിട്ടയാർ ചെയ്യുകയും ചെയ്തു. ഇപ്പോൾ നെല്ലിമല സ്വഭവനത്തിൽ വിശ്രമ ജീവിതം നയിക്കുന്നു.

## IX. 22. മാമ്മൻ മകൻ അലക്സ് B. Com.
## പാടിപ്രത്തു്–നെല്ലിമല

കോഴഞ്ചേരി വടക്കേടത്തു സാറാമ്മയെ വിവാഹം ചെയ്തു. ഇവർക്കു് ഷാംമോൻ, ആഷ്‌ലി എന്നു് രണ്ടു മക്കൾ വിദ്യാർത്ഥികളായുണ്ട്.

അലക്സ് ഗവ: ഓഫ് ഇൻഡ്യാ പോലീസ് ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗസ്ഥനായിരിക്കെ സൗദി അറേബ്യയിൽ ജോലി ലഭിക്കയും, കുടുംബസമേതം അവിടെ താമസിക്കയും ചെയ്യുന്നു.

VI. 2. **മാത്തൻ മകൻ മാത്തൻ**

**പാടിപ്രത്തു്–കോയിപ്രം**

പുന്നവേലിൽ നിന്നു് അക്കാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മത്തായി, ശോശാമ്മ എന്നു് രണ്ടു മക്കൾ. ശോശാമ്മയെ ചെങ്ങന്നൂർ ആര്യപ്പള്ളിൽ അവറാച്ചൻ വിവാഹം കഴിച്ചു. അരോഗദൃഢഗാത്രനും, ധൈര്യശാലിയുമായിരുന്ന ശ്രീ. മാത്തനും, ഭാര്യയും വാർദ്ധക്യസഹജമായ അസുഖത്താൽ നിര്യാതരായി. കുർത്തമല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

VII. 7. **മാത്തൻ മകൻ മത്തായി**

**പാടിപ്രത്തു്–കോയിപ്രം**

ഇരവിപേരൂർ കൊടുന്ത്ര ശോശാമ്മയെ വിവാഹം കഴിച്ചു. ഇവർക്കു് മാത്തൻ, ജോർജ്ജ്, മറിയാമ്മ, ഏലിയാമ്മ എന്നു് നാല് മക്കൾ. മറിയാമ്മയെ അയിരൂർ ഇറക്കത്തിട വടക്കേതിൽ ഗീവറുഗീസിനെ കൊണ്ടും, ഏലിയാമ്മയെ മല്ലപ്പള്ളിൽ പറമ്പിൽ പീറ്ററിനെ കൊണ്ടും വിവാഹം ചെയ്യിച്ചു. മകൻ ജോർജ്ജ് ബാല്യത്തിൽ തന്നെ വിഷ ബാധയാൽ നിര്യാതനായി. ശ്രീ. മത്തായിയും ഭാര്യയും വാർദ്ധക്യത്തിൽ നിര്യാതരായി. കുർത്തമല പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

VIII. 18. **മത്തായി മകൻ മാത്തൻ**

**പാടിപ്രത്തു്–കോയിപ്രം**

നീർവിളാകം പൊറ്റാണം പടിക്കൽ ഏലിയാമ്മയെ വിവാഹം ചെയ്തു. മത്തായി, ജോർജ്ജ്, ഏലിയാമ്മ, കുഞ്ഞമ്മ, തങ്കമ്മ, കുഞ്ഞുമോൾ എന്നു് ആറു മക്കൾ. ഏലിയാമ്മയെ വള്ളംകുളംതുണ്ടുമുറിയിൽ ബേബിയെ കൊണ്ടും, കുഞ്ഞമ്മയെ പുന്നയ്ക്കാട്ടു തെക്കെ തുണ്ടിയിൽ തോമസിനെ കൊണ്ടും, തങ്കമ്മയെ മലബാറിൽ ചെറുക്കച്ചാലിൽ ജോണിനെ കൊണ്ടും, കുഞ്ഞുമോൾ (ലില്ലി) യെ റാന്നിയിൽ ചീണാക്കുഴിയിൽ മത്തായി ചാക്കോയെ കൊണ്ടും വിവാഹം കഴിപ്പിച്ചു. മാതാപിതാക്കൾ ഇരുവരും നിര്യാതരായി. കുർത്തമലപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.



IX. 23. **മാത്തൻ മകൻ മത്തായി (ബേബി)**

**പാടിപ്രത്തു്–അയിരൂർ**

മാലക്കര കുന്നിൽ ചാക്കോ മകൾ അന്നമ്മയെ വിവാഹം ചെയ്തു. ഇവർക്കു് മത്തായി, ചാക്കോ, ഏലിയാമ്മ എന്നു് മൂന്നു മക്കൾ വിദ്യാർത്ഥികളായുണ്ടു്.

IX. 24. **മാത്തൻ മകൻ ജോർജ്ജ്**

**പാടിപ്രത്തു്–തുമ്പമൺ**

തുമ്പമൺ മൂന്നു പിലാവിൽ വടക്കേതിൽ കുട്ടിയച്ചൻ മകൾ കുഞ്ഞമ്മയെ വിവാഹം ചെയ്തു. ഇപ്പോൾ തുമ്പമണ്ണിൽ താമസിക്കുന്നു. ഇവർക്കു മക്കളില്ല.

---

Printed at
The V. G. C; Thiruvalla